# അത്യുന്നതന്റെ മറവിൽ

പ്രൊഫ. എം. വൈ. യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി - 682 311

# അത്യുന്നതന്റെ മറവിൽ


**പ്രൊഫ. എം. വൈ. യോഹന്നാൻ**

*റിട്ട. പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി – 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

E - mail : profmyyohannan@crfgospel.org

Website : www.crfgospel.org


●


Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി – 682 311

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

Layout & Printing

Merin Graphics, Edappally, Kochi- 24

E-mail: meringraphics@gmail.com


●


*copy right reserved*


●

## ആമുഖം

പ്രായോഗിക ജീവിതത്തിൽ അനുഭവിച്ചാസ്വദിക്കാനുള്ള ഒരു ധ്യാനമാണ് തൊണ്ണൂറ്റി ഒന്നാം സങ്കീർത്തനം. ജീവിതത്തിന് ഭദ്രതയും കെട്ടുറപ്പും നൽകുന്ന ക്രിസ്തുവിന്റെ പരിപാലനം അനുഭവിക്കുന്ന ഒരു ഭക്തന്റെ ഉൾത്തുടിപ്പുകളാണ് ഇതിലെ ഓരോ അക്ഷരവും.

കൊച്ചുകുട്ടിയായിരുന്ന കാലത്ത് സന്ധ്യാ നമസ്ക്കാരത്തിൽ ഈ സങ്കീർത്തനം ഉരുവിട്ടതിനു ശേഷം ഞാൻ പീന്നീടിരുന്ന് പദംപദമായി വായിച്ച് അർത്ഥം ഗ്രഹിച്ച് വീണ്ടും പ്രാർത്ഥിച്ചതോർക്കുന്നു. എന്റെ അപ്പൻ എനിക്ക് ഒരു വയസ്സുള്ളപ്പോൾ മരിച്ച് അനാഥനായും അപകർഷതാബോധത്തിനടിയമയായും ഇരുന്നിരുന്ന എന്റെ വിഷാദവിവശമായ ഹൃദയത്തിന് ഈ സങ്കീർത്തനവും 121-ാം സങ്കീർത്തനവും നൽകിയ ആശ്വാസം ഇപ്പോഴും അന്തരാംഗത്തിൽ കുളിരണിയിച്ചുകൊണ്ടിരിക്കുന്നു.

ജീവിതം പ്രശ്ന സങ്കീർണ്ണമാണ്. അതെല്ലാവരുടെയും അനുഭവമാണ്. ദൈവാശ്രയവും പ്രാർത്ഥനയുമാണ് വിഷമ സന്ധികളെ വിജയകരമായി അഭിമുഖീകരിപ്പാൻ നമുക്ക് കരുത്തേകുന്നത്. മൂന്ന് വിധത്തിലുള്ള വിശ്വാസത്തെക്കുറിച്ച് ഡി. എൽ. മൂഡി പറഞ്ഞിട്ടുണ്ട്.

ഒന്ന് Struggling Faith. കഠിനാദ്ധ്വാനത്തിൽ ഞെളിപിരി കൊള്ളുന്ന വിശ്വാസം. ആഴക്കടലിൽ വീണ മനുഷ്യൻ എങ്ങനെയും രക്ഷപ്പെടാൻ അത്യദ്ധ്വാനം ചെയ്യുന്ന അനുഭവം.

രണ്ട്, Clinging faith അള്ളിപ്പിടിക്കുന്ന വിശ്വാസം. പെരുവെള്ളത്തിൽ താണുപോയ മനുഷ്യൻ ബോട്ടിന്റെ വശത്ത് അള്ളിപ്പിടിച്ച് എങ്ങനെയും രക്ഷപ്പെടാൻ കിണഞ്ഞ് പരിശ്രമിക്കുന്ന അനുഭവം.

മൂന്ന്, Resting faith വെള്ളത്തിൽ നിന്ന് വലിച്ചെടുക്കപ്പെട്ടതിനു ശേഷം ബോട്ടിനുള്ളിൽ വിശ്രമിക്കുന്ന അനുഭവം.

ഈ മൂന്നാമത്തെ faith, വെള്ളത്തിൽ നിന്ന് വലിച്ചെടുക്കപ്പെട്ടതിനുശേഷം ബോട്ടിനുള്ളിൽ വിശ്രമിക്കുന്ന അനുഭവം നാം നേടിയെടുക്കേണ്ടതാണ്.

ഈ മൂന്നാമത്തെ വിശ്വാസാനുഭവമാണ് 91-ാം സങ്കീർത്തനം വരച്ചു കാണിക്കുന്നത്. ആദ്യത്തെ രണ്ടനുഭവത്തിലും വെള്ളത്തിൽ താണു പോകുന്ന ആളെ രക്ഷിച്ച് ബോട്ടിലാക്കാനുള്ള കെല്പില്ല. എന്നാൽ മൂന്നാമത്തെ അനുഭവത്തിലുള്ള ഒരു വ്യക്തിക്ക് ബോട്ടിലേക്ക് കയറ്റി രക്ഷിക്കാനുള്ള കെല്പുണ്ട്.

കരുത്താർന്ന ജീവിതത്തിൽ സുരക്ഷിതത്വവും ഭദ്രതയും പ്രദാനം ചെയ്യുന്ന ക്രിസ്തുവിന്റെ ജീവിതാനുഭവം തന്നെയാണ് 91-ാം സങ്കീർത്തനത്തിന്റെ പ്രമേയം. ഈ കെട്ടുറപ്പ്

ഉളവാകുന്നതിനുള്ള മുഖാന്തരമാണ് യാതനകളും കഷ്ടന ഷ്ടങ്ങളും. ദുരിതങ്ങൾ നമ്മെ ക്ഷമ അഭ്യസിക്കുന്നു. ഒപ്പം താഴ്മയും.

യൂറോപ്പിലെ ജയിൽ മുറിയുടെ ചുവരുകളിൽ ഇങ്ങനെ എഴുതിയിട്ടുണ്ട്.

"I believe in the sun even when it not shining. I belive in love even when I don't feet it. I belive in God even when He is silent"

സൂര്യപ്രകാശം ഭൂമിയിൽ പതിയാതിരിക്കുമ്പോഴും സൂര്യൻ പ്രകാശിച്ചുകൊണ്ടിരിക്കുകയാണ്. സ്നേഹം എനിക്ക് അനുഭവിക്കാൻ കഴിഞ്ഞില്ലെങ്കിലും ഞാൻ സ്നേഹത്തിൽ വിശ്വസിക്കുന്നു. ദൈവം മൗനമായിരിക്കുമ്പോഴും ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു.

സ്നേഹത്തിലും വിശ്വാസത്തിലും അധിഷ്ഠിതമാണ് 91-ാം സങ്കീർത്തനം. അതുകൊണ്ടാണ്, അത്യുന്നതന്റെ മറ വിൽ വസിക്കുവാനും സർവ്വശക്തന്റെ നിഴലിൽ കീഴിൽ പാർക്കുവാനും ഇതിൽ ആഹ്വാനം ചെയ്യുന്നത്.

സാക്ഷാൽ ആശ്രയം യേശുവിന്റെ ക്രൂശിൽ ചൊരി യുന്ന പുണ്യരക്തമാണ്. സാക്ഷാൽ സങ്കേതം തിരുരക്തം വാർന്നൊലിക്കുന്ന ജയകരമായ സ്ലീബായുടെ ചുവട്ടിലാണ്. സാക്ഷാൽ അഭയം ക്രിസ്തുവിന്റെ ചോരയും നീരും ഒഴുകി വരുന്ന ഹൃദയമാണ്. ആ സുരക്ഷിതത്വത്തിന്റെ സുന്ദരമായ ആഖ്യാനമാണ് ഈ സങ്കീർത്തന ഗീതികയിൽ അനുരണനം ചെയ്യുന്നത്.

ഇത്തരത്തിലൊരു ധ്യാനാത്മക പഠനത്തിന് എന്നെ സഹായിച്ച കർത്താവായ യേശുക്രിസ്തുവിനെ വണങ്ങി

ക്കൊണ്ട് തൃപ്പാദങ്ങളിൽ ഞാനീഗ്രന്ഥം അർപ്പണം ചെയ്യുന്നു. അനുവാചകരുടെ ആദ്ധ്യാത്മീകാഭിവൃദ്ധിക്കും ദൈവരാജ്യപ്രചകമ ത്തിനും ഈ ഗ്രന്ഥം ഉതകും എന്ന വിശ്വാസത്തോടെ നിങ്ങളുടെ കൈകളിലേക്ക് ഞാനീ ഗ്രന്ഥം ഇപ്പോൾ കൈമാറുന്നു.

നിങ്ങളുടെ സ്വന്തം,

കടയിരുപ്പ്

28-12-10

എം.വൈ. യോഹന്നാൻ

# ഒന്ന്

"അത്യുന്നതന്റെ മറവിൽ വസിക്കയും സർവ്വ ശക്തന്റെ നിഴലിൻ കീഴിൽ പാർക്കയും ചെയ്യുന്നവൻ യഹോവയെക്കുറിച്ച്: അവൻ എന്റെ സങ്കേതവും കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയുന്നു. അവൻ നിന്നെ വേട്ടക്കാരന്റെ കണിയിൽ നിന്നും നാശകരമായ മഹാമാരിയിൽ നിന്നും വിടുവിക്കും. തന്റെ തൂവലുകൾ കൊണ്ട് അവൻ നിന്നെ മറയ്ക്കും, അവന്റെ ചിറകിൻ കീഴിൽ നീ ശരണം പ്രാപിക്കും."

സങ്കീ. 91-1-4

91-ാം സങ്കീർത്തനം, സുരക്ഷിതത്വത്തിന്റെ ഗാരന്റി തരുന്ന ഒരു സങ്കീർത്തനമാണ്.

നമ്മുടെ ഹൃദയത്തെ ഉണർത്തുന്ന വാക്കുകളാണ് 91-ാം സങ്കീർത്തനത്തിലുള്ളത്. സജീവമായ ചൈതന്യം പകരുന്ന വാക്കുകൾ. ഉള്ളിൽ ശക്തി പകരുന്ന വാക്കുകൾ.

1922-ൽ അഞ്ചുവയസ്സുള്ള ഒരുകുട്ടി ഡിഫ്തീരിയ ബാധിച്ച് അവശനിലയിൽ കിടക്കുകയായിരുന്നു. തൊണ്ടയിൽ ഒരു നേരിയ പാട രൂപം കൊണ്ടതുകൊണ്ട് ശ്വസോച്ഛ്വാസം വിഷമമായിരുന്നു. അസുഖം കൂടിക്കൂടിവന്നുകൊണ്ടിരുന്നു. അവന്റെ അമ്മ ഒരു വിശ്വാസിയായിരുന്നു. മകൻ അന്ത്യ ശ്വാസം വലിക്കുന്നതുകാണാൻ കെല്പില്ലാതെ ആ അമ്മ മുഖം തിരിഞ്ഞിരിക്കുകയാണ്.

അപ്പോൾ പെട്ടെന്ന് വാതിൽക്കൽ ആരോ മുട്ടുന്ന ശബ്ദം കേട്ടു. തൊട്ടടുത്ത ഗ്രാമത്തിൽ പാർക്കുന്ന ഭർത്തൃസഹോദ രനായിരുന്നു അത്. അദ്ദേഹം പറഞ്ഞു: “ഞാൻ തിടുക്കത്തിൽ വന്നത്, കുട്ടി സുഖം പ്രാപിക്കും, ഒരു ദിവസം അവൻ രക്ഷി ക്കപ്പെടുകയും ചെയ്യും എന്ന് പറയാനാണ്.”

“അങ്ങനെ പറയാൻ കാരണമെന്താണ്” കുട്ടിയുടെ അമ്മ ചോദിച്ചു.

“ഞാൻ 91-ാം സങ്കീർത്തനം വായിച്ചു. അതിന്റെ ഒടുവി ലത്തെ വാക്യങ്ങളിൽ കൂടി പരിശുദ്ധാത്മാവ് എന്നോട് വ്യക്ത മായി സംസാരിച്ചു.

> “അവൻ എന്നോടു പറ്റിയിരിക്കയാൽ ഞാൻ അവനെ വിടുവിക്കും. അവൻ എന്റെ നാമത്തെ അറികയാൽ ഞാൻ അവനെ ഉയർത്തും. അവൻ എന്നെ വിളിച്ചപേ ക്ഷിക്കും; ഞാൻ അവന് ഉത്തരമരുളും. കഷ്ട

> കാലത്ത് ഞാൻ അവനോടുകൂടെ ഇരിക്കും. ഞാൻ അവനെ വിടുവിച്ച് മഹത്വപ്പെടുത്തും. ദീർഘായുസ്സുകൊണ്ട് ഞാൻ അവന്ന് തൃപ്തി വരുത്തും. എന്റെ രക്ഷയെ അവന്നു കാണിച്ചുകൊടുക്കും."
>
> സങ്കീ. 91:14-16

ആ കുട്ടിയാണ് സുപ്രസിദ്ധ സുവിശേഷകനും വേദപുസ്തക വ്യാഖ്യാതാവുമായ വില്ല്യം മാക് ഡൊണാൾഡ്. അദ്ദേഹം അന്ന് മരണത്തിൽ നിന്ന് രക്ഷപ്പെട്ടു. പതിമൂന്നു കൊല്ലം കഴിഞ്ഞ് പതിനെട്ടാമത്തെ വയസ്സിൽ മാനസാന്തരപ്പെട്ടു. വീണ്ടും ജനനം അനുഭവിച്ചു.

വേദപണ്ഡിതന്മാർ പലരും പറയുന്നത് 91-ാം സങ്കീർത്തനം മിശിഹായെ സംബന്ധിച്ച് പാടുന്ന ഒരു സങ്കീർത്തനമാണെന്നാണ്. (Messianic Psalm) അത് ശരിയുമാണ്. എന്നാൽ ഒരു വിശ്വാസിക്ക് ആശ്വാസവും പ്രത്യാശയും ധൈര്യവും തരുന്ന ഒരു സങ്കീർത്തനമായി ഇത് വായിച്ച് ധ്യാനിക്കാൻ സാധിക്കും.

ഇത് സുരക്ഷിതത്വത്തിന്റെ സങ്കീർത്തനമാണ്. (Security and Safety) ഇതിൽ ഒമ്പത് സുരക്ഷിതത്വവും ഏഴു വാഗ്ദത്തങ്ങളും ഉണ്ട്.

സുരക്ഷിതത്വങ്ങൾ : ഒന്ന് - വേട്ടക്കാരനെപ്പോലെ പിശാച് ഒളിച്ചുവെച്ചിരിക്കുന്ന കെണികളിൽ നിന്നും കുടുക്കുകളിൽ നിന്നും ദൈവം നമ്മെ വിടുവിക്കുന്നു. 91:3

രണ്ട്: നാശകരമായ മഹാമാരിയിൽ നിന്ന് (വ്യാധികൾ) വിടുവിക്കുന്നു. 91:3

മൂന്ന്: ദൈവത്തിന്റെ സംരക്ഷണത്തിന്റെ തൂവലുകൾ കൊണ്ട് മറയ്ക്കുന്നു. 91:4. അഭയവും സങ്കേതവും നൽകുന്നു.

നാല്: ദൈവത്തിന്റെ വിശ്വസ്തത പരിചയും പലകയുമായിരിക്കും. 91:4. ദൈവം വാക്കു മാറാത്തവനാണ്. പരിചയായും സംരക്ഷണത്തിന്റെ പ്രതിരോധമായും ഇരിക്കും.

അഞ്ച്: ഭയത്തിൽ നിന്ന് മോചനം നൽകുന്നു. 91:5-6

നാലുവിധത്തിലുള്ള ഭയങ്ങളുണ്ട്:

1. രാത്രിയിലെ ഭയം
2. പകൽ പറക്കുന്ന അസ്ത്രം
3. ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരി
4. ഉച്ചയ്ക്കു നശിപ്പിക്കുന്ന സംഹാരം

ആറ്: കൂട്ടക്കൊലകളും മഹാസംഹാരങ്ങളും വരുമ്പോൾ അവയുടെ മദ്ധ്യത്തിൽ സുരക്ഷിതത്വം തരുന്നു. 91:7-8

ഏഴ്: അനർത്ഥവും ബാധയും ഏല്ക്കാതെ കാക്കുകയും സംരക്ഷണം തരികയും ചെയ്യുന്നു. 91:9-10

എട്ട്: മാലാഖമാരുടെ കാവലും പരിപാലനവും നൽകുന്നു. 91:11-12

ഒമ്പത്: സിംഹത്തിന്റെയും പെരുമ്പാമ്പിന്റെയും മേൽ ജയം നൽകുന്നു. 91:13

പതിന്നാലു മുതൽ പതിനാറുവരെയുള്ള മൂന്നു വാക്യങ്ങളിലായി ഏഴുവാഗ്ദത്തങ്ങൾ നൽകുന്നു. ഒമ്പതിനം ഗ്യാരണ്ടികളെ ഉറപ്പിക്കുന്നവയാണ് ആ ഏഴു വാഗ്ദത്തങ്ങളും.

വാഗ്ദത്തങ്ങൾ

ഒന്ന് : കറ തീർന്ന ജീവിതം (Spotless Life) നിൽകും. "അവൻ എന്നോടു പറ്റിയിരിക്കയാൽ ഞാൻ അവനെ വിടുവിക്കും. 91:14

രണ്ട് : അവൻ എന്റെ നാമത്തെ അറികയാൽ ഞാൻ അവനെ ഉയർത്തും. 91:14

മൂന്ന് : അവൻ എന്നെ വിളിച്ചപേക്ഷിക്കും; ഞാൻ അവന്ന് ഉത്തരമരുളും. 91:15

നാല് : കഷ്ടകാലത്ത് ഞാൻ അവനോടുകൂടെ ഇരിക്കും. 91:15

അഞ്ച് : ഞാൻ അവനെ വിടുവിച്ച് മഹത്ത്വപ്പെടുത്തും. 91:15

ആറ് : ദീർഘായുസ്സുകൊണ്ട് ഞാൻ അവന്ന് തൃപ്തി വരുത്തും. 91:16

ഏഴ് : എന്റെ രക്ഷയെ അവന്നു കാണിച്ചുകൊടുക്കും. 91:16

പ്രസ്തുത ഗ്യാരണ്ടികളും വാഗദത്തങ്ങളും ലഭിക്കാനുള്ള യോഗ്യതയും വ്യവസ്ഥയുമാണ് ഒന്നും രണ്ടും വാകൃങ്ങളിൽ കാണുന്നത്.

"അത്യുന്നതന്റെ മറവിൽ വസിക്കുകയും സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കുകയും ചെയ്യുന്നവൻ യഹോവയെക്കുറിച്ച് അവൻ എന്റെ സങ്കേതവും കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയുന്നു."

ഇത് ദാവീദ് രാജാവ് എഴുതിയ ഒരു സങ്കീർത്തനമാണ്

എന്നാണ് പൊതുവെ അറിയപ്പെടുന്നത്. എന്നാൽ ചില വേദ പണ്ഡിതന്മാർ പറയുന്നത്. ഇത് മോശെയുടെ സങ്കീർത്തനമാണെന്നാണ്. ഇതിൽ ചില വാക്കുകളുടെ പ്രത്യേകതകൾ വച്ചു നോക്കുമ്പോൾ അത് മോശ എഴുതിയത് ആയിരിക്കാനാണ് സാദ്ധ്യത എന്നു ചിന്തിക്കുന്ന വേദവ്യാഖ്യാതാക്കൾ ഉണ്ട്.

ആരെഴുതിയതുമാകട്ടെ. ഇത് പരിശുദ്ധാത്മാവിനാൽ എഴുതപ്പെട്ടതാണെന്ന് സംശയമില്ല. വേദപുസ്തകവാക്കുകൾ എല്ലാം അങ്ങനെയാണല്ലോ. എന്നാൽ ഈ സങ്കീർത്തനത്തിന് ഒരു പ്രത്യേകതയുണ്ട്. ഇതിന്റെ ആകമാനമായ ആശയം സെക്യൂരിറ്റി എന്നതാണ്. ഏതൊരാളും ആഗ്രഹിക്കുന്നതാണ് സുരക്ഷിതത്വം.

നമ്മുടെ ജോലിക്കൊരു ഒരു സുരക്ഷിതത്വം വേണം എന്ന് നാം ആഗ്രഹിക്കുമല്ലോ. നമ്മുടെ കുടുംബത്തിന് ഒരു സുരക്ഷിതത്വം വേണം. മറ്റുള്ളവരിൽ നിന്ന് ഒരു പ്രയാസം ഉണ്ടാകരുത്. കള്ളന്മാർ ഉപദ്രവിക്കരുത്. നമുക്ക് നാശനഷ്ടങ്ങൾ വരരുത്. കഷ്ടങ്ങൾ വരരുത്. നമുക്ക് രോഗങ്ങൾ വരരുത്. ഒരു സുഭദ്രമായ ജീവിതം, അങ്ങനെയുള്ള ഒരു ഉറപ്പ് എനിക്ക് ലഭിക്കും എന്നതാണ് ഈ സങ്കീർത്തനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ആശയം.

ഒരു സ്ത്രീക്ക് security (ഭദ്രത) കിട്ടും, ഭർത്താവ് കൂടെയുണ്ടെങ്കിൽ. ഒരു കുഞ്ഞിന് security കിട്ടും അമ്മ കൂടെയുണ്ടെങ്കിൽ. ഒരു പുരുഷന് security കിട്ടും അവന്റെ ഭാര്യ കൂടെയുണ്ടെങ്കിൽ. കുട്ടികൾക്ക് security കിട്ടും മാതാപിതാക്കൾ കൂടെയുണ്ടെങ്കിൽ. നമുക്ക് security കിട്ടും ഒരു ജോലിയുണ്ടെങ്കിൽ, വരുമാനമാർഗ്ഗമുണ്ടെങ്കിൽ നമുക്ക് ജീവിച്ചുപോകാനുള്ള ചുറ്റുപാടുണ്ടെങ്കിൽ സെക്യൂരിറ്റി ഉണ്ട്.

അപ്പനും അമ്മയും കൂലിപ്പണിക്കു പോയാൽ മാത്രമേ ജീവിക്കാൻ പറ്റൂ. സെക്യൂരിറ്റി ഇല്ല. നാളെ പണിക്കു പോയില്ലെങ്കിൽ നാളെ ആഹാരമില്ല. അതിദയനീയമായ അവസ്ഥ അല്ലേ. ഇന്നു പണിക്കു പോയില്ലെങ്കിൽ ഇന്ന് വരുമാനമില്ല. ഇന്ന് അരി  വാങ്ങാൻ നിർവ്വാഹമില്ല.

സെക്യൂരിറ്റി ഇല്ലാത്തതായ ജീവിതമാണത്. വരുമാനമുണ്ടെങ്കിൽ സെക്യൂരിറ്റി ഉണ്ട്. നാം എല്ലാവരും സെക്യൂരിറ്റി ആഗ്രഹിക്കുന്നവരാണ്.

ഈ സങ്കീർത്തനം തുടങ്ങുന്നത് അങ്ങനെയാണ്. “അത്യുന്നതന്റെ മറവിൽ വസിക്കുകയും സർവ്വശക്തന്റെ നിഴലിൽ കീഴിൽ പാർക്കുകയും ചെയ്യുന്നവൻ യഹോവയെ കുറിച്ച് അവൻ എന്റെ സങ്കേതവും കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയുന്നു. അവൻ നിന്നെ വേട്ടക്കാരന്റെ കെണിയിൽ നിന്നും നാശകരമായ മഹാമാരിയിൽ നിന്നും വിടുവിക്കും. തന്റെ തൂവലുകൾ കൊണ്ട് അവൻ നിന്നെ മറയ്ക്കും. അവന്റെ ചിറകിൻ കീഴിൽ നീ ശരണം പ്രാപിക്കും. അവന്റെ വിശ്വസ്തത നിനക്ക് പരിചയും പലകയും ആകുന്നു.”

ഇതിലെ ഓരോ വാക്കും സുരക്ഷിതത്വം തരുന്നതാണ്. ദൈവം എന്റെ ദുർഗ്ഗമാണ്; എന്റെ ശരണമാണ്; എന്റെ അഭയസ്ഥാനമാണ്; എന്റെ സങ്കേതമാണ്, എന്റെ കോട്ടയാണ്, ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവമാണെന്ന് ഉറപ്പ് തരുന്നു.

ഒരു സംഭവകഥ കേട്ടിട്ടുണ്ട്.  യെല്ലോസ്റ്റോൺ നാഷണൽ പാർക്കിൽ ഒരിക്കൽ ഒരു വലിയ അഗ്നിബാധയുണ്ടായി. കാട്ടുതീ ആ വനപ്രദേശമാകെ ചാമ്പലാക്കി.  തീ കെട്ടടങ്ങിയതിനുശേഷം വനം വകുപ്പുദ്യോഗസ്ഥർ തീ പിടിത്തത്തിന്റെ

ഭീകരത നിരീക്ഷിക്കാൻ ആ പ്രദേശത്തുകൂടി നടക്കുകയായിരുന്നു.

അവരിലൊരാൾ ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ ഒരു പക്ഷി അനങ്ങാതിരിക്കുന്നതുകണ്ടു. അദ്ദേഹം ഒരു കോൽ കൊണ്ട് പയ്യെ ഒന്നുതട്ടി നോക്കി. കത്തിച്ചാമ്പലായിരുന്ന പക്ഷി ഉടനെ പൊടിഞ്ഞു തകർന്നു. അപ്പോൾ അതിന്റെ ചിറകിന്റെ അടിയിൽ നിന്ന് മൂന്ന് പക്ഷിക്കുഞ്ഞുങ്ങൾ ഓടിപ്പോയി.

തള്ളപ്പക്ഷി കാട്ടുതീ കണ്ട് കുഞ്ഞുങ്ങളെ മരച്ചുവട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി ചിറകിനടിയിൽ കുഞ്ഞുങ്ങളെ പൊതിഞ്ഞു സൂക്ഷിച്ചു. കുഞ്ഞുങ്ങളെ വിട്ടുപോയിരുന്നെങ്കിൽ കുഞ്ഞുങ്ങൾ തീയിൽ വെന്തെരിയുകയും തള്ള പ്പക്ഷിക്ക് രക്ഷപ്പെടുകയും ചെയ്യാമായിരുന്നു. തള്ളപ്പക്ഷി ചത്താലും വേണ്ടില്ല, കുഞ്ഞുങ്ങളെ രക്ഷിക്കണം എന്ന ഏകലാക്കോടെ ആ പക്ഷി സ്വന്തം ജീവിതം തീയിൽ ഹോമിച്ചു.

തള്ളപ്പക്ഷിയുടെ ചിറകുകളുടെ മറവിൽ കുഞ്ഞുങ്ങൾ സുരക്ഷിതരായിരുന്നതുപോലെ ക്രിസ്തുവിന്റെ ക്രൂശിന്റെ ചുവട്ടിൽ നമുക്ക് രക്ഷയുണ്ട്. അതാണ് സാക്ഷാൽ സുരക്ഷിതത്വം.

വേട്ടക്കാരന്റെ കണിയിൽ നിന്ന് ദൈവം എന്നെ വിടുവിക്കുന്നു. നാശകരമായ മഹാമാരിയിൽ നിന്ന്, മഹാബാധകളിൽ നിന്ന്, രോഗങ്ങളിൽ നിന്ന്, കെടുതികളിൽ നിന്ന്, നാശകരമായ ആക്രമണങ്ങളിൽ നിന്ന് അവൻ രക്ഷിക്കുന്നു. തന്റെ തൂവലുകൾ കൊണ്ട് മറയ്ക്കുന്നു.

ഒരു കോഴി തന്റെ കുഞ്ഞിനെ ചിറകിൻ കീഴിൽ, തൂവ

ലുകൾക്കടിയിൽ മറയ്ക്കുന്നതുപോലെ തന്റെ തൂവലുകൾ കൊണ്ട് എന്നെ ദൈവം  മറയ്ക്കുന്നു. അവന്റെ ചിറകിൻ കീഴിൽ ഞാൻ ശരണം പ്രാപിക്കുന്നു.  അവൻ എനിക്ക് പരിചയാണ്. പലകയാണ്. സംരക്ഷണത്തിന്റെ ഭിത്തിയാണവൻ. ഇങ്ങനെ വിശ്വാസത്തിൽ അടിയുറച്ച് സങ്കീർത്തനക്കാരൻ പാടുകയാണ്.

നമ്മുടെ സുരക്ഷിതം  എവിടെയാണ്? യേശുക്രിസ്തുവിന്റെ കരത്തിന്റെ കീഴിൽ. എന്നാൽ അവൻ നമ്മെ ഉയർത്തും. അവൻ തക്ക സമയത്ത്  നമ്മെ ഉയർത്തും.

" അവൻ തക്ക സമയത്ത് നമ്മെ ഉയർത്തുവാൻ അവന്റെ ബലമുള്ള കൈക്കീഴ് താണിരിപ്പിൻ." എന്ന് തിരുവചനം പറയുന്നു.  (പത്രോസ് 5:6.)  ക്രിസ്തുവിന്റെ ബലമുള്ള കൈക്ക് താണിരുന്നാൽ ആവശ്യമുള്ള സമയത്ത് അവൻ നമ്മെ ഉയർത്തും.  എപ്പോഴും വിനയപ്പെട്ടിരിക്കുക.  എപ്പോഴും കീഴടങ്ങിയിരിക്കുക.

"നിന്റെ സൗമ്യത എന്നെ വലിയവനാക്കിയിരിക്കുന്നു." സങ്കീ. 18:35. എന്ന് തിരുവെഴുത്ത് പറയുന്നു.  ദൈവത്തിന്റെ സൗമ്യത നമുക്ക് ഉണ്ടെങ്കിൽ നാം വലിയവരാകും. താഴ്മ ധരിച്ചുകൊൾക.  ഒരിക്കലും നാം സ്വയം ഉയരാതിരിക്കുക. അഹന്തയില്ലാതിരിക്കുക. ഞാൻ ഏതാണ്ട് ആണ് എന്ന് തോന്നാതിരിക്കുക. എത്ര മാത്രം ദൈവം നമ്മെ ഉയർത്തിയാലും, നമ്മെതന്നെ നാം താഴ്ത്തിക്കൊണ്ടിരിക്കുക. ദൈവസന്നിധിയിൽ ആർക്കും  പുകഴാനില്ല, പ്രശംസിക്കാനില്ല, അഭിമാനിക്കാനില്ല.  "നിങ്ങളുടെ കൊമ്പ് മേലോട്ടുയർത്തരുത്. ശാഠ്യത്തോടെ സംസാരിക്കയുമരുത്." എന്ന് തിരുവെഴുത്തിൽ നാം വായിക്കുന്നു.

"ഡംഭം കാട്ടരുതെന്ന് ഡംഭികളോടും കൊമ്പു യർത്തരുതെന്ന് ദുഷ്ടന്മാരോടും ഞാൻ പറയുന്നു. നിങ്ങളുടെ കൊമ്പ് മേലോട്ട് ഉയർത്തരുത്, ശാഠ്യത്തോടെ സംസാരിക്കയുമരുത്."

സങ്കീ. 75:4-5

ദൈവം ന്യായാധിപതിയാകുന്നു. അവൻ ഒരുത്തനെ താഴ്ത്തുകയും മറ്റൊരുത്തനെ ഉയർത്തുകയും ചെയ്യുന്നു. അതിനു കാരണം എന്താണ്?

"ദുഷ്ടന്മാരുടെ കൊമ്പുകളൊക്കെയും ഞാൻ മുറിച്ചുകളയും, നീതിമാന്മാരുടെ കൊമ്പുകളോ ഉയർന്നിരിക്കും."

സങ്കീ. 75:10.

നീതിമാന്മാരാണ് ഡംഭിക്കാതിരിക്കുന്നത്. അവർ കൊമ്പ് ഉയർത്തുകയില്ല. സ്വയം ഉയരുകയില്ല. ഞാൻ ഏതാണ്ടാണെന്ന് ഭാവിക്കുകയില്ല. എപ്പോഴും താഴ്മ നമ്മുടെ ആഭരണമായിരിക്കട്ടെ.

അപ്പോസ്തലനായ പത്രോസ് തന്റെ ഒന്നാമത്തെ ലേഖനത്തിൽ മൂന്നാം അദ്ധ്യായത്തിൽ പറയുന്നു.

"നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല, സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢ മനുഷ്യൻ തന്നെ ആയിരിക്കേണം, അത് ദൈവസന്നിധിയിൽ വിലയേറിയതാകുന്നു."

1 പത്രോസ്. 3:3-4

അക്ഷയ ഭൂഷണം എന്നത് ക്ഷയിക്കാത്ത ആഭരണം. അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ സൗമ്യതയും സാവധാനതയും ഉള്ളവനായിരിക്കും. 91–ാം സങ്കീർത്തനത്തിൽ കണ്ടത് അതാണ്. ദൈവം സുരക്ഷിതത്വം തരുന്നത് ആർക്കാണ്? അവന്റെ ചിറകിൻ മറവിൽ താണിരിക്കുന്നവർക്ക്, അവന്റെ കൂടാരത്തിൽ താണു വസിക്കുന്നവർക്ക്, അവനോട് ചേർന്നിരിക്കുന്നവർക്ക്.

വേട്ടക്കാരൻ എന്നെ കണി വച്ചാൽ ഞാൻ കുലുങ്ങുകയില്ല, കാരണം എന്നെ വിടുവിക്കാൻ എന്റെ ദൈവം കൂടെയുണ്ട്. വേട്ടക്കാരന്റെ കണി എന്നെ റാഞ്ചിക്കൊണ്ടുപോകാൻ ഇട വരികയില്ല. ഇതാണ് വിശ്വാസിയുടെ ധൈര്യം അതുകൊണ്ടാണ് സങ്കീർത്തനക്കാരൻ പറയുന്നത്:

> "വേട്ടക്കാരുടെ കണിയിൽ നിന്ന് പക്ഷിയെന്നപോലെ നമ്മുടെ പ്രാണൻ വഴുതിപ്പോന്നിരിക്കുന്നു. കണിപൊട്ടി നാം വഴുതിപ്പോന്നിരിക്കുന്നു."
>
> സങ്കീ. 124:7

എന്നെ അവന്റെ കൗശലത്തിൽ പിടിക്കാൻ പറ്റുകയില്ല. വേട്ടക്കാരൻ ഉണ്ടായിരിക്കും. എന്നെ എതിർക്കുന്നവരുണ്ടായിരിക്കും. എന്നെ നശിപ്പിക്കുവാൻ നോക്കുന്നവരുണ്ടായിരിക്കും. എന്നെ ആക്രമിക്കുന്നവരും എന്നെ ഭീഷണിപ്പെടുത്തുന്നവരും, എന്റെ ജീവിതം തുലച്ചു കളയുവാൻ നോക്കുന്നവരും ഉണ്ടായിരിക്കും. പക്ഷേ അവർക്ക് എന്നോട് അടുക്കാൻ പറ്റുകയില്ല.

ഒരു നഗരത്തിലെ ക്രിസ്തീയ വിശ്വാസികളെ സന്ദർശിക്കുന്നതിനും അവിടെ തിരുവചനം പ്രസംഗിക്കുന്നതിനും

ഓസ്റ്റിൻ തീരുമാനിച്ചു. അദ്ദേഹം പോകുന്ന സ്ഥലവും സമയവും വഴിയും സുവിശേഷ വിരോധികൾ മനസ്സിലാക്കി വഴിയിൽ വച്ച് അദ്ദേഹത്തെ വധിക്കുവാൻ അവർ പതിയിരുന്നു.

എന്നാൽ ഒരത്ഭുതം സംഭവിച്ചു. അദ്ദേഹത്തോടൊപ്പം പോയ വഴികാട്ടിക്ക് വഴിതെറ്റി മറ്റൊരു വഴിയിൽ കൂടെയാണ് അവർ പോയത്. ദൈവത്തിന്റെ അത്ഭുതകരമായ നടത്തിപ്പായിരുന്നു അത്. ശത്രുവിന്റെ കെണിയിൽ നിന്ന് ദൈവം തന്റെ ദാസനെ രക്ഷിച്ചു.

ആയിരങ്ങൾ വരും, പക്ഷേ അവർ വീഴും. പതിനായിരങ്ങൾ വരും. അവരും വീഴും, ഒരുവശത്ത് ആയിരങ്ങൾ, വലതുവശത്ത് പതിനായിരങ്ങൾ, എല്ലാവരും വീഴും. വരുന്നവരെല്ലാവരും ഒന്നടങ്കം വീഴുകയാണ്. കാരണം? എനിക്ക് മറയായും കോട്ടയായും സംരക്ഷണമായും എന്റെ ദൈവം ഉണ്ട്.

സ്നേഹിതാ, ഇന്ന് ഈ ഉറപ്പ് പ്രാപിച്ചിട്ടു വേണം എഴുന്നേല്ക്കാൻ. യേശു എനിക്ക് മറയായിട്ടുണ്ട് എന്ന്, യേശുവിന്റെ തിരുവിലാവിൽ ഞാൻ ഒളിച്ചിരിക്കുന്നു എന്ന്. യേശുവിന്റെ തിരുമുറിവിൽ ഞാൻ ഒളിച്ചിരിക്കുന്നു എന്ന്. അതാണ് ഉറപ്പ്.

രോഗം വരുമ്പോൾ വേദന വരുമ്പോൾ, ചികിത്സ ഫലിക്കാതെ വരുമ്പോൾ എനിക്ക് മറയാൻ ഒരിടമുണ്ട്. എനിക്ക് ഒളിക്കാൻ ഇടമുണ്ട്.

കടം പെരുകുമ്പോൾ, പ്രയാസങ്ങൾ വർദ്ധിക്കുമ്പോൾ, സ്വന്തം വീട്ടിൽ തന്നെ എതിർപ്പുകൾ ഉണ്ടാകുമ്പോൾ, ഭർത്താവ് വൈരാഗ്യത്തോടെ പെരുമാറുമ്പോൾ, ഭാര്യ മുഷിച്ചിലോടും പരിഭവത്തോടും കൂടെ സംസാരിക്കുമ്പോൾ, മാതാപിതാക്കൾ ഇഷ്ടക്കേടായിട്ട് പെരുമാറുമ്പോൾ, തരേണ്ടത് തരാ

തിരിക്കുമ്പോൾ, മക്കൾ ധിക്കാരികളായും കൊള്ളരുതാത്ത വരായും തീരുമ്പോൾ, കുടുംബം മുടിയുമ്പോൾ, യേശുവേ, എനിക്കഭയം നീ മാത്രം. നിന്നിൽ മാത്രം അഭയം, നിന്നിൽ മാത്രം സങ്കേതം.

ഇതാണ് ക്രിസ്തീയ ജിവിതം, ക്രിസ്തീയ ജീവിതം പ്രമാണം പഠിക്കുന്നതിലല്ല. കുറെ ആശയങ്ങൾ പഠിക്കുന്ന തിലല്ല, കുറെ വേദവാക്യങ്ങൾ പഠിക്കുന്നതിലല്ല. കുറെ പ്രസംഗങ്ങൾ ചെയ്യുന്നതിലല്ല.

ക്രിസ്തീയ ജിവിതം ക്രിസ്തുവുമായുള്ള നിരന്തരമായ ബന്ധമാണ്. അത് ഒരു internal relationship ആണ്. ആന്തരിക ബന്ധമാണ്. അകത്താണ് ബന്ധം. പുറമെ കാണുകയില്ല. ക്രിസ്തുവിന്റെ തിരുവിലാവിൽ നിന്ന് ഒരു ചരടിന്റെ ബന്ധം വിശ്വാസിയുടെ ഹൃദയത്തിലേക്ക്.

പട്ടം പറപ്പിക്കുന്ന കുഞ്ഞുങ്ങൾക്ക് അറിയാം. പട്ടം പറ പ്പിക്കുമ്പോൾ അങ്ങ് ദൂരെ ദൂരെ മുകളിലേക്ക് പട്ടം പോകു മ്പോൾ പട്ടം എവിടെയാണെന്ന് അറിയാൻ പാടില്ല, അത് അങ്ങ് മേഘങ്ങൾക്കപ്പുറം പോയി. കാണുന്നില്ല.

“എടാ മോനേ, നീ എന്താ ചരടിൽ പിടിച്ചുകൊണ്ടിരി ക്കുന്നത്?” “ഞാൻ പട്ടം പറപ്പിക്കുകയാണ്.” “പട്ടം എവി ടെയാണ്?” “പട്ടം അവിടെയുണ്ട്.” “എവിടെ? കാണാനില്ല ല്ലോ.” “പക്ഷേ എനിക്കറിയാം. എന്റെ കയ്യിൽ ആ വലിവ് ഉണ്ട്. പട്ടം പൊങ്ങുന്നതിന്റെ വലിവ് എന്റെ കൈയ്യിലുണ്ട്.”

ഓരോ പ്രവൃത്തികൾ ചെയ്യുമ്പോഴും ഉള്ളിൽ ആ ബന്ധ ത്തിന്റെ ചരടിന്റെ വലിവ് നമുക്ക് അനുഭവിക്കണം. എപ്പോഴും വേണം അത്? അതൊരു സെക്കന്റു പോലും വിട്ടുപോകരുത്.

അതു മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുമ്പോൾ മാത്രം കിട്ടിയാൽ പോരാ, വേദപുസ്തകം വായിക്കുമ്പോൾ മാത്രം കിട്ടിയാൽ പോരാ, കുർബ്ബാന കാണുകയോ, നാം കുർബ്ബാന കൊള്ളുകയോ ചെയ്യുമ്പോൾ മാത്രം കിട്ടിയാൽ പോരാ. നടപ്പിലും കിടപ്പിലും ജീവിതത്തിന്റെ എല്ലാ നിമിഷങ്ങളിലും ഈ ബന്ധത്തിന്റെ ചരട് കൈയിലുണ്ടായിരിക്കണം.

ക്രിസ്തുവുമായിട്ടുള്ള സജീവമായ ബന്ധം നിങ്ങൾക്കുണ്ടോ? അതു ഉണ്ടെങ്കിൽ മാത്രമേ കർത്താവു രണ്ടാമത് വരുമ്പോൾ പറക്കാൻ നമുക്ക് പറ്റുകയുള്ളു. യേശുക്രിസ്തു രണ്ടാമത് എഴുന്നള്ളി വരുമ്പോൾ പറക്കാൻ പറ്റണമെങ്കിൽ ഈ ബന്ധം എപ്പോഴും വേണം. ബന്ധമില്ലാത്ത ഒരു നിമിഷമുണ്ടായിരിക്കരുത്.

ദൈവം എന്നെ വേട്ടക്കാരന്റെ കെണിയിൽ നിന്നും നാശകരമായ മഹാമാരിയിൽ നിന്നും വിടുവിക്കും. തന്റെ തൂവലുകൾ കൊണ്ട് അവൻ എന്നെ മറയ്ക്കും. അവന്റെ ചിറകിൽ കീഴിൽ ഞാൻ ശരണം പ്രാപിക്കും എന്ന ഉറപ്പ് നമുക്ക് ലഭിക്കേണ്ടതാണ്.

“അവന്റെ വിശ്വസ്തത നിനക്ക് പരിചയും പലകയും ആകുന്നു.” ഓരോ വാക്കുകളും എത്ര ഗൗരവമേറിയ അനുഭവങ്ങളാണ് നമുക്ക് പ്രദാനം ചെയ്യുന്നത്. യേശു ക്രിസ്തുവിന്റെ ചിറകടിയിലേക്ക് ചേർന്നു വരിക എന്തൊരു സന്തോഷകരമായ ഒരു അനുഭവമാണ്.

യേശുക്രിസ്തുവിന്റെ പ്രിയ ശിഷ്യനായ യോഹന്നാൻ അപ്പോസ്തലൻ കർത്താവിന്റെ തിരുമാറിൽ ചാരി കർത്താവിന്റെ ഹൃദയത്തിന്റെ സ്പന്ദനം ഉൾകൊണ്ടു, ആ സ്നേഹത്തിന്റെ തുടിപ്പുകൾ ഏറ്റുവാങ്ങി സ്നേഹത്തിന്റെ പ്രവാച

കനായി മാറി, സ്നേഹത്തിന്റെ അപ്പോസ്തലനായി ഓടിനടന്നു. യാതനകളും പീഡകളും സഹിച്ചു. ഒടുവിൽ സ്നേഹത്തിന്റെ ഉടയവന്റെ അരികിലേക്ക് പറന്നുപോയി.

യേശുക്രിസ്തുവിന്റെ തിരുമാറിൽ ചാരുക. യേശുവിന്റെ ചിറകടിയിൽ ചേർന്നിരിക്കുക എന്ന മഹത്തായ അനുഭവമാണ് അപ്പോസ്തലനായ യോഹന്നാനുണ്ടായത്!

അത് നമ്മുടെ ജീവിതത്തിന്റെ അനുഭവമായി മാറുമ്പോൾ നാം ഇതുവരെയും അനുഭവിച്ചിട്ടില്ലാത്ത ഒരു സുരക്ഷിതത്വബോധം നമുക്ക് ലഭിക്കും. നമുക്ക് ഭയപ്പാടുകൾ ഉണ്ട്, നാളെയെകുറിച്ചുള്ളതായ ആവലാതികൾ ഉണ്ട്, ഭാവിയെക്കുറിച്ചുള്ളതായ ആശങ്കകൾ ഉണ്ട്. നമ്മുടെ ജീവിതത്തിൽ പല തരത്തിലുള്ളതായ അലോസരങ്ങളും അങ്കലാപ്പുകളും ഉണ്ട്, എങ്ങനെ മുന്നോട്ടു പോകുമെന്നറിയാതെ നാം സ്തംഭിച്ചു നില്ക്കുന്ന അവസരങ്ങളുണ്ട്.

എന്നാൽ യേശുക്രിസ്തു നമുക്ക് തണലായും തുണയായും വരുമ്പോൾ നമുക്ക് സാക്ഷാത്തായ ശാന്തി ലഭിക്കും, സമാധാനം ലഭിക്കും. ക്രിസ്തീയ ജീവിതം ചില തത്വങ്ങളിൽ മാത്രം അധിഷ്ഠിതമായതല്ല. ക്രിസ്തീയ ജീവിതം അനുഭവങ്ങളിൽ അടിസ്ഥാനപ്പെട്ടതാണ്. നാം ഓരോരുത്തരും കുറെ തത്വങ്ങൾ പഠിച്ചാൽ പോരാ, നമുക്ക് അനുഭവങ്ങൾ വേണം. യേശുക്രിസ്തുവിന്റെ തൃപ്പാദത്തിൽ ഞാൻ ചേർന്നിരിക്കുന്നു എന്ന അനുഭവം വേണം.

നമ്മുടെ ഓരോ നിമിഷവും കർത്താവെന്റെ കൂടെ ഉണ്ടായിരിക്കുമോ എന്ന് ചിന്തിക്കണം. യേശു എന്റെ കൂടെ ഉണ്ട് എന്ന് നമുക്ക് തന്നെ ഒരു ഉറപ്പ് കിട്ടത്തക്കവിധത്തിൽ വേണം നാം ജീവിക്കാൻ.

യേശു ഇപ്പോൾ എന്നിൽ പ്രസാദിക്കുന്നുണ്ടോ? യേശു ക്രിസ്തു ഇപ്പോൾ എന്നെ എങ്ങനെയാണ് കാണുന്നത്? യേശു ഇപ്പോൾ എന്നെ നോക്കി ദുഃഖിക്കുകയാണോ? യേശു ഇപ്പോൾ എന്റെ ഹൃദയത്തിലുണ്ടോ? ഞാൻ ഇപ്പോൾ യേശുവിനോട് ചേർന്നാണോ നില്ക്കുന്നത്.

ഇങ്ങനെ നാം തന്നത്താൻ ഓരോ നിമിഷവും ശോധന ചെയ്ത് വേണം ജീവിക്കാൻ. ഇത് ക്ലേശകരമായ കാര്യമാണെന്ന് തോന്നരുത്. നിങ്ങൾക്ക് സാധിക്കും, വേണമെങ്കിൽ.

നാം ജോലി ചെയ്തു കൊണ്ടിരിക്കുകയാണ് എന്ന് സങ്കല്പിക്കൂ. വളരെ തിടുക്കത്തിൽ എന്തെങ്കിലും എഴുതിക്കൊണ്ടിരിക്കുകയായിരിക്കും. കണക്കുകൾ നോക്കിക്കൊണ്ടിരിക്കുകയായിരിക്കും. പഠിച്ചുകൊണ്ടിരിക്കുകയായിരിക്കും. പരീക്ഷാഹാളിൽ പരീക്ഷ എഴുതിക്കൊണ്ടിരിക്കുകയായിരിക്കും. അതുമല്ലെങ്കിൽ പറമ്പിൽ ജോലി ചെയ്തുകൊണ്ടിരിക്കുയായിരിക്കും. അടുക്കളയിൽ പണി എടുത്തു കൊണ്ടിരിക്കുയായിരിക്കും.

ആ സമയത്തെല്ലാം യേശു ഇപ്പോൾ എന്റെ കൂടെയുണ്ടോ? യേശു എന്നിൽ സന്തോഷിക്കുന്നുണ്ടോ? യേശു എന്നിൽ പ്രസാദിക്കുന്നുണ്ടോ? യേശു എന്റെ ഹൃദയത്തിൽ വസിക്കുന്നുണ്ടോ? എന്ന് ചിന്തിക്കാൻ സാധിക്കണം.

ഇങ്ങനെ നാം യേശുവിനോട് ചേർന്നു പോകുന്നതാണ് ക്രിസ്തീയ ജീവിതം. യേശുവിനോടു ഒട്ടിച്ചേർന്നു നില്ക്കുന്നതാണ് ക്രിസ്തീയ ജീവിതം. യേശുവിന്റെ ചുവട്ടടിയിൽ ചേർന്നു നില്ക്കുന്നതാണ് ക്രിസ്തീയ ജീവിതം. അത്യുന്നതന്റെ മറവിൽ വസിക്കുന്നതാണ് ക്രിസ്തീയ ജീവിതം.

അങ്ങനെ അത്യുന്നതന്റെ മറവിൽ വസിക്കുമ്പോൾ ലഭിക്കുന്ന ഒരു ഭാഗ്യമാണ്, അവൻ നിന്നെ വേട്ടക്കാരന്റ കെണിയിൽ നിന്നും നാശകരമായ മഹാമാരിയിൽ നിന്നും വിടുവിക്കും എന്നത്.

നാശകരമായ മഹാമാരി എന്ന് പറയുന്നത് രോഗങ്ങളാകാം. ഏതെങ്കിലും കെടുതികളാകാം, അത്യാഹിതങ്ങളാകാം. അത്യാപത്തുകളാകാം, വേട്ടക്കാരന്റെ കെണിയുണ്ട്, നാശകരമായ മഹാമാരിയുണ്ട്, നമ്മെ കെണിയിലാക്കുവാൻ, നമ്മെ കെണിയിൽ വീഴിക്കുവാൻ എപ്പോഴും ബദ്ധശ്രദ്ധനായി നില്ക്കുന്ന ഭീകരനായ ഒരു ദുഷ്ടപ്പിശാചുണ്ട്.

അവൻ നമ്മുടെ വീട്ടിലുണ്ടാകാം, നമ്മുടെ കിടപ്പുമുറിയിൽ, നമ്മുടെ അടുക്കളയിൽ, നമ്മുടെ ഊണുമുറിയിൽ നമ്മുടെ പ്രവർത്തനരംഗങ്ങളിൽ നമ്മുടെ ജോലിസ്ഥലങ്ങളിൽ, നമ്മുടെ യാത്രയിൽ ഏതു സമയത്തും നമ്മെ കെണിയിൽ പെടുത്താൻ നോക്കിക്കൊണ്ട് ഒരു ഭീകരനായ, ദുഷ്ടപ്പിശാചു നിൽക്കുന്നുണ്ട്.

പത്രോസ് ശ്ലീഹാ പറയും:

> “നിർമ്മദരായിരിപ്പിൻ, ഉണർന്നിരിപ്പിൻ, നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്ന പോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരിഞ്ഞു ചുറ്റിനടക്കുന്നു.”
>
> 1 പത്രോസ് 5:8

ആരെ വിഴുങ്ങേണ്ടു എന്നു ചുറ്റിത്തിരിഞ്ഞു നടക്കുകയാണ്. എപ്പോൾ പഴുതു കിട്ടും എന്നു നോക്കി ആക്രമിക്കാൻ തയ്യാറായി നില്ക്കുകയാണ്. അവൻ കെണി ഒരുക്കി

ക്കൊണ്ടു കാത്തു നില്ക്കുകയാണ്. പലതരം കെണികൾ സാത്താൻ ഒരുക്കുന്നുണ്ട്. ഇവയെക്കുറിച്ച് ചിലത് ഇവിടെ സൂചിപ്പിച്ചതിനുശേഷം വിശദമായി അടുത്ത അദ്ധ്യായത്തിൽ വിവരിക്കാം.

ഒന്ന്: ദാവീദിനുണ്ടായ ഒരു കെണി മരണത്തിന്റെ കെണിയായിരുന്നു. മരണം ദാവീദിനെ വേട്ടയാടി. മരണം ദാവീദിനെ പിടികൂടാതെ ദൈവം സംരക്ഷണം കൊടുത്തു.

രണ്ട്: ദാവീദിനുണ്ടായ ഏറ്റവും ഭയാനകമായ കെണി, പാപത്തിന്റെ കെണിയായിരുന്നു. അതിൽ നിന്ന് ദൈവം ദാവീദിനെ ഉദ്ധരിച്ചു, കരകയറ്റി.

മൂന്നാമത്, ദാവീദിനുണ്ടായ കെണി ആക്രമണത്തിന്റെ കെണിയായിരുന്നു. ശൗൽ രാജാവിന്റെ ആക്രമണം, ഗോലിയാത്തിന്റെ ആക്രമണം, സ്വന്തം മകനായ അബ്ശാലോമിന്റെ ആക്രമണം. അനേകം ആക്രമണങ്ങൾ ദാവീദിനു നേരിടേണ്ടിവന്നു.

നാലാമതുണ്ടായ കെണി, ആപത്തിന്റെ കെണിയായിരുന്നു. സ്വന്തം വീട്ടിൽ തന്നെ ആപത്ത്. സ്വന്തം മകൾ പരസംഗം ചെയ്യപ്പെട്ടു. സ്വന്തം മകൻ വ്യഭിചാരം ചെയ്തു. സ്വന്തം മകൻ അപ്പനെ കൊല്ലാൻ വന്നു. ഒരു മകൻ മറ്റൊരു മകനെ കൊന്നു. ആപത്തുകളുടെ കെണി ദാവീദിനെ പിന്തുടർന്നു.

ജീവിതത്തിൽ വരാവുന്ന മറ്റു കെണി എന്താണ്? "മാനുഷ ഭയം ഒരു വലിയ കെണിയാകുന്നു." സദൃശ്യവാക്യങ്ങൾ 29:25. മനുഷ്യരെ പേടിക്കുക. മനുഷ്യർ എന്നെക്കുറിച്ച് എന്തു പറയും, എന്നെ വിലയില്ലാത്തവനായി കാണുമോ? ആളുകൾ എന്നെ പുച്ഛിക്കുമോ? മാനുഷഭയം ഒരു കെണി

യാകുന്നു എന്ന് ദാവീദിന്റെ മകനായ ശലോമോൻ സദൃശ്യ വാക്യങ്ങളിൽ പറയുന്നു.

വേദപുസ്തകത്തിൽ വേറെ ചില കെണികളെ കുറിച്ചും തിരുവചനം പറയുന്നുണ്ട്.

> "അങ്ങനെ രാജാവ് തന്റെ സേനാധിപതിയായ യോവാബിനോട്: ദാൻ മുതൽ ബേർ-ശേബ വരെ ഇസ്രായേൽ ഗോത്രങ്ങൾ ഒക്കെയും നിങ്ങൾ സഞ്ചരിച്ച് ജനത്തെ എണ്ണി ജനസംഖ്യ എന്നെ അറിയിപ്പിൻ എന്ന് കല്പിച്ചു."
>
> 2 ശമുവേൽ 24:2

ദാവീദ് രാജാവ് വേറൊരു കെണിയിൽ പെടുകയാണ്. അഹങ്കാരത്തിന്റെ കെണി. അത് ആറാമത്തെ കെണിയാണ്. വലിയൊരു കൂട്ടം ജനം ജയിച്ചുവരികയാണ്. ഇക്കണ്ട ജനമെല്ലാം എന്റെ കൂടെയുണ്ടല്ലോ. ഞാൻ ജയാളിയായി തീരുകയാണല്ലൊ; ആപത്തു വന്നിട്ടും പ്രതിസന്ധി വന്നിട്ടും ഒന്നിലും തോറ്റുപോകാതെ എനിക്ക് കരേറ്റം ലഭിച്ചു വരികയാണല്ലോ എന്ന് ദാവീദിന് തോന്നി.

ആപത്തുകൾ മാറി, ദുരിതങ്ങൾ മാറി, പ്രശ്നങ്ങൾ മാറി, യുദ്ധങ്ങൾ മാറി, ശത്രുക്കൾ മാറി, പാപത്തിന്റെ കെണികൾ മാറി, പ്രതിസന്ധികൾ മാറി, ആകെ ഒരു സ്വസ്ഥത. എന്റെ കൂടെ എത്രയേറെ ആളുകളുണ്ട് എന്ന് അവരെ ഒന്ന് എണ്ണണമെന്ന് തോന്നി.

> "യഹോവയുടെ കോപം വീണ്ടും ഇസ്രായേലിന്റെ നേരെ ജ്വലിച്ചു. നീ ചെന്ന് ഇസ്രായേലിനെയും യഹുദയെയും എണ്ണുക എന്നി

ങ്ങനെ അവർക്കു വിരോധമായി ദാവീദിന് തോന്നിച്ചു."

2 ശമു. 24:1

ഇസ്രായേലിന്റെ ഒരു സെൻസസ് എടുക്കണം. സെൻസസ് എടുക്കുന്നത് പാപമല്ല. പക്ഷേ അതിനു പിന്നിലുണ്ടായിരുന്ന മനോഭാവം ഒരു വലിയ കൂട്ടം ആളുകൾ എന്റെ കൂടെയുണ്ട് എന്ന അഹന്തയും സ്വയപ്രശംസയുമായിരുന്നു.

സ്വയം ഒരു തൃപ്തി, സ്വയം ഒരു സന്തോഷം.

അഹങ്കാരത്തിന്റെ കെണിയായിരുന്നു അത്. ദൈവത്തിന്റെ കോപം ജ്വലിക്കാൻ അത് കാരണമായി.

Take a sensus of all the people from one end of the nation to the other so that I will know how many of them they are. അവർ എത്ര ആളുകളുണ്ട് എന്ന് എനിക്കൊന്നറിയണം എന്ന് ദാവീദിന് തോന്നി.

സമ്പത്തുണ്ടാകുമ്പോൾ അഹങ്കരിക്കുന്നവരുണ്ട്. വിദ്യാഭ്യാസം ഉണ്ടാകുമ്പോൾ അഹങ്കരിക്കുന്നവരുണ്ട്. വിവാഹം നടക്കുമ്പോൾ അഹങ്കരിക്കുന്നവരുണ്ട്. മക്കളുണ്ടാകുമ്പോൾ അഹങ്കരിക്കുന്നവരുണ്ട്. മക്കൾക്ക് നല്ല ഉദ്യോഗം കിട്ടുമ്പോൾ അഹങ്കരിക്കുന്നവരുണ്ട്. മക്കൾക്ക് നല്ല ആരോഗ്യവും നല്ല തന്റേടവും ഉണ്ടാകുമ്പോൾ അഹങ്കരിക്കുന്നവരുണ്ട്. ജീവിതത്തിൽ നല്ല ഉയർന്ന നിലവാരം ലഭിക്കുമ്പോൾ അഹങ്കരിക്കുന്നവരുണ്ട്.

സൂക്ഷിക്കുക, അടുത്തു തൊട്ടുപുറകെ വീഴ്ച വരുന്നുണ്ട്. വീഴ്ചക്കു മുമ്പേ ഉന്നതഭാവമെന്ന് സദൃശവാക്യങ്ങളിൽ

പറയുന്നു:

> "നാശത്തിനുമുമ്പെ ഗർവ്വം, വീഴ്ചയ്ക്കുമുമ്പെ ഉന്നതഭാവം."
>
> സദൃശ്യവാക്യങ്ങൾ 16:18

ഒരിക്കലും അഹങ്കരിക്കരുത്. ഒരു കാര്യത്തിലും അഹങ്കരിക്കരുത്. ഒന്നിലും പ്രശംസിക്കരുത്. ആത്മീയ ജീവിതത്തിൽ പോലും ഞാൻ എല്ലാം ജയിച്ചു ജയിച്ചു വരികയാണ് എന്ന് തോന്നരുത്. ഞാൻ എല്ലാം തികഞ്ഞു എന്ന് തോന്നരുത്.

കർത്താവേ നിന്റെ കൃപയാൽ എനിക്ക് ഇന്നു വരെ നില്ക്കാൻ സാധിച്ചു. കൃപ, കൃപ കർത്താവേ, കൃപ എന്നേ നാം പറയാവൂ. നമ്മുടെ പാപങ്ങൾ കർത്താവ് മറച്ചു തന്നു എന്നു മാത്രമേയുള്ളു. നമ്മുടെ രക്തത്തിൽ പാപപ്രവണതകളുണ്ട്. നമ്മുടെ രക്തത്തിൽ പാപസ്വഭാവമുണ്ട്. ഇന്ന് പാപം വരാതിരിക്കുന്നു എങ്കിൽ കർത്താവിന്റെ തിരുരക്തം കൊണ്ട് മറച്ചു തന്നിരിക്കുന്നു എന്നു മാത്രമേയുള്ളു. ലംഘനങ്ങൾ ക്ഷമിച്ചു തന്നു. പാപം മറച്ചു തന്നു. പാപം മറച്ചു തന്നതു കൊണ്ട് ഇന്ന് നമ്മുടെ പാപം പുറത്തു കാണുന്നില്ല. പുറത്തു വരുന്നില്ല.

പാപപ്രവൃത്തി വരുന്നില്ല, പാപത്തിന്റെ വാക്ക് വരുന്നില്ല. കോപിച്ചു സംസാരിക്കുന്നില്ല. കലഹിക്കുന്നില്ല. വഴക്കടിക്കുന്നില്ല. ഇന്ന് പാപം പുറമെ വരുന്നില്ല. ഇന്ന് അശുദ്ധമായ പ്രവൃത്തിയിലേക്കു പോകുന്നില്ല. അശുദ്ധമായ വാക്കുകൾ വരുന്നില്ല. അശുദ്ധമായ നോട്ടം വരുന്നില്ല.

ജയം ഉണ്ട്. ശരിയാണ്. പക്ഷെ കൃപ കർത്താവ് തന്നതു കൊണ്ടു മാത്രം, തിരുരക്തം കൊണ്ട് മറച്ചു തന്നതുകൊണ്ടു

മാത്രമാണ് നില്ക്കുന്നത്.

ആർക്കും അഹങ്കരിക്കാൻ ഇല്ല. ആരും പ്രശംസിച്ചു പോകരുത്. പ്രശംസ വന്നാൽ തൊട്ടടുത്ത് വീഴ്ച വരുന്നു.

"ആകയാൽ താൻ നില്ക്കുന്നു എന്നു തോന്നു
ന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ."

1 കൊരി 10:12

ആത്മീയ ജീവിതത്തിൽ കരേറ്റം കിട്ടാത്ത ആളുകളുണ്ട്. സമർപ്പണങ്ങൾ എടുക്കുന്നുണ്ട് . തീരുമാനങ്ങൾ എടുക്കുന്നുണ്ട്. പക്ഷേ പാപത്തിന്മേൽ ജയം കിട്ടുന്നില്ല. കോപം മാറുന്നില്ല. വേണ്ട വേണ്ട എന്നുണ്ട്. പക്ഷേ മാറുന്നില്ല.

ഇനി മദ്യപിക്കണ്ട എന്നു തീരുമാനിച്ചു. പക്ഷേ പൈസ പിന്നെയും മദ്യത്തിനു വേണ്ടി നഷ്ടപ്പെടുത്തിക്കളയുന്നു. ഇനി വഴക്കടിക്കില്ല എന്നു തീരുമാനിച്ചു. പക്ഷേ പിന്നെയും വഴക്കടിച്ചുപോകുന്നു.

ഇനി അശുദ്ധമായ കൂട്ടുകെട്ടിലേക്കു പോകില്ല എന്നു തീരുമാനിച്ചു. പക്ഷേ പിന്നെയും കൂട്ടുകെട്ടിലേക്കു പോകുന്നു. ആത്മീയ ജീവിതത്തിൽ മുന്നേറ്റമില്ലാത്തതായ ആളുകൾ, ആത്മീയ ജീവിതത്തിൽ കരേറ്റമില്ലാത്തതായ ആളുകൾ.

ഭൗതികമായ ജീവിതത്തിൽ കരേറ്റമില്ലാത്തതായ ആളുകൾ ഉണ്ട്. കടങ്ങൾ കൂടികൂടി വരുന്നു. മുന്നോട്ട് ഒരു പ്രതീക്ഷയും കിട്ടുന്നില്ല. എല്ലാം തകർന്നുപോകുകയാണിപ്പോൾ. ഒരു സ്വസ്ഥതയും കിട്ടുന്നില്ല. എതിർപ്പുകളും പ്രതിസന്ധികളും ജീവിതത്തിൽ ആഞ്ഞടിക്കുന്ന കൊടുങ്കാറ്റുപോലെ വന്ന് ജീവിതത്തെ വലയ്ക്കുന്നു. ഉലയ്ക്കുന്നു.

അങ്ങനെ മുന്നോട്ടുള്ള ഗതി കിട്ടാതെ മനസ്സ് ഉഷ്ണിച്ചും ഹൃദയം തളർന്നും പോയ മനുഷ്യർക്ക് യേശുക്രിസ്തുവിന്റെ വചനം നവോന്മേഷം പകർന്നു തരും. പുതിയ അനുഭവങ്ങൾ പകർന്നു തരും.

അത് ക്രിസ്തുവിന്റെ വചനത്തിന്റെ ശക്തിയാണ്. അതു ക്രിസ്തുവിന്റെ ആത്മാവിന്റെ, ശക്തിയാണ്.

> "യഹോവ വീടു പണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു, യഹോവ പട്ടണം കാക്കാതിരുന്നാൽ കാവൽക്കാരൻ വൃഥാ ജാഗരിക്കുന്നു."
>
> സങ്കീ. 127

ക്രിസ്തുവിന്റെ വചനമാണ് ലഭിക്കേണ്ടത്, പ്രസംഗമല്ല. ക്രിസ്തു വന്നില്ലെങ്കിലും പ്രസംഗം വരും. പക്ഷേ ആത്മാവിന്റെ കൃപ കാണുകയില്ല. ക്രിസ്തു വന്നില്ലെങ്കിലും ശബ്ദകോലാഹലങ്ങളുണ്ടാകും. വേദപുസ്തകത്തിലെ വാക്യങ്ങൾ പറഞ്ഞു തരും. വേദപുസ്തകത്തിലെ വാക്യങ്ങൾ വ്യാഖ്യാനിച്ചു തരും. പക്ഷേ കൃപയുണ്ടാകില്ല. ആത്മാവുണ്ടാകുകയില്ല. ദൈവ ശബ്ദം നമുക്ക് കേൾക്കാൻ പറ്റുകയില്ല. ദൈവവചനം ലഭിച്ചാലേ കരേറ്റം കിട്ടുകയുള്ളൂ.

നന്മയ്ക്കായി അടയാളം ലഭിക്കാൻ വചനം കേൾക്കണം, വചനം സ്വീകരിക്കണം., വചനം അനുസരിക്കണം. അപ്പോൾ രോഗികൾ സൗഖ്യമാകും. ക്ഷീണിച്ചിരിക്കുന്നവർ ബലപ്പെടും. മനസ്സ് തളർന്നിരിക്കുന്നവർക്ക് പുതിയ ശക്തിയും പുതിയ കൃപയും ലഭിക്കും.

ഒന്ന് : വേട്ടക്കാരന്റെ കണി. മീൻ പിടിക്കാൻ ചൂണ്ടയിടു

ന്നത് കണ്ടിട്ടില്ലേ? ചൂണ്ടയിൽ നല്ല മൂർച്ചയുള്ള സൂചിയാണ്. അതിൽ ഞാഞ്ഞൂലിനെയോ ചെറുമീനിനെയോ കോർത്തി ടും. അത് വെള്ളത്തിലേക്കിട്ടു കഴിയുമ്പോൾ വെള്ളത്തിൽ കൂടി പോകുന്ന മീൻ ഈ ഞാഞ്ഞൂലിനെ കണ്ട് കടിക്കാൻ വരും. അത് കെണിയാണ് എന്ന് പ്രായമുള്ള മീനിനറിയാം.

അത് കൊച്ചു മീനിനോട് പറയുന്നു: "മോനെ, അതിൽ കടിക്കരുതേ. ആ പുറമെ കാണുന്നതല്ല അകത്ത്. പുറമേ നാം ഞാഞ്ഞൂലിനെ കാണുന്നു, പക്ഷേ അകത്ത് ഭയങ്കര മൂർച്ച യുള്ള സൂചി ഉണ്ട്. നീ അത് കടിച്ചു വിഴുങ്ങിയാൽ നിന്റെ കരളിൽ ചെന്ന് തറയ്ക്കും. ആ ചൂണ്ടയിട്ടിരിക്കുന്ന മനു ഷ്യൻ നിന്നെ വെള്ളത്തിൽ നിന്ന് പൊക്കും. നീ കിടന്ന് പിട യ്ക്കും. ഈ കുളത്തിൽ പലർക്കും അപകടം പറ്റിയിട്ടുണ്ട്. ആ കൊളുത്തിൽ നീ കടിക്കല്ലേ മോനേ. നീ അത് തിന്നാൻ പോകല്ലേ."

കൊച്ചു മീൻ പുറകോട്ട് മാറും, 'അമ്മ പറഞ്ഞതല്ലേ കേട്ടേ ക്കാം.' പക്ഷേ ഇടയ്ക്ക് എപ്പോഴോ മീൻ പിന്നെയും പോകും. പിന്നെയും അമ്മ "പോകല്ലേ മോനേ പോകല്ലേ" എന്ന് പറയുന്നു. അമ്മയുടെ കണ്ണു മാറുമ്പോൾ പെട്ടെന്ന് ഈ മീൻ ചെന്ന് ഒന്ന് കടിക്കും.

കടിച്ചു കഴിഞ്ഞപ്പോഴല്ലേ മനസ്സിലായത്, ശരിയാണ് അമ്മ പറഞ്ഞത്. കടിച്ചിറക്കി. പക്ഷേ വിടാൻ പറ്റുന്നില്ല. ഇപ്പോൾ കേറിപിടിച്ചു, പക്ഷെ വിടാൻ പറ്റുന്നില്ല. ഉടനെ മനുഷ്യൻ പിടിച്ച് മുകളിലോട്ട് വലിച്ചു കയറ്റി. ചരടിൽ മീൻ കിടന്ന് പിടയ്ക്കുന്നു. ആ മീനെ ആ മനുഷ്യൻ കൊല്ലുന്നു.

മുയലിനെ പിടിക്കാൻ കെണി വയ്ക്കുന്ന ആളുകളുണ്ട്. കണി എന്നാൽ കെണി തന്നെ. Snare, trap കെണി. വേട്ടക്കാ

രൻ കൗശലത്തിൽ പക്ഷികളെ കുടുക്കാൻ കെണിവെയ്ക്കാറുണ്ട്.

വേട്ടക്കാരൻ പ്രാവിനെയോ, ഒരു പക്ഷിയെയോ പിടിച്ച് ഒരു ഭാഗത്തിരുത്തും. അത് വലയാണെന്ന് പുറത്തു കാണില്ല. വലയ്ക്കകത്തായിരിക്കും ഇരിക്കുന്നത്. ഒരു പക്ഷി ഇരുന്ന് തിന്നുകൊണ്ടിരിക്കുന്നു. പ്രാവ് അരി അല്ലെങ്കിൽ എന്തെങ്കിലും തിന്നു കൊണ്ടിരിക്കുന്നു. മറ്റു പ്രാവുകളെല്ലാം, അഞ്ചെട്ടു പ്രാവുകൾ അവിടെ പറന്നു വന്നിരിക്കുന്നു. പ്രാവുകളെല്ലാം കൂടി വരുമ്പോൾ വേട്ടക്കാരൻ വല വലിക്കുന്നു. എല്ലാ പ്രാവും വലയ്ക്കകത്താകുന്നു.

ഈ ലോകത്ത് അനേകം കെണികളുണ്ട്. എന്തെല്ലാം കെണികളാണ്. കെണികൾ മനുഷ്യരെ കുടുക്കുന്നവയാണ്. കെണിയാണെന്ന് അറിയുകയില്ല. വല വലിച്ച് പിടിച്ച് ഈ പാവം പക്ഷികൾ വലയ്ക്കകത്താകുമ്പോഴേ അറിയൂ കെണിയിലായെന്ന്.

ഏതെല്ലാം തരത്തിലുള്ളതായ കെണികൾ! മൊബൈൽ ഫോണിലുള്ളതായ എസ്.എം.എസ് കെണികൾ. ഇന്റർനെറ്റിൽ കാണുന്നതായ ചീത്ത പടങ്ങളുടെ കെണികൾ, സിഡിയിൽ കാണുന്നതായ ബ്ലൂഫിലിമിന്റെ വൃത്തികെട്ട കെണികൾ, ചീത്ത കൂട്ടുകെട്ടുകളുടെ കെണികൾ, മദ്യപാനത്തിന്റെ കെണികൾ, ചില അഴുക്കു ബന്ധങ്ങളുടെ കെണികൾ, പുറത്തുപറയാൻ അറയ്ക്കുന്നതായ ചില ബന്ധങ്ങളുടെ കെണികൾ.

ഭാര്യ നെടുവീർപ്പോടെ ഏങ്ങലടിച്ച് കരയുന്നു. ഭർത്താവ് വേറൊരുസ്ത്രീയുടെ കെണിയിലായി. അവൾ കെണിയിൽ വീഴ്ത്തി.

ഒന്ന്: മരണത്തിന്റെ കെണി.

മരണത്തിന്റെ കെണിയെക്കുറിച്ച് ചില കാര്യങ്ങൾ കൂടി ചിന്തിക്കാം. പ്രായമാകുന്നതിനു മുമ്പ് പെട്ടെന്ന് മരണത്തിലേക്ക് വീഴുകയാണ്. ഒരു പക്ഷേ ആക്സിഡന്റായിരിക്കും. പെട്ടെന്നു വന്ന അത്യാഹിതമായിരിക്കാം. വാഹന അപകടമായിരിക്കാം. അതല്ലെങ്കിൽ മാരകമായ രോഗമായിരിക്കാം. കെണിയിൽ കുടുക്കാൻ പിശാച് പല തന്ത്രങ്ങൾ പ്രയോഗിച്ച് അകത്ത് വീഴിക്കുന്ന മരണത്തിന്റെ കെണിയിൽ നിന്ന് രക്ഷപ്പെട്ടവരുണ്ട്. രക്ഷ കിട്ടുകയില്ല എന്നു വിചാരിച്ചു. മരിച്ചു എന്നു വിചാരിച്ചു. ഭാഗ്യവശാൽ രക്ഷപ്പെട്ടു മരണത്തിന്റെ കെണിയിൽ നിന്ന് മോചനം പ്രാപിച്ചു. അവൻ നിന്നെ വേട്ടക്കാരന്റെ കെണിയിൽ നിന്ന് വിടുവിക്കും. മരണത്തിന്റെ കെണിയിൽ നിന്ന് വിടുവിക്കും.

ദാവീദിനെ വേട്ടയാടിയ ശൗൽ രാജാവിന്റെ കെണിയിൽ നിന്ന് ദൈവം ദാവീദിനെ വിടുവിച്ചു. ശൗൽ രാജാവ് കൊല്ലുവാൻ പുറകെ വരുന്നു. ദാവീദ് ഓടി ഓടി തളർന്നു. ദാവീദും ദാവീദിന്റെ കൂടെയുള്ള പാവപ്പെട്ട കുറച്ചു ആളുകളും കുന്നു കയറി തളർന്നു. മലയിലൂടെ ഓടി. കല്ലും മുള്ളും ചവുട്ടി, കുന്നും മലയും താണ്ടി ഓടുകയാണ്. ശൗലിന്റെ സൈന്യം പിന്നാലെ വരുന്നുണ്ട്.

അവസാനം ദാവീദ് ഒരു ഗുഹയ്ക്കകത്ത് അഭയം തേടി. ഒരു വലിയ ഗുഹ. "നിങ്ങൾ എവിടെയെങ്കിലും പോയി ഒളിച്ചിരുന്നോ, എനിക്ക് ഇനി ഓടാൻ വയ്യ. എന്നെ പിടികൂടുന്നെങ്കിൽ പിടി കൂടട്ടെ." ദാവീദ് പറഞ്ഞു. ദാവീദ് തളർന്നുപോയി. ദാവീദ് ഗുഹയ്ക്കകത്ത് കല്ലും വലിയ ചരലുമെല്ലാം മാറ്റിയിട്ട് കരിയില ചേർത്തിട്ടുകിടന്നു.

സുഖമായി കൊട്ടാരത്തിൽ കിടന്ന് ഉറങ്ങിയവനാണ് ദാവിദ്. ഇപ്പോൾ കരിയില ചേർത്തിട്ട് അതിൽ കിടന്നുറങ്ങുകയാണ്. ദാവീദ് ഉറങ്ങാൻ കിടന്നപ്പോൾ ദാവീദിനു തോന്നി. ഒന്ന് പ്രാർത്ഥിച്ചിട്ട് ഉറങ്ങാം. ദാവീദ് പ്രാർത്ഥിച്ചു. ആ പ്രാർത്ഥനയാണ് നാലാം സങ്കീർത്തം.

> "ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും. നീയല്ലോ യഹോവേ, എന്നെ നിർഭയം വസിക്കുമാറാക്കുന്നത്."
>
> സങ്കീ. 4:8

ദാവീദ് ഓർക്കുകയാണ്. എനിക്കിപ്പോൾ കഞ്ഞി കുടിക്കാൻ മാർഗ്ഗമില്ല, ഞാൻ വിശന്നു പൊരിയുന്നു. "ധാന്യവും വീഞ്ഞും വർദ്ധിച്ചപ്പോൾ അവർക്കുണ്ടായതിലും അധികം സന്തോഷം നീ എന്റെ ഹൃദയത്തിൽ തന്നിരിക്കുന്നു. ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും. നീയല്ലോ യഹോവേ എന്നെ നിർഭയം വസിക്കുമാറാക്കുന്നത്." സങ്കീ. 4:7–8

ദാവീദ് രാവിലെ ഉണർന്നു. ഞാൻ ഇപ്പോഴും ഗുഹയിൽ തന്നെയാണ്. എന്നെ കൊന്നില്ലല്ലോ. ദാവീദ് അപ്പോൾ പാടിയ പാട്ടാണ്, മൂന്നാം സങ്കീർത്തനം. ദാവീദ് പാടുകയാണ്. നിന്റെ കൈ എന്നെ താങ്ങി. ഞാൻ ഉണർന്നിരിക്കുന്നു എന്ന്.

> "ഞാൻ കിടന്നുറങ്ങി, യഹോവ എന്നെ താങ്ങുകയാൽ ഉണർന്നുമിരിക്കുന്നു. എനിക്ക് വിരോധമായി ചുറ്റും പാളയം ഇറങ്ങിയിരിക്കുന്ന ആയിരമായിരം ജനങ്ങളെ ഞാൻ ഭയപ്പെടുകയില്ല."
>
> സങ്കീ. 3:5–6

ദൈവജനമേ, ശത്രു വന്ന് പാളയമിറങ്ങും. നിന്നെ പിടി കൂടാൻ നോക്കും. നിന്നെ തകർക്കാൻ നോക്കും. നിനക്ക് മരണം സംഭവിക്കത്തക്കവണ്ണം കാര്യങ്ങളെല്ലാം പ്രതികൂല മായി തീരും. പക്ഷേ മരണം നിന്നെ പിടികൂടുകയില്ല. മരണ ത്തിന്റെ കെണിയിൽ നിന്നും ദൈവം നിന്നെ വിടുവിക്കും.

ദാവീദിനെ മരണത്തിന്റെ കെണിയിൽ നിന്നു ദൈവം വിടുവിച്ചു. ശത്രുവിന്റെ ഭീകരമായ കെണിയിൽ നിന്നു വിടു വിച്ചു.

രണ്ടാമത്: പാപത്തിന്റെ കെണി.

പാപത്തിന്റെ കെണിയിൽ വീണുപോയി, ഒരു പ്രത്യേക നിമിഷത്തിൽ ദാവീദ് വീണുപോയി. പക്ഷെ അത് ഒരു നിമി ഷത്തിലുള്ള വീഴ്ചയായിരുന്നില്ല, പടിപടിയായുള്ള വീഴ്ചയായിരുന്നു.

ആദ്യം ദാവീദ് ആത്മീയ മല്ലനായിരുന്നു. പ്രാർത്ഥനാ വീരനായിരുന്നു. നല്ല ദൈവസ്നേഹമുള്ളവനായിരുന്നു. ദൈവത്തിൽ ശരണമുള്ളവനായിരുന്നു. നല്ല ദൈവഭക്തിയു ള്ളവനായിരുന്നു. ദൈവത്തെ ആരാധിച്ചവനായിരുന്നു. ദൈവ വേല ചെയ്തവനായിരുന്നു. അവന്റെ ഉള്ളത്തിൽ സ്നേഹ ത്തിന്റെ തീ കത്തിക്കൊണ്ടിരിക്കുകയായിരുന്നു. പക്ഷേ ദാവീദ് അലസനായിപ്പോയി. ദാവീദിനെ പാപത്തിന്റെ കണി പിടികൂടി. ദാവീദിന് അലസത ബാധിച്ചു.

കൂട്ടായ്മയിൽ വരുവാൻ അലസത വന്നാൽ നിങ്ങൾക്ക് ദോഷം സംഭവിക്കും. കൂട്ടായ്മ മുടക്കരുത്.

എനിക്ക് നല്ല ബോദ്ധ്യമുണ്ട്. കൂട്ടായ്മ ഇല്ലായിരുന്നെ ങ്കിൽ ഞാൻ ആത്മീയമായി ക്ഷീണിച്ചു പോയേനെ. എന്റെ

അനുഭവമാണ് അത്. എന്നെ നിലനിർത്തുന്നത് വാസ്തവത്തിൽ ഈ കൂട്ടായ്മയാണ്. – ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പ്. അനേകർ ഈ കൂട്ടായ്മയിലൂടെ ദൈവത്തെ സ്നേഹിക്കുന്നുണ്ടല്ലോ എന്നു കാണുമ്പോൾ ഞാൻ ധീരനാകുന്നു. ഞാൻ തളരുമ്പോൾ ജീവനുള്ള ദൈവത്തിന്റെ സ്നേഹം കൂട്ടായ്മയിലേക്കു എന്നെ ആനയിക്കുന്നു. കൂട്ടായ്മയിൽ ദൈവമക്കളുടെ കൂടെയിരുന്നു പ്രാർത്ഥിക്കുമ്പോൾ, ഞാൻ ബലം പ്രാപിക്കുന്നു.

നിങ്ങൾ കൂട്ടായ്മ മുടക്കാതിരിക്കുക. അലസത വരരുത്. അന്ന് ദാവീദിനു പറ്റിയ അപകടമതാണ്.

> "ഒരു നാൾ സന്ധ്യയാകാറായ സമയത്ത് ദാവീദ് മെത്തയിൽ നിന്ന് എഴുന്നേറ്റു."
>
> 2 ശമു. 11:2

ദാവീദിന് അലസത, പകല് കിടന്നുറക്കം. പഠിക്കുന്ന വിദ്യാർത്ഥികൾ, വിദ്യാർത്ഥിനികൾ പലപ്പോഴും അലസരാകുന്നുണ്ട്. അവർ ഉത്സാഹത്തോടെ പഠിക്കേണ്ടവരാണ്. നിങ്ങൾ കുട്ടികൾ എല്ലാ യോഗങ്ങൾക്കും സംബന്ധിക്കണമെന്നില്ല. കുട്ടികൾക്ക് ധാരാളം പഠിക്കാനുണ്ട്. ആഴ്ചയിൽ ഒരു യോഗമെങ്കിലും സംബന്ധിച്ചാൽ മതി. ബാക്കി ദിവസങ്ങളിൽ നിങ്ങൾ പഠിക്കണം. അലസതയുടെ ഒരു നിമിഷം ഉണ്ടായിരിക്കരുത്. കഷ്ടപ്പെട്ടിരുന്ന് പഠിക്കണം. കഠിനാദ്ധ്വാനം ചെയ്യണം. ദാവീദ് അലസനായിപ്പോയി. പകൽ കിടന്നുറക്കം.

സന്ധ്യയാകാറായി, ദാവീദ് കിടക്കയിൽ നിന്ന് എഴുന്നേറ്റു. സന്ധ്യയാകാറായ സമയത്ത് കിടക്കയിൽ നിന്ന് എഴുന്നേറ്റ ദാവീദ്, പ്രാർത്ഥിക്കാനാണ് പോകേണ്ടത്.

“സന്ധ്യയ്ക്കും രാവിലെയും ഉച്ചയ്ക്കും സങ്കടം ബോധിപ്പിച്ച് കരയും” എന്ന് ഒരിക്കൽ തീരുമാനമെടുത്ത ആളല്ലേ ദാവീദ്? സങ്കീ. 55:17. പക്ഷെ, ദാവീദ് പ്രാർത്ഥിക്കാനല്ല പോയത്, നേരെ ഉലാത്താൻപോയി.

മുകളിൽ മട്ടുപ്പാവിൽ. ഇളം കാറ്റു വീശുന്നുണ്ട്. നല്ല കാലാവസ്ഥ, മഴയൊന്നും ഇല്ല. ചൂടുമില്ല. സൂര്യൻ അസ്തമിക്കാൻ പോകുന്നു. നല്ല കുളിർമയുള്ള കാറ്റ് ആണ്, ആ കാറ്റേറ്റു കൊണ്ട് ദാവീദ് മാളികമേൽ ഉലാവി കൊണ്ടിരിക്കുകയാണ്.

ഒന്ന്: പകലുറക്കം, രണ്ട്: പ്രാർത്ഥന മുടക്കി. ദാവീദിന് പാപത്തിന്റെ കെണി വരികയാണ്. ടെറസിൽ കൂടി ഉലാവി ക്കൊണ്ടിരിക്കുമ്പോൾ അങ്ങ് അപ്പുറത്ത് ഒരു കുളത്തിൽ ഒരു സ്ത്രീ കുളിക്കുന്നത് ദാവീദ് കണ്ടു. നോക്കി നിന്നു. കണ്ടു പോയതിൽ പേടിക്കാനില്ല. കണ്ടു പോയി. മാറിപ്പോയാൽ മതിയായിരുന്നു. വീണ്ടും നോക്കിയതിലാണ് തെറ്റ്. Second look is sinful. നാം ഒരു ചീത്തപടം കണ്ടുപോയി. അറിയാതെ ആണ് കണ്ടത്. കാണാനാഗ്രഹിച്ചല്ല കണ്ടത്. ഒന്നും പേടിക്കാനില്ല.

ദാവീദ് നോക്കി നിന്നു. ഭയങ്കരമായി പോയി. ദൈവപുരുഷൻ മോഹത്തോടെ നോക്കി നിന്നു, ജീവിതത്തിൽ ദൈവത്തോട് ചില ഉടമ്പടികൾ ചെയ്ത ദൈവപുരുഷനാണ്. അന്യ സ്ത്രീയെ നോക്കുകയില്ല എന്ന് ദൈവത്തോട് വാക്കു പറഞ്ഞ ദൈവപുരുഷനാണ്. ജീവിതത്തിൽ ചില വ്യക്തമായ ഉടമ്പടികൾ എടുത്ത ദൈവപുരുഷനാണ്. എന്നാൽ ഒന്നിനു മേൽ ഒന്നായി ദാവീദ് കെണിയിൽ വീഴുകയാണ്.

സ്നേഹിതാ, നിങ്ങൾക്ക് വല്ല തീരുമാനങ്ങളുണ്ടായിട്ടുണ്ടോ? നിങ്ങളുടെ ജീവിതത്തിൽ ഏതെങ്കിലും നിഷ്ഠകൾ

നിങ്ങളെടുത്തിട്ടുണ്ടോ? പാപത്തിന്റെ കെണിയിൽ വശീകരിക്കപ്പെടാൻ വിട്ടുകൊടുക്കരുത്. ദാവീദ് നോക്കി നിന്നുപോയി.

ദാവീദ് ആ സ്ത്രീ ആരാണെന്ന് അന്വേഷിച്ചു. ആ സ്ത്രീയുടെ വീടേതാണെന്ന് അന്വേഷിച്ചു. അവളുടെ ബന്ധുമിത്രാദികളാരാണെന്ന് അന്വേഷിച്ചു. അന്വേഷിച്ചപ്പോൾ മനസ്സിലായി ദാവീദിന്റെ തന്നെ ഒരു സേവകനായ ഊരിയാവിന്റെ ഭാര്യയാണ്. അധികാരം ഉപയോഗിച്ച് ആ സ്ത്രീയെ കൊട്ടാരത്തിലേക്ക് വരുത്തി. ദാവീദ് അശുദ്ധമായ ജീവിതത്തിലേക്കു വഴുതി വീണു. ഭയാനകമായ പാപം!

ഏറ്റവും ഘോരമായ പാതകം! ഒന്നിനു മീതെ ഒന്നായി പാപങ്ങൾ അരിച്ചു കയറുകയാണ്. പാപത്തിന്റെ കെണി ദാവീദിനെ വേട്ടയാടുകയാണ്. വേട്ടക്കാരന്റെ കെണിയിൽ വീണുപോയി.

ദാവീദ് അറിഞ്ഞു, ആ സ്ത്രീ ഗർഭിണിയായി കഴിഞ്ഞിരിക്കുന്നു എന്ന്. ആ സ്ത്രീയുടെ ഭർത്താവ് നാട്ടിലില്ല. അവൻ യുദ്ധരംഗത്താണ്. ദാവീദ് യുദ്ധരംഗത്തേക്ക് പോയില്ല. ദാവീദ് കൊട്ടാരത്തിൽ തന്നെ വസിക്കുകയായിരുന്നു. അലസനായി കൊട്ടാരത്തിൽ ഉറങ്ങുകയായിരുന്നു. യുദ്ധരംഗത്തേക്ക് പോകാതെ അലസനായി ഇരുന്ന ദാവീദ് ഘോരമായ പാതകം ചെയ്തു.

പാപത്തെ മറയ്ക്കാൻ എന്താണ് ചെയ്യുക? ഊരിയാവിനെ വരുത്തി. ഊരിയാവിനെ ആ സ്ത്രീയുടെ ഭവനത്തിലേക്ക് പറഞ്ഞയക്കുവാൻ ശ്രമിച്ചു. പക്ഷേ ഊരിയാവ് പോയില്ല. ഒന്നും യാദൃച്ഛികമല്ല. ദാവീദിന്റെ കൗശലം ഫലിച്ചില്ല.

നാം വായിക്കുന്നത് ദാവീദ് തന്ത്രം പ്രയോഗിച്ചു. ദാവീദ് പടനായകനായ യോവാബിന് ഒരെഴുത്തെഴുതി ഊരിയാവിന്റെ കൈയ്യിൽ കൊടുത്തയച്ചു. അതിൽ എഴുതിയിരുന്നു. പട മുറുകുന്ന ഇടത്ത് ഊരിയാവിനെ ശത്രുക്കളുടെ വെട്ടേറ്റു വീഴുവാൻ നിർത്തിയിട്ട് നിങ്ങൾ പുറകോട്ടു മാറണമെന്ന്. ഊരിയാവിനെ ശത്രുസൈന്യം വെട്ടിക്കൊന്നു.

ഭത്താവ് മരിച്ചു. ഭർത്താവ് മരിച്ച സ്ത്രീ വിവാഹം കഴിക്കുന്നതിൽ തെറ്റില്ലല്ലോ. ആരും കുറ്റം പറയില്ലല്ലോ. മനുഷ്യരുടെ കണ്ണിൽ പൊടിയിടാം.

ദാവീദ് ഊരിയാവിനെ കൊലയ്ക്കു കൊടുത്തു. വ്യഭിചാരം ചെയ്തു. കൊലപാതകം ചെയ്തു. ഊരിയാവിനെ വശീകരിച്ചു. കെണികളൊരുക്കി, കൗശലങ്ങൾ ഒരുക്കി, ദാവീദിന്റെ കെണികളെല്ലാം മനുഷ്യരുടെ മുമ്പിൽ നന്നായി വന്നു. പക്ഷെ ദൈവത്തിന്റെ മുമ്പിൽ എല്ലാം തെറ്റായി പോയി.

എല്ലാം കാണുന്ന ദൈവം, എല്ലാം നോക്കിക്കൊണ്ടു നിന്നു. ദൈവപൈതലേ, നിന്നോടു പറയട്ടെ. നിന്റെ ജീവിതത്തിൽ പാപത്തിന്റെ കെണി വരുന്നതു നീ കാണുന്നില്ല. നിനക്കു കുറ്റബോധം വരുന്നില്ല. നിന്നെ ബാധിച്ചിരിക്കുന്ന പാപത്തിന്റെ കെണി എങ്ങനെയാണെന്നു ഹൃദയത്തിൽ ചൂടു വരുന്നില്ല. ഹൃദയത്തിൽ നൊമ്പരം ഏൽക്കുന്നില്ല.

എന്റെ ദൈവമേ ഞാൻ പാപത്തിന്റെ കെണിയിൽ പെട്ടിരിക്കുന്നല്ലോ. ദുഷ്ടപിശാച് പാപത്തിന്റെ കെണിയിൽ എന്നെ വീഴിച്ചിരിക്കുന്നുവല്ലോ എന്ന് നിങ്ങൾക്ക് ഇപ്പോൾ ചിന്തിക്കാൻ സാധിക്കുന്നില്ല. കാരണം പിശാച് ഹൃദയം മരവിപ്പിച്ചിട്ടിരിക്കയാണ്. കുറ്റബോധം കിട്ടാതെ ഉള്ളം മരവിച്ചുപോയി. ഹൃദയം മരവിച്ചു പോയി. ഉള്ളം തഴമ്പിച്ചു പോയി.

അതാണ് ഏറ്റവും വലിയ അപകടം. ഉള്ളം തഴമ്പിച്ചു പോയാൽ കുറ്റബോധം കിട്ടുകയില്ല. പാപബോധം വരുകയില്ല.

നിങ്ങളോട് ചോദിക്കട്ടെ. ആ കെണിയിൽ നിങ്ങൾ വീണി ട്ടിട്ടുണ്ടോ? പാപബോധമില്ലാത്ത അവസ്ഥ. എനിക്കെന്താ കുഴപ്പം? ഞാൻ പള്ളിയിൽ പോകുന്നില്ലേ? ഞാൻ നമസ്ക്കാരം ചൊല്ലുന്നില്ലേ? ഞാൻ നോമ്പു നോല്ക്കുന്നില്ലേ? ഞാൻ പള്ളിക്ക് കൊടുക്കേണ്ടതെല്ലാം കൊടുക്കുന്നില്ലേ? ഞാൻ ഒരു വിധത്തിലും വേണ്ടാത്ത കാര്യങ്ങൾക്കു പോകുന്നില്ലല്ലോ.

ഇപ്രകാരമുള്ള ചിന്തകളിൽ നിങ്ങളെ പിശാച് കെട്ടിയി ട്ടിരിക്കുകയാണ്. ഒരു കാലത്തു പാപബോധം നിങ്ങൾക്ക് കിട്ടി യിരുന്നു. പാപം നിങ്ങളുടെ ഹൃദയത്തെ നൊമ്പരപ്പെടുത്തി യിരുന്നു. അയ്യോ പാപം വന്നല്ലോ എന്നോർത്തു നിങ്ങൾ കരഞ്ഞിരുന്നു.

ഇന്ന് പാപത്തെ ഓർത്ത് കരയാൻ സാധിക്കുന്നില്ല. പാപം വന്നല്ലോ എന്നോർത്ത് ഏങ്ങലടിക്കാൻ സാധിക്കു ന്നില്ല. അയ്യോ എനിക്ക് തെറ്റുപറ്റിപ്പോയല്ലോ എന്നോർത്ത് ദൈവസന്നിധിയിൽ ഉപവാസമെടുത്ത് കരയാൻ സാധിക്കു ന്നില്ല.

എന്നാൽ ദാവീദ് തഴമ്പിച്ച അനുഭവത്തിലിരുന്നത് ദൈവം കണ്ടു. ദൈവം ദാവീദിന്റെ കൊട്ടാരത്തിലേക്ക് തന്റെ പ്രവാ ചകനെ പറഞ്ഞയച്ചു.

കെണിയിൽ വീണു പോയ ദാവീദിന്റെ അടുക്കലേക്ക് തന്റെ പ്രവാചകനെ പറഞ്ഞയച്ചതാണ് ദൈവസ്നേഹം! പാപബോധം നഷ്ടപ്പെട്ട ദൈവദാസന്റെ അരികിലേക്ക് നാഥാൻ പ്രവാചകനെ പറഞ്ഞയച്ചു. നാഥാൻ പ്രവാചകൻ

കൊട്ടാരത്തിൽ ചെന്നു. പ്രവാചകന് ഇരിപ്പിടം കൊടുത്തു. പ്രവാചകൻ അവിടെ ഇരുന്നു.

അദ്ദേഹം പറഞ്ഞു തുടങ്ങി. രാജാവേ, നമ്മുടെ നാട്ടിൽ ഒരു സംഭവം ഉണ്ടായി.

"എന്താണത്?"

അത് വളരെ വേദനാജനകമായ സംഭവമാണ് . വളരെ സങ്കടകരം!

അതെന്താണ്? ഞാൻ രാജാവായി ഇരിക്കുമ്പോൾ എന്റെ നാട്ടിൽ സങ്കടകരമായ കാര്യങ്ങൾ നടക്കാൻപറ്റുമോ?

രാജാവേ, പറയുന്നതു കേൾക്കു. ശ്രദ്ധിക്കൂ. നമ്മുടെ നാട്ടിൽ ഒരു പാവപ്പെട്ട ഒരു ദരിദ്രനുണ്ട്. അവന്റെ അടുത്തുതന്നെ ഒരു ധനികനുമുണ്ട്. ദരിദ്രന് ഒരു പെൺകുഞ്ഞാടു മാത്രമേയുള്ളു. ധനികനു ധാരാളം ആടു മാടുകളുണ്ട്. കൊഴുത്തു മുഴുത്ത ആടുകൾ! കുഞ്ഞാട് ദരിദ്രന്റെ കൂടെയാണ് കിടുന്നുറങ്ങുന്നത്. വേറെ ആലയോ തൊഴുത്തോ ഒന്നുമില്ല. അതുകൊണ്ട് ആ ദരിദ്രന്റെ കൂടെ തന്നെ ഉറങ്ങുന്ന ഒരു പാവം പെൺ കുഞ്ഞാടാണ്. എന്നാൽ ധനികനോ ധാരാളം ആടുകളുണ്ട്.

ധനികന്റെ വീട്ടിൽ ഒരു അതിഥി വന്നു. വിരുന്നുകാരനെ സൽക്കരിക്കാൻ സ്വന്തം തൊഴുത്തിൽ നിന്ന് ഒന്നിനെപ്പോലും എടുക്കാതെ പാവപ്പെട്ട ദരിദ്രന്റെ കൂടെ കിടന്നുറങ്ങുന്ന കുഞ്ഞാടിനെ കൊണ്ടുവന്ന് അറുത്ത് പാകം ചെയ്ത് അതിഥിയെ സൽക്കരിച്ചു.

ദാവീദ് സിംഹാസനത്തിൽ നിന്ന് ചാടിയെഴുന്നേറ്റു. എന്ത്?

ദാവീദ് ഭരിക്കുന്ന നാട്ടിലോ ഈ അക്രമം? എന്റെ നാട്ടിലോ? ഈ അനീതി ഞാൻ പൊറുക്കില്ല. ആ മനുഷ്യൻ മരണയോഗ്യൻ. അങ്ങനെ സ്വന്തം ആടിനെ കൊല്ലാതെ പാവപ്പെട്ട ദരിദ്രന്റെ കുഞ്ഞാടിനെ കൊന്ന ആ മനുഷ്യൻ മരണയോഗ്യൻ. ദാവീദ് വിധിച്ചു കഴിഞ്ഞു.

നാഥാൻ പ്രവാചകൻ ഇരിപ്പിടത്തിൽ നിന്ന് എഴുന്നേറ്റു. നാഥാൻ പ്രവാചകൻ ദാവീദിന്റെ നേരെ വിരൽ ചൂണ്ടി. “ആ മനുഷ്യൻ നീ തന്നെ.”

> “നാഥാൻ ദാവീദിനോടു പറഞ്ഞത്: ആ മനുഷ്യൻ നീ തന്നെ. ഇസ്രായേലിന്റെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു....... നീ യഹോവയുടെ കല്പന നിരസിച്ചു. അവനു അനിഷ്ടമായുള്ളത് ചെയ്തത് എന്തിന്? ഹിത്യനായ ഊരീയാവെ വാൾ കൊണ്ടു വെട്ടി അവന്റെ ഭാര്യയെ നിനക്ക് ഭാര്യയായിട്ടു എടുത്തു. അവനെ അമ്മോന്യരുടെ വാൾ കൊണ്ടു കൊല്ലിച്ചു. നീ എന്നെ നിരസിച്ചു ഹിത്യനായ ഊരിയാവിന്റെ ഭാര്യയെ നിനക്കു ഭാര്യയായിട്ടു എടുത്തതു കൊണ്ട് വാൾ നിന്റെ ഗൃഹത്തെ ഒരിക്കലും വിട്ടു മാറുകയില്ല.”
>
> 2 ശമു. 12:7-10

നീ എന്നെ നിരസിച്ച് നിന്റെ ഭൃത്യന്റെ ഭാര്യയെ നിന്റെ ഭാര്യയായി എടുത്തു. നീ വ്യഭിചാരം ചെയ്തു. കൊലപാതകം ചെയ്തു. അതുകൊണ്ട് ഇതാ നിന്റെ മേൽ ശാപം വന്നിരിക്കുന്നു. നിന്റെ മേലും, കുടുംബത്തിലും വാൾ വിട്ടുമാറുകയില്ല. നിന്റെ കുടുംബത്തിൽ കലഹം മാറുകയില്ല. നിന്റെ

കുടുംബത്തിൽ ദോഷം മാറുകയില്ല. നിന്റെ കുടുംബത്തിൽ തന്നെ വ്യഭിചാരം നടക്കും. നിന്റെ കുടുംബത്തിൽ തന്നെ കൊലപാതകം നടക്കും. വാൾ നിന്റെ കുടുംബത്തെ വിട്ടു മാറുകയില്ല.

ദാവീദ് തകർന്നു. കുറ്റബോധമില്ലാതിരുന്ന ഹൃദയം ഇപ്പോൾ തകർന്നു. ദാവീദ് ഏങ്ങലടിച്ചു കരയാൻ തുടങ്ങി. ദാവീദ് സിംഹാസനത്തിൽ നിന്ന് താഴെ ഇറങ്ങി. മുട്ടിന്മേൽ ഇരുന്നു, ദാവീദ് കരഞ്ഞു.

> "രാത്രി മുഴുവനും എന്റെ കിടക്കയെ ഒഴുക്കുന്നു, കണ്ണുനീർ കൊണ്ട് ഞാൻ എന്റെ കട്ടിലിനെ നനയ്ക്കുന്നു."
>
> സങ്കീ. 6:6

ദാവീദ് കരയാൻ തുടങ്ങി.

> ‘‘ദൈവമേ നിന്റെ ദയയ്ക്കുതക്കവണ്ണം എന്നോടു കൃപയുണ്ടാകേണമെ, നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചു കളയേണമെ എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമെ, എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കേണമെ..... നിന്നോടുതന്നെ ഞാൻ പാപം ചെയ്തു, നിനക്ക് അനിഷ്ടമായത് ഞാൻ ചെയ്തിരിക്കുന്നു..... ഞാൻ നിർമ്മലനാകേണ്ടതിനു ഈസോപ്പു കൊണ്ട് എന്നെ ശുദ്ധീകരിക്കേണമെ..... നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്നും എടുക്കയുമരുതേ, നിന്റെ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമെ....."
>
> സങ്കീ. 51:1-12

എന്റെ കർത്താവേ തകർന്നു പോയ ഹൃദയത്തോടെ ഇതാ ഞാൻ വരുന്നു. എന്നോട് മനസ്സലിയണമേ. ദാവീദ് പ്രാർത്ഥിക്കാൻ തുടങ്ങി. പാപത്തിന്റെ കെണിയിൽ നിന്ന് ദൈവം ദാവീദിനെ വിടുവിച്ചു.

ഇന്ന് ദൈവമക്കളെ നിങ്ങൾക്ക് മരണത്തിന്റെ കെണിയിൽ നിന്ന് മോചനം പ്രാപിക്കാനാഗ്രഹമുണ്ടോ? നിങ്ങൾക്ക് പാപത്തിന്റെ കെണിയിൽ നിന്ന് മോചനം പ്രാപിച്ച അനുഭവം വേണമോ? ഇന്ന് വേട്ടക്കാരന്റെ കെണിയിൽ നിന്ന് മോചനം കിട്ടാൻ നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ നിങ്ങളുടെ പാപങ്ങളെ അനുതാപത്തോടെ ഏറ്റുപറയുക. മേലിൽ പാപം വരികയില്ലെന്ന് തീരുമാനിക്കുക.

ഈ വാക്കുകളെ വായിക്കുന്ന നിങ്ങൾ ഓരോരുത്തരും ഒന്നോ അതിലധികമോ പാപങ്ങളിൽ വീണവരാണ്. അനേകർ ഇന്ന് പാപത്തിന്റെ അടിമത്വത്തിൽ കിടക്കുകയാണ്. അനേകരുടെ വീര്യം കെട്ടുപോയിരിക്കുകയാണ്. അനേകരെ സാത്താൻ കെണിയിൽ വീഴിച്ചിരിക്കുകയാണ്.

പ്രിയപ്പെട്ടവരേ, ഈ അവസ്ഥയിൽ നിങ്ങൾ കടന്നുപോയാൽ ദൈവരാജ്യത്തിൽ ചെല്ലുകയില്ല. സത്യം നിങ്ങളെ അറിയിക്കുകയാണ്. അപകടം നിങ്ങളുടെ മുമ്പിൽ നിൽക്കുകയാണ്. പലർക്കും കുറ്റബോധം കിട്ടുന്നില്ല. പാപത്തിന്റെ കെണിയിൽ പിശാച് നിങ്ങളെ കെട്ടിയിട്ടിരിക്കുകയാണ്.

പാപത്തിന്റെ കെണിയിൽ നിന്ന് നിങ്ങൾക്ക് മോചനം വേണമോ? പാപത്തിന്റെ കെണിയിൽ നിന്ന് മോചനം തരാൻ കരുണയുള്ള കർത്താവിനു മനസ്സാണ്. ദാവീദിന്റെ പാപത്തിന്റെ കെണിയിൽ നിന്ന് വിടുവിക്കാൻ തന്റെ പ്രവാചകനെ അയച്ച ജീവനുള്ള ദൈവം, ഇപ്പോൾ നിങ്ങളോട് സംസാരി

ക്കുകയാണ്. രക്ഷപ്പെടുവിൻ എന്നാണ് പറയുന്നത്. വേഗം പാപത്തെ ഓർത്തു അനുതപിക്കുവിൻ എന്നാണ് പറയുന്നത്.

മകളേ, നിന്റെ പാപത്തെ കണ്ടെത്തുക. മകനേ, നിന്റെ പാപത്തെ നീ കണ്ടെത്തുക. നിന്റെ പാപം നിന്നെ കണ്ടെത്തുന്നതിനു മുമ്പ് നിന്റെ പാപത്തെ നീ കണ്ടെത്തുക. പാപം നിന്നെ കണ്ടെത്തിയാൽ നിന്നെ നാശത്തിലേക്ക് നയിക്കും. നിന്നെ നരകത്തീയിലേക്ക് നയിക്കും. ഘോരമായ അന്ധകാരത്തിലേക്ക് നിന്നെ നയിക്കും. തീപ്പൊയ്കയിലേക്ക് നിന്നെ നയിക്കും. ആ അപകടം വരാതിരിപ്പാൻ ഇന്ന് നീ മനം തിരിയുക. നീ പാപത്തെ കണ്ടെത്തി കരഞ്ഞാലോ നിനക്ക് നിത്യ ജീവനിൽ പ്രവേശിക്കാം.

പാപത്തിൽ നിന്ന് മോചനം തരാൻ ജീവനുള്ള കുഞ്ഞാട് അറുക്കപ്പെട്ടിരിക്കുന്നു. ജീവനുള്ള കർത്താവായ യേശു ക്രിസ്തു നിങ്ങൾക്കു വേണ്ടി കുരിശിൽ മരിച്ചിരിക്കുന്നു. അവന്റെ തിരുരക്തം നിങ്ങളെ കഴുകാൻ മതിയായതാണ്.

നിങ്ങൾക്ക് വേണമോ യേശുവിനെ? യേശു ഇതാ നിങ്ങളുടെ അരികത്തേക്കു വരുന്നു. പാപത്തിന്റെ കെണിയിൽ നിന്ന് നിങ്ങളെ വിടുവിക്കാൻ യേശുവിന്റെ പുണ്യനിണം ഒഴുക്കിയിരിക്കുകയാണ്. ആ തിരുരക്തത്തിൽ മോചനം ഉണ്ട്.

നിങ്ങൾ ക്രിസ്തുവിനെ സ്വീകരിക്കുമോ? യേശുവേ, നിന്റെ ചങ്കു പൊട്ടിയൊഴുകിയ തിരുരക്തത്താൽ എന്നെ ഇന്ന് ഒന്ന് കഴുകണമേ എന്ന് നിങ്ങൾ പ്രാർത്ഥിക്കൂ. പാപത്തെ ഞാൻ മനസ്സോടെ ഉപേക്ഷിക്കുന്നു എന്ന് യേശുവിനോട് പറയൂ.

എന്റെ കർത്താവേ പാപത്തെ ഞാൻ ഏറ്റുപറഞ്ഞു ഉപേ

ക്ഷിക്കുന്നു. മേലിൽ ഞാൻ പാപം ചെയ്യുകയില്ല എന്ന് ഞാൻ തിരുമുമ്പാകെ തീരുമാനിക്കുന്നു. യേശുവേ, ഇന്നു ഇപ്പോൾത്തന്നെ നിന്റെ കരം എന്റെ മേൽ വയ്ക്കണമേ. നിന്റെ രക്തത്താൽ എന്നെ കഴുകണമേ. നിന്റെ തൃക്കരത്തിലുള്ളതായ തിരുരക്തം മുദ്രയായി എന്റെ നെറ്റിയിൽ പതിയണമേ.

കർത്താവു പറയുന്നു:

മകനേ, നിന്റെ ഹൃദയം എനിക്ക് തരിക. എന്റെ മകളേ, നിന്റെ ഹൃദയം എനിക്ക് തരിക. ഞാൻ ഹൃദയത്തിലേക്ക് വരാം. ഇന്നു മുതൽ നിനക്ക് പുതിയ ജീവിതം തരാം. മകനേ, ഇന്നു മുതൽ ഞാൻ നിന്നെ പുതിയ സൃഷ്ടിയാക്കാം എന്നു വാക്കു പറയുന്നു. വാഗ്ദത്തം തരുന്നവനായ ക്രിസ്തു, അനുഗ്രഹിക്കുന്നവനായ ക്രിസ്തു, ബാധ മാറ്റുന്ന ക്രിസ്തു, കെണി മാറ്റുന്ന ക്രിസ്തു, വിടുവിക്കുന്ന ക്രിസ്തു ഇതാ നിങ്ങളുടെ അരികത്തു വന്നു നിൽക്കുന്നു.

അവനെ കാണുവിൻ, അവനോടു വാക്കു പറയുവിൻ, യേശുവേ ഇന്നു മുതൽ ഞാൻ നിന്റെ വക. ഇന്നു മുതൽ ഞാൻ ഒരു പുതിയ സൃഷ്ടിയായി ജീവിക്കും.

## രണ്ട്

യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ടവരായ ദൈവമക്കൾ എല്ലാവരും പുറമെ ഏത് സഭാ വിഭാഗത്തിൽ കഴിയുന്നു എങ്കിലും യേശുക്രിസ്തുവിന്റെ തിരുശരീരത്തിന്റെ അവയവങ്ങളാണ്. ക്രിസ്തു തലയും സഭ ക്രിസ്തുവിന്റെ ശരീരവുമാകുന്നു. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ അവയവങ്ങളാണ് നാമോരുത്തരും. നിത്യതയിലേക്ക് കടന്നു ചെല്ലുമ്പോൾ, ഏതു സഭയിലാണ് ചേർന്നിരുന്നതെന്ന് ചോദിക്കുകയില്ല. ഏതു പള്ളിയിലാണ് പോയിരുന്നത് എന്ന് ചോദിക്കുകയില്ല. ഏതു സമുദായത്തിലെ അംഗമായിരുന്നു എന്നു ചോദിക്കില്ല. നീ ഒരു വിശുദ്ധനായി ജീവിച്ചുവോ എന്നു മാത്രമേ ചോദിക്കുള്ളൂ. ഒരു വിശുദ്ധനായി ഈ ഭൂമിയിൽ ജീവിക്കുക. ക്രിസ്തു തലയായിരിക്കുന്ന, ആ ഒരു ശരീരത്തിന്റെ ഒരു അവയവമായി ജീവിക്കുക. ഈ അവയവങ്ങളെല്ലാം പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു. ശരീര

ത്തിൽ എല്ലായിടത്തും  എപ്പോഴും വ്യാപരിച്ചു കൊണ്ടിരിക്കുന്ന ഒന്നുണ്ട്. അതാണ് രക്തപര്യയനം അല്ലെങ്കിൽ രക്ത ചംക്രമണം. നമ്മുടെ ശരീരത്തിൽ കൂടി രക്തം പര്യയനം ചെയ്തുകൊണ്ടിരിക്കുകയാണ്. യേശുക്രിസ്തുവിന്റെ തിരുരക്തം നമ്മുടെ ജീവിതത്തിൽ പര്യയനം ചെയ്തുകൊണ്ടിരിക്കുന്നു എങ്കിൽ  തീർച്ചയായും നാം എല്ലാവരും ക്രിസ്തുവിന്റെ ശരീരത്തിലെ അവയവമാണ്.

ഈ രക്തബന്ധം പ്രാർത്ഥനയിൽ കൂടിയാണ് നമുക്ക് അനുഭവമായി തീരുന്നത്. രക്തബന്ധം എന്നു പറയുന്നത് ജീവനോടിരിക്കുന്നവരും വാങ്ങിപ്പോയവരുമായ വിശുദ്ധന്മാർ തമ്മിലുള്ള ബന്ധവുമാണ്. അതിൽ ജീവനോടിരിക്കുന്ന വിശുദ്ധന്മാരുണ്ട്. വാങ്ങിപ്പോയ വിശുദ്ധന്മാരുണ്ട്. വാങ്ങിപ്പോയ വിശുദ്ധന്മാർ കർട്ടന്റെ അപ്പുറത്ത് നിൽക്കുന്നു. ജീവനോടിരിക്കുന്ന വിശുദ്ധന്മാർ കർട്ടന്റെ ഇപ്പുറത്ത് നിൽക്കുന്നു. മരണം എന്നത് ഒരു തിരശ്ശീലയാണ് വാങ്ങിപ്പോയവരുടെയും ജീവനോടിരിക്കുന്നവരുടെയും ഇടയിലുള്ള തിരശ്ശീല.

അതുകൊണ്ടാണ് അപ്പോസ്തലനായ പൗലോസ് പറയുന്നത്: "സാക്ഷികളുടെ വലിയോരു സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതുകൊണ്ട് നാമും ഓടുക എന്ന്". എബ്രായർ 12:1

നമ്മെ പ്രോത്സാഹിപ്പിക്കുവാൻ സാക്ഷികളുടെ ഒരു സമൂഹം ചുറ്റും നിൽക്കുന്നു. അവർ ഈ ഭൂമിയിൽ നിന്ന് മാറിപ്പോയവരാണ്. പക്ഷെ ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയമായിരിക്കുന്നതുകൊണ്ട്, ക്രിസ്തുവിന്റെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ടവരായിരിക്കുന്നതുകൊണ്ട്,  വാങ്ങിപ്പോയ വിശുദ്ധന്മാർ സത്യസാക്ഷികളായി ചുറ്റും നിൽക്കുന്നു.

സാക്ഷികളുടെ ഇത്ര വലിയ ഒരു സമൂഹം നമുക്കു ചുറ്റും

നിൽക്കുന്നതു കൊണ്ട് നാമും ഓടുക. എങ്ങനെയാണ് ഓടേണ്ടത്? സകല ഭാരവും വിട്ട് ഓടുക. മുറുകെ പറ്റുന്ന പാപം വിട്ട് ഓടുക.

> "ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയ ഒരു സമൂഹം നമുക്ക് ചുറ്റും നിൽക്കുന്നതു കൊണ്ട് സകല ഭാരവും മുറുകെപ്പറ്റുന്ന പാപവും വിട്ട് നമുക്ക് മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക."
>
> എബ്രായർ 12:1

സാക്ഷികളുടെ സമൂഹം ചുറ്റും നിൽക്കുന്നവർ ഓട്ടം ഓടി തികച്ചവരാണ്. ഇപ്പോൾ കർട്ടന്റെ ഇപ്പുറം നിൽക്കുന്നവർ ഓട്ടം ഓടിക്കൊണ്ടിരിക്കുന്നവരാണ്. നമ്മുടെ ഈ ഓട്ടം ഓടിത്തികയ്ക്കുന്നതിന് നമുക്ക് തടസ്സമായി നിൽക്കുന്നത്, ചുമട് തലയിലിരിക്കുന്നതാണ്. നമ്മെ പുറകിലേക്ക് വലിച്ചു കെട്ടുന്നതായ ചങ്ങലകൾ ഉണ്ടെങ്കിൽ അവ മുന്നോട്ടുള്ള ഓട്ടത്തിനു തടസ്സമാക്കി നമ്മെ തടഞ്ഞു നിർത്തുകയും പുറകോട്ട് വലിക്കുകയും ചെയ്യും.

അതുകൊണ്ട് മുറുകെ പറ്റുന്ന പാപം വിട്ട് ഓടുക. നമ്മുടെ തലയിൽ ഇരിക്കുന്നതായ ചുമടുകളും വിട്ട് ഓടുക. ഇന്ന് അനേകം ആളുകൾക്കും ചുമടുകൾ ഉണ്ട്. ചുമടുകൾ, ഭാരങ്ങൾ, ആകുലങ്ങൾ, ആവലാതികൾ, ഈ ചുമടെല്ലാം 'പോകട്ടെ' എന്നു പറഞ്ഞാൽ പോവുകയില്ല.

അവ നമ്മുടെ ദൈനംദിന ജീവിതത്തിൽ നാം നേരിടുന്ന പ്രതിസന്ധികളാണ്. നമ്മുടെ ജീവിതത്തിൽ നാം നേരിടുന്നതായ പ്രശ്നങ്ങളാണ്. പണത്തിന് ഞെരുക്കം ഒരു ചുമടാണ്. രോഗത്തിന്റെ ആവലാതികൾ ചുമടാണ്. മറ്റുള്ളവരുടെ

എതിർപ്പുകൾ ഒരു ചുമടാണ്. നമ്മുടെ ജീവിതത്തിൽ വരുമാനമാർഗ്ഗമില്ലാത്തത് ചുമടാണ്. നമുക്ക് സ്നേഹിക്കാനും കരുതാനും, സഹായിക്കാനും ആരുമില്ല എന്നുള്ളത് ഒരു ചുമടാണ്, ഭാരമാണ്.

അനേകം ചുമടുകൾ, ആവലാതികൾ, ഭാരങ്ങൾ, ആകുലങ്ങൾ, നമ്മെ എപ്പോഴും വീർപ്പുമുട്ടിച്ചു കൊണ്ടിരിക്കുന്നുണ്ട്. അത് തലയിലെ വലിയ ചുമടാണ്. അത് വിട്ടു കളഞ്ഞിട്ട് ഓടാനാണ് കർത്താവ് പറയുന്നത്.

എങ്ങനെയാണ്. ഈ ചുമട് വിട്ടിട്ട് ഓടുക? എങ്ങനെ ചുമട് വിടാൻ പറ്റും? ഈ ചുമട് പേറുവാൻ ഒരു ആൾ അടുക്കൽ ഉണ്ട് എന്ന വിശ്വാസമാണ്. എന്റെ ചുമട് എല്ലാം ഏറ്റെടുക്കാൻ എന്റെ അടുത്ത് ക്രിസ്തു നില്പുണ്ട്. അതാണ് ക്രിസ്തീയ വിശ്വാസം എന്ന് പറയുന്നത്.

യേശുക്രിസ്തു എന്റെ ചുമട് ചുമക്കുവാൻ അടുത്തുണ്ട്. എന്റെ രോഗം വഹിക്കാൻ യേശു എന്റെ അടുത്തുണ്ട്. എന്റെ കഷ്ടപ്പാട് മാറ്റാൻ യേശു എന്റെ അടുത്തുണ്ട്. എന്റെ വേദനകളും എന്റെ ജീവിതത്തിൽ നേരിടുന്ന പ്രതിസന്ധികളും പരിഹരിച്ചു തരാൻ യേശു എന്റെ അടുത്തുണ്ട്. എന്റെ ചുമട് പേറുവാൻ യേശു എന്റെ അരികിലുണ്ട്. എന്റെ സകല ഭാരങ്ങളും യേശു ഏറ്റെടുക്കുന്നു. ഇതാണ് ക്രിസ്തുവിലുള്ള ഉറപ്പും വിശ്വാസവും.

ഏതെങ്കിലും ഒരു മനുഷ്യനിലുള്ള വിശ്വാസമല്ല ക്രിസ്തീയ വിശ്വാസം. ക്രിസ്തുവിലുള്ള വിശ്വാസമാണ് ക്രിസ്തീയ വിശ്വാസം. യേശുക്രിസ്തു ചുമട് ചുമക്കുവാൻ എന്റെ അരികത്തുണ്ട്. ലോകത്ത് ആർക്കും ചുമക്കാൻ കഴിയാത്തത്ര ചുമട് എന്റെ തലമേൽ ഉണ്ട്. അത് യേശു വഹിക്കും

എന്നുള്ള വിശ്വാസം.

എന്നാൽ അതോടൊപ്പം തന്നെ നമ്മെ പിറകിലേക്ക് വലിച്ച്, കെട്ടി, മുറുക്കി ഇട്ടിരിക്കുന്ന ചില ചരടുകൾ ഉണ്ട്. ചില ബന്ധനങ്ങൾ, ചില കയറുകൾ നമ്മെ കെട്ടിയിട്ടിട്ടുണ്ട്. അവ മുറുകെ പറ്റുന്ന പാപങ്ങളാണ്. വേണ്ട വേണ്ട എന്നുവച്ചാലും പിന്നാലെ വരുന്ന പാപങ്ങൾ. വേണ്ട എന്നു തീരുമാനിച്ചാലും പിന്നെയും വരുന്നതായ പാപങ്ങൾ. ഇനി ഞാൻ കോപിക്കില്ല എന്നുവച്ചാലും പിന്നെയും കോപം വന്നു പോകുന്നു. ഇനി മദ്യപിക്കില്ല എന്നുവെച്ചാലും മദ്യപാനത്തിന്റെ അവസരം വരുമ്പോൾ കൂട്ടുകാരുടെ പ്രലോഭനത്തിനുമുമ്പിൽ കുടുങ്ങിപ്പോകുന്നു. ഇനി അരുതാത്തതായ കാര്യങ്ങൾ വേണ്ട വേണ്ട എന്നു വച്ചാലും സാഹചര്യം വരുമ്പോൾ അവയിൽ കുടുങ്ങി വീണുപോകുന്നു.

ഇങ്ങനെ അനേകം അനേകം മുറകെ പറ്റുന്ന പാപങ്ങളുണ്ട്. അത് അഹങ്കാരമാകാം, അതു സ്വാർത്ഥതയാകാം, സ്ഥാനമോഹമാകാം, അത് ആരെയെങ്കിലും കുറിച്ചുള്ളതായ വൈരാഗ്യമാകാം, ഈർഷ്യയാകാം. പല തരത്തിലുള്ളതായ മുറുകെപ്പറ്റുന്ന പാപങ്ങൾ. ഇതെല്ലാം വിട്ട് ഓടണമെന്നാണ് ദൈവത്തിന്റെ വചനം പറയുന്നത്. പരിശുദ്ധാത്മാവ് തരുന്ന നിർദ്ദേശം അതാണ്.

ക്രിസ്തീയ ജീവിതത്തിൽ ഇവ വിട്ട് ഓടുവാൻ ശ്രമിക്കുന്നുണ്ട് എങ്കിലും അത് സാധിക്കാതെ വലയുന്നു. എല്ലാ മനുഷ്യരും ഏറിയും കുറഞ്ഞും അങ്ങനെയാണ്. അപ്പോഴാണ് സഹായിയായി കർത്താവ് അടുത്തുവരുന്നത്. നിന്റെ കെട്ടുകൾ അഴിക്കാൻ ഞാൻ ഉണ്ട്, നിന്റെ ബന്ധനം മുറിച്ചുകളയാൻ ഞാൻ ഉണ്ട്. നിന്റെ ജീവിതത്തിൽ നീ വേണ്ട വേണ്ട എന്നു വച്ചിട്ടു വിടുവാൻ സാധിക്കാതെ നീ വലയുന്ന നിന്റെ

പാപങ്ങൾ നിനക്ക് മോചിച്ചു തരാൻ ഞാൻ ഉണ്ട് എന്ന് പറഞ്ഞുകൊണ്ട് യേശുക്രിസ്തു നിന്റെ അരികിലേക്ക് വരുന്നു.

ജീവിത യാത്ര, ശോഭനമായി നിർവ്വഹിച്ചാണ് ഈ കർട്ടന്റെ അപ്പുറത്തേക്ക് കടന്നുപോകേണ്ടത്. ഒരു ദിവസം നാമെല്ലാവരും പോകും. ഈ കർട്ടന്റെ അപ്പുറത്തേക്കു പോകുന്നതിനു മുമ്പ് സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് എനിക്കോടണം എന്നാണ് പ്രാർത്ഥിക്കേണ്ടത്.

ചൊല്ലിക്കൂട്ടുന്നതല്ല പ്രാർത്ഥന. നാവു കൊണ്ട് ഉരുവിടുന്നതല്ല പ്രാർത്ഥന. കാണാതെ പഠിച്ച് പറയുന്ന പ്രാർത്ഥനകൾ പോലും അർത്ഥമറിഞ്ഞ് പറയുമ്പോഴാണ് പ്രാർത്ഥനയാകുന്നത്. അല്ലെങ്കിൽ അത് ജല്പനമാണ്.

കർത്താവ് മലപ്രസംഗത്തിൽ ജല്പനത്തെ കുറിച്ച് പറയുന്നുണ്ട്.

> “പ്രാർത്ഥിക്കയിൽ നിങ്ങൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുത്. അതിഭാഷണത്താൽ ഉത്തരം കിട്ടും എന്നല്ലോ അവർക്കു തോന്നുന്നത്. അവരോട് തുല്ല്യരാകരുത്.”
>
> മത്തായി 6:7–8

വെറുതെ കുറെ വാക്കുകൾ ഉച്ചരിക്കുന്നു. അതല്ല പ്രാർത്ഥന, മലയാളത്തിലോ സുറിയാനിയിലോ കുറെ വാക്കുകൾ ചൊല്ലുന്നു. അത് നല്ല ഗാനാത്മകമായി, നല്ല മധുരസംഗീതമായി പൊഴിയുന്നതായ പ്രാർത്ഥനാ ഗീതങ്ങളായി തീർന്നു എന്നു വരാം. പക്ഷേ ആ പ്രാർത്ഥനാ ഗീതങ്ങൾ പോലും ചുണ്ടുകളുടെ ഉച്ചാരണമായാൽ കേവലം ജഡികമായിപ്പോകുന്നു.

പ്രത്യുത, അതിന്റെ അർത്ഥമറിഞ്ഞ് അകക്കാമ്പിലേക്ക് ഇറങ്ങി ചെന്ന് ധ്യാനിച്ച് കൊണ്ടു നാം പ്രാർത്ഥിക്കുമ്പോൾ അത് പ്രാർത്ഥനയായി മാറുന്നു. അത് ഹൃദയത്തിൽ നിന്ന് ദൈവസന്നിധിയിലേക്ക് ഉയരുന്നതായ സുഗന്ധ ധൂപ മായിത്തീരുന്നു. അതാണ് "മേലാ മൂർശ്ലേം വാതിലുകൾക്കു ള്ളിൽ സിംഹാസനത്തിനുള്ളിൽ അണയുന്ന"തായ പ്രാർത്ഥ ന. പിതാക്കന്മാർ അങ്ങനെയാണ് പാടിയത്.

കഷ്ടാനുഭവാഴ്ചയിലെ കൗമാ നമസ്ക്കാരത്തിൽ "മിശിഹാ തമ്പുരാനേ മേലുള്ള സ്വർഗ്ഗീയ യരുശലേമിൽ നിന്റെ സിംഹാസനത്തിനുമുമ്പിൽ എന്റെ പ്രാർത്ഥന അണ യുമാറാകണമേ" എന്നാണ് നാം പ്രാർത്ഥിക്കുന്നത്.

"മേലാമൂറിശ്ലേം വാതിൽക്കുള്ളിൻ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന, മിശിഹാ!"

എന്താണ് അത് പറയാൻ കാരണം? പ്രാർത്ഥന സ്വർഗ്ഗീയ കൃപാസനം വരെ എത്തുന്നില്ല. പ്രാർത്ഥനയെ തടയുന്നതായ പലതും ജീവിതത്തിലുണ്ട്. എന്റെ കർത്താവേ ജീവനുള്ള ദൈവസന്നിധിയിലേക്ക് ഉള്ള് തകർന്ന് പ്രാർത്ഥിക്കുന്ന പ്രാർത്ഥനയുടെ അനുഭവ മധുരം എനിക്ക് തരണമേ എന്നുള്ള അന്തർദ്ദാഹമാണ് പ്രാർത്ഥനയ്ക്ക് പ്രേരകമായി തീരേണ്ടത്.

സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് മുന്നോ ട്ടോടുവാൻ ശ്രമിക്കുന്ന ഒരു മനുഷ്യന് ദൈവം തരുന്ന ഒരു വാഗ്ദത്തമാണ് 91-ാം സങ്കീർത്തനം.

ദാവീദിന്റെ ജിവിതത്തിൽ പാപത്തിന്റെ കെണി വന്നതെ ങ്ങനെയാണെന്നും ആ കെണി ദാവീദിനെ എങ്ങനെ വേട്ട യാടി എന്നുമുള്ളതായ കാര്യങ്ങളാണ് നാം ചിന്തിച്ചു വരുന്നത്.

അനേകർ ഇന്ന് പാപത്തിന്റെ കെണിയിൽ പെട്ടിരിക്കുകയാണ്. അനേകർ വേട്ടക്കാരന്റെ കെണിയിൽ പെട്ടിരിക്കുകയാണ്. അനേകരെ പിശാച് കെണിയിലാക്കിയിരിക്കുകയാണ്. വേട്ടക്കാരൻ കെണി വച്ച് പക്ഷിയെയോ മൃഗത്തെയോ പിടിക്കുന്നതു പോലെ ഇന്ന് പിശാച് കെണി വച്ച് മനുഷ്യരെ പിടിച്ചിരിക്കുകയാണ്.

കെണിപലവിധത്തിലുണ്ട്. പാപത്തിന്റെ കെണി, മരണത്തിന്റെ കെണി, ശാപത്തിന്റെ കെണി, രോഗത്തിന്റെ കെണി, ആപത്തിന്റെ കെണി, ജീവിതത്തിൽ വരുന്ന ദുരന്തങ്ങളുടെ കെണി. കെണി വയ്ക്കുന്നത് പിശാച് , കെണിയിൽ വീഴിക്കുന്നത് പിശാച്. എന്നാൽ കെണിയിൽ നിന്ന് വിടുവിക്കുന്നത് കർത്താവായ യേശുക്രിസ്തു.

തിമൊത്തിയോസിന് എഴുതിയ ഒന്നാമത്തെ ലേഖനത്തിൽ അപ്പോസ്തലനായ പൗലോസ് പിശാചിനെ കുറിച്ച് പറയുന്നുണ്ട്. നിങ്ങൾ പിശാചിന്റെ കെണിയിൽ കുടുങ്ങരുത്. നിങ്ങൾ നിന്ദിക്കപ്പെടാനിട വരരുത്. നിങ്ങൾ അപമാനിതരാകാനിടവരരുത് . നിങ്ങൾ പരിഹാസപാത്രങ്ങളാകാനിടവരരുത്. പിശാചിന്റെ കെണിയിൽ നിങ്ങൾ കുടുങ്ങാൻ ഇടവരരുത് എന്നാണ് സെ. പോൾ പറയുന്നത്.

> “നിന്ദയിലും പിശാചിന്റെ കെണിയിലും കുടുങ്ങാതിരിപ്പാൻ പുറമെ ഉള്ളവരോട് നല്ല സാക്ഷ്യം പ്രാപിച്ചവനുമായിരിക്കേണം.”
>
> 1 തിമോത്തി. 3:7

പുറമെയുള്ള മനുഷ്യരുടെ മുമ്പിൽ നല്ല സാക്ഷ്യമുള്ളവനായിരിക്കണം. ജീവിതത്തിൽ എനിക്ക് ഒരു നല്ല സാക്ഷ്യം ഉള്ളവനായി ജീവിക്കണം എന്നുള്ളതായ നിർബ്ബന്ധ ബുദ്ധി.

പറയുന്നതുപോലെ തന്നെയാണ് പ്രവൃത്തി എന്നു തെളിയിക്കാൻ സാധിക്കണം.

ഇപ്പോൾ നിങ്ങൾ പലരും ഓരോ ജോലികൾ ചെയ്യുന്നവരായിരിക്കും. ആ ജോലിയിൽ നൂറു ശതമാനം വിശ്വസ്തരായിരിക്കണം. ജോലിയിൽ അലസരാകാൻ പാടില്ല. അത് സാക്ഷ്യക്കുറവാണ്. ജോലിയിൽ നൂറു ശതമാനം കാര്യക്ഷമതയുള്ളവരായിരിക്കണം. നൂറു ശതമാനം ആത്മാർത്ഥതയുള്ളവരായിരിക്കണം. അതിൽ ശ്രദ്ധ കുറവ് വരാൻ പാടില്ല. അതിൽ ചുമതലാബോധം ഇല്ലാതെവരാൻ പാടില്ല.

ഒരു ദൈവദാസൻ അല്ലെങ്കിൽ ദൈവദാസി ജോലി ചെയ്യുന്നിടത്ത് കൃത്യ സമയത്ത് ജോലിക്കെത്തിയിരിക്കും. ഒരു മിനിട്ടു പോലും നഷ്ടപ്പെടുത്തുകയില്ല. ഒരു മിനിട്ട് ഒരു നിമിഷം പോലും അലസമായിരിക്കയില്ല. അത് ഒരു ക്രിസ്തീയ സാക്ഷ്യമാണ്.

മറ്റുള്ളവരുടെ മുമ്പിൽ നല്ല സാക്ഷ്യമുള്ളവരായിരിക്കുക. ഒരു ഫാക്ടറിയിൽ നൂറു പായ്ക്കറ്റ് ഉണ്ടാക്കുക എന്നൊരു ജോലി ചെയ്യുന്നു എന്ന് സങ്കല്പ്പിക്കൂ. എട്ടു മണിക്കൂർ കൊണ്ട് ഉണ്ടാക്കാം. ഉത്സാഹിച്ചാൽ രണ്ട് മണിക്കൂർ കൊണ്ടും ഉണ്ടാക്കാം. വേണ്ടതിൽ കൂടുതൽ സമയം എടുക്കുന്നു എങ്കിൽ സാക്ഷ്യജീവിതമല്ല.

ജോലിയിലുള്ളതായ ചുമതലാബോധമില്ലായ്മ, കാര്യക്ഷമതയില്ലായ്മ. അത് വലിയ സാക്ഷ്യക്കുറവാണ്. ചിന്തിക്കൂ. നിങ്ങൾ എത്രത്തോളം ജോലിയിൽ ജാഗ്രതയുള്ളവരാണ്, ഉത്തരവാദിത്വബോധമുള്ളവരാണ്. കാര്യക്ഷമതയുള്ളവരാണ്. മികവു പുലർത്തുന്നവരാണ്.

സാക്ഷ്യമുള്ള ജീവിതമാണ് പിശാചിന്റെ കെണിയിൽ നിന്ന് മോചനം പ്രാപിക്കാനുള്ള മാർഗ്ഗം. അത് എല്ലാ രംഗത്തും വരണം. നിങ്ങളുടെ കൊടുക്കൽ വാങ്ങലുകളിൽ സാക്ഷ്യം വേണം. നിങ്ങൾ പത്തു രൂപാ ഒരാളോട് കടം വാങ്ങിച്ചു എന്നിരിക്കട്ടെ. ആ കടം വാങ്ങാൻ കാണിച്ച ഉത്സാഹം തിരിച്ചു കൊടുക്കാൻ നിങ്ങൾ കാണിക്കുന്നുണ്ടോ? പലരുമുണ്ട്, വാങ്ങാൻ ഉത്സാഹമാണ്. ചോദിച്ചു വാങ്ങാൻ വളരെ താല്പര്യമാണ്. പക്ഷേ അത് തിരിച്ചു കൊടുക്കുന്ന കാര്യത്തിൽ ഉത്സാഹമില്ല. കൊടുക്കണ്ടേ എന്നില്ല എങ്കിലും അതിനുള്ള ഉത്സാഹമില്ല. തിരിച്ച് കൊടുക്കുകയില്ല എന്ന തീരുമാനത്തോടു കൂടികടം വാങ്ങുന്ന 'വിശ്വാസി'കളുണ്ട്!

കടം വാങ്ങിയ ഒരാൾ. അദ്ദേഹത്തിനു കിട്ടാനുള്ള രൂപ കിട്ടുന്നില്ല. വലിയ ടെൻഷനാണ്. എന്റെ ആവശ്യം നടക്കുന്നില്ല, രൂപ കിട്ടിയില്ല എന്ന് പറഞ്ഞ് അദ്ദേഹം വന്നു ഞാൻ പറഞ്ഞു. ഒരു കാര്യം ചെയ്യുക. മേലിൽ ആർക്കെങ്കിലും കടം കൊടുക്കുന്നു എങ്കിൽ കൊടുക്കുന്നതിനു മുമ്പ് ഒരു തീരുമാനമെടുക്കുക. തിരിച്ചു കിട്ടിയില്ലെങ്കിലും എനിക്ക് ടെൻഷൻ ഉണ്ടാവുകയില്ല എന്നുള്ള തീരുമാനത്തോടെ മാത്രം കടം കൊടുത്താൽ മതി.

നമ്മുടെ ജീവിതത്തിന്റെ ഓരോ ചലനത്തിലും സാക്ഷ്യം വേണം. സാക്ഷ്യമുണ്ടെങ്കിൽ പിശാചിന്റെ കെണിയിൽപെടാതെ നമുക്ക് രക്ഷപ്പെടാം. ക്രിസ്തു വസിക്കുന്ന ക്രിസ്തു പ്രസാദിക്കുന്ന മനുഷ്യൻ എന്നുള്ള സാക്ഷ്യം നമുക്ക് വേണം. നമ്മുടെ ഓരോ കാര്യങ്ങളിലും നമ്മെ കുറ്റം പറയുന്നവർ കാണും. നമ്മെ ആക്ഷേപിക്കുന്നവർ കാണും . നമ്മെ പരിഹസിക്കുന്നവർ കാണും. നമ്മെ കുറിച്ച് ഇല്ലാത്തതു പറഞ്ഞു പരത്തുന്നവരും കാണും. എന്നാൽ അവർ പറയുന്ന

കുറ്റമൊന്നും നമ്മുടെ ജീവിതത്തിലുണ്ടായിരിക്കരുത്.

എങ്കിൽ നമ്മെ കുറിച്ച് അവരുടെ ഉള്ളിൽ ഒരു ഭയം അല്ലെങ്കിൽ ഭീതി ഉണ്ടായിരിക്കും. ആന്തരികമായ ആദരവുണ്ടായിരിക്കും.

എല്ലാ കാര്യങ്ങളിലും അടുക്കും ചിട്ടയുമുള്ള ഒരു മനുഷ്യൻ പറഞ്ഞാൽ വാക്കു പാലിക്കുന്ന ഒരു മനുഷ്യൻ. വിശ്വസ്തതയുള്ള ഒരു മനുഷ്യൻ. സത്യസന്ധനായ മനുഷ്യൻ. കൊടുക്കൽ വാങ്ങലുകളിൽ കൃത്യതയുള്ള ഒരു മനുഷ്യൻ, സമയനിഷ്ഠയുള്ള മനുഷ്യൻ, കൃത്യനിഷ്ഠയുള്ള മനുഷ്യൻ. ചുമതലാബോധമുള്ള മനുഷ്യൻ. എന്ന് നമ്മെകുറിച്ച് മറ്റുള്ളവർക്ക് തോന്നത്തക്കവിധം ഒരു ജീവിതം നയിക്കുവാൻ നിങ്ങൾക്ക് സാധിക്കുമോ? അതാണ് സാക്ഷ്യമുള്ള ജീവിതം.

"നിന്ദയിലും പിശാചിന്റെ കെണിയിലും കുടുങ്ങാതിരിപ്പാൻ പുറമെ ഉള്ളവരോട് നല്ല സാക്ഷ്യം പ്രാപിച്ചവനുമായിരിക്കണം." പുറമെയുള്ളവരോട് നല്ല സാക്ഷ്യമുള്ളവരായിരിക്കണം. സ്നേഹിതരെ, ഇപ്പോൾ ഈ വാക്കുകളുടെ അടിസ്ഥാനത്തിൽ നിങ്ങളുടെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കണം. നിങ്ങൾ കച്ചവടം ചെയ്യുന്നവരുണ്ടാകും. നിങ്ങൾ ബിസിനസ് ചെയ്യുന്നവർ കാണും. നിങ്ങളുടെ ജീവിതത്തിൽ രഹസ്യങ്ങൾ കാണുന്ന കർത്താവ് നിങ്ങളുടെ ജീവിതം കുറ്റമറ്റതായി കാണുമോ? പാപമില്ലാത്തതായി കാണുമോ? നിങ്ങളുടെ ജീവിതം ദ്രവ്യാഗ്രഹമില്ലാത്തതായി കാണുമോ? നിങ്ങളുടെ ജീവിതം ഹൃദയാലുത്വമുള്ളതായി കാണുമോ? നിങ്ങളുടെ ജീവിതം ആർദ്രതയുള്ളതായി കാണുമോ? സ്വാർത്ഥതയില്ലാത്തതായി കാണുമോ?

ദ്രവ്യാഗ്രഹം ഒരു കെണിയാണ്. അതാണ് ഏഴാമത്തെ

കൊണി. അപ്പോസ്തലനായ പൗലോസ് പറയുന്നു:

> “ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്ന് നാം വിചാരിക്ക. ധനികന്മാരാകുവാനാഗ്രഹിക്കുന്നവർ പരീക്ഷയിലും കെണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാര നാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇടവരുന്ന മൗഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായിത്തീരുകയും ചെയ്യുന്നു.”

1 തിമോഥിയോസ് 6:8–9.

കർത്താവേ, രൂപ അനാവശ്യമായി ചെലവഴിക്കുകയില്ല. നിന്റെ ഹിതപ്രകാരം മാത്രമേ രൂപ കൈയ്യിൽ വരികയുള്ളൂ ചിലവഴിക്കുകയുള്ളൂ എന്ന് തീരുമാനമെടുക്കാൻ സാധിക്കുമോ?

അപ്പോഴാണ് പിശാചിന്റെ കെണിയിൽ നിന്ന് നിങ്ങൾ മോചനം പ്രാപിക്കുന്നത്. സാത്താന്റെ കെണിയിൽ വീഴാൻ ഇടവരരുത്. ആക്ഷേപിതരാകാൻ ഇടവരരുത്. ശത്രുവായ പൈശാചികൻ പരിഹസിക്കാൻ ഇടവരരുത്. നിന്ദയിൽ കുടുങ്ങാൻ ഇടവരരുത്. നിന്ദയിലും പിശാചിന്റെ കെണിയിലും കുടുങ്ങിപ്പോകാൻ ഇടവരരുത്. പിശാച് അവൻ ഓരോരുത്തരേയും കെണിയിൽ വീഴ്ത്താൻ കാത്തിരിക്കുകയാണ്. ചില കെണികൾ കൊണ്ടു വന്നു വയ്ക്കും. കെണി ആണെന്ന് അറിയുകയില്ല.

ചില അപകടങ്ങളിൽ, ചില ആപത്തുകളിൽ നാം പെടുന്നത് പിശാച് വയ്ക്കുന്ന ചില കെണികളാണ്. സ്കൂട്ടർ ആക്സിഡന്റ്, ബൈക്ക് ആക്സിഡന്റ്, കാർ ആക്സിഡന്റ്, എന്നിങ്ങനെ ആക്സിഡന്റ് ഉണ്ടാകുന്നത് പിശാച് വയ്ക്കുന്ന

കെണിയാണ്.

ചിന്തിക്കൂ: മദ്യത്തിന്റെ കെണിയിൽ ഞാൻ വീണുവോ? മയക്കു മരുന്നിന്റെ കെണിയിൽ ഞാൻ വീണുവോ? കഞ്ചാവിന്റെ കെണിയിൽ ഞാൻ വീണുവോ? ചീത്ത കൂട്ടുകെട്ടിന്റെ കെണിയിൽ ഞാൻ വീണുവോ? കൊള്ളരുതാത്ത ബന്ധങ്ങളിൽ ഞാൻ കുടുങ്ങിയോ? പ്രേമക്കുരുക്കുകളിൽ ഞാൻ വീണുവോ? എന്റെ കർത്താവേ ഞാൻ ചീത്ത പടങ്ങളിൽ ഞാൻ കുടുങ്ങിപ്പോയോ, ബ്ലൂ ഫിലിമുകളിൽ ഞാൻ കുടുങ്ങിപ്പോയോ?

കുടുക്കിൽ നിന്നു വിടുവിക്കാനായി കർത്താവ് സ്നേഹത്തോടും ആർദ്രതയോടും കൂടി വിളിക്കുകയാണ്. അവൻ നിന്നെ വേട്ടക്കാരന്റെ കെണിയിൽ നിന്നും നാശകരമായ മഹാമാരിയിൽ നിന്നും വിടുവിക്കും.

ഇപ്പോൾ വേണമെങ്കിൽ രക്ഷപ്പെടാം. വേട്ടക്കാരന്റെ കെണിയിൽ നിന്ന് വിടുവിക്കുവാൻ യേശു ജീവിക്കുന്നു. സാത്താന്റെ കെണിയിൽ നിന്ന്, നിങ്ങൾക്ക് മോചനം തരാൻ കർത്താവ് നിങ്ങളുടെ തൊട്ടടുത്ത് നില്ക്കുന്നുണ്ട്.

കോപത്തിന്റെ അട്ടഹാസങ്ങളും ഗർജ്ജനങ്ങളും മുഴങ്ങുന്ന വീടുകളുണ്ട്. പണമുണ്ട്, ജോലിയുണ്ട്, വരുമാനമുണ്ട്, എല്ലാ സൗകര്യങ്ങളുമുണ്ട്, പ്രതാപമുണ്ട്, ആഢ്യത്വമുണ്ട്, വലിയ വീടുണ്ട്, വലിയ സൗകര്യങ്ങളുണ്ട്. പക്ഷേ എന്നും കോപവും വാശിയും വഴക്കും പിണക്കവുമായി അന്തരീക്ഷം കലുഷമായിരിക്കുന്ന എത്രയോ ഭവനങ്ങളാണുള്ളത്! സമാധാനം നഷ്ടപ്പെട്ടുപോയിരിക്കുന്നു.

കാരണം, നിന്റെ കുടുംബത്തിൽ പിശാച് കെണി വച്ചിരിക്കുകയാണ്. നിന്റെ ഭർത്താവിന്റെ ജീവിതത്തിൽ, മകനേ,

നിന്റെ ഭാര്യയുടെ ജീവിതത്തിൽ, നിന്റെ മക്കളുടെ ജീവിതത്തിൽ പിശാച് കെണി വച്ച്  കെണിയിൽ വീഴിച്ചിരിക്കുകയാണ്. നിന്റെ മക്കൾക്ക് ഉത്തരവാദിത്വം ഇല്ലാതിരിക്കാൻ കാരണം പിശാച് കെണി വച്ചതാണ്. നിന്റെ മക്കൾ പഠിക്കാതിരിക്കാൻ കാരണം പിശാച് കെണി വച്ചതാണ്. നിന്റെ മക്കൾ മദ്യപാനത്തിലേക്കും അശുദ്ധമായ കൂട്ടുകെട്ടിലേക്കും പോയി നശിക്കുന്നതിനു കാരണം പിശാച് കെണി വച്ചതാണ്, കെണിയിൽ കുടുക്കിയതാണ്.

കെണിയിൽപെട്ടു പോയവരേ, നിങ്ങൾ വിശ്വസിക്കൂ. രക്ഷകനിതാ നിങ്ങളുടെ അരികത്തേക്കു വന്നിരിക്കുന്നു. കെണിയിൽ നിന്ന് വിടുവിക്കാനായി യേശു വന്നിരിക്കുന്നു. അവൻ നിന്നെ വേട്ടക്കാരന്റെ കെണിയിൽ നിന്നും നാശകരമായ മഹാമാരിയിൽ നിന്നും വിടുവിക്കും.

പ്രിയപ്പെട്ടവരേ, യേശുവിന് നിങ്ങളോട് ഇപ്പോഴും സ്നേഹമാണ്. ആ സ്നേഹം നിങ്ങളുടെ അരികത്തേക്ക് വന്നിരിക്കുകയാണ്. ആ സ്നേഹമാണ് നിങ്ങളെ വിളിക്കുന്നത്.

മരണത്തിന്റെ കെണിയെക്കുറിച്ച് ചില കാര്യങ്ങൾ കൂടി ചിന്തിക്കാം. സദൃശവാക്യം 13:14, 14:27

> "ജ്ഞാനികളുടെ ഉപദേശം ജീവന്റെ ഉറവാകുന്നു. അതിനാൽ മരണത്തിന്റെ കെണികളെ ഒഴിഞ്ഞു പോകും."
>
> സദൃശവാക്യം 13:14

> "യഹോവ ഭക്തി ജീവന്റെ ഉറവാകുന്നു. അതിനാൽ മരണത്തിന്റെ കെണികളെ ഒഴിഞ്ഞു പോകും."
>
> സദൃശവാക്യം 14:27

ദൈവത്തിന്റെ വചനം മൂലം മരണത്തിന്റെ കെണി ഒഴിഞ്ഞുപോകും. യഹോവ ഭക്തി മൂലം മരണത്തിന്റെ കെണി ഒഴിഞ്ഞു പോകും.

ദൈവത്തിന്റെ ജ്ഞാനത്തിന്റെ ഉപദേശം കേൾക്കുക. ദൈവത്തിന്റെ വചനം കേൾക്കാൻ വേണ്ടി ഓടുക. വെറും പ്രസംഗം കേൾക്കാൻ വേണ്ടി പോകുകയല്ല. നിങ്ങൾ വായിക്കുന്നത് വചനമാണ്. അത് ലോഗോസ് ആണ്. അത് ദൈവം സ്വർഗ്ഗത്തിൽ നിന്നയച്ചു തരുന്ന വചനമാണ്.

ദൂരെ ഡൽഹിയിൽ ആകാശവാണിയിൽ വാർത്ത പ്രക്ഷേപണം ചെയ്യുന്നു. നിങ്ങളുടെ വീട്ടിൽ മുറിയിലിരുന്ന് റേഡിയോ ഓൺ ചെയ്യുമ്പോൾ നിങ്ങൾക്ക് ആ വാർത്ത കിട്ടുന്നു.

കേടില്ലാത്ത റേഡിയോ ആണെങ്കിൽ നിങ്ങൾക്ക് വാർത്ത കേൾക്കാൻ പറ്റുന്നു. വേറൊരുദാഹരണം: മദ്രാസിൽ സൂര്യ ടിവിയുടെ ഓഫീസിൽ നിന്ന് പ്രസംഗം പ്രസാരണം ചെയ്യുന്നു. നിങ്ങളുടെ വീട്ടിലെ മുറിയിലിരുന്ന് സൂര്യാ ടിവിയിൽ എല്ലാ ശനിയാഴ്ചയും രാവിലെ 6.30ന് നിങ്ങൾക്ക് അത് കേൾക്കാൻ കഴിയുന്നു.

നിങ്ങളുടെ ടി.വി. നല്ലതാണെങ്കിൽ, അത് കേടില്ലാത്തതാണെങ്കിൽ നിങ്ങൾക്ക് കേൾക്കാൻ പറ്റുന്നു. ആ ടി.വിയിലേക്ക് പവർ കണക്ഷൻ ഉണ്ടെങ്കിൽ നിങ്ങൾക്ക് കേൾക്കാൻ പറ്റുന്നു.

ടി.വി. നിങ്ങൾക്ക് പ്രസംഗം തരുന്നില്ല. അതിന്റെ ഉത്ഭവസ്ഥാനം വേറെയാണ്. അതുപോലെ സ്വർഗ്ഗത്തിൽ പ്രസാരണം ചെയ്യുന്ന സ്വർഗ്ഗീയ സന്ദേശം, സ്വർഗ്ഗത്തിന്റെ വാർത്ത നിങ്ങൾ കേൾക്കുയാണ്. കുറെ ജ്ഞാനം പ്രസംഗിക്കുകയ

ല്ല. കെട്ടുകഥകൾ പ്രസംഗിക്കുകയല്ല. ആളുകളെ ചിരിപ്പിക്കാനുള്ള കാര്യങ്ങൾ പറയുകയല്ല. സ്വർഗ്ഗത്തിന്റെ സന്ദേശം നിങ്ങൾക്ക് തരാൻ ഒരു റേഡിയോ ആയി പ്രവർത്തിക്കുന്നുവെന്നു മാത്രം. റേഡിയോ ഉണ്ടെന്നുള്ളതുകൊണ്ട് മാത്രം പ്രസംഗം കിട്ടുകയില്ല. അതുപോലെ മനുഷ്യർക്ക് സ്വന്തമായി ശക്തിയില്ല. അവിടുന്ന് പ്രക്ഷേപണം ചെയ്യുന്നത് ഏറ്റുവാങ്ങി പ്രസാരണം ചെയ്യുന്നു എന്നു മാത്രമേയുള്ളൂ.

വചനം ഞാൻ ഉൾക്കൊണ്ടാൽ അത് എനിക്ക് മരണത്തിന്റെ കെണി ഒഴിഞ്ഞുപോകത്തക്കവണ്ണം എന്നെ അനുഗ്രഹിക്കുന്നതാണ്. വചനക്കേൾവി മൂലം, ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നതു മൂലം, മരണത്തിന്റെ കെണി ഒഴിഞ്ഞു പോകും.

> "നമ്മുടെ രക്ഷയാകുന്ന ദൈവമായി നാൾതോറും നമ്മുടെ ഭാരങ്ങളെ ചുമക്കുന്ന കർത്താവ് വാഴ്ത്തപ്പെടുമാറാകട്ടെ. ദൈവം നമുക്ക് ഉദ്ധാരണങ്ങളുടെ ദൈവമാകുന്നു. മരണത്തിൽ നിന്നുള്ള നീക്കുപോക്കുകൾ കർത്താവായ യഹോവയ്ക്കുള്ളവതന്നെ."
>
> സങ്കീ. 68: 19–20

മരണത്തിൽ നിന്ന് നീക്കുപോക്കു തരാൻ ജീവനുള്ള ദൈവത്തിനു കഴിയും. മരണം നിങ്ങളെ പിടികൂടിയ സന്ദർഭങ്ങളിലില്ലേ? മരണം നിങ്ങളെ ബന്ധനത്തിലാക്കിയ സന്ദർഭങ്ങളിലില്ലേ? മരണം അടുത്തു വന്ന് നിന്ന സന്ദർഭങ്ങളില്ലേ? തീർന്നു എന്നു കരുതിയ സന്ദർഭങ്ങളില്ലേ? ഇനി ഓപ്പറേഷൻ തീയറ്ററിൽ നിന്ന് പുറത്തു വരില്ല എന്നു വിചാരിച്ച സന്ദർഭങ്ങളില്ലേ?

ഹോസ്പിറ്റലിലേക്ക് പോകുമ്പോൾ ആശയറ്റവരായി പ്പോയി. നിങ്ങൾ ഏങ്ങലടിച്ചു കരഞ്ഞു കൊണ്ട് പിന്നാലെ പോയി. എന്നാൽ സമാധാനത്തോടെ ഒരുമിച്ച്, ചിരിച്ച്, ആരോ ഗ്യത്തോടെ മടങ്ങിവന്ന കാലങ്ങൾ നിങ്ങൾക്ക് ഓർക്കാൻ പറ്റുന്നുണ്ടോ? എത്ര എത്ര അനുഭവങ്ങൾ! മരണത്തിൽ നിന്നുള്ള നീക്കുപോക്കുകൾ കർത്താവായ യഹോവയ്ക്കു ള്ളതു തന്നെ. മരണത്തിന്റെ കെണിയിൽ നിന്നു വിടുവിക്കാൻ ദൈവത്തിന് കഴിയും.

ദാവീദിന്റെ അനുഭവത്തിൽ നിന്നാണ് പറയുന്നത്. മര ണത്തിന്റെ കെണി ദാവീദിനെ പിടികൂടുവാൻ വന്നു. ഏതെല്ലാം അനുഭവങ്ങൾ. ഒന്ന്, അബ്ശാലോമിൽ നിന്നും വന്ന, സ്വന്തം മകനിൽ നിന്നു വന്ന മരണത്തിന്റെ കെണി. രണ്ട്, ശൗൽ രാജാവിൽ നിന്നു വന്ന മരണത്തിന്റെ കെണി. മൂന്ന്, ഗോലിയാത്തിൽ നിന്നു വന്ന മരണത്തിന്റെ കെണി . അനേകം അനേകം മരണത്തിന്റെ കെണികൾ ദാവീദിനെ വേട്ടയാടി.

ദാവീദിനെ കൊല്ലാൻ എന്തെല്ലാം കുതന്ത്രങ്ങളാണ് ചിലർ മെനഞ്ഞത്! ശൗൽ രാജാവിന് ദാവീദിനോട് അസൂയയായി രുന്നു. ദാവീദിനോട് അസൂയയായിട്ട് ശൗൽ രാജാവ് കെണി വച്ചു. തന്ത്രങ്ങൾ ഒരുക്കി. പക്ഷെ, ദാവീദ് അവയിൽ നിന്നെല്ലാം രക്ഷപ്പെട്ടു.

ദാവീദ് ഒരവസരത്തിൽ ശൗലിനെ പേടിച്ച് വനത്തിൽ കൂടി ഓടുകയായിരുന്നു. ദാവീദ് ഒരു മലമേൽ കയറി. ആ മലയിൽ നിന്നു നോക്കിയപ്പോൾ ഇപ്പുറത്തെ മലയിൽ ശൗൽ ഉണ്ട്. ശൗൽ ഇപ്പുറത്തെ മലയിൽ നിന്നു കൊണ്ട് ദാവീദി നോടു പറയുന്നു. “ദാവീദേ നീ അവിടെ നിൽക്ക്. ഞാനിതാ വരുന്നു.” ദാവീദ് പറഞ്ഞു “യജമാനനേ എന്തിന് എന്നെ പിടി

കൂടാൻ വരുന്നു. ഒരു ചത്ത ചെള്ളു പോലുള്ള എന്നെ നീ എന്തിന് പിടികൂടാൻ വരുന്നു. ഞാൻ ഒരു ദ്രോഹവും ചെയ്തി ല്ലല്ലോ" ദാവീദ് കെഞ്ചിപ്പറഞ്ഞു. ദാവീദ് അങ്ങനെ പറഞ്ഞിട്ടും ശൗലിന് കുലുക്കമൊന്നുമില്ല.

എന്നാൽ എന്താണ് സംഭവിച്ചതെന്നറിയാമോ? ദാവീദ് അങ്ങ് കാട്ടിൽ കൂടി നടക്കുകയാണ്. ആ മലയിലേക്കും ശൗൽ കയറിവന്നു. അപ്പോഴേക്കും ശൗൽ തളർന്നു പോയി. ഒരു ഗുഹയ്ക്കകത്ത് കടന്നു. അവിടെ കിടന്ന് ഉറങ്ങി.

ദാവീദ് ശൗലിനെ കണ്ടു. തന്നെ കൊല്ലുവാൻ വന്ന മനു ഷ്യൻ അവിടെ കിടന്നുറങ്ങുന്നു. പറ്റിയ അവസരമാണ്. പറ്റിയ സന്ദർഭമാണ്. ഇപ്പോൾ അവനെ കൊല്ലാം. പെട്ടെന്ന് ദാവീദ് എന്തു ചെയ്തെന്നോ? ദാവീദിന്റെ കയ്യിൽ വാളുണ്ട്. ശൗലിനെ കൊല്ലാൻ വാളുണ്ട്. ദാവീദ് വാളെടുത്തു ശൗലിന്റെ വസ്ത്രത്തിന്റെ ഒരറ്റം കത്രിച്ചെടുത്തു.

കൊല്ലാൻ അവസരം കിട്ടി. പക്ഷേ കൊന്നില്ല. ദാവീദ് അങ്ങ് ദൂരെ നിന്ന് ഉറക്കെ ശൗലിനെ വിളിച്ചു. രാജാവേ, അടി യൻ ഇവിടെയുണ്ട്. ശൗൽ നോക്കി "ആരാണ് കുറുക്കനെ പോലെ കൂകുന്നതെന്ന്" ശൗൽ കളിയാക്കി ചോദിച്ചു. "രാജാവേ, ഇത് നിന്റെ ദാസനായ ദാവീദ്. നിന്റെ കൈ കൊണ്ട് കൊല്ലാൻ അന്വേഷിച്ചു വരുന്ന ദാവീദ് അവസരം കിട്ടിയിട്ടും നിന്നെ കൊന്നില്ലല്ലോ."

ദാവീദ് പിന്നീട് പറയുകയാണ്. "എന്റെ ദൈവമേ എന്നോട് ക്ഷമിക്കണമേ. യഹോവയുടെ അഭിഷിക്തന്റെ മേൽ ഞാൻ കൈ വച്ചല്ലോ." ഒരു കാലത്ത് അഭിഷേകം ഉള്ളവ നാണ് ശൗൽ . എന്നാൽ ശൗലിന് ആ അഭിഷേകം നഷ്ടപ്പെ ട്ടു. എങ്കിലും യഹോവയുടെ അഭിഷിക്തനെ ഞാൻ തൊട്ടു

പോയല്ലോ. യഹോവയുടെ അഭിഷിക്തന്റെ വസ്ത്രത്തെ മുറിച്ചു പോയല്ലോ. ദൈവത്തോട് മാപ്പപേക്ഷിക്കുകയാണ്. ഇതാണ് വേട്ടക്കാരന്റെ കെണിയിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗം.

ആരോടും വഴക്കില്ലാതിരിക്കുക. നമ്മെ ഉപദ്രവിച്ചവരോടും പിണക്കമില്ലാതിരിക്കുക. നമ്മെ ദ്വേഷിച്ചവരോടും പിണക്കമില്ലാതിരിക്കുക. ആരോടും പകയില്ലാതിരിക്കുക.

നിങ്ങളെ ഉപദ്രവിച്ചവരുണ്ട്. നിങ്ങളെ ദ്രോഹിച്ചവരുണ്ട്. നിങ്ങളെ ചീത്ത വിളിച്ചവരുണ്ട്. നിങ്ങൾക്ക് അപമാനം വരുത്തിയവരുണ്ട്. നിങ്ങൾക്ക് കഷ്ടനഷ്ടങ്ങൾ വരുത്തിയവരുണ്ട്. അവരോടാരോടും നിങ്ങൾക്ക് പകയില്ലാതിരിക്കുക.

> “നിന്റെ ശത്രുവിന് വിശക്കുന്നു എങ്കിൽ തിന്മാൻ കൊടുക്ക; ദാഹിക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്ക; അങ്ങനെ ചെയ്താൽ നീ അവന്റെ തലമേൽ തീക്കനൽ കൂന്നിക്കും”
>
> റോമർ 12:20

എന്നാൽ ദൈവം നിങ്ങളിൽ പ്രസാദിക്കും. ഫലം നിങ്ങൾക്കാണ്. അതിന്റെ ഗുണം നിങ്ങൾക്കാണ്. മരണത്തിന്റെ കെണികളെ ഒഴിഞ്ഞു പോകാം. ആരും നിങ്ങളെ തൊടാൻ ദൈവം സമ്മതിക്കുകയില്ല. ദൈവത്തിന്റെ അഭിഷിക്തനെ തൊടാൻ ദൈവം സമ്മതിക്കുകയില്ല. ദൈവത്തിന്റെ ഭാവത്തോടെ നില്ക്കുന്ന ദൈവദാസനെ തൊടാൻ ദൈവം സമ്മതിക്കുകയില്ല.

നിങ്ങൾക്ക് മരണത്തിന്റെ കെണിയെ ഒഴിഞ്ഞുപോകാം. യേശുവിന്റെ ഹൃദയം പ്രാപിക്കുക. യേശുവിന്റെ ഹൃദയം,

യേശുവിന്റെ സ്നേഹം, യേശുവിന്റെ ദീർഘക്ഷമ, പിതാവേ ഇവർ ചെയ്യുന്നത് ഇന്നത് എന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ എന്നു പ്രാർത്ഥിച്ച ആ സ്വർഗ്ഗീയ സ്നേഹം. ആ സ്നേഹത്തെ എത്ര വർണ്ണിച്ചാലും മതിയാകുകയില്ല.

ഗോഗുൽത്തായിലെ സ്നേഹം, പാപിക്കുവേണ്ടി പ്രാർത്ഥിച്ച സ്നേഹം, ഉപദ്രവിക്കുന്നവർക്കു വേണ്ടി കരഞ്ഞ സ്നേഹം, തന്നെ ഉപദ്രവിച്ചു, തന്റെ കൈകാലുകൾ തുളച്ചവർക്കു വേണ്ടി പിതാവിനോടപേക്ഷിക്കുന്ന സ്നേഹം. അവരുടെ പാപം കണക്കിടല്ലേ എന്നു യാചിക്കുന്ന സ്നേഹം. അവരോട് ക്ഷമിക്കണമേ എന്നു പ്രാർത്ഥിക്കുന്ന സ്നേഹം. മുഖത്തു തുപ്പിയവരോടു ക്ഷമിക്കണമേ എന്നു പ്രാർത്ഥിക്കുന്ന സ്നേഹം. കഷ്ടപ്പെടുത്തിയവരോട് ക്ഷമിക്കണമേ എന്നു പ്രാർത്ഥിക്കുന്ന സ്നേഹം. “പിതാവേ ഇവർ ചെയ്യുന്നത് ഇന്നത് എന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ” എന്ന് പ്രാർത്ഥിക്കുന്ന സ്നേഹം.

സഹോദരങ്ങളേ ഈ സ്നേഹത്താൽ നിങ്ങൾക്ക് ലോകത്തെ ജയിക്കാം. ഈ സ്നേഹത്താൽ നിങ്ങൾക്ക് ഐശ്വര്യം പുലരുന്ന ഭാഗ്യാനുഭവം പ്രാപിക്കാം. ഈ സ്നേഹത്താൽ നിങ്ങൾക്ക് പാപത്തെ ജയിക്കാം. യേശുവിന്റെ സ്നേഹത്താൽ നിങ്ങൾക്ക് പാപത്തിന്റെ പരിശോധനകളെ ജയിക്കാം. യേശുവിന്റെ സ്നേഹത്താൽ നിങ്ങൾക്ക് കഷ്ടപ്പാടുകളെ അതിജീവിക്കാം. യേശുവിന്റെ സ്നേഹത്താൽ നിങ്ങൾക്ക് ശത്രുത്വങ്ങളെ ഇല്ലാതാക്കാം. യേശുവിന്റെ സ്നേഹത്താൽ എതിരാളികളെ നിഷ്പ്രഭരാക്കാം.

യേശുവിന്റെ സ്നേഹം ഉൾക്കൊള്ളാൻ നിങ്ങൾക്കു താൽപര്യമുണ്ടോ? ക്ഷമിക്കുവാൻ നിങ്ങൾക്കു സാധിക്കുമോ?

പൊറുക്കാൻ നിങ്ങൾക്ക് സാധിക്കുമോ? മറക്കാൻ നിങ്ങൾക്ക് കഴിയുമോ? മറക്കാനും പൊറുക്കാനും കഴിയുന്ന സ്നേഹം.

വർണ്ണിക്കാനാവാത്ത സ്നേഹം! അതിരില്ലാത്ത സ്നേഹം, അളവില്ലാത്ത സ്നേഹം!പാപിയെ വീണ്ടെടുക്കുന്ന സ്നേഹം! അശുദ്ധനെ സ്നേഹിക്കുന്ന സ്നേഹം! പാപിയായ എന്നെ സ്നേഹിച്ച സ്നേഹം! എന്റെ കർത്താവേ നിന്നെ അറിയാതെ ജീവിച്ച കാലങ്ങളിലും, എന്നെ സ്നേഹിച്ച് എന്റെ പിന്നാലെ വന്ന സ്നേഹം! നിന്നെ വിളിക്കാത്ത കാലങ്ങളിലും എന്നെ വിളിച്ചു കൊണ്ടിരുന്ന സ്വർഗ്ഗീയ സ്നേഹം!

ഇന്ന് ഈ കുരിശിലെ നിസ്തുല സ്നേഹം നിങ്ങളുടെ അരികത്തു വന്നു മുട്ടുകയാണ്. പാപിക്കു വേണ്ടി മരിച്ച സ്വർഗ്ഗീയ സ്നേഹം ഇപ്പോൾ നിങ്ങളുടെ ഹൃദയ വാതിൽ ക്കൽ വന്ന് മുട്ടുകയാണ്. പാപിയെ സ്നേഹിക്കുന്ന സ്നേഹം. നിങ്ങളെ വീണ്ടെടുക്കാൻ വേണ്ടി, മരണത്തിന്റെ കെണിയെ ഒഴിവാക്കി നിങ്ങളെ രക്ഷിക്കാൻ വേണ്ടി, നിങ്ങളുടെ അരിക ത്തേക്ക് വരുന്ന സ്നേഹം, ഇപ്പോൾ നിങ്ങളുടെ ഹൃദയവാ തിൽക്കൽ മുട്ടിക്കൊണ്ടു നിൽക്കുകയാണ്. നിങ്ങളുടെ ഹൃദയം നിങ്ങൾ തുറക്കുമോ?

നാഥാ എന്റെ ഹൃദയത്തിലേക്ക് എഴുന്നെള്ളി വരണമേ. യേശുവേ നിസ്തുല സ്നേഹമേ, സ്വർഗ്ഗീയ സ്നേഹമേ, കാൽവരി സ്നേഹമേ, ഗോഗുൽത്തായിലെ അത്ഭുത സ്നേഹ മേ, സ്വർഗ്ഗീയ പിതാവിന്റെ അളവില്ലാത്ത സ്നേഹമേ, ഇപ്പോൾ എന്റെ ഹൃദയത്തിലേക്ക് എഴുന്നെള്ളി വരണമേ എന്ന് പ്രാർത്ഥിക്കാം.

# മൂന്ന്

നല്ല ഒരു ഐശ്വര്യപൂർണ്ണമായ കുടുംബം. അവിടെ ഒരു ചെറുപ്പക്കാരനുണ്ടായിരുന്നു. അവൻ സുന്ദരനാണ്, നല്ല ആരോഗ്യമുള്ളവനാണ്. നല്ല ബുദ്ധിയുള്ളവനാണ്. കലാകായികരംഗങ്ങളിലെല്ലാം മുൻപന്തിയിൽ നിൽക്കുന്നവനാണ്. അവൻ ഒരു പ്രൊഫഷണൽ കോളേജിൽ ചേർന്നു. അവൻ ഹോസ്റ്റലിൽ താമസിച്ചു. ചുരുങ്ങിയ കാലത്തിനുള്ളിൽ അവന്റെ മുഖം മ്ലാനമായി. ആരോടും അവൻ ഒന്നും മിണ്ടുകയില്ല. അവന് എന്തെങ്കിലും പ്രയാസമുള്ളതായി അവൻ പുറത്തു പറയുകയും ചെയ്യുന്നില്ല. അവന്റെ വീട്ടിൽ അവനെ സ്നേഹിക്കുന്ന മാതാപിതാക്കളോടോ, അവന്റെ സഹോദരങ്ങളോടോ ഒന്നും പറഞ്ഞില്ല, പലപ്പോഴും അവൻ മുറിക്കകത്ത് കയറി വാതിലടച്ച് തനിയെ ഇരിക്കും.

എന്തിനാണ് അവൻ തനിയെ ഇരിക്കുന്നതെന്ന്, അവനും അറിഞ്ഞുകൂടാ, മറ്റാർക്കും അറിഞ്ഞുകൂടാ. എന്തോ, അവന്

വെളിയിലേക്കു വരാൻ താത്പര്യമില്ല. കോളേജിൽ പോകുന്നുണ്ട്. പക്ഷേ വീട്ടിൽ വന്നാൽ, മുറിക്കകത്ത് തനിയെ ഇരിക്കും. ആരോടും വലിയ മിണ്ടാട്ടമില്ല. എന്താണ് ഈ മോന് പറ്റിപ്പോയത്. അതറിയാൻ അവന്റെ പ്രിയപ്പെട്ടവർ ആഗ്രഹിച്ചു.

ഒരു ദിവസം അവന്റെ സഹോദരി അവനെ വളരെ കാര്യമായി, വളരെ വാത്സല്യത്തോടെ വിളിച്ച് അവനോട് രഹസ്യമായി സംസാരിച്ചു. അപ്പോഴാണ് മനസ്സിലായത്. വളരെ ക്രൂരമായ റാഗിങ്ങ് അവന് ഹോസ്റ്റലിൽ അനുഭവിക്കേണ്ടി വന്നു. വളരെ ക്രൂരമായ റാഗിങ്ങ്. ചിന്തിക്കാൻ വയ്യാത്തതായ ക്രൂരതയാണ് നേരിടേണ്ടി വന്നത്.

ശരീരത്തിൽ ഉപദ്രവിച്ചു എന്നു മാത്രമല്ല അത് അവന്റെ മനസ്സിന് വലിയ ആഘാതമുണ്ടാക്കി. അവനെ ബലം പ്രയോഗിച്ച് കിടത്തിയിട്ട് അവന്റെ ശരീരത്തിലേക്ക് മയക്കുമരുന്ന് അവർ കുത്തിവച്ചു. അതേ കോളേജിൽ പഠിക്കുന്ന അതേ ഹോസ്റ്റലിൽ താമസിക്കുന്ന സീനീയർ വിദ്യാർത്ഥികൾ ചെയ്തതാണ്. അതിനു ശേഷമാണ് അവന് ഈ സ്വഭാവ മാറ്റമുണ്ടായത്.

ആ മയക്കു മരുന്നിന്റെ സ്വാധീനം. അവൻ ചിന്തിച്ചതല്ല ആ നല്ല യൗവനക്കാരൻ അല്പം പോലും പ്രതീക്ഷിച്ചതല്ല. ഉയർന്ന പഠനത്തിനു വേണ്ടി പോയതാണ് പക്ഷേ സംഭവിച്ചത് ഒരിക്കലും തിരുത്താനാവാത്ത നഷ്ടമാണ്. അവസാനം വളരെ ഭയാനകമായിപ്പോയി. അവൻ ഒരു ദിവസം ആത്മഹത്യ ചെയ്തു. അവന്റെ ജീവിതത്തിൽ ഒരാത്മഹത്യയിലേക്ക് പോകേണ്ട ആവശ്യമുണ്ടായിരുന്നില്ലല്ലോ. പക്ഷെ അതിലേക്ക് അവന്റെ കൂടെ പഠിക്കുന്നവർ തന്നെ അവനെ നയിച്ചു. അവൻ മരിച്ചു.

ഇതൊരു ഒറ്റപ്പെട്ട സംഭവമാണ്. എന്നാൽ ആ ഒറ്റപ്പെട്ട സംഭവം അനേകം സംഭവങ്ങളുടെ ഒരു പ്രതീകമാണ്. അനേകം യൗവനക്കാർ നശിക്കുന്നു. അനേകം ചെറുപ്പക്കാർ ജീവിതം പാഴാക്കിക്കളയുന്നു. മനഃപൂർവ്വമല്ല, മയക്കുമരുന്നിലേക്കും കഞ്ചാവിലേക്കും മറ്റും യൗവ്വനക്കാർ പോകുന്നത്. അവരാഗ്രഹിച്ചുകൊണ്ടല്ല. ചില സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലവും മറ്റുള്ളവർ അടിച്ചേല്പിക്കുന്നതു മൂലവുമാണ്.

സമൂഹത്തിൽ വന്നിട്ടുള്ള ഈ പുഴുക്കേടിന് പരിഹാരം എന്താണ്? മനുഷ്യ സമൂഹത്തിന് കാതലായ കേടു സംഭവിച്ചിരിക്കുന്നു. ജീവിതത്തിൽ നുഴഞ്ഞു കയറിയ വിഷപ്പാമ്പ് മനുഷ്യനിൽ വിഷം കുത്തിവച്ച് നശിപ്പിച്ചു കളയുന്നു. മോഹനമായ ഭാവിയിലേക്ക് ഉയർന്നു വരുന്നതായ നല്ല ജീവിതങ്ങളെ കുരുന്നിലേനുള്ളിക്കളയുന്ന ഭീകരനായ പിശാചിന്റെ കരാളമായ പ്രവർത്തനം ഇന്ന് അനേകം അനേകം യുവജനങ്ങളെയും, പ്രായമായവരെയും സ്ത്രീകളെയും പുരുഷന്മാരെയും എല്ലാം ഗ്രസിച്ചുകൊണ്ടിരിക്കുന്നു.

ഇതിനുള്ള പരിഹാരം തേടുക എന്നുള്ളതാണ് സുവിശേഷത്തിന്റെ യത്നം. അവിടെയാണ് സുവിശേഷ പ്രസംഗങ്ങളുടെ പ്രസക്തി. വേറെ ഒന്നിനും വേണ്ടിയല്ല സുവിശേഷ പ്രസംഗം ചെയ്യേണ്ടത്. നമ്മുടെ പള്ളികൾ അതിനു വേണ്ടിയായിരിക്കണം. നമ്മുടെ മതങ്ങൾ അതിനു വേണ്ടിയായിരിക്കണം.

മനുഷ്യന്റെ മാനസികവും ശാരീരികവും ആദ്ധ്യാത്മികവും സൃഷ്ടിപരവുമായ ചേതനയുടെ ഉന്നമനം ആണ് വാസ്തവത്തിൽ നടക്കേണ്ടത്. നിർഭാഗ്യവശാൽ ഇന്നത് പലയിടങ്ങളിലും നടക്കുന്നില്ല. ഭാഗ്യവശാൽ വളരെ ചെറിയ തോതിലെങ്കിലും ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ

നടക്കുന്നുണ്ട്. അതുകൊണ്ടാണ് കർത്താവിന്റെ കൃപ നാം കൂടിവരുമ്പോഴെല്ലാം നമ്മുടെ മേൽ പകരുന്നത്.

കൂട്ടായ്മയല്ല, ഏതെങ്കിലും ദൈവവചനം പറയുന്ന മനുഷ്യരല്ല, അതിന് എല്ലാം അതീതമായി നില്ക്കുന്ന ക്രിസ്തുവിന്റെ അപ്രമേയ ശക്തി, ക്രിസ്തുവിന്റെ അഗാധസ്നേഹം അതാണ് നമുക്ക് ഓരോ പ്രാവശ്യവും ലഭിക്കുന്നത്. ക്രിസ്തുവിന്റെ സ്വർഗ്ഗീയ സാന്നിദ്ധ്യം നമുക്ക് കിട്ടുകയാണ്. നാമൊരു പ്രസംഗം കേൾക്കുകയല്ല. കേൾക്കുന്നുണ്ട്, നാം ഒരു അറിവു സമ്പാദിക്കുകയല്ല, ചെറിയ തോതിൽ അറിവ് ഉണ്ടാകുന്നുണ്ട്; പക്ഷെ, നമുക്ക് ലഭിക്കുന്നത് ക്രിസ്തുവിന്റെ സാന്നിദ്ധ്യമാണ്.

അനേകം സുവിശേഷയോഗങ്ങളിലും പ്രസംഗം കിട്ടും, പാണ്ഡിത്യം കിട്ടും അറിവു കിട്ടും, തമാശ കിട്ടും, ചിരിക്കാനുള്ള വക കിട്ടും, പക്ഷേ ക്രിസ്തുവിന്റെ സാന്നിദ്ധ്യം കിട്ടുന്നില്ല. പരിശുദ്ധാത്മാവിനെ കിട്ടുന്നില്ല രൂപാന്തരം ലഭിക്കുന്നില്ല, ആന്തരിക ശക്തിയും ലഭിക്കുന്നില്ല.

ക്രിസ്തു അരികത്ത് വന്നിരിക്കുന്നു എന്ന ബോദ്ധ്യം നമുക്ക് ലഭിക്കണം. ആ ബോദ്ധ്യത്തിന്റെ തണലിൽ വേണം ഇരിക്കാൻ. ആ അനുഭവത്തിന്റെ മാധുര്യത്തിൽ വേണം ലയിക്കാൻ. ക്രിസ്തുവിന്റെ സ്നേഹത്തിന്റെ തണൽ, ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിന്റെ തണൽ, ക്രിസ്തുവിന്റെ കൃപയുടെ നിഴൽ, അതാണ് അത്യുന്നതന്റെ മറവ്, അതാണ് സർവ്വശക്തന്റെ നിഴൽ അതാണ് നാം ധ്യാനിച്ചു വരുന്നത്. കാരണം വളരെ വിശാലമായ ആശയ പ്രപഞ്ചം തിങ്ങിനിൽക്കുന്നതാണ് 91-ാം സങ്കീർത്തനം.

“അത്യുന്നതന്റെ മറവിൽ വസിക്കുകയും, സർവ്വശക്തന്റെ നിഴലിൽ കീഴിൽ പാർക്കുകയും ചെയ്യുന്നവൻ യഹോവയെക്കുറിച്ച് അവൻ എന്റെ കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്ന് പറയുന്നു.”

ദാവീദിനുണ്ടായ മൂന്നാമത്തെ കെണി ആക്രമണത്തിന്റെയും അപകടങ്ങളുടെയും കെണിയാണ്. ദാവീദ് സ്വന്തം ഭവനത്തിൽ തന്നെ ആപത്തുകളെ നേരിടുകയാണ്. ദാവീദിന്റെ സ്വന്തം ഭവനത്തിൽ തന്നെ ദാവീദിന്റെ മകനായ അമ്നോൻ ദാവീദിന്റെ മകളായ താമാരിനെ മാനഭംഗപ്പെടുത്തി. ആ യൗവ്വനക്കാരൻ അവളെ കെണിയിൽ വീഴിച്ചു. അത് ഒരപ്പന് സഹിക്കാവുന്നതല്ലല്ലോ.

ആ പാവം പെൺകുട്ടി താമാർ സ്വന്തം സഹോദരന്റെ വീട്ടിലേക്ക് ചെന്നത് ഒരു കെണിയിൽ പെട്ടാണ്. അവൻ രോഗം നടിച്ച് കിടക്കുകയായിരുന്നു.

ഞാൻ രോഗിയും അവശനുമായി കിടക്കുകയാണ്. അതുകൊണ്ട് എന്റെ സഹോദരി വന്ന് ശുശ്രൂഷിക്കുവാൻ അവളെ പറഞ്ഞയക്കേണമേ എന്ന് അമ്നോൽ അപ്പനോട് അപേക്ഷിച്ചു. അമ്നോൻ താമസിക്കുന്ന കൊട്ടാരത്തിലേക്ക് താമാർ ചെന്നു. ഒരു അപകടം വരുമെന്നുള്ള യാതൊരു പ്രതീക്ഷയുമുണ്ടായിരുന്നില്ല. പക്ഷേ അപകടം പതിയിരിക്കുകയായിരുന്നു.

നിങ്ങൾ ജീവിതത്തിൽ ഒരിക്കലും പ്രതീക്ഷിക്കാത്ത ചില ആപത്തുകളിൽപെട്ടത് ഒരിക്കലും പ്രതീക്ഷിച്ചതല്ല. ഇതുപോലെയുള്ള ആപത്താകണമെന്നില്ല. ഇതു പോലെ ലജ്ജാകരമായ ആപത്താകണമെന്നില്ല. പക്ഷേ അങ്ങനെയുള്ള വിപത്തുകളിൽ വീണവരുമുണ്ട്.

തമാർ പിന്നീട് വസ്ത്രം കീറി, തലയിൽ കൈയ്യും വച്ച് വേദനയോടെ അലറിക്കരഞ്ഞ്, സഹോദരന്റെ കൊട്ടാരത്തിൽ നിന്ന് അപമാനിതയായി അവളുടെ അപ്പന്റെ ഭവനത്തിലേക്ക് മടങ്ങിവരുന്ന ചിത്രം ശമുവേലിന്റെ 2 -ാം പുസ്തകം പതിമൂന്നാം അദ്ധ്യായത്തിൽ നമുക്ക് കാണാം. ഈ അദ്ധ്യായം മുഴുവനും ആ വലിയ കെണിയെക്കുറിച്ചാണ് പറയുന്നത്.

അനേകം അനേകം കെണികളിലാണ് പലരും വീണിരിക്കുന്നത്, ഊരാകുരുക്കുകളാണ്. വിടണമെന്നുണ്ട്, പക്ഷേ വിട്ടുമാറാൻ പറ്റുന്നില്ല. ചിലർ പറയും എനിക്കു വേണ്ട എന്നുണ്ട്; ഞാൻ തീരുമാനം എടുക്കും, പക്ഷേ സാഹചര്യം വരുമ്പോൾ ഞാൻ വീണുപോകുകയാണ്. എന്നെ പ്രലോഭിപ്പിക്കുകയാണ്. ഞാൻ വീണുപോകുന്നു. നിരാശ വരുമ്പോൾ ഞാൻ ആത്മഹത്യ ചെയ്തുപോകുമോ എന്ന ഭയമാണ്. എന്റെ കുടുംബം തകർന്നു. എന്റെ ഭാര്യ ഇന്ന് അതിദുഃഖത്തിലാണ്. എന്റെ ഒരാളുടെ കുഴപ്പമാണ് എന്ന് എനിക്കറിയാം. എനിക്ക് വേണമെങ്കിൽ രക്ഷപ്പെടാമായിരുന്നു. പക്ഷേ ഞാൻ കെണിയിൽ വീണുപോയി. എനിക്ക് അതിൽ നിന്ന രക്ഷ കിട്ടുന്നില്ല.

ഒരു പോംവഴിയേയുള്ളൂ. വിഷം വേണ്ട എന്നു വെയ്ക്കണം. ഇത് വിഷമാണ്, ഇത് നാശമാണ്, നിങ്ങൾക്കു മാത്രമല്ല, മക്കൾക്കും ദോഷമാണ്. നിങ്ങളുടെ മക്കളും നശിക്കും നിങ്ങളുടെ മക്കളും ഇതിനേക്കാൾ ഭയാനകമായ ആപത്തുകളിൽ പെടും. നിങ്ങൾക്ക് പിന്നെ തിരുത്താനാകുകയില്ല. തലമുറകളിലേക്കു പകരുന്ന ശാപമാണ് നിങ്ങൾ സമ്പാദിച്ചുകൂട്ടുന്നത്. നിങ്ങളുടെ നിഷ്കളങ്കയായ ഭാര്യയുടെ കണ്ണു നീർ വീഴുന്നത് നല്ലതല്ല. ആ സാധു സ്ത്രീ കരയാനിടയാകുന്നത് നിങ്ങൾക്ക് നല്ലതല്ല.

വേറെ ചില ആപത്തുകളുണ്ട്. ചില പ്രേമാഭ്യർത്ഥന കളുടെ ആപത്തുകൾ. ചില പ്രണയ എസ്.എം.എസുക ളുടെ ആപത്തുകൾ. ഫ്രണ്ട്ഷിപ്പ് അല്ലേ എന്നാണ് ചിന്തി ക്കുന്നത്. വെറും സൗഹൃദം! പറയാൻ പറ്റിയ ഒരു നല്ല ഇമ്പമുള്ള വാക്ക്. അതു ഫ്രണ്ട്ഷിപ്പൊന്നുമല്ല. അത് കൂടു തൽ അപകടത്തിലേക്കു നീങ്ങുകയാണ്. കൂടുതൽ നാശ ത്തിലേക്കു നീങ്ങുകയാണ്.

ഒരു പെൺകുട്ടി ഒരിക്കൽ എന്റെ അടുക്കലേക്കു വന്നു. അവൾ പറഞ്ഞതിങ്ങനെയാണ്. സാറേ എനിക്ക് ഞങ്ങളുടെ ക്ലാസ്സിൽ പഠിക്കുന്ന ഒരു പയ്യനുമായിട്ട്, സൗഹൃദമുണ്ടായി. അവൻ എന്നോട് നിഷ്കളങ്കമായിട്ടാണ് പറഞ്ഞത്. എനിക്ക് ഇതേ പ്രായത്തിലുള്ള ഒരു പെങ്ങളുണ്ടായിരുന്നു അവൾ മരി ച്ചുപോയി. എനിക്ക് നിന്നെ കാണുമ്പോൾ എന്റെ പെങ്ങളുടെ കാര്യമാണ് ഓർമ്മയിൽ വരുന്നത്. ഞാൻ നിന്നെ സ്വന്തം പെങ്ങളെപ്പോലെ സ്നേഹിച്ചോട്ടെ.

കുഴപ്പമില്ലല്ലോ എന്നോർത്തു. സാറേ അത് കെണിയാ ണെന്നറിഞ്ഞില്ല. സ്വന്തം പെങ്ങളായിട്ടു സ്നേഹിച്ചോട്ടെ എന്ന്. അവൻ എന്റെ നോട്ട് ബുക്കുകളൊക്കെ വാങ്ങും. അവൻ എല്ലാം കോപ്പി ചെയ്യും. എന്നിട്ട് നോട്ടുബുക്ക് തിരിച്ചു തരും. ചിലപ്പോൾ എനിക്ക് ബർത്ത്ഡേ പ്രസന്റൊക്കെ തരും. കുഴപ്പമില്ലല്ലോ എന്നു ഞാൻ ഓർത്തു.

സാറേ പിന്നീട് അവനൊരു ദിവസം എന്റെ വീട്ടിലേക്കു വന്നു. എന്റെ അപ്പനെയും അമ്മയെയും പരിചയപ്പെട്ടു. ഇത് എന്റെ കൂടെ പഠിക്കുന്ന ഒരു ക്ലാസ്മേറ്റാണ് എന്നു പറഞ്ഞ് അപ്പനെയും അമ്മയെയും പരിചയപ്പെടുത്തി കൊടുത്തു. നല്ല പെരുമാറ്റം. അപകടമുണ്ടെന്നു കരുതിയില്ല. സാറേ പിന്നീ ടാണ് അറിഞ്ഞത്. അവന്റെ ഉദ്ദേശം വേറെയായിരുന്നു. അത്

അറിഞ്ഞത് അല്പം വൈകിപ്പോയി.

"സാറേ ഒരു ദിവസം അവൻ എന്നോട് തുറന്ന് പറഞ്ഞു. അന്ന് നിന്നെ സ്വന്തം സഹോദരിയെപ്പോലെയാണെന്ന് പറഞ്ഞല്ലോ. ഇപ്പോൾ എനിക്ക് നിന്നെ പിരിയാൻ സാധിക്കില്ല. എനിക്ക് നിന്നെ വിവാഹം കഴിക്കണം. നമുക്ക് ഒരുമിച്ച് ജീവിക്കണം. ഇല്ലെങ്കിൽ ഞാൻ ആത്മഹത്യ ചെയ്യും." "ഞാൻ ഒരു വിഷമസന്ധിയിലാണല്ലോ. ഞാൻ എന്താണ് ചെയ്യേണ്ടത്!" അവൾ ചോദിച്ചു.

ഞാൻ പറഞ്ഞു കൊടുത്തു: അവൻ ആത്മഹത്യ ചെയ്യുമോ ഇല്ലയോ എന്നത് നിനക്ക് വിഷയമല്ല. ഒന്ന് ഞാൻ പറഞ്ഞു തരാം. അവൻ ആത്മഹത്യ ചെയ്യാൻവേണ്ടിയല്ല പറഞ്ഞത് നിന്നെ കെണിയിലാക്കുക എന്നതാണ് ഉദ്ദേശ്യം. അതുകൊണ്ട് നീ ഒരു കാര്യം ചെയ്യൂ. അവന്റെ എസ്.എം.എസ് നീ അറ്റൻഡ് ചെയ്യേണ്ട. ഫോൺ അറ്റൻഡ് ചെയ്യേണ്ട. ഇനി അവനുമായിട്ടുള്ള യാതൊരു ചങ്ങാത്തവും വേണ്ട. അവൻ നിന്നോടു വല്ലതും സംസാരിക്കാൻ വന്നാൽ നീ ഒഴിഞ്ഞു മാറി പൊയ്ക്കൊൾക.

അവൻ മരിച്ചൊന്നുമില്ല. ആത്മഹത്യ ചെയ്തുമില്ല. അവൻ ഇന്ന് നല്ല ജോലി ചെയ്ത് ജീവിക്കുന്നു.

അനേകം ആളുകൾ ഇന്ന് പലതരത്തിലുള്ള കുരുക്കിൽ പെട്ടു കിടക്കുകയാണ്. ദാവീദിനു വന്ന ആപത്തുകൾ ഒട്ടേറെ സ്വന്തം മകൻ ദാവീദിനെ വേട്ടയാടി.

> "ദാവീദ് യെരുശലേമിൽ തന്നോടു കൂടെയുള്ള
> സകല ഭൃത്യന്മാരോടും: നാം എഴുന്നേറ്റു ഓടി
> പ്പോക, അല്ലെങ്കിൽ നമ്മിൽ ആരും അബ്ശാ

> ലോമിന്റെ കയ്യിൽ നിന്ന് തെറ്റിപ്പോകയില്ല" എന്ന് പറഞ്ഞു."
>
> 2 ശമു. 15:14

അപ്പൻ പറയുകയാണ് എന്റെ മോന്റെ വാളിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കയില്ല. അവൻ എന്നെ കൊല്ലാൻ പിന്നാലെ വരുന്നു. എന്നോട് ചേർന്നു നില്ക്കുന്ന ഏവരെയും കൊല്ലാൻ വരുന്നു. നമുക്ക് ഓടിപ്പോകാം. ദാവീദ് അന്ന് ഒലിവു മല കയറിപ്പോയതായ യാത്രയെപ്പറ്റി 2 ശമുവേൻ 15-ാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്.

> "ദാവീദ് തല മൂടിയും ചെരിപ്പ് ഇടാതെയും നടന്ന് കരഞ്ഞു കൊണ്ട് ഒലിവുമലയുടെ കയറ്റം കയറി"
>
> 2 ശമ. 15:38

തലേന്ന് രാത്രി ദാവീദ് സുഖമായി കട്ടിലിൽ കിടന്ന് ഉറങ്ങിയതാണ്. എന്നാൽ ഇന്ന് രാജാവ് ചെരിപ്പു പോലും ഇടാൻ സമയം കിട്ടാതെ മരണഭീതിയോടു കൂടി ഓടുകയാണ്. ദാവീദ് ആ കല്ലും മുള്ളും ഉള്ള മല കയറി. "കൂടെയുള്ളവരൊക്കെയും കരഞ്ഞുകൊണ്ട് കയറിച്ചെന്നു."

ഇതുപോലെയുള്ള മരണഭീതിയും ആക്രമണങ്ങളും ഇന്നും നടക്കുന്നുണ്ട്. പത്രത്തിൽ വായിച്ചു. ചിലർ ഭവനത്തിലേക്ക് വന്ന് വീട്ടിൽ ഉറങ്ങിക്കിടക്കുന്ന മനുഷ്യനെ, ഭാര്യയും കുഞ്ഞുങ്ങളുമെല്ലാം പേടിച്ച് വിറച്ച് നോക്കി നിൽക്കുമ്പോൾ, വെട്ടിയും കുത്തിയും കൊല്ലുന്നു.

മനുഷ്യൻ മനുഷ്യനെ വേട്ടയാടുന്നു. ആപത്തുകൾ മനുഷ്യനെ വേട്ടയാടുന്നു. ആക്രമണങ്ങൾ മനുഷ്യനെ വേട്ടയാ

ടുന്നു. വലിയ വലിയ അത്യാഹിതങ്ങൾ മനുഷ്യനെ വേട്ടയാടുന്നു. ഓരോ തരത്തിൽ വേട്ടക്കാരുടെ കണി മനുഷ്യനെ വലയം ചെയ്യുന്നു.

കടത്തിന്റെ ആപത്തുകൾ വന്നിട്ടുള്ളവരുണ്ട്. വലിയ കടത്തിൽ മുങ്ങി വലയുന്നവരുണ്ട്. വീട്ടുവാൻ ഒരു മാർഗ്ഗവും കാണാതെ മനസ്സ് ഉഷ്ണിച്ച് വിഷമിച്ച് കഴിയുന്നവരുണ്ട്, മരിച്ചാൽ മതി എന്നോർക്കുന്നവരുണ്ട്.

മരണം അതിന് പരിഹാരമല്ല. ആത്മഹത്യ ചെയ്യുന്നത് പരിഹാരമല്ല. വാസ്തവത്തിൽ. അതൊരു ഒളിച്ചോട്ടമാണ്, അത് ആരോടോ ഉള്ള പരിഭവമോ, പരാതിയോ, വൈരാഗ്യമോ ആണ്. എല്ലാ ആത്മഹത്യയുടെയും പിന്നിൽ ആരോടോ പക പോക്കുകയാണ്.

ആത്മഹത്യ ചെയ്യുന്നവൻ നരകാഗ്നിയിലേക്കാണ് പോകുന്നത്. ആത്മഹത്യ പ്രശ്നങ്ങൾക്ക് ഒരിക്കലും പരിഹാരമല്ല.

ഒരാൾക്ക് വലിയൊരു കടം വന്നതിനെ കുറിച്ച് ഒരിക്കൽ പറഞ്ഞു. 'സാറേ ആ വലിയ കടം വന്നതിൽ ഒരത്ഭുതവുമില്ല. ഒരു ധാരാളിത്വമുള്ള ജീവിതമായിരുന്നു. കിട്ടുന്ന വരവു നോക്കിയല്ല ചെലവു ചെയ്തു കൊണ്ടിരുന്നത്. ധൂർത്തടിച്ചുള്ള ജീവിതമായിരുന്നു. അനേകരുടെയടുത്തു നിന്ന് കടം മേടിക്കും. തിരിച്ചുകൊടുക്കുകയില്ലായിരുന്നു. അതുകൊണ്ടാണ് ഇങ്ങനെയെല്ലാം സംഭവിച്ചു പോയത്.

വളരെ യോഗ്യമായും മാന്യമായും ജീവിക്കുന്നവർക്ക് സാധാരണ ഗതിയിൽ അത്രമേൽ കടം വരുകയില്ല. വരവറിഞ്ഞേ ചെലവ് ചെയ്യാവൂ. വരവ് അറിയാതെ ചെലവ് ചെയ്താൽ അപകടം സംഭവിക്കും.

കടത്തിൽ വീണുപോയി  എന്ന് പറഞ്ഞ് നിങ്ങൾ നിരാശപ്പെട്ടിരിക്കേണ്ട.

ആദ്യം ക്രിസ്തു നിന്റെ ഹൃദയത്തിൽ വരണം. ക്രിസ്തു നിങ്ങളുടെ ജീവിതത്തെ ശുദ്ധീകരിക്കണം. ക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ വാഴണം.  ക്രിസ്തുവിന്റെ വകയായി തീർന്നു കഴിയുമ്പോൾ നിങ്ങളുടെ കടവും ധനവുമെല്ലാം ക്രിസ്തുവിന്റെ കയ്യിലാകുന്നു.

പലരും കടം ക്രിസ്തുവിനെ ഏല്പിക്കും, പക്ഷേ,   ധനം ഏല്പിക്കുകയില്ല. ധനവും കടവും ക്രിസ്തുവിനെ ഏൽപിക്കണം. നിങ്ങളുടെ വരവും ചെലവും ക്രിസ്തുവിന്റെ കയ്യിലാകണം.

ദശാംശമല്ല മുഴുവനും ദൈവത്തിന്റേതായി കൊടുക്കണം. ആഴമുള്ള ക്രിസ്തീയ ജീവിതത്തിന്റെ അനുഭവത്തിലേക്കു നിങ്ങൾക്കു വരണമെന്നുണ്ടെങ്കിൽ ആഴമുള്ള സമർപ്പണത്തിലേക്ക് വന്നേ പറ്റൂ.

ആത്മീയമായി മുന്നോട്ടു പോകണമെങ്കിൽ നിങ്ങളുടെ വരവ് ക്രിസ്തുവിനെ ഏല്പിക്കണം. നിങ്ങളുടെ ചെലവ് ക്രിസ്തുവിനെ ഏല്പിക്കണം. ക്രിസ്തു ആഗ്രഹിക്കാത്ത കാര്യത്തിനു വേണ്ടി പത്തുപൈസ പോലും ചെലവഴിക്കരുത്.

ക്രിസ്തു പ്രസാദിക്കാത്തതായ പൈസ കയ്യിൽ വരരുത്.

നിങ്ങളുടെ ജീവിതത്തിൽ മനസ്സറിഞ്ഞ് മേലിൽ ഒരു പാപം വരികയില്ല എന്ന് നിങ്ങൾ തീരുമാനമെടുത്തിട്ട് നിങ്ങൾ കർത്താവിനോടു പറയണം. കർത്താവേ, നിന്റെ സത്യത്തിൽ

എന്നെ നടത്തണം. നിന്റെ സമ്പൂർണ്ണസത്യത്തിൽ എന്നെ നടത്തണം. കർത്താവേ ഞാൻ എന്നെയും എനിക്കുള്ളവയെയും അവിടുത്തെ പാദപീഠത്തിൽ അർപ്പണം ചെയ്തിരിക്കുന്നു. ഞാൻ നിന്റെ വകയാണ്. എനിക്കുള്ളതു നിന്റെ വകയാണ്. എന്റെ വരുമാനം നിന്റെ വകയാണ്. കർത്താവേ എന്റേതെല്ലാം നിന്റേതാണ്. എന്റെ കർത്താവേ ഇനി നിന്റെ കരങ്ങളിൽ നിന്നു ഞാൻ ഓരോ പ്രാവശ്യവും ചോദിച്ചു വാങ്ങുന്നതിന് എനിക്കു നടത്തിപ്പ് തരണമേ. അതിന് നിന്റ ആത്മാവ് നേർ നിലത്തിൽ എന്നെ നടത്തണേ. എന്നെ ശരിയായ പാതയിൽ നടത്തണമേ.

അപ്പോൾ കാണാം. ദൈവാത്മാവ് നിങ്ങളെ നടത്തുന്നത്. തൊട്ടു തൊട്ടു നടത്തുന്നതു കാണാം. അങ്ങനെ നിങ്ങൾ മുമ്പോട്ടു പോകുമ്പോൾ കടങ്ങൾ ആവിയായി പോകും. എങ്ങനെ കടം തീർന്നു എന്ന് അത്ഭുതപ്പെടും. ഈ കടം എങ്ങനെ തീരാനാണ്? എങ്ങനെ തീരുമെന്നാണ് ചിന്തിച്ചത്. ഇല്ല എന്റെ ആയുസ്സിൽ തീരില്ല എന്നാണ് ചിന്തിച്ചത്. എന്നാൽ പ്രതീക്ഷിക്കാത്ത വിധത്തിൽ സ്വർഗ്ഗത്തിലെ ദൈവം നിങ്ങളുടെ കാര്യത്തിൽ പ്രവർത്തിക്കും. നീ സംശയിക്കേണ്ട. വിശ്വാസത്തോടെ, ദൈവകരങ്ങളിൽ ഹൃദയം സമർപ്പിച്ചുകൊണ്ട് പ്രാർത്ഥന തുടങ്ങണം.

കടങ്ങൾ മാത്രമല്ല. ആപത്തുകളും ആക്രമണങ്ങളും എല്ലാം കർത്താവ് നിങ്ങൾക്ക് തടുത്തു തരും. ഇപ്പോൾ നിങ്ങളുടെ നേരെ വരുന്ന ഘോരമായ ആക്രമണങ്ങളുണ്ട്. അതെല്ലാം കർത്താവ് തടുത്തു തരും. നിങ്ങളുടെ മുന്നിൽ യെരിഹോ കോട്ടകൾ ഉയർന്നു നില്ക്കുന്നുണ്ട്. ഈ കോട്ട ഭയങ്കരമായ കോട്ടയാണ്. കോട്ടയുടെ മുകളിൽ വീടു വച്ച് പാർക്കത്തക്ക വണ്ണം അത്ര ശക്തവും അത്ര ബൃഹത്തുമായ

കോട്ടയാണ്. ആ കോട്ട തകർക്കാൻ മനുഷ്യന് സാദ്ധ്യമല്ല. ആ കോട്ട കടന്നു വേണം ദൈവജനത്തിന്നു യെരിഹോ പട്ടണത്തിൽ കടന്നു ചെല്ലാൻ.

യോശുവായുടെ നേതൃത്വത്തിൽ അറുനൂറായിരത്തിലേറെ ആളുകൾ, യോർദ്ദാൻ കടന്നു. അവർ ചെന്നത് യെരിഹോവിന്റെ നേരെയാണ്.

എങ്ങനെ ജയിക്കാനാണ്? ഭയങ്കരമായ യെരിഹോ കോട്ട ജയിക്കാൻ സാദ്ധ്യമല്ല. കോട്ടയിൽ ഒരു വിള്ളൽ വരുത്താൻ പോലും സാദ്ധ്യമല്ല. ഈ കണ്ട ജനം മുഴുവൻ കടന്നുപോകണമെങ്കിൽ ചെറിയ ഒരു വാതിൽ കിട്ടിയാലും പോരാ. ജനം അമ്പരപ്പിലായി. എന്തു ചെയ്യും?

മുന്നോട്ട് ഒരു ചുവടു വയ്ക്കാൻ സാധിക്കുന്നില്ല. മുന്നിൽ വലിയ വൻമതിലുകൾ നില്ക്കുകയാണ്. വൻ കോട്ടകൾ നില്ക്കുകയാണ്.

യോശുവാ നോക്കുന്നത് വാളേന്തി നില്ക്കുന്ന ഒരു പുരുഷന്റെ നേരെയാണ്. മുന്നേ ഒരു പുരുഷൻ പോകുന്നു. യോശുവായ്ക്കു മനസ്സിലായി അത് സൈന്യങ്ങളുടെ ദൈവമായ യഹോവയുടെ സൈന്യാധിപതിയായി എഴുന്നെള്ളി വന്നിരിക്കുന്ന സേനാനായകനാണെന്ന്. അത് സാക്ഷാൽ ദൈവപുത്രനായ ക്രിസ്തു തന്നെ എന്ന് യോശുവായ്ക്ക് മനസ്സിലായി. യോശുവാ വാളേന്തിയ പുരുഷനെ മാത്രം നോക്കിക്കൊണ്ട് നടന്നു. പുരോഹിതന്മാർ ചേർന്ന് നടന്നു. ജനവും പിന്നാലെ നടന്നു.

ജനത്തോട് പറഞ്ഞിരുന്നു. ആരും കൈ പോലും അനക്കണ്ട. ആരും ആ കോട്ടയെ സ്പർശിക്കപോലും ചെയ്യണ്ട. ഒന്നു മാത്രം ചെയ്താൽ മതി. നിങ്ങൾ മൗനമായി നടന്നു

കൊള്ളൂ. നിങ്ങളോടു പറയുന്നതു മാത്രം അനുസരിച്ചുകൊള്ളൂ. ജനം അനുസരിച്ചു.

യോശുവാ വാളേന്തിയ പുരുഷൻ മുന്നേ പോകുന്നത് കാണുന്നുണ്ട്. ജനം കാണുന്നില്ല. അതാ അദൃശ്യനായ പുരുഷനായി കർത്താവായ യേശുക്രിസ്തു മുന്നേ പോകുന്നു. പെട്ടകമേന്തിയ പുരോഹിതന്മാർ പിന്നാലെ പോകുന്നു. അതിനു പിന്നാലെ ജനം പോകുന്നു.

അവർ യെരിഹോ കോട്ടയുടെ ചുറ്റും നടന്നു. അന്ന് കോട്ടയുടെ മുകളിൽ നിന്നുകൊണ്ട് ആളുകൾ പരിഹസിച്ചു. വലിയ യുദ്ധം ജയിച്ചവരാണല്ലോ വന്നിരിക്കുന്നത്! നമ്മളെ നോക്കിയിട്ട് ഒന്നും ചെയ്യാൻ സാധിക്കുന്നില്ലല്ലോ! ഇവർ നമ്മളെ എന്തു ചെയ്യാനാണ്? നമ്മുടെ കോട്ടയെ അവർക്ക് തകർക്കാൻ കഴിയുമോ? അവരെ കളിയാക്കുകയും പരിഹസിക്കുകയും ചെയ്തു.

യോശുവാ ഒന്നും മിണ്ടിയില്ല. പരിഹാസം കേൾക്കുന്നുണ്ട്. ശത്രു ആക്ഷേപിക്കുന്നുണ്ട്. പക്ഷേ ജനം അനങ്ങുന്നില്ല. ജനം മിണ്ടുന്നില്ല. ജനം ഒന്നേ ചെയ്യുന്നുള്ളൂ. ജനം യോശുവയെ നോക്കുന്നു. യോശുവ മുന്നെ നടക്കുന്ന വാളേന്തിയ പുരുഷനെ നോക്കുന്നു.

അന്നത്തെ നടപ്പ് തീർന്നു. അവർ പാളയത്തിലേക്കു മടങ്ങി. പിറ്റേ ദിവസം വീണ്ടും രാവിലെ പുറപ്പെട്ടു. രാവിലെ നടന്നു. അന്നും അങ്ങനെ തന്നെ. മൂന്നാം ദിവസം അങ്ങനെ തന്നെ. നാലാം ദിവസവും അങ്ങനെ തന്ന. ആക്ഷേപിക്കുന്നവരുടെ പരിഹാസം ഉയർന്നു. പരിഹാസം കൂടിക്കൂടി വന്നു.

എന്നാൽ ജനത്തിന്റെ പരിഹാസം ദൈവജനം ശ്രദ്ധിച്ചില്ല.

ജനം പരിഹസിക്കുന്നത് കാണാൻ അവർ കോട്ടയ്ക്കു മുക ളിലേക്ക് നോക്കിയില്ല. അവർ നോക്കുന്നത് യോശുവാ പോകുന്ന പോക്കാണ്. വചനം എന്ന വാളേന്തി മിശിഹാ തമ്പുരാൻ മുമ്പേ പോകുന്നു.

ഏഴാം ദിവസം യോശുവാ പറഞ്ഞു "നിങ്ങൾ ആർപ്പിടു വിൻ." ഏഴാം ദിവസം അവർ ആർപ്പിട്ടു. ആ ആറ് ദിവസവും അവർ ചുറ്റി നടന്നപ്പോൾ ഒന്നും നടന്നില്ല എന്നു വിചാരിക്ക ണ്ട. അവർ നടന്നപ്പോൾ ജനത്തിന്റെ കൂടെ ജീവനുള്ള ദൈവം ഉണ്ടായിരുന്നു. ദൈവമാണ് ചുറ്റി നടന്നത് എതിരാളികൾ അവിടെ നിന്ന് പരിഹസിക്കുമ്പോൾ ഈ ജനത്തിനു മുമ്പെ നടക്കുന്നത് ദൈവമാണ്. ആക്രമണം നിനക്കു വരുന്നു, തടസ്സം നിനക്കു വരുന്നു. വിഘ്നം നിനക്കു വരുന്നു. സ്തംഭനാവസ്ഥ നിനക്കു വരുന്നു. അപ്പോൾ നിന്നോടു കൂടെ ദൈവം ഉണ്ടാ യിരിക്കട്ടെ. വാളേന്തിയ പുരുഷൻ മുന്നേ പോകട്ടെ.

യേശുക്രിസ്തു മുന്നേ പോകട്ടെ. യേശു മുന്നേ പോകു ന്നത് കണ്ടുകൊണ്ട് നിങ്ങൾ യാത്ര ചെയ്യണം. യേശുവിനെ തന്നെ നിങ്ങൾ കാണണം. ആക്ഷേപിക്കുന്നവരെ നോക്കരു ത്. പരിഹസിക്കുന്നവരെ നോക്കരുത് , നിന്ദിക്കുന്നവരെ നോക്കരുത്, ആക്രമിക്കുന്നവരെ നോക്കരുത്. ആപത്തുണ്ടാ ക്കുന്നവരെ നോക്കരുത്. നിങ്ങളെ തുച്ഛീകരിക്കുന്നവരെ നോക്കരുത്. ആകെ നിങ്ങൾ ഒരാളെ മാത്രം നോക്കുക. ജീവ നുള്ള ക്രിസ്തുവിനെ നോക്കുക.

വാളേന്തിയ പുരുഷൻ മുന്നേ പോകുന്നു. അവനെ നോക്കിക്കൊണ്ട് നിങ്ങൾ പോകുക. അവൻ പ്രസാദിക്കത്തക്ക ജീവിതം അന്വേഷിച്ച് കൊണ്ട് പോകുക. അവൻ നിങ്ങളോട് കല്പിക്കുന്നതു മാത്രം ചെയ്യുക.

യോശുവാ പറഞ്ഞു. “നിങ്ങൾ ആർപ്പിടുവിൻ” ഏഴാം ദിവസം ഏഴുപ്രാവശ്യം ചുറ്റി. ഏഴാം പ്രാവശ്യം ചുറ്റിയപ്പോൾ അവർ ആർപ്പിട്ടു. “യഹോവയ്ക്കും യോശുവായ്ക്കും വേണ്ടി” അവർ ആർപ്പിട്ടു. ഒരത്ഭുതം നടന്നു. ആ കോട്ട താണു ഭൂമി യുടെ അടിയിലേക്ക് താണുപോയി.

അവിടെ ആ കോട്ട മുഴുവനും കൂടി ഇടിഞ്ഞു തകർന്ന് നടത്തത്തിന് തടസ്സം സൃഷ്ടിക്കുകയല്ല ചെയ്തത്. കോട്ട താഴോട്ട് താഴോട്ട് താണുപോയി. വലിയൊരു കോട്ട, നെടു നെടുങ്ങൻ കോട്ട, എങ്ങനെയാണ് താണുപോയത്. ശാസ്ത്ര ജ്ഞന്മാർക്ക് വേണമെങ്കിൽ ഭൂകമ്പമുണ്ടായി എന്ന് പറയാം. ഭൂമികുലുക്കമുണ്ടായി എന്ന് പറയാം. പക്ഷേ അങ്ങനെ ഒന്നും നടന്നതായി വേദപുസ്തകം പറയുന്നില്ല. കോട്ട കാണാനില്ലാ തായി. അതുവരെ ഉയർന്നു നിന്നിരുന്ന കോട്ട കാണാനില്ലാ തെയായി.

നിങ്ങളുടെ ജീവിതത്തിലെ സ്തംഭനാവസ്ഥ മാറും. നിങ്ങളുടെ മുന്നിലെ പ്രതിസന്ധികളും പ്രതിബന്ധങ്ങളും ഇനി കാണുകയില്ല. ഇന്നു ആക്രമണം നടത്തുന്ന ഭീകര ശത്രുക്കളെ നിങ്ങൾ കാണുകയില്ല. നിങ്ങളെ എതിർക്കുന്ന എതിരാളികളെ നിങ്ങൾ കാണുകയില്ല. നിങ്ങൾക്ക് മാർഗ്ഗത ടസ്സം സൃഷ്ടിക്കുന്ന ദുഷ്ട ശത്രുക്കളെ നിങ്ങൾ കാണുക യില്ല. നിങ്ങളെ നശിപ്പിക്കാൻ കച്ച കെട്ടിയിരിക്കുന്ന ഭീകര വാദികളെ നിങ്ങൾ കാണുകയില്ല. അവരെല്ലാവരും നിങ്ങളുടെ നേരെ നിന്ന് പരിഹസിച്ചവരാണ് നിങ്ങളെ ആക്ഷേ പിച്ചു കൊണ്ടു നിന്നവരാണ്.

അവരെ മേലിൽ കാണുകയില്ല എന്നു പറയത്തക്കവണ്ണം അവരെ ഉന്മൂലനം ചെയ്യാൻ സ്വർഗ്ഗത്തിലെ ദൈവം പരമശ ക്തനാണ്. സ്വർഗ്ഗത്തിലെ ദൈവം വീരനാം ദൈവമാണ്.

അവൻ അത്ഭുത മന്ത്രിയാണ്. അവൻ നിത്യപിതാവാണ്. അവൻ സമാധാനപ്രഭുവാണ്. ജീവനുള്ള ക്രിസ്തു. അത്ഭുതം സൃഷ്ടിക്കും പ്രിയരെ. അവനത്ഭുതം പ്രവർത്തിക്കുന്നവനാണ്. അത്ഭുതങ്ങളുടെ കാലം തീർന്നുപോയിട്ടില്ല.

മകനേ, നിന്റെ ജീവിതത്തിൽ അത്ഭുതം പ്രവർത്തിക്കാൻ ദൈവം കടന്നുവന്നിരിക്കുകയാണ്. മകളേ, നിന്റെ കുടുംബത്തിൽ അത്ഭുതം നിവർത്തിക്കാൻ യേശു കടന്നുവന്നിരിക്കുകയാണ്. യേശുവിന് സാധിക്കാത്തതായ കാര്യമില്ല. അവൻ സർവ്വവല്ലഭനാണ്. അവൻ സകലത്തിനും മതിയായവനാണ്. അവൻ ഇന്ന് നിന്റെ അരികിലേക്ക് വന്ന് നിന്നെ തലോടുവാൻ കരം നീട്ടുകയാണ്. നിന്നെ അനുഗ്രഹിക്കാൻ കരം നീട്ടുകയാണ്. നിന്റെ മേൽ കരം വയ്ക്കുകയാണ്.

നീ വിശ്വസിക്കൂ മകനേ, മകളേ നീ വിശ്വസിക്കൂ. യേശു നിന്റെ അരികത്തു വന്നിട്ടുണ്ട്. അവൻ നിന്റെ നേരെ കരം നീട്ടുന്നുണ്ട്. അവൻ ഒരു കെട്ടുകഥയല്ല, ഊഹാപോഹമല്ല. യേശു ഒരു യാഥാർത്ഥ്യമാണ്. നിത്യനായ ക്രിസ്തു നിന്റെ അരികത്ത് വന്ന് നിന്റെ മുന്നിലെ സ്തംഭനാവസ്ഥ മാറ്റും.

യോശുവായും ജനവും കൂടെ മുന്നോട്ട് സുഖമായി നടന്നു കയറി. ഒരു തടസ്സവുമില്ല. ഇന്ന് ആറു പ്രാവശ്യം ചുറ്റുമ്പോഴും തടസ്സമുണ്ട്. കഴിഞ്ഞ ആറു ദിവസം നടക്കുമ്പോഴും തടസ്സമുണ്ട്. യോർദ്ദാൻ കടക്കുമ്പോഴും തടസ്സമുണ്ട്. അങ്ങ് നാല്പത് കൊല്ലം മരുഭൂമിയിൽ കൂടി നടക്കുമ്പോഴും തടസ്സമുണ്ട്. ചെങ്കടൽ കടക്കുമ്പോഴും തടസ്സമുണ്ട്. യെരിഹോ കോട്ട അന്ന് പെട്ടെന്ന് പണിതതുമല്ല. വർഷങ്ങളായി പണിത കോട്ടയാണ്. ഈ തടസ്സം നാളുകളായിട്ടുണ്ട്. പക്ഷേ ദൈവത്തെ സ്തുതിച്ചപ്പോൾ, നിമിഷനേരം കൊണ്ട് കോട്ട തകർന്നു.

നിങ്ങൾ ജീവനുള്ള ദൈവത്തെ ആരാധിക്കുമ്പോൾ കോട്ടകൾ തകരും. ദൈവത്തെ സ്തുതിക്കുമ്പോൾ വൻ കോട്ടകൾ തകർന്നു വീഴും. കല്ലുകളെല്ലാം തകർന്നുപോകും. എല്ലാം നിശ്ശേഷം നാമവശേഷമാകും.

അത്ഭുതങ്ങൾ നടത്തുന്ന ദൈവം നിങ്ങളെ ഇന്ന് സഹായിക്കാൻ ആഗ്രഹിക്കുന്നുണ്ട്. നിങ്ങളെ രക്ഷിപ്പാൻ ദൈവത്തിന് ആഗ്രഹമുണ്ട്. ആക്രമണങ്ങളിൽ നിന്നും ആപത്തുകളിൽ നിന്നും കെണികളിൽ നിന്നും നിങ്ങളെ വിടുവിക്കാൻ ദൈവത്തിന് ആഗ്രഹമുണ്ട്. അവൻ നിന്നെ വേട്ടക്കാരന്റെ കെണിയിൽ നിന്നും നാശകരമായ മഹാമാരിയിൽ നിന്നും വിടുവിക്കും. ഒന്ന്: പാപത്തിന്റെ കെണി രണ്ട്: മരണത്തിന്റെ കെണി. മൂന്ന്: ആക്രമണത്തിന്റെയും ആപത്തുകളുടെയും കെണി.

നാലാമത്തെ കെണി എന്താണ്?

"മാനുഷ്യഭയം ഒരു കെണിയാകുന്നു."

സദൃ. വാ. 29:25

മാനുഷഭയം മനുഷ്യരെ പേടിക്കുന്നതാണ്. അയ്യോ ഇനി നാട്ടുകാരെന്തുപറയും. അയൽക്കാർ എന്തു പറയും. മനുഷ്യരെ എങ്ങനെ പ്രസാദിപ്പിക്കും. മനുഷ്യരുടെ മുഖത്തു നോക്കി എങ്ങനെ നില്ക്കും. മാനുഷ ഭയം ഒരു കെണിയാകുന്നു. പലരും മനുഷ്യരെ പേടിക്കുന്നു. പ്രിയപ്പെട്ടവരേ, ആത്മാവിനെ നശിപ്പിക്കാൻ കഴിവുള്ള ദൈവത്തെ മാത്രം നിങ്ങൾ ഭയപ്പെടുവിൻ.

"ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട. ദേഹിയെയും

ദേഹത്തെയും നരകത്തിൽ നരകത്തിൽ നശി
പ്പിപ്പാൻ കഴിയുന്നനെ തന്നേ ഭയപ്പെടുവിൻ"

മത്തായി 10:28

ദേഹത്തെ കൊല്ലുവാനല്ലാതെ ദേഹിക്കൊരു കേടും വരുത്താൻ കഴിവില്ലാത്ത മനുഷ്യരെ നിങ്ങൾ ഭയപ്പെടണ്ട. ദേഹത്തെയും ദേഹിയെയും കൊല്ലുവാൻ കഴിയുന്ന ദൈവത്തെ നിങ്ങൾ ഭയപ്പെടുവിൻ. നമ്മുടെ ശരീരത്തിനും ആത്മാവിനും കേടു വരുത്തുവാൻ കഴിവുള്ള ദൈവത്തെ മാത്രം നിങ്ങൾ ഭയപ്പെടുവിൻ.

ശാരീരികമായി ക്ലേശം വരുത്താൻ മനുഷ്യർക്ക് സാധിക്കും. ചില ബുദ്ധിമുട്ടുകൾ വരുത്താൻ മനുഷ്യർക്ക് സാധിക്കും. ചില പ്രയാസങ്ങൾ വരുത്താൻ മനുഷ്യർക്ക് സാധിക്കും.

"അവർ ദൈവത്താലുള്ള മാനത്തേക്കാൾ മനു
ഷ്യരാലുള്ള മാനത്തെ അധികം സ്നേഹിച്ചു."

യോഹ. 12:43

തൊട്ടു മുമ്പുള്ള വാക്യം വായിച്ചാൽ കാണാം. "എന്നിട്ടും പ്രമാണികളിൽ തന്നെയും അനേകർ അവനിൽ വിശ്വസിച്ചു." പള്ളി പ്രമാണിമാരും വിശ്വസിക്കാതിരുന്നതാണ്. പല പള്ളി പ്രമാണിമാരും യേശുവിന്റെ അരികത്തേക്ക് ചെല്ലാൻ മടിച്ചതാണ്. യേശു വചനം പറയുന്നതിടത്തേക്ക് പലരും ചെല്ലാറില്ല.

എന്നാൽ അത്യാവശ്യക്കാരനായ യായിറോസ് പള്ളിപ്രമാണിയാണ്. പക്ഷേ മോൾക്ക് അസുഖമായപ്പോൾ, ചികിത്സ

ഫലിക്കാതെ വന്നപ്പോൾ, യേശുവിനെ അന്വേഷിച്ച് പുറപ്പെട്ടു. നടുറോഡിൽ മുട്ടുകുത്തി. പള്ളിപ്രമാണിമാർ യേശുവിനെ സ്വീകരിച്ചവരല്ല. അവർക്ക് മനുഷ്യരുടെ മാനം മതി. മനുഷ്യരുടെ ബഹുമതി മതി. പള്ളിയിലെ സ്ഥാനമാനങ്ങൾ മതി. മനുഷ്യരുടെ ഇടയിലുള്ളതായ സ്ഥാനം മതി.

പക്ഷേ അവരിൽ ചിലർ, പള്ളിപ്രാണികളിൽ തന്നെയും അനേകർ അവനിൽ വിശ്വസിച്ചു. "പള്ളിഭ്രഷ്ഠരാകാതിരിക്കാൻ പരീശന്മാരോട് സാക്ഷിച്ചില്ല. പള്ളിപ്രമാണിമാർ, യേശു പരിശുദ്ധനാണെന്നും, ഈ യേശു ദൈവത്തിന്റെ പുത്രനാണെന്നും ഏറ്റുപറയാൻ മടിച്ചു. ഇത് സത്യമാണെന്ന് അറിയാം. പക്ഷെ അവർ പറയാൻ മടിച്ചു.

ഇന്ന് വിശ്വാസികളെ വെറുക്കുകയും ഭയപ്പെടുകയും ചെയ്യുന്ന ആളുകൾക്ക് പോലും അറിയാം, നില്ക്കുന്നതും, വിശ്വസിക്കുന്നതും സമ്പൂർണ്ണസത്യമാണ് എന്ന്. നമ്മെ കുറിച്ച് ഇല്ലാത്തതു പറയുന്നവർക്കറിയാം, പറയുന്നത് ഇല്ലാത്തതു തന്നെ എന്ന്.

അതുകൊണ്ട് ഞാൻ പ്രത്യാശിക്കുന്നു ഒരു നല്ല ഭാവിയുണ്ട് എന്ന്. എല്ലാ കലക്കവും മാറി വിശുദ്ധന്മാരായ ദൈവമക്കൾ ഒരുമിച്ച് സ്തുതിക്കുന്ന ഒരു നല്ല കാലമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. അവിടെ സഭാ ഭേദമുണ്ടാകുകയില്ല. അവിടെ യാക്കോബായെന്നോ, ഓർത്തഡോക്സെന്നോ, കത്തോലിക്കയെന്നോ, മാർത്തോമയെന്നോ, ക്നാനായയെന്നോ, സി.എസ്.ഐ എന്നോ ഇവാഞ്ചലിക്കൽ സഭയെന്നോ പെന്തക്കൊസ്തു സഭയെന്നോ ഭേദം കാണുകയില്ല.

വിശുദ്ധന്മാർ എവിടെയെല്ലാമുണ്ടോ, അവരെല്ലാം ഒരുമിച്ച് ആരാധിക്കുന്ന നല്ല കാലം വരാൻ ഞാൻ കാത്തിരിക്കു

ന്നു. ഇന്ന് അത് ഒരു പ്രാർത്ഥനാ വിഷയമാണ്. കർത്താവേ ഇന്നുള്ള ഭിന്നതകളെല്ലാം മാറി ദൈവമക്കളെല്ലാം ഒന്നായി നിന്ന് കക്ഷി ഭേദമില്ലാതെ സഭാ ഭേദമില്ലാതെ, സമുദായ വ്യത്യാസമില്ലാതെ, ജീവനുള്ള ക്രിസ്തുവിന്റെ തിരുസന്നിധിയിൽ ശരണപ്പെട്ടുകൊണ്ട് ക്രിസ്തുവിനെ ആരാധിക്കുന്ന ഒരു നല്ല കാലം ഞങ്ങൾ തരികയില്ലയോ? യഹോവെ നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കുകയില്ലയോ?

"പ്രമാണികൾ തന്നെയും അനേകർ അവനിൽ വിശ്വസിച്ചു. പള്ളി ഭ്രഷ്ഠരാകാതിരിപ്പാൻ പരീശന്മാർ നിമിത്തം ഏററുപറഞ്ഞില്ല താനും." ആരേയും നിങ്ങൾ പേടിക്കണ്ട. മാനുഷഭയം ഒരു കെണിയാണ്. ആരെയും പേടിക്കേണ്ട. മനുഷ്യൻ നിങ്ങളെ എന്തു ചെയ്യുമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്? ഒന്നും ഭയപ്പെടേണ്ട.

ഒരു പാതയുണ്ട്. അതു വിശുദ്ധിയുടെ പാതയാണ്. അത് സത്യത്തിന്റെ പാതയാണ്. അത് സ്നേഹത്തിന്റെ പാതയാണ്. അത് കരുണയുടെ പാതയാണ്. അത് ദീർഘക്ഷമതയുടെ പാതയാണ്. അതു വിട്ടുവീഴ്ചമനോഭാവത്തിന്റെ പാതയാണ്. അത് തെറ്റു ചെയ്തവരോട് പൊറുക്കുന്ന പാതയാണ്.

ആ പാതയിലൂടെ മുന്നോട്ട് പോകണം. തീരുമാനമെടുക്കാമോ? ദൈവകരങ്ങളിലേക്ക് നിങ്ങളെ ഏല്പ്പിക്കാമോ? കർത്താവേ, ഇനി ഒരു മനുഷ്യരെയും ഞാൻ പേടിക്കില്ല.

ഞാൻ ഭയപ്പെടുന്നത് ജീവനുള്ള ദൈവത്തെയായിരിക്കും. പാപം വരരുത് എന്നുള്ള നിഷ്ഠയോടു കൂടി ഞാൻ നില്ക്കും.

"ഇപ്പോൾ ഞാൻ മനുഷ്യരെയോ ദൈവത്തെ
സന്തോഷിപ്പിക്കുന്നത്? അല്ല ഞാൻ മനുഷ്യരെ

പ്രസാദിപ്പിക്കാൻ നോക്കുന്നുവോ, ഇന്നും ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നുവെങ്കിൽ ക്രിസ്തുവിന്റെ ദാസനായിരിക്കയില്ല.”

ഗലാത്യർ 1:10

അപ്പോസ്തലനായ പൗലോസ് ശ്ലീഹായുടെ ധൈര്യം നോക്കൂ. ആരെയും പ്രസാദിപ്പിക്കാൻ നോക്കിയില്ല.

ആളുകളുടെ മുമ്പിൽ നല്ല പിള്ളയായി ജീവിച്ചാൽ ദൈവ രാജ്യത്ത് നിന്നെ കാണുകയില്ല. ദൈവത്തെ പ്രസാദിപ്പിക്കാൻ നോക്കൂ.

ഏലിയാ പ്രവാചകന്റെ കാലത്ത് ഏലിയാ പ്രവാചകനെ പോലെ നല്ല വിശ്വാസമുള്ള ഒരാളുണ്ടായിരുന്നു. ഓബദ്യാവ് എന്നായിരുന്നു പേര്. ഓബദ്യാവിന് അറിയാം ആഹാബ് രാജാവ് ഏലിയാ പ്രവാചകനെ വേട്ടയാടുന്നത് കഷ്ടമാണ് എന്ന്. ആഹാബ് രാജാവും ഇസബെല്ലും ഏലിയാ പ്രവാച കനെ വേട്ടയാടുന്നു. പലയിടത്തും അന്വേഷിച്ചു നോക്കി. കിട്ടാ ത്തതു കൊണ്ടാണ് കൊല്ലാത്തത്.

കെരീത്ത് തോടിന്റെ അടുക്കൽ ഒളിച്ചിരുന്നു. കിട്ടിയില്ല. അതുകൊണ്ടാണ് കൊല്ലാതിരുന്നത്. എന്നാൽ ഏലിയാ പ്രവാ ചകനെ കൊല്ലാൻ പറ്റിയില്ലെങ്കിൽ പോലും ദൈവവിശ്വാസി കളായവരെ എല്ലാവരെയും കൊല്ലാൻ ആഹാബ് കല്പന പുറ പ്പെടുവിച്ചു. അന്ന് അമ്പതു പേരെ, അമ്പതു പേരെ, ഗുഹ യിൽ കൊണ്ടുപോയി രക്ഷിക്കുകയാണ് ഓബദ്യാവ്. ഓബ ദ്യാവ് നല്ല സേവനമാണ് ചെയ്തത്. ആഹാബ് രാജാവിന്റെ കൊട്ടാരത്തിൽ താമസിച്ചുകൊണ്ട്, കൊട്ടാരത്തിലുള്ള ഒരു അന്തേവാസിയായി നിന്നുകൊണ്ട്, യഹോവയെ സേവിക്കു ന്നവരായ പ്രവാചകന്മാരെ അമ്പതു പേരെ വീതം ഗുഹയിൽ

കൊണ്ടുപോയി ഒളിപ്പിച്ചുവച്ചു. അവർക്ക് ആഹാരം കൊടുത്തു ഓബദ്യാവ്. ഓബദ്യാവിനു രംഗത്ത് വന്നു നിൽക്കാൻ പേടി. ഏലിയാവിനെപ്പോലെ രംഗത്ത് നില്ക്കാൻ പേടി. രംഗത്തു വന്നാൽ കൊന്നുകളയും എന്ന ഭയം.

ഇന്നും ഓബദ്യാവുമാരുണ്ട്, കാര്യമറിയാം. സത്യമാണ് പറയുന്നതെന്ന് അറിയാം. പക്ഷെ രംഗത്ത് വരാൻ പേടി. ഞാനും ആ കൂട്ടായ്മയിൽ ഉണ്ട് എന്നു പറയാൻ പേടി.

ഞാൻ ദൈവത്തിന്റെ സാക്ഷിയാകുന്നു എന്നുള്ളതിൽ ഞാൻ അഭിമാനം കൊള്ളുന്നു. യേശു പോയ പാതയിൽ കൂടി പോകുവാൻ , കുരിശെടുത്തു അവന്റെ പിന്നാലെ പോകാൻ, എന്നെ വിളിച്ചിരിക്കുന്നു എന്നതിൽ ഞാൻ സന്തോഷിക്കുകയും അഭിമാനം കൊള്ളുകയും ചെയ്യുന്നു.

ദൈവത്തെ ആണോ പ്രസാദിപ്പിക്കേണ്ടത്. മനുഷ്യരെയാണോ പ്രസാദിപ്പിക്കേണ്ടത്. സഹോദരങ്ങളേ പീലാത്തോസ് മനുഷ്യരെ നോക്കി. പീലാത്തോസിന് അറിയാമായിരുന്നു യേശുവിനെ ക്രൂശിക്കേണ്ട എന്ന്. ഇവനിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല എന്ന് മൂന്നു പ്രാവശ്യം പീലാത്തോസ് പറഞ്ഞതാണ്. വിധി അതാണ് “ഇവനിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല.”

അതിനിടയ്ക്കാണ് ഭാര്യ ആളെ അയച്ചു പറഞ്ഞത്. “ആ നീതിമാന്റെ കാര്യത്തിൽ ഒന്നും ചെയ്തേക്കരുത്.”

പീലാത്തോസ് നിശ്ചയിച്ചു. ഇവനിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല. പക്ഷേ യഹൂദന്മരുടെ പ്രീതി സമ്പാദിക്കാൻ വേണ്ടി യേശുവിനെ ക്രൂശിക്കാൻ കൊടുത്തു. യഹൂദന്മാരുടെ പ്രീതി കിട്ടുമല്ലോ. റോമൻ ഗവർണ്ണർ

എന്നുള്ള പദവി നിലനിർത്താമല്ലോ.

യഹൂദന്മാർ പറയും. സീസറിനെതിരായി യുദ്ധം ചെയ്യാനും, കലഹം നടത്താനും വിപ്ലവം നടത്താനും പരിപാടിയിട്ട യേശു എന്നു പറയുന്ന ആളെ, ഞാൻ രാജാവാണെന്നു പറയുന്ന യേശുവിനെ പീലാത്തോസ് സഹായിച്ചു എന്ന്. അവനെ ക്രൂശിക്കാൻ കിട്ടിയപ്പോൾ ക്രൂശിക്കാൻ വിധിച്ചില്ല എന്ന് പീലാത്തോസിനെതിരായി അവർ പറഞ്ഞാൽ സ്വന്തം ജോലി പോകുമോ എന്ന് പീലാത്തോസ് ഓർത്തു!

പീലാത്തോസ് വിധി പറഞ്ഞു. യേശുവിനെ ക്രൂശിക്കാൻ കൊണ്ടുപോയി. കുറെ കഴിഞ്ഞപ്പോൾ അരിമത്യക്കാരൻ യൗസേപ്പ് വന്ന് “ഞാൻ തിരുശരീരം അടക്കം ചെയ്യട്ടെ” എന്നു ചോദിച്ചു. ഉടനെ പറഞ്ഞു. “അവൻ മരിച്ചു കഴിഞ്ഞോ?”

പീലാത്തോസ് ഞെട്ടിപ്പോയി. പറഞ്ഞുകൊണ്ടിരിക്കുമ്പോൾ പീലാത്തോസ് ഓടിച്ചെന്നു കൈ കഴുകി. കാരണം അന്നു വിധി പറഞ്ഞപ്പോൾ ഈ നീതിമാന്റെ രക്തത്തിലെനിക്ക് പങ്കില്ല എന്നു പറഞ്ഞാണ് വിധിയെഴുതിയത്. വേഗം പോയി കൈ കഴുകി. കൈയ്യിൽ ചോര കറയുണ്ടെന്ന തോന്നൽ.

പീലാത്തോസ് പിന്നെയും വന്നിരുന്നു. അടക്കം ചെയ്തുകൊള്ളൂ. സമ്മതിച്ചു. അടക്കം ചെയ്യാൻ കൊണ്ടുപോയി. പീലാത്തോസ് പിന്നെയും പോയി കൈ കഴുകി. പിന്നെയും പോയി കൈ കഴുകി. കിടക്കുന്നു. കിടപ്പുറയ്ക്കുന്നില്ല. ഇരിക്കുന്നു. ഇരിപ്പുറയ്ക്കുന്നില്ല. പീലാത്തോസിന് സ്വസ്ഥതയില്ലാതായി.

ഐതിഹ്യം പറയുന്നത് പീലാത്തോസ് വീണ്ടും വീണ്ടും

കൈ കഴുകുന്ന ആളായി മാറി. പകലെന്നില്ല, രാവെന്നില്ല. കൈ കഴുകും. സ്വസ്ഥതയില്ല. സുബോധം പോയി. ഉറക്കമില്ല. പീലാത്തോസ് മനോരോഗിയായി തീർന്നു. മനോരോഗിയായി പീലാത്തോസ് മരിച്ചു എന്നാണ് ഐതിഹ്യം പറയുന്നത്.

നിങ്ങൾ ഇന്ന് മനുഷ്യരെ പ്രസാദിപ്പിക്കാൻ നോക്കി. സ്ഥാനമാനങ്ങൾ നിലനിർത്താൻ നോക്കി. മാനേജിംഗ് കമ്മിറ്റി മെമ്പർഷിപ്പ് നിലനിർത്താൻ നോക്കി. ഈ ലോകത്തിന്റെ പദവി നിലനിർത്താൻ നോക്കി. മനുഷ്യരുടെ ബഹുമതി നിലനിർത്താൻ നോക്കി. തല്ക്കാലത്തേക്ക് ഇതെല്ലാം കിട്ടിയെന്നു വരും.

പക്ഷേ ഏറ്റവും വലിയ നാശം വരുന്നത് നീ ഇപ്പോൾ അറിയുന്നില്ല. സംഭവിക്കാൻപോകുന്നത് നിത്യമായ നാശമാണ്. ഏറ്റവും വലിയ അനർത്ഥമാണ്; നിത്യമായ നരകമാണ്.

വേട്ടക്കാരന്റെ കെണിയിൽ നിന്നും നാശകരമായ മഹാമാരിയിൽ നിന്നും വിടുവിക്കുന്ന കർത്താവായ യേശുവിനെ ഇപ്പോൾ നിങ്ങളുടെ അരികത്ത് കാണുക. യേശു നിങ്ങളുടെ സമീപത്തേക്ക് വന്നിട്ടുണ്ട്. ഇന്നും പ്രിയപ്പെട്ടവരേ, ആക്രമണത്തിന്റെ കെണിയിൽ നിന്ന്, ആപത്തിന്റെ കെണിയിൽ നിന്ന്, നാശത്തിന്റെ കെണിയിൽ നിന്ന്, പാപത്തിന്റെ കെണിയിൽ നിന്ന്, മരണത്തിന്റെ കെണിയിൽ നിന്ന്, മനുഷ്യഭയത്തിന്റെ കെണിയിൽ നിന്ന് നിങ്ങളെ വിടുവിക്കാൻ യേശു വന്നിരിക്കുന്നു. വേട്ടക്കാരന്റെ കെണിയിൽ നിന്നും നാശകരമായ മഹാമാരിയിൽ നിന്നും അവൻ നിന്നെ വിടുവിക്കും.

## നാല്

91-ാം സങ്കീർത്തനത്തിൽ ഒമ്പത് ഗ്യാരന്റികൾ നമുക്ക് ലഭിക്കുന്നു. ഒന്ന്: "അവൻ നിന്നെ വേട്ടക്കാരന്റെ കണിയിൽ നിന്ന് വിടുവിക്കും" അതാണ് നാം ഇതുവരെ ചിന്തിച്ചുവന്നത്. വേട്ടക്കാരന്റെ കണിയിൽ നിന്ന അവൻ നിന്നെ വിടുവിക്കും. ശത്രു ഒരുക്കിയിരിക്കുന്ന കെണിയിൽ നിന്ന് അവൻ നിന്നെ വിടുവിക്കും. പിശാചിന്റെ തന്ത്രങ്ങളിൽ നിന്ന് അവൻ നിന്നെ വിടുവിക്കും.

രണ്ടാമത്തേത്: "നാശകരമായ മഹാമാരിയിൽ നിന്ന് വിടുവിക്കും" നിനക്ക് ഇമ്മ്യൂണിറ്റി തരും; രോഗപ്രതിരോധ ശക്തി തരും. ദൈവമക്കൾക്ക് ആർക്കും രോഗം വരില്ലെന്നല്ല. നമുക്ക് പ്രതിരോധമായി ദൈവം നിൽക്കും. അത് രോഗമായിരിക്കാം, ആപത്തുകളായിരിക്കാം ശാപങ്ങളായിരിക്കാം, ചില മാരക ബാധകളായിരിക്കാം. എന്തെല്ലാമാണ് ബാധകൾ, ഒരു പക്ഷേ

ബോധക്ഷയമായിരിക്കാം, പെട്ടെന്ന് ബോധംകെട്ടുവീണ് വായിൽ നിന്ന് നുരയും പതയും വരുന്നതായിരിക്കാം, നില ത്തുകിടന്ന് ഉരുളുകയും കുറെ കഴിഞ്ഞ് നിശ്ചലമായി കിട ക്കുകയും ചെയ്യുന്നു. അങ്ങനെയുള്ള ബാധകൾ നമ്മിൽ നിന്ന് വിട്ടുപോകുവാൻ പരിശുദ്ധാത്മാവ് നമുക്ക് പ്രതിരോധ ശക്തി തരും. യേശുക്രിസ്തു ഒരാളിൽ വസിച്ചുകഴിയുമ്പോൾ അയാൾക്ക് പ്രതിരോധ ശക്തിയുണ്ടാകും. അയാളിൽ നിന്ന് പ്രേത, ഭൂത, പൈശാചിക ശക്തികൾ ഒഴിഞ്ഞ് പോകുന്നു. അമർഷം വരുന്നതും കോപം വരുന്നതും ബാധയാണ്. കോപി ച്ചു എന്നത് നിങ്ങൾക്ക് അറിയാൻ പാടില്ല കോപം വരിക യാണ്.

രക്ഷപ്പെടണമെന്നുണ്ട് പക്ഷേ അറിയാതെ കോപം വന്നു പോകുകയാണ്. വൈരാഗ്യവും വിദ്വേഷവും പ്രതികാര വാഞ്ഛയും എല്ലാം ഒരു ബാധയാണ്. നിങ്ങൾ ചിന്തിക്കൂ അശുദ്ധിയുടെ ബാധ, വ്യഭിചാരത്തിന്റെ ബാധ, ബ്ലൂ ഫിലിം, ഇന്റർനെറ്റിലെ വൃത്തിക്കെട്ട ചിത്രങ്ങളിലേക്കുള്ള ആകർഷ ണം എല്ലാം ഓരോ ദുരാത്മ ബാധയാണ് പ്രണയത്തിന്റെ ബാധ, പ്രേമത്തിന്റെ ബാധ, കാമ ഭ്രാന്തിന്റെ ബാധ, കക്ഷി ഭ്രാന്ത്, മുൻവിധി ഇങ്ങനെ ഏതെല്ലാം ബാധകളാണ് നിന്റെ മേൽ ഉള്ളത് എന്ന് ചിന്തിച്ചു നോക്കണം. തലമുറകളിൽ നിന്ന് പകർന്ന് വന്നതാകാം. നേടിയെടുത്തതുമാകാം. അവ ശാപ മായി പിൻതുടരുകയാണ് വേണ്ടാ എന്നു ഞാൻ ചിന്തിച്ചാലും ഈ ബാധ എന്നെ വിട്ട് ഒഴിഞ്ഞുപോകുന്നില്ല. എന്റെ കർത്താ വേ, ഈ ബാധ എനിക്ക് ഒഴിവാക്കി തരണമേ എന്ന് നിങ്ങൾ പ്രാർത്ഥിക്കണം.

> "ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതിയെന്നു
> വിചാരിക്കുക, ധനികന്മാരാകാൻ ആഗ്രഹിക്കു

ന്നവർ പരീക്ഷയിലും കെണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാര നാശങ്ങളിൽ മുങ്ങിപോകാൻ ഇടവരുന്ന മൗഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായിത്തീരുകയും ചെയ്യുന്നു. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലൊ. ഇത് ചിലർ കാംക്ഷിച്ചിട്ട് വിശ്വാസം വിട്ടുഴന്ന് ബഹുദു:ഖങ്ങൾക്ക് അധീനരായിത്തീർന്നിരിക്കുന്നു. നീയോ, ദൈവത്തിന്റെ മനുഷ്യനായുള്ളോവേ, അത് വിട്ടോടി നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത എന്നിവയെ പിന്തുടരുക, വിശ്വാസത്തിന്റെ നല്ലപോർ പൊരുതുക. നിത്യജീവനെ പിടിച്ചുകൊൾക”

1 തിമോ. 6:8–12

യേശു ഹൃദയത്തിൽ ഉണ്ടെങ്കിൽ നിന്റെ ആവശ്യങ്ങൾ എല്ലാം കർത്താവ് നടത്തിത്തരും. ആവശ്യമുള്ള സൗഖ്യം തരും, നിന്റെ ആവശ്യങ്ങളൊന്നും മുടങ്ങാൻ കർത്താവ് അനുവദിക്കുകയില്ല. നിന്റെ മക്കൾ പട്ടിണികിടക്കാൻ കർത്താവ് അനുവദിക്കുകയില്ല. യേശുവിന്റെ കരങ്ങളിലേക്ക് നിങ്ങളുടെ അല്പായുസ്സ് കൊടുത്തുനോക്കൂ, ചുരുങ്ങിയ കാലമല്ലേയുള്ളൂ.

ഒന്ന് : ആപത്തുകളിൽ നിന്ന് വിമോചനം തരും, കെണി മാറ്റിത്തരും. രണ്ട് : അവൻ നിനക്ക് ആപൽക്കരമായ മഹാമാരിയിൽ നിന്ന് പ്രതിരോധം തരും, മൂന്ന് : അവന്റെ തൂവലുകളും ചിറകുകളും നിനക്ക് മറയായിരിക്കും, നാല് : അവന്റെ ചിറകിൻ കീഴിൽ നീ ശരണം പ്രാപിക്കും. അവന്റെ വിശ്വസ്തത പലകയും പരിചയും ആകുന്നു.

ദൈവം വിശ്വസ്തതനാണ് അവന്റെ വിശ്വസ്തത നിനക്ക് പരിചയും പലകയും ആയിരിക്കും. "രാത്രിയിലെ ഭയത്തെയും പകൽ പറക്കുന്ന അസ്ത്രത്തെയും ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയെയും ഉച്ചയ്ക്ക് നശിപ്പിക്കുന്ന സംഹാരത്തെയും നിനക്ക് പേടിപ്പാൻ ഇല്ല." നിനക്ക് സ്വാതന്ത്ര്യം തരുന്നു.

അഞ്ച്: ഭയത്തിൽ നിന്ന് സ്വാതന്ത്ര്യം തരുന്നു എന്തൊക്കെയാണ് ഭയം. രാത്രിയിലെ ഭയത്തെയും പകൽ പറക്കുന്ന അസ്ത്രത്തെയും ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയെയും ഉച്ചയ്ക്ക് നശിപ്പിക്കുന്ന സംഹാരത്തെയും നീ പേടിക്കേണ്ട, മാറ്റിത്തരും. ഈ നാലു വിധം ഭയത്തെയും മാറ്റിത്തരും. ഇരുളിനെ ഭയപ്പെടുന്നവർ ഉണ്ട്, കരിനീലാകാശത്തെ കാണുമ്പോൾ പേടിവരുന്നുണ്ട്. ആകാശം ഇരുണ്ട് മൂടി ഭൂമി ആകെ ഇരുളുന്നു. ഒരു നക്ഷത്രം പോലും ഇല്ല, ആകെ മൂടിയിരിക്കുന്നു, ഇരുളിനെ ഭയപ്പെടുന്നു. ഉറങ്ങാൻ പേടിക്കുന്നവർ ഉണ്ട്. അയ്യോ ഞാൻ ഉറങ്ങുമ്പോൾ ആരോ വന്ന് എന്നെ എടുത്ത് മുകളിലേക്ക് എറിയുന്നല്ലോ, രാത്രിയിൽ ഉറക്കത്തിൽ എഴുന്നേൽക്കുന്നത് അറിയുന്നില്ല, വാതിൽ കുറ്റിയിട്ടിരിക്കുന്നത് തുറക്കും, വെളിയിൽ പോകും മുറ്റത്തുകൂടി നടക്കും, കുറെനേരം നടന്നിട്ട് തിരികെ വന്ന് വാതിൽ തുറന്ന് അകത്ത് വന്ന് വാതിൽ കുറ്റിയിട്ട് മുറിക്കകത്ത് വന്ന് കിടക്കും. സ്വപ്നാടനം എന്ന രോഗമാണിത്.

വേറൊരാളുടെ അനുഭവം കേൾക്കൂ:

ആരോവന്ന് വായും മൂക്കും പൊത്തിപിടിക്കുന്നു ശ്വാസം മുട്ടുന്നു അതുകൊണ്ട് എനിക്ക് ഉറങ്ങാൻ പേടിയാണ്. അതാണ് രാത്രിയിലെ ഭയം.

രണ്ടാമത്തേത് പകൽപറക്കുന്ന അസ്ത്രം, അസ്ത്രം പായുന്നതുപോലെ ചിലപ്പോൾ നമ്മുടെ ഉള്ളിൽ ചില ചിന്തകൾ വരുന്നു. പെട്ടെന്ന് ഒരു ചിന്ത പാളിവരും. അത് അസ്ത്രം പോലെ വരുന്ന പിശാചിന്റെ ഒളിയമ്പാണ്. ഒരിക്കലും ചിന്തിച്ചിട്ടില്ലാത്തകാര്യങ്ങളായിരിക്കും ഉള്ളിൽക്കൂടെ പോകുന്നത്. കൊള്ളിയാൻ മിന്നുന്നതുപോലെ, വരുന്ന ചിന്തകൾ.

മൂന്നാമത്തെ ഭയം, ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരി. അന്ധകാരത്തിന്റെ അധികാരിയായ പൈശാചികന്റെ ബാധ മൂലമുണ്ടാകുന്ന മഹാവ്യാധികളെക്കുറിച്ച് നീ ഭയപ്പെടേണ്ട. അത്യുന്നതന്റെ മറവിൽ നീ വസിക്കുകയും സർവ്വശക്തന്റെ നിഴലിൽ കീഴിൽ നീ പാർക്കുകയും ചെയ്യുമ്പോൾ മഹാരോഗങ്ങൾ പോലും മാറിപ്പോകും.

നാലാമത്തെ ഭയം, ഉച്ചയ്ക്കു നശിപ്പിക്കുന്ന സംഹാരം, അകാരണമായി വരുന്ന ശത്രുവിന്റെ ആക്രമണം. പൈശാചിക ചിന്തകളും പാപത്തിന്റെ പ്രലോഭനങ്ങളും സംഹാരതാണ്ഡവമാടി നമ്മെ ഹിംസിക്കാൻ വരുന്നു. അപ്പോൾ ക്രിസ്തുവിന്റെ അപ്രമേയ ശക്തി നമ്മെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു.

നിങ്ങളുടെ ഭയപ്പാട് മാറ്റാൻ യേശു ജീവിക്കുന്നു. അവൻ നിങ്ങളെ അപകടങ്ങളിൽ നിന്നു രക്ഷിക്കും. ഭയപ്പെടേണ്ട അവൻ നിങ്ങൾക്ക് സംരക്ഷണം തരും.

## അഞ്ച്

ചാൾസ് ലാംബ് പറഞ്ഞതാണ് "വില്ല്യം ഷേക്സ്പീയർ വരുകയാണങ്കിൽ എല്ലാവരും ആദരവോടെ എഴുന്നേൽക്കും. കൂപ്പുകൈയോടെ നിൽക്കും പക്ഷേ യേശുക്രിസ്തുവന്നാലോ എല്ലാവരും എഴുന്നേൽക്കുകയല്ല, എല്ലാവരും ആ കാൽക്കൽ ചെന്ന് വീണ് നമസ്ക്കരിക്കും, സാഷ്ടാംഗം നമസ്ക്കരിക്കും." ഈ യേശു ആരാണ്? പാവപ്പെട്ടവന്റെ നൊമ്പരങ്ങൾ ഒപ്പിയെടുക്കുന്ന നിത്യ സ്നേഹം! യേശുവിനെ നാം അറിയുമ്പോഴാണ് നാം ആത്മാവിൽ സ്തുതിക്കുന്നത്. സങ്കീർത്തനക്കാരൻ പറഞ്ഞു:

"യഹോവ നല്ലവനെന്ന് രുചിച്ചറിയുവിൻ."

സങ്കീ. 34:8.

അനുഭവിച്ചറിയേണ്ടതാണ്, കുറെ തത്വങ്ങൾ കേട്ടതുകൊണ്ട് കാര്യമില്ല. കുറെ തിയോളജി പഠിച്ചതുകൊണ്ടും

കാര്യമില്ല. ഫിലോസഫി, (തത്വചിന്ത) പഠിച്ചതുകൊണ്ടും കാര്യമില്ല. പഠിക്കാം, പഠിക്കണം. എന്നാൽ ഉന്നതമായ പാഠം ഏതാണ്? യേശുവിന്റെ സ്നേഹത്തിന്റെ മുമ്പിൽ കമിഴ്ന്ന് കിടന്നു നമസ്ക്കരിക്കുക, അതാണ് ശ്രേഷ്ഠ പാഠം. സ്നേഹത്തിന്റെ ആരാധനയുടെ പാഠം! സ്നേഹത്തിന്റെ സമർപ്പണത്തിന്റെ പാഠം! 91-ാം സങ്കീർത്തനം വായിച്ചുപോകുമ്പോൾ 9 ഗ്യാരന്റികൾ നമുക്ക് ലഭിക്കുന്നു. സെക്യൂരിറ്റിയുടെ 9 ഗ്യാരന്റി. നാം ഓരോന്നും ചിന്തിച്ചുവരികയായിരുന്നു. 5-മാത്തെ കാര്യം: ഭയത്തിൽ നിന്ന് മോചനം തരും. ഇന്ന് മനുഷ്യസമൂഹം ഭയവിഹ്വലരാണ്. നാളെയെക്കുറിച്ചുള്ള ആശങ്കകൾ നമ്മെ വേട്ടയാടികൊണ്ടിരിക്കുകയാണ്.

നിങ്ങളുടെ ഭയം മാറ്റി ജീവിതത്തിൽ പുതിയ നാമ്പു മുളപ്പിച്ചുതരും. ജീവിതത്തിൽ പുത്തൻപ്രതീക്ഷകൾ ഉണർത്തി തരും. പുതിയ ആശയുടെ നറുനാമ്പുകൾ വിരിയിച്ചുതരും. നീ ഇനിയും നിരാശനായി കഴിയേണ്ട, ജീവിതം മടുത്തുപോകണ്ട, ജീവിതത്തിന് അർത്ഥം ഉണ്ട്. ജീവനുള്ള ദൈവത്തിന്റെ വചനം കേട്ട് ഹൃദയം ക്രിസ്തുവിനുവേണ്ടി തുറക്കുമെങ്കിൽ കർത്താവ് നിങ്ങളെ അനുഗ്രഹിക്കും നിങ്ങളുടെ കണ്ണുനീര് തുടയ്ക്കും.

രാത്രിയിലെ ഭയത്തേയും പകൽ പറക്കുന്ന അസ്ത്രത്തെയും നീ പേടിക്കണ്ട, ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയെ നീ പേടിക്കണ്ട, ഉച്ചയ്ക്ക് സഞ്ചരിക്കുന്ന സംഹാരത്തെയും നീ പേടിക്കണ്ട.

സംഹാരങ്ങൾ വരുന്നുണ്ട്, നമ്മെ എതിർക്കുന്ന ആളുകൾ ഉണ്ട്, നമ്മെ കുറ്റപ്പെടുത്തുന്ന ആളുകൾ ഉണ്ട്, നമ്മെ നശിപ്പിക്കാൻ ഉദ്യമിക്കുന്ന ആളുകൾ ഉണ്ട്, നമ്മുടെ അഭിവൃദ്ധി തടയാൻ ശ്രമിക്കുന്നവരുണ്ട്, നമ്മുടെ അഭിവൃദ്ധിയിൽ

അസൂയാലുക്കളായവരുണ്ട്, നാം ഒരിക്കലും തലപൊക്കരു തെന്ന് ആഗ്രഹിക്കുന്നവരുണ്ട്. പൈശാചിക ശക്തി നമ്മെ അഭിവൃദ്ധിപ്പെടാൻ സമ്മതിക്കില്ല. നാം സുഖമായിരിക്കാൻ സമ്മതിക്കില്ല. നമ്മെ സ്വൈര്യമായിരിക്കാൻ സമ്മതിക്കില്ല. നമ്മുടെ കുടുംബം സമാധാനമായിരിക്കാൻ സമ്മതിക്കില്ല, ഐശ്വര്യം ഉണ്ടാകാൻ സമ്മതിക്കില്ല. നമുക്ക് സൗഖ്യം കിട്ടാൻ സമ്മതിക്കില്ല. ദുഷ്ടപ്പിശാചിന്റെ തന്ത്രം നമ്മെ നശിപ്പിക്കു കയെന്നുള്ളതാണ്, നമ്മുടെ ജീവിതം തകർക്കുകയെന്നുള്ള താണ് പകൽ സമയത്ത് സംഹാരമായി കടന്നുവരും, രാത്രി യിൽ ഭയമാണല്ലോ, പകലോ സംഹാരം, ഉച്ചയ്ക്ക് നശിപ്പി ക്കുന്ന സംഹാരം.

ആറാമത്തെ ഗ്യാരണ്ടി.

“നിന്റെ വശത്ത് ആയിരം പേരും നിന്റെ വലതുവശത്ത് പതിനായിരം പേരും വീഴും എങ്കിലും അത് നിന്നോട് വരുക യില്ല.” അനേകർ വീഴുന്നത് നീ കാണുന്നുണ്ട്. പക്ഷേ അത് നിന്നോട് അടുത്തുവരുകയില്ല. നീ സ്രഷ്ടാവിലേക്ക് നോക്കി നിന്നാൽ മതി. അപകടങ്ങളിൽ നിന്നും നിനക്ക് സുരക്ഷിതത്വം തരും. പലരും അപകടങ്ങളിൽ വീഴുന്നതു നീ കാണും, ആത്മീയമായ അത്യാഹിതങ്ങളിൽ വീഴുന്നതു കാണും.

ആത്മീയമായ ആക്സിഡന്റ് എന്നതിനെപ്പറ്റി ആരും ചിന്തിക്കറില്ല, അനേകർ ഇന്ന് ആത്മീയമായ അത്യാഹിത ത്തിൽ പെട്ടുകിടക്കുകയാണ്. വലിയ ആക്സിഡന്റ്. ഏതെ ങ്കിലും ചിന്താഗതിയിലായിരിക്കാം, ആരെങ്കിലും പറഞ്ഞുപര ത്തിയതായിരിക്കാം. കൂട്ടായ്മയ്ക്കെതിരായിട്ടോ കർത്തൃ ശുശ്രൂഷകർക്കെതിരായിട്ടോ ആരെങ്കിലും ദുഷ് പ്രചരണം നടത്തി, നിങ്ങൾ കേട്ടുപോയി; വിശ്വസിച്ചും പോയി. ആരെ ങ്കിലും കിംവദന്തികൾ പറയുന്നത് കേട്ട് അത് അപവാദമാണോ

എന്നറിയാതെ വിശ്വസിച്ചുപോയതായിരിക്കാം. അത് ആത്മീയമായ അത്യാഹിതമാണ്.

നിങ്ങളെ അത്യാഹിതത്തിൽ നിന്ന് വിടുവിക്കാൻ യേശു നിങ്ങളുടെ അരികത്തേയ്ക്ക് വരുകയാണ്, ആത്മീയമായ അത്യാഹിതത്തിൽ നിന്ന് നിങ്ങളെ രക്ഷിച്ച് സുരക്ഷിതവലയത്തിനുള്ളിൽ നിങ്ങളെ ആക്കുവാൻ കർത്താവ് നിങ്ങളുടെ അരികത്തേയ്ക്ക് വരുകയാണ്, നിങ്ങൾക്ക് സുരക്ഷിത്വം തരുവാൻ - ഭദ്രത തരുവാൻ - യേശു നിങ്ങളെ സമീപിക്കുകയാണ്, യേശുവിന്റെ കരവലയത്തിനുള്ളിലേക്കു വരുക. ആ തിരുരക്തത്തിലേക്ക് വരുക. യേശുവിന്റെ സ്നേഹത്തിന്റെ ചുവട്ടടിയിലേക്ക് വരിക. യേശുവിന്റെ പാദപീഠത്തിങ്കലേക്ക് വരുക. നിങ്ങൾ ഏങ്ങലടിച്ചുകൊണ്ട് യേശുവിനോട് പറയുക: "എന്റെ ദൈവമേ ഞാനിപ്പോൾ ആത്മീയ അത്യാഹിതത്തിലാണ് ആത്മീയമായ ഒരപകടം എനിക്ക് സംഭവിച്ചിരിക്കുന്നു. എന്റെ കർത്താവേ എന്റെ പ്രാർത്ഥന കുറഞ്ഞുപോകുന്നു. എന്റെ ആത്മീയ ശ്വാസോച്ഛ്വാസം തടസ്സപ്പെട്ടുപോയിരിക്കുന്നു.

തിരുവചനം തരുന്ന കൂട്ടായ്മയിലേക്ക് പോകുന്നത് കുറഞ്ഞുപോയിരിക്കുന്നു. കൂട്ടായ്മയിലേക്കുപോകാനുള്ള മടി വർദ്ധിച്ചുവരുന്നു.

നിങ്ങളെ വിടുവിയ്ക്കുവാൻ യേശുവിന് കഴിയും, നിങ്ങൾ നിങ്ങളുടെ അവിശ്വാസവും അലസതയും ഏറ്റുപറഞ്ഞുപേക്ഷിച്ച് യേശുവിനെ വിളിച്ച് അപേക്ഷിക്കൂ, ആയിരങ്ങൾ വീഴട്ടെ, പതിനായിരങ്ങൾ വീഴട്ടെ എന്നാൽ നിങ്ങളെ കാക്കുവാൻ ദൈവം ശക്തനാണ്.

അപ്പോസ്തലനായ യൂദാ എഴുതിയ ലേഖനത്തിൽ ഒരു

അദ്ധ്യായം മാത്രമേയുള്ളൂ. "വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ച് തന്റെ മഹിമാ സന്നിധിയിൽ കളങ്കമില്ലാത്തവരായി ആന്ദത്തോടെ നിർത്തുവാൻ ശക്തിയുള്ളവനാണ് നമ്മുടെ ദൈവം." എന്ന് യൂദായുടെ ലേഖനത്തിന്റെ ഒടുവിലത്തെ ഖണ്ഡികയിൽ നാം വായിക്കുന്നു.

> "നിന്റെ കണ്ണുകൊണ്ടു തന്നെ നോക്കി ദുഃഷ്ടന്മാർക്ക് വരുന്ന പ്രതിഫലം നീ കാണും. യഹോവേ, നീ എന്റെ സങ്കേതമാകുന്നു, നീ അത്യുന്നതനെ നിന്റെ വാസസ്ഥലമാക്കിയിരിക്കുന്നു. ഒരു അനർത്ഥവും നിനക്ക് ഭവിക്കയില്ല, ഒരു ബാധയും നിന്റെ കൂടാരത്തിന് അടുക്കയില്ല."
>
> സങ്കീ. 91:9–10

യേശു നിങ്ങളുടെ ഉള്ളിൽ വാഴുമ്പോൾ ജീവിതം ഇൻഷ്വർ ചെയ്തതായി തീരുന്നു. ആ ജീവിതം സുരക്ഷിതമാണ്. നിന്റെ കണ്ണുകൊണ്ടുതന്നെ നീ നോക്കി ദുഷ്ടന്മാർക്ക് വരുന്ന പ്രതിഫലം കാണും.

ഏഴ്: "ഒരനർത്ഥവും നിനക്ക് ഭവിക്കുകയില്ല. ഒരു ബാധയും നിന്റെ കൂടാരത്തിന് അടുക്കുകയില്ല." അതുകൊണ്ട് ദൈവമക്കൾക്കാർക്കും രോഗവും കഷ്ടവും നഷ്ടവും വരികയില്ലെന്നല്ല. യേശുവിന്റെ നാമത്തിൽ കുരിശ് നാം വഹിക്കണം. യേശുവിന്റെ നാമത്തിൽ നാം കഷ്ടത സഹിക്കണം. പൈശാചിക ശക്തിയുടെ ആക്രമണത്തിൽ നിന്നുള്ള ഇൻഷ്വറൻസ് ലഭിക്കും. ദുഷ്ടപ്പിശാച് കൊണ്ടുവരുന്ന ബാധയൊന്നും അടുക്കുകയില്ല.

ക്രേവൻ എന്നു പറയുന്ന ഒരു വലിയ പ്രഭുവുണ്ടായിരു

ന്നു ഇംഗ്ലണ്ടിൽ. നാട്ടിൽ പ്ലേഗ് ബാധയുണ്ടായി. അനേകർ പ്ലേഗ് ബാധമൂലം മരിക്കുന്നു. പ്ലേഗ് ബാധവന്നാൽ പിന്നെ ജീവനോടെ കിട്ടുന്നത് പ്രയാസമായിരുന്നു. മരണം സുനിശ്ചിതമാണ്. ക്രേവൻ അദ്ദേഹത്തിന്റെ ജോലിക്കാരെ വിളിച്ചു പറഞ്ഞു. "എന്റെ കുതിരവണ്ടി തയ്യാറാക്കൂ. നമുക്ക് ഗ്രാമപ്രദേശത്തേക്ക് പോകാം. അവിടെ വേനൽകാല വസതിയിൽ താമസിക്കാം"

വേലക്കാർ കുതിരവണ്ടി തയ്യാറാക്കി നിർത്തി, കുതിരവണ്ടിയിൽ സാധനങ്ങൾ എടുത്തുവച്ചു. വേലക്കാരിൽ ഒരുവൻ ഒരു നീഗ്രോയാണ്. നീഗ്രോ മറ്റൊരു വേലക്കാരനോട് പറയുകയാണ് :"നമ്മുടെ യജമാനന് അവിടെ ഈ ബാധ വരികയില്ല എന്നായിരിക്കും വിചാരം! " അവൻ പറഞ്ഞത് ക്രേവൻ പ്രഭുകേട്ടു. അദ്ദേഹം തീരുമാനിച്ചു : "ബാധപേടിച്ച് ഇവിടം വിട്ട് പോകുകയല്ല ബാധമാറ്റുന്ന ക്രിസ്തുവിൽ ആശ്രയിക്കുകയാണ് വേണ്ടത്"

കുതിരവണ്ടിയിൽ എടുത്തുവെച്ച സാധനങ്ങളെല്ലാം തിരികെ എടുത്തുവയ്ക്കാൻ പറഞ്ഞു. തുടർന്ന് പ്ലേഗ് ബാധയുള്ള അനേകരെ ശുശ്രൂഷിക്കാൻ കഴിഞ്ഞു. രോഗബാധ ഒട്ടും ഉണ്ടായില്ല.

ക്രിസ്തുവിൽ ആശ്രയിച്ചാൽ ഒരു ബാധയും നിന്നോടു അടുക്കുകയില്ല. ശത്രുവിന്റെ ഒരു സ്വാധീനവും നിന്നോട് അടുക്കുകയില്ല. അനേകം പേർ ചീത്തകൂട്ടു കെട്ടിൽപെട്ട് നശിക്കുകയാണ്. കഞ്ചാവിന്റെ ബാധ, മദ്യത്തിന്റെ ബാധ, മയക്കുമരുന്നിന്റെ ബാധ, ചരസ്സിന്റെ ബാധ എന്നിങ്ങനെ വിവിധ ബാധകൾ. അനേകർ ബാധകളിൽ പെട്ട് നട്ടം തിരിയുകയാണ്. നിങ്ങൾ ഏതെങ്കിലും കൊള്ളരുതാത്ത ബന്ധങ്ങളുടെ ബാധയിൽ പെട്ടിട്ടുണ്ടോ? ദുശ്ശീലങ്ങളുടെ ബാധയിൽ

പെട്ടുകിടക്കുന്നുവോ? ദ്രവ്യാഗ്രഹത്തിന്റെ ബാധ, അഹന്തയുടെ ബാധ, സ്ഥാനമോഹങ്ങളുടെ ബാധ എല്ലാറ്റിൽ നിന്നും മോചനം ആവശ്യമാണ്. പൈശാചികന്റെ ബാധയൊന്നും നിങ്ങളുടെ കുടുംബത്തിലേക്ക് അടുക്കാതെ നിങ്ങളെ പരിപാലിക്കാൻ യേശുക്രിസ്തുവിന് കഴിയും.

എട്ട് : 11 ഉം 12 വാക്യങ്ങൾ "നിന്റെ എല്ലാം വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ നിന്നെക്കുറിച്ച് തന്റെ ദൂതന്മാരോട് കല്പിക്കും കാൽ കല്ലിൽ തട്ടിപ്പോകാതെ ഇരിക്കേണ്ടതിന് അവർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും." രക്ഷിക്കപ്പെടുന്നവർക്ക് ദൂതൻമാരുടെ സംരക്ഷണം കിട്ടും, ദൈവമക്കൾക്ക് മാലാഖമാരുടെ സംരക്ഷണം കിട്ടും എന്ന് തിരുവചനം പറയുന്നു.

> "അവരൊക്കെയും രക്ഷപ്രാപിക്കാനുള്ളവരുടെ ശുശ്രൂഷയ്ക്ക് അയയ്ക്കപ്പെടുന്ന സേവകാത്മാക്കളല്ലയോ."
>
> എബ്രാ. 1:14.

നിങ്ങൾ വിഷമസന്ധിയിൽ കുരുങ്ങുമ്പോൾ ദൂതന്മാർ നിങ്ങളുടെ ചുറ്റും വന്നു നിൽക്കും. നിങ്ങൾ രോഗശയ്യയിൽ ആയിരിക്കുമ്പോൾ ദൂതന്മാർ നിങ്ങളുടെ ചുറ്റും വന്നു നിൽക്കും. ജീവിതം ക്രിസ്തുവിന് കൈമാറിയെങ്കിൽ സുരക്ഷിതമായിരിക്കും. മരണശയ്യയുടെ അരികത്തും മാലാഖമാർ ചുറ്റും നിന്ന് കാവൽ ചെയ്യും. എന്തു സുരക്ഷിതത്വമാണ് ക്രിസ്തീയ ജീവിതം!

ചൈനയിൽ ദൈവത്തിന്റെ വേല ചെയ്യുവാനായി ഇംഗ്ലണ്ടിൽ നിന്ന് ചില സുവിശേഷകർ പോയി വിവിധ ഗ്രാമപ്രദേശങ്ങളിൽ അവർ പോയി വേല ചെയ്തു. അന്ന് ഇംഗ്ല

ണ്ടിൽ നിന്ന് അയയ്ക്കുന്ന രൂപ ബാങ്കിൽ നിന്ന് എടുത്ത് ഗ്രാമപ്രദേശങ്ങളിലേക്ക് തിരികെ പോകാനായിട്ട് ഒരു സുവിശേഷകൻ പുറപ്പെട്ടു. രൂപയുമായി പോരുമ്പോൾ ഏതാനും കൊള്ളക്കാർ ഇദ്ദേഹത്തെ അനുഗമിച്ചു. രാത്രി അദ്ദേഹം ഒരു കടയുടെ തിണ്ണയിൽ രൂപയുള്ള ബാഗ് തലയ്ക്ക് വെച്ചു കൊണ്ട് ഉറങ്ങി. കൊള്ളക്കാർ പണം അപഹരിക്കാൻ വന്നപ്പോൾ അവർക്ക് അടുക്കുവാൻ പറ്റിയില്ല. ഒരു വലിയ വെളിച്ചം ദേഹത്ത് ചുറ്റിനിൽക്കന്നത് കണ്ടു. തന്നെയുമല്ല, മിന്നുന്ന വാൾ ഊരിപ്പിടിച്ചുകൊണ്ട് പതിനാറു പേര് ചുറ്റും നിൽക്കുന്നതു കണ്ടു. പേടിച്ചു കൊള്ളക്കാർ ഓടിപ്പോയി.

ഏതാനും നാളുകൾ കഴിഞ്ഞു ഈ കൊള്ളക്കാരിൽ ഒരുവൻ ഇദ്ദേഹത്തെ കാണാനിടയായി. ഞങ്ങൾ കഴിഞ്ഞ ദിവസം അങ്ങയെ ആക്രമിക്കാൻ വന്നതാണ്, അപ്പോൾ അങ്ങയുടെ ചുറ്റും വാളേന്തി പതിനാറുപേർ നിൽക്കുന്നത് കണ്ടു. അവർ ആരാണ്? “ദൈവത്തിന്റെ മാലാഖമാർ ആയിരിക്കും, കൂടെ വേറെ ആരും ഉണ്ടായിരുന്നില്ല.” ആ കൊള്ളക്കാരൻ മാനാസാന്തരപെട്ടു, അവൻ ദൈവത്തിങ്കലേക്കു തിരിഞ്ഞു.

ഏതാനും നാൾ കഴിഞ്ഞ് ഈ ദൈവദാസൻ ഇംഗ്ലണ്ടിലേക്ക് തിരികെ ചെന്ന് അനുഭവം പറഞ്ഞപ്പോൾ ഈ കാര്യം പറഞ്ഞു ഞാൻ ബാങ്കിൽ നിന്ന് രൂപ എടുത്തുകൊണ്ടു പോരുമ്പോൾ ഏതാനും കൊള്ളക്കാർ എന്നെ അനുഗമിച്ചു. രാത്രി ഒരു പീടികയുടെ തിണ്ണയിൽ കിടന്നുറങ്ങി എന്നെ കൊല്ലുവാനായി കൊള്ളക്കാർ വന്നു അവർക്ക് അടുക്കുവാൻ പറ്റിയില്ല. എന്തുകൊണ്ടാണെന്ന് അറിഞ്ഞുകൂടാ, പതിനാറുപേർ തീ പാറുന്ന വാള് ഊരിപിടിച്ചുകൊണ്ട് എനിക്കു ചുറ്റും നിൽക്കുന്നത് കൊള്ളക്കാർ കണ്ടു.

അപ്പോൾ അവർ പരസ്പരം മുഖത്തോട് മുഖം നോക്കി. എന്നാണ് ആ സംഭവം നടന്നത്? അവർ തീയതി ഓർത്തു. അന്ന് നമ്മൾ പതിനാറുപേർ ഇവിടെ ഇരുന്നു ചൈനയിൽ ദൈവവേലയ്ക്കുപോയ സുവിശേഷകനുവേണ്ടി പ്രാർത്ഥിക്കുകയായിരുന്നു. ആത്മാവിൽ ജീവനുള്ളവർ പ്രാർത്ഥിച്ചപ്പോൾ അവരുടെ പ്രാർത്ഥന കർത്താവ് കൈക്കൊണ്ട് പതിനാറു കാവൽമാലാഖമാരെ നിയോഗിച്ചു. അവരെല്ലാവരും മാലാഖമാരുടെ സംരക്ഷണത്തിനായി ദൈവത്തെ സ്തുതിച്ചു.

> "യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ
> ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു."
>
> സങ്കീ. 34:7

## ആറ്

ഒമ്പത്, "സിഹത്തിന്മേലും അണലിമേലും നീ ചവിട്ടും. ബാലസിംഹത്തെയും പെരുമ്പാമ്പിനെയും നീ മെതിക്കും." രാത്രിയിലെ ഭയത്തെയും പകൽ പറക്കുന്ന അസ്ത്രത്തെയും ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയെയും, ഉച്ചയ്ക്ക് നശിപ്പിക്കുന്ന സംഹാരത്തെയും നിനക്ക് പേടിപ്പാൻ ഇല്ല, നിന്റെ വശത്ത് ആയിരം പേരും നിന്റെ വലത്ത് വശത്ത് പതിനായിരം പേരും വീഴും, എങ്കിലും അത് നിന്നോട് അടുത്തുവരികയില്ല. നിന്റെ കണ്ണുകൊണ്ടു തന്നെ നീ നോക്കി ദുഷ്ടൻമാർക്ക് വരുന്ന പ്രതിഫലം നീ കാണും. യഹോവേ, നീ എന്റെ സങ്കേതമാകുന്നു, നീ അത്യുന്നതനെ നിന്റെ വാസസ്ഥലമാക്കിയിരിക്കുന്നു. ഒരനർത്ഥവും നിനക്ക് ഭവിക്കുകയില്ല. ഒരു ബാധയും നിന്റെ കൂടാരത്തിന് അടുക്കകയില്ല.

"സിംഹത്തിൻ മേലും അണലിമേലും നീ ചവിട്ടും, ബാലസിംഹത്തെയും പെരുമ്പാമ്പിനെയും നീ മെതിക്കും." സുര

ക്ഷിതത്തിന്റെ 9 കാര്യങ്ങളിൽ ഒമ്പതാമത്തെ കാര്യമാണ് സിംഹത്തിൻ മേലും അണലിമേലും നീ ചവിട്ടും എന്നത്. പാമ്പ് സാത്താന്റെ പ്രതീകമാണ്. മനുഷ്യനെ നശിപ്പിക്കുന്ന ഉഗ്രനായ ശത്രുവാണ് പിശാച്. സാത്താൻ ഏദൻതോട്ടത്തിൽ കടന്നുവന്ന് ആദ്യമനുഷ്യനെ ചതിച്ചു, സർപ്പത്തിന്റെ തല ചവുട്ടി മെതിക്കുന്നവനാണ് കർത്താവായ യേശുക്രിസ്തു.

"പാപം ചെയ്യുന്ന ദേഹി മരിക്കും എന്നും പാപം ചെയ്യുന്ന നാളിൽ മരിക്കും എന്ന് പാപത്തിന്റെ ശമ്പളം മരണമത്രേ" എന്നും തിരുവെഴുത്ത് പറയുന്നു. ഉല്പത്തി 2:16–17; യെഹ. 18:4; റോമർ 6:20. ജഡമോഹം , കണ്മോഹം, ജീവനത്തിന്റെ പ്രതാപം അഥവാ പ്രതാപ മോഹം എന്നീ ത്രിവിധമോഹങ്ങ ളാലാണ് സാത്താൻ മനുഷ്യനെ പരീക്ഷിക്കുന്നത്. ആദി മനു ഷ്യനെ പ്രലോഭിപ്പിച്ചത് ഈ മോഹങ്ങളാലാണ്.

ഒന്ന്, വൃക്ഷഫലം തിന്മാൻ നല്ലത് (ജഡമോഹം)

രണ്ട്, വിലക്കപ്പെട്ട കനി കാണ്മാൻ ഭംഗിയുള്ളത് (കണ്മോ ഹം)

മൂന്ന്, നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തിന്റെ ഫലം ജ്ഞാനം പ്രാപിപ്പാൻ കാമ്യം (പ്രതാപമോഹം)

ഈ മൂന്നു വിധത്തിലുള്ള മോഹങ്ങളിലാണ് ആദിമനു ഷ്യൻ കുടുങ്ങിയത്. (ഉല്പത്തി 3:6.)

മനഃശാസ്ത്രജ്ഞനായ ഫ്രോയ്ഡ് പറയുന്നു: മനുഷ്യന്റെ ജന്മസിദ്ധമായ പ്രകൃതി ലൈംഗിക വാസനയിൽ കേന്ദ്രീകൃ തമാണ്. (What man needs is sexual pleasure) എന്നാൽ മനഃശാ സ്ത്രജ്ഞനായ ആഡ്ലർ പറയുന്നത് മനുഷ്യന്റെ ഏറ്റവും വലിയ ദാഹം അധികാരവും പദവിയുമാണ്. (What man needs

is power) യംഗ് പറയുന്നു : മനുഷ്യന്റെ അന്തരംഗം ത്വര കൊള്ളുന്നത് ജ്ഞാനത്തിനു വേണ്ടിയാണ് (What man needs is knowldege) അഡ്‌ലറും യംഗും പറയുന്നത് ഏകോപിപ്പിച്ചാൽ Self അല്ലെങ്കിൽ Ego (സ്വയം - പ്രതാപമോഹം) എന്ന് കാണാം. (1) Sex (2) Silver (3) Self മറ്റു വിധത്തിൽ പറഞ്ഞാൽ Girl (2) Gold (3) Glory

അതു തന്നെയാണ് കുഞ്ചൻ നമ്പ്യാർ പാടിയത്.

"കനകം മൂലം കാമിനി മൂലം
കലഹം പല വിധമുലകിൽ സുലഭം"

കണ്മോഹം, ജഡമോഹം, പ്രതാപമോഹം എന്നിവയെക്കുറിച്ച് യാക്കോബിന്റെ ലേഖനത്തിൽ കാണുന്നത് ഇങ്ങനെയാണ്.

> "ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്ത മോഹത്താൽ ആകർഷിച്ച് വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹംഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു. പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു."
>
> യാക്കോബ് 1:14-15

യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ ഇതിനെക്കുറിച്ച് പറയുന്നുണ്ട്.

> "ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, കണ്മോഹം, ജീവ

> നത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളത് എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞു പോകുന്നു. ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു.
>
> "യോഹ 2:15-17.

മനുഷ്യൻ പാപത്തിൽ വീഴുവാൻ കാരണക്കാരാനായ പാമ്പിനോട് ദൈവം അരുളിച്ചെയ്തു.

> "നീ ഇത് ചെയ്ക കൊണ്ട് എല്ലാ കന്നുകാലി കളിലും എല്ലാ കാട്ടുമൃഗങ്ങളിലും വെച്ച് നീ ശപിക്കപ്പെട്ടിരിക്കുന്നു. നീ ഉരസ്സുകൊണ്ട് ഗമിച്ച് നിന്റെ ആയുഷക്കാലമൊക്കെയും പൊടി തിന്നും. ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാൽ തകർക്കും.
>
> ഉല്പത്തി 3:14-15

ഈ പ്രവചനത്തിന്റെ നിവൃത്തിയാണ് ഗോഗുൽത്താ യിലെ കുരിശുമരണത്തിൽ നാം കാണുന്നത്. സ്ത്രീയുടെ സന്തതിയായി ജനിച്ചത് യേശുക്രിസ്തു മാത്രം. ലോകത്തിൽ പിറന്നിട്ടുള്ള സകല മനുഷ്യരും പുരുഷന്റെ സന്തതിയാണ്. ശത്രുവായ പൈശാചികന്റെ മേൽ ക്രിസ്തു ജയോത്സവം കൊണ്ടാടിയെന്ന് അപ്പോസ്തലനായ പൗലോസ് പറയുന്നു.

You were dead in sins and your sinful desires were not yet cut away.Then He gave you a share in the very life of Christ, for He

forgave all your sins, and blotted out the charges proved against you, the list of his commandments which you had not obeyed. He took this list of sins and destroyed it by Nailing it to Christ's Cross. In this may God took away Satan's power to accuse you of sin, and God openly displayed to the whole world Christ's triumph at the Cross where your sins were all taken away" Col 2:13-15 (LB)

"നിങ്ങൾ പാപത്തിൽ മരിച്ചവരായിരുന്നു. നിങ്ങളുടെ പാപകരമായ ഇച്ഛകൾ വിച്ഛേദിക്കപ്പെട്ടിരുന്നില്ല. അങ്ങനെയിരിക്കെ ദൈവം നിങ്ങളുടെ പാപങ്ങളൊക്കെയും ക്ഷമിച്ച് ക്രിസ്തുവിന്റെ ജീവനിൽ നിങ്ങളെ പങ്കുകാരാക്കി തീർത്തു. നിങ്ങൾക്കു വിരോധമായി തെളിയിച്ചിട്ടുള്ള കുറ്റങ്ങൾ. നിങ്ങളുടെ കല്പന ലംഘനത്തിന്റെ പട്ടിക - അവിടുന്ന് മായിച്ചു കളഞ്ഞു. പാപങ്ങളുടെ ഈ പട്ടിക ദൈവം ക്രിസ്തുവിന്റെ ക്രൂശിൽ തറച്ച് നശിപ്പിച്ചു കളഞ്ഞു. അങ്ങനെ നിങ്ങളുടെ മേൽ കുറ്റം ആരോപിക്കാനുള്ള സാത്താന്റെ ശക്തി അവിടുന്ന് ഇല്ലാതെയാക്കി. ക്രൂശിന്മേൽ ക്രിസ്തു സമ്പാദിച്ച വിജയം സകല ലോകത്തിന്റെയും മുമ്പിൽ ദൈവം പരസ്യമായി പ്രദർശിപ്പിച്ചു. ഈ ക്രൂശ് നിങ്ങളുടെ പാപങ്ങൾ എല്ലാം നീക്കിക്കളഞ്ഞു. കൊലോ 2:13-15.

ക്രൂശിലെ മരണത്താൽ ക്രിസ്തു പാമ്പിന്റെ തല തകർത്തു. സാത്താൻ ഇന്ന് പരാജയപ്പെട്ട ശത്രുവാണ്. എങ്കിലും അവന്റെ ദുസ്സ്വാധീനം ഇന്നും മനുഷ്യരെ നാശത്തിലേക്ക് വലിച്ചിഴയ്ക്കുന്നുണ്ട്. പാപം ചെയ്യുവാനുള്ള പ്രേരണ തരുന്നത് സാത്താനാണ്. ആക്രമം, കൊലപാതകം, ഭീകരപ്രവർത്തനങ്ങൾ, കവർച്ചകൾ, അഴിമതി, ബലാൽസംഗങ്ങൾ, വ്യഭിചാരം, പക, പ്രതികാരവാഞ്ഛ എന്നിങ്ങനെ മനുഷ്യൻ ഇന്ന് നശിച്ചു പോകുന്നതിനു കാരണമായ സകല തിന്മകളുടെയും പിന്നിൽ പഴയ പാമ്പാണ് പ്രവർത്തിക്കുന്നത്.

അപ്പോസ്തലനായ പൗലോസ് മുന്നറിയിപ്പു തരുന്നു. "സാത്താൻ നമ്മെ തോല്പ്പിക്കരുത് അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലോ." 2 കൊരിന്ത്യർ 2:11

മൂന്ന് വിധത്തിലാണ് സാത്താൻ നമ്മെ ആക്രമിക്കുന്നത്. ഒന്ന്, സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ കൗശലത്തിൽ നമ്മെ ചതിക്കുന്നു.

> "സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായിപ്പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു."
>
> 2 കൊരി 11: 3

രണ്ട്, വെളിച്ച ദൂതന്റെ വേഷത്തിൽ വരുന്നു.

കപടവേലക്കാർ, കള്ള അപ്പോസ്തലന്മാർ, ക്രിസ്തുവിന്റെ അപ്പോസ്തലന്മാരുടെ വേഷം ധരിക്കുന്നവർ മുതലായവരെല്ലാം സാത്താന്റെ പിണിയാളുകളോ ഏജന്റുമാരോ ആണ്..

> "അത് ആശ്ചര്യവുമല്ല, സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ. ആകയാൽ അവന്റെ (സാത്താന്റെ) ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമല്ല"
>
> 2 കൊരി 11:14-15

മൂന്ന്, അലറുന്ന സിംഹത്തെപ്പോലെ ഗർജ്ജിച്ചു ചാടിവീണ് ആക്രമിക്കുന്നു.

"നിർമ്മദരായിരിപ്പിൻ, ഉണർന്നിരിപ്പിൻ, നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്ന് തിരിഞ്ഞ് ചുറ്റി നടക്കുന്നു."

പത്രോസ് 2 5:8

മനുഷ്യനെ കുറ്റം ചുമത്തുന്ന അപവാദിയായ പിശാചിന്റെ മേൽ ക്രിസ്തു ആത്യന്തിക ജയം നേടുന്നതിനെക്കുറിച്ച് വെളിപ്പാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

"പിന്നെ സ്വർഗ്ഗത്തിൽ യുദ്ധം ഉണ്ടായി. മീഖായേലും അവന്റെ ദൂതന്മാരും മഹാ സർപ്പത്തോട് പട വെട്ടി. തന്റെ ദൂതന്മാരുമായി മഹാ സർപ്പവും പടവെട്ടി ജയിച്ചില്ല താനും. സ്വർഗ്ഗത്തിൽ  അവരുടെ സ്ഥലം പിന്നെ കണ്ടതുമില്ല. ഭൂതലത്തെ മുഴുവൻ തെറ്റിച്ചു കളയുന്ന പിശാചും സാത്താനും എന്ന മഹാസർപ്പമായ പഴയ പാമ്പിനെ ഭൂമിയിലേക്ക് തള്ളിക്കളഞ്ഞു, അവന്റെ ദൂതന്മാരെയും അവനോടു കൂടെ തള്ളിക്കളഞ്ഞു. വെളിപ്പാട് 12:7-9

"ബാലസിംഹത്തെയും പെരുമ്പാമ്പിനെയും നീ മെതിച്ചുകളയും" എന്ന് തൊണ്ണൂറ്റി ഒന്നാം സങ്കീർത്തനത്തിൽ കാണുന്നത് പിശാചിന്റെ ദൂഷിത വലയത്തിൽ നിന്നു ക്രിസ്തു നമുക്ക് സംരക്ഷണം തരും (safety and security) എന്ന ആശ്വാസ ദൂതാണ്.

സിംഹം എന്നുപറയുന്നതും പിശാചിനെയാണ് കുറിക്കുന്നത്, പാമ്പിനെക്കുറിച്ച് പറഞ്ഞതുപോലെ തന്നെ, സാത്താന്റെ പ്രതീകമാണ് സിംഹം. പത്രോസിന്റെ ലേഖനത്തിൽ ഇങ്ങനെ കാണുന്നു. "നിർമ്മലരായിരിപ്പിൻ, ഉണർന്നിരിപ്പിൻ, നിങ്ങളുടെ

പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടൂ എന്ന് തിരഞ്ഞ് ചുറ്റിനടക്കുന്നു.” (പത്രോസ്: 5: 8) സാത്താൻ ഓരോരുത്തരെയും ലക്ഷ്യം വയ്ക്കുന്നു, ഭക്തന്മാരെ പിശാച് ലക്ഷ്യം വയ്ക്കുന്നു, വിശുദ്ധന്മാരെ പിശാച് ലക്ഷ്യം വയ്ക്കുന്നു. പ്രാർത്ഥിക്കുന്നവരെ പിശാച് ലക്ഷ്യം വയ്ക്കുന്നു, ദൈവ വേലചെയ്യുന്നവരെ പിശാച് ലക്ഷ്യം വയ്ക്കുന്നു, ജീവിതത്തിൽ നിഷ്ഠയോടുകൂടി ജീവിക്കുന്നവരെ പിശാച് ലക്ഷ്യം വയ്ക്കുന്നു, ജീവിതത്തിൽ പുതിയ സമർപ്പണം എടുക്കുന്നവരെ പിശാച് വളഞ്ഞുപിടിച്ചു ലക്ഷ്യം വയ്ക്കുന്നു.

നിങ്ങൾക്കു തന്നെ അറിയാം നിങ്ങൾ ചില തീരുമാനം എടുത്തുകഴിയുമ്പോൾ ആ തീരുമാനം തകർക്കുവാൻ പിശാച് വരുന്നത്. നിങ്ങൾ എടുത്ത സമർപ്പണത്തിൽക്കൂടിത്തന്നെ തെറ്റിക്കാൻ പിശാച് ശ്രമിക്കുന്നത് കാണാം. അനേകം ചെറുപ്പക്കാർ തീരുമാനിക്കുന്നു, അവർ അശുദ്ധിയോട് യാത്ര പറയുന്നു. എന്നാൽ അശുദ്ധിയിൽ തന്നെ അവരെ വീഴിച്ചേ അടങ്ങുകയുള്ളൂ എന്ന വാശിയോടെ, പിശാച് വരുന്നത് കാണാം. അവൻ അലറുന്ന സിംഹം പോലെ വിഴുങ്ങാൻ വരുകയാണ്. അവൻ പ്രതിയോഗിയാണ്, ശത്രുവാണ്.

നിങ്ങൾ കോപിക്കുകയില്ല എന്നു തീരുമാനിച്ചാൽ കോപിക്കാൻ പിശാച് കെണിയൊരുക്കിവയ്ക്കും, നിങ്ങൾ വഴക്ക് അടിക്കുകയില്ല എന്നു തീരമാനിച്ചാൽ നിങ്ങൾക്ക് കലഹിക്കാനും വഴക്കടിക്കാനും ചീത്തവാക്കു പറയാനും എല്ലാമുള്ള സാഹചര്യങ്ങൾ പിശാച് ഒരുക്കി കലഹിപ്പിക്കുകയും, വൈരാഗ്യപെടുത്തുകയും ചെയ്യും.

പിശാച് അലറുന്ന സിംഹമാണ്. പിശാച് നിങ്ങളെ

ക്ഷീണിപ്പിക്കാൻ ആവലാതികൾ കൊണ്ടുവരുന്നു, രോഗം കൊണ്ടുവരുന്നു, നിങ്ങൾ തളർന്നുപോകുവാൻ സാഹചര്യങ്ങൾ പിശാച് ഒരുക്കുന്നു. നിരാശവരാനുള്ള സാഹചര്യങ്ങളിലേക്ക് നയിക്കുന്നു.

അതുകൊണ്ട് അപ്പസ്തോലൻ പറയുന്നു: "നിങ്ങൾ നിർമ്മദരായിരിപ്പിൻ, ഉണർന്നിരിപ്പിൻ, നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടൂ എന്ന് തിരിഞ്ഞ് ചുറ്റിനടക്കുന്നു." പിശാച് അലറി കൊണ്ടുവരുന്നതുകൊണ്ട് നിങ്ങൾ ഭയപ്പെടരുത്. സാത്താൻ ഗർജ്ജിക്കുന്നതുകൊണ്ട് നിങ്ങൾ പേടിക്കരുത്.

പിശാച് ഭവനങ്ങളിൽ കലക്കം ഉണ്ടാക്കും. ഭാര്യയും ഭർത്താവും തമ്മിൽ നിസ്സാരം എന്നു തോന്നാവുന്ന കാര്യങ്ങളിൽ പോലും നീരസവും കൈയ്പ്പും അഭിപ്രായ വ്യത്യാസവും ഉണ്ടാക്കും, മാതാപിതാക്കളും മക്കളും തമ്മിൽ അഭിപ്രായവ്യത്യാസവും അകൽച്ചയും ഉണ്ടാക്കും. സഹോദരങ്ങൾ തമ്മിൽ ഭിന്നതയുണ്ടാക്കും. പിശാച് ചിലരെ തടഞ്ഞു നിർത്തി വചനം കേൾക്കാതിരിക്കാൻ ശ്രമിക്കും.

"ലോകത്തിൽ നിങ്ങൾക്കുള്ള സഹോദരവർഗ്ഗത്തിന് ആവക കഷ്ടപ്പാടുകൾ പൂർത്തിയായിവരുന്നു എന്നറിഞ്ഞ് വിശ്വാസത്തിൽ സ്ഥിരതയുള്ളവരായി അവനോട് എതിർത്ത് നിൽപ്പിൻ" പിശാചിനോട് എതിർത്തു നിൽക്കണം. ഒരു കാരണവശാലും അവന് ഇടം കൊടുക്കരുത്. ലോകത്തിൽ നിങ്ങളുടെ സഹോദരവർഗ്ഗത്തിനെല്ലാം ഈ വിധം കഷ്ടപ്പാടുവരുന്നുണ്ട്; അവര് പിടിച്ചു നിന്നല്ലോ, എന്ന് നിങ്ങൾ കാണണം.

ദൈവത്തിന്റെ സന്നിധിയിൽ വിശ്വസ്തതയോടെ

നിൽക്കാൻ ആഗ്രഹിക്കുന്നവർക്കെല്ലാം പിശാചിന്റെ എതിർപ്പും ഉപദ്രവങ്ങളും ഉണ്ടാകും, ശത്രുവിന്റെ ഭീക്ഷണിയും എതിർപ്പും ഉണ്ടാകും പലവിധത്തിലുള്ള ഉപദ്രവങ്ങളും കഷ്ടനഷ്ടങ്ങളും ഉണ്ടാകും.

പിശാചിനോട് എതിർത്ത് നിൽപ്പിൻ, വിശ്വാസത്തിൽ നിങ്ങൾ സ്ഥിരതയുള്ളവരായിരിപ്പിൻ, വിശ്വാസത്തിൽ ക്ഷീണിച്ചുപോകരുത്. സിംഹത്തെകുറിച്ച് 1 ശമുവേൽ 17-ാം അധ്യായം 4-ാം വാക്യം വായിക്കാം.

“അപ്പോൾ ഫെലിസ്ത്യരുടെ പാളയത്തിൽ നിന്ന് ഗഥ്യനായ ഗോലിയാത്ത് എന്ന മല്ലൻ പുറപ്പെട്ടു, അവൻ ആറുമുഴവും ഒരു ചാണും നെടുപ്പമുള്ളവനായിരുന്നു”. മല്ലനെ എതിർപ്പാനായിട്ട് ദാവീദ് വന്നു, അപ്പോൾ ദാവീദ് പറയുകയുണ്ടായി: ഒരിക്കൽ ഒരു സിംഹത്തിന്റെ കൈയ്യിൽ നിന്ന് ദൈവം എന്നെ രക്ഷിച്ചു. ഒരു കരടിയുടെ കൈയ്യിൽ നിന്ന് ദൈവം എന്നെ രക്ഷിച്ചു. 37-ാം വാക്യം “സിംഹത്തിന്റെ കൈയ്യിൽ നിന്നും കരടിയുടെ കൈയ്യിൽ നിന്നും എന്നെ രക്ഷിച്ച യഹോവ ഈ ഫെലിസ്ത്യന്റെ കൈയ്യിൽ നിന്ന് രക്ഷിക്കും.” എന്നു പറഞ്ഞു. കഴിഞ്ഞ കാലങ്ങളിൽ എന്റെ ജീവിതത്തിൽ സിംഹത്തിന്റെ കൈയ്യിൽ നിന്ന് എന്നെ വിടുവിച്ച ഒരു ചരിത്രം എനിക്ക് ഉണ്ട്. ദാവീദിന് ധൈര്യം കൊടുത്തത് അതാണ് കഴിഞ്ഞകാലങ്ങളിൽ ഞാൻ ദൈവത്തെ ആശ്രയിച്ചുചെന്നപ്പോൾ സിംഹത്തിന്റെ കൈയ്യിൽ നിന്ന് എന്നെ വിടുവിച്ചു. നിങ്ങൾക്ക് എന്നെങ്കിലും ജയം കിട്ടിയിട്ടുണ്ടോ?

പാപത്തിന്റെ പ്രലോഭനങ്ങൾ വന്നപ്പോൾ ആ പാപത്തെ നേരിടുവാനുള്ള കരുത്ത് നിങ്ങൾക്ക് കിട്ടിയിട്ടുണ്ട്. നിങ്ങൾ അന്ന് വാടിപോയില്ല, നിങ്ങൾ അന്ന് തളർന്നു പോയില്ല, പാപ

ങ്ങളിൽ കുടുങ്ങാനുള്ള സാഹചിര്യം വന്നപ്പോൾ നിങ്ങൾ പതറാതെ നിന്നവരാണ് അതുകൊണ്ട് സിംഹത്തിന്റെയും കരടിയുടെയും കൈകളിൽ നിന്ന് എന്നെ രക്ഷിച്ച ദൈവം ഇപ്പോൾ ഈ ദുഷ്ടനായ ഫെലിസ്ത്യന്റെ കൈയ്യിൽ നിന്ന് എന്നെ വിടുവിക്കുമെന്ന് ദാവീദ് പറയുകയാണ്. ന്യായാധിപന്മാരുടെ പുസ്തകം 14-ാം അധ്യായം ആറാം വാക്യം.

"അപ്പോൾ യഹോവയുടെ ആത്മാവ് അവന്റെ മേൽ വന്നു കൈയ്യിൽ ഒന്നും ഇല്ലാതിരിക്കെ ഒരു ആട്ടിൻകുട്ടിയെപോലെ അവൻ അതിനെ കീറികളഞ്ഞു.''ശിംശോന്റെ കൈയ്യിൽ ഒന്നും ഇല്ല സിംഹം അവന് നേരെ വന്നപ്പോൾ ഒരു ആട്ടിൻകുട്ടിയെപോലെ അവൻ അതിനെ കീറികളഞ്ഞു. ശിംശോന് സിംഹത്തെ കൊല്ലുവാൻ സാധിച്ചു. ശിംശോന് ബലം കിട്ടി. പ്രിയപ്പെട്ടവരെ, കഴിഞ്ഞകാല അനുഭവങ്ങളിലേക്ക് നോക്കൂക, ജീവിതത്തിൽ ചിലപ്പോഴെല്ലാം നിങ്ങൾക്ക് ജയം കിട്ടിയിട്ടുണ്ട്. ദാവീദിന് ജയം കിട്ടി, ശിംശോന് ജയം കിട്ടി, ദാനിയേലിന് ജയം കിട്ടി.

ദാനിയേലിന്റെ പുസ്തകം ആറാം അധ്യായം ഏഴാം വാക്യം "രാജാവേ, മുപ്പത് ദിവസത്തേയ്ക്ക് തിരുമേനിയോട് അല്ലാതെ യാതൊരു ദേവന്മാരോടോ മനുഷ്യനോടോ, അരെങ്കിലും അപേക്ഷ കഴിച്ചാൽ അവനെ സിംഹക്കുഴിയിൽ ഇട്ടുകളയുമെന്ന് ഒരു രാജനിയമം നിശ്ചയിക്കുകയും ഖണ്ഡിതമായ ഒരു വിരോധം കല്പിക്കുകയും .ചെയ്യേണം എന്ന് രാജ്യത്തെ സകല സ്ഥാനാധിപൻമാരും, മന്ത്രിമാരും പ്രമാണിമാരും ദേശാധിപന്മാരും കൂടി ആലോചിച്ചിരിക്കുന്നു." ദാനിയേൽ ദൈവത്തോട് പ്രാർത്ഥിക്കുന്നവനായിരുന്നു എന്നാൽ പേർഷ്യൻ രാജാവായ ദാര്യാവേശ്. ഒരു കല്പന പുറപ്പെടുവിക്കുവാൻ മന്ത്രിമാർ ഒരു ദുരാലോചേന കൊടുത്തതായി

രുന്നു.

അത് ദാനിയേലിനെ കെണിയിൽ വീഴിക്കാനായിരുന്നു. കല്പന ഇതാണ്: രാജാവിനോടല്ലാതെ ആരോടും പ്രാർത്ഥിക്കരുത്. പ്രാർത്ഥിച്ചാൽ അവനെ സിംഹങ്ങളുടെ ഗുഹയിൽ ഇടും. രാജാവ് ആ കെണി മനസ്സിലാക്കിയില്ല. ആ കെണിയുടെ പിന്നിൽ ദാനിയേലിനെ നശിപ്പിക്കാനുള്ള സൂത്രമാണെന്ന് രാജാവ് മനസ്സിലാക്കിയില്ല.

രാജാവ് കൽപ്പന പുറപെടുവിച്ചു. ദാനിയേൽ പ്രാർത്ഥിച്ചു. അപ്പോൾ അവർ ഓടിച്ചെന്ന് പറഞ്ഞു : രാജാവേ അങ്ങയുടെ കൽപ്പന ഓർമ്മയുണ്ടല്ലോ, അങ്ങയോടല്ലാതെ വേറെ ആരോടെങ്കിലും പ്രാർത്ഥിച്ചാൽ സിംഹങ്ങളുടെ ഗുഹയിൽ ഇടും എന്ന കൽപ്പന, ഇതാ ദാനിയേൽ, ദിവസം മൂന്നുപ്രാവശ്യം മുട്ടുകുത്തിപ്രാർത്ഥിച്ചു സ്തുതിക്കുന്നു. അവൻ ജനൽപോലും അടച്ചിട്ടില്ല, പരസ്യമായി പ്രാർത്ഥിക്കുന്നു.

രാജാവ് അമ്പരന്നു, കൽപ്പന പുറപ്പെട്ടുപോയി.

ദാനിയേലിന് ഭയമുണ്ടായില്ല, ദാനിയേലിനെ സിംഹങ്ങളുടെ ഗുഹയിൽ ഇട്ടു, എന്നാൽ സിംഹങ്ങളുടെ ഗുഹയിൽ ദൈവം ദാനിയേലിനെ രക്ഷിച്ചു.

സിംഹം പിശാചിന്റെ പ്രതീകമാണ്. മനുഷ്യനെ നശിപ്പിക്കാൻ, മനുഷ്യനെ വിഴുങ്ങാൻ ശ്രമിക്കുന്ന പിശാചിന്റെ പ്രതീകമാണ്.

ദാനിയേൽ സിംഹങ്ങളുടെ ഗുഹയിൽ വീണു, ദാനിയേൽ കണ്ണുകൾ അടച്ചു. ദാനിയേലിന് അറിയാം കൊല്ലും, മാംസം കടിച്ച് പിച്ചി ച്ചീന്തും. ദാനിയേൽ കണ്ണുകൾ ഇറുക്കെ പൂട്ടി അടച്ചു നിന്നു കുറെ നേരമായിട്ടും ഒന്നും സംഭവിക്കു

ന്നില്ല. ദാനിയേൽ നോക്കി അപ്പോൾ സിംഹങ്ങൾ അന ങ്ങാതെ നിൽക്കുന്നു. സിംഹങ്ങൾ വാ തുറക്കാൻ പറ്റാതെ നിൽക്കുകയാണ്. ചാടിവീഴാൻ നിൽക്കുന്നു പക്ഷേ ചാടു ന്നില്ല, ഇപ്പോൾ ചാടി കടിക്കും എന്നാണ് തോന്നുന്നത് പക്ഷേ ഒന്നും സംഭവിക്കുന്നില്ല.

ദാനിയേൽ കണ്ണടച്ചു അപ്പോൾ ആത്മാവിൽ ദർശനം ലഭിച്ചു. ഓരോ സിംഹത്തിന്റെ മുമ്പിൽ മാലാഖമാർ നിൽക്കു ന്നു. സിംഹത്തിന്റെ വായ് മാലാഖ മുറുകെ കൂട്ടി അടച്ചിരി ക്കുന്നു.

സിംഹത്തിന്റെ വായടച്ച ദൈവം നിങ്ങളെയും രക്ഷിക്കും. നമ്മെ ഹിംസിക്കാൻ കാത്തുനിൽക്കുന്ന ഭീകര നായ സിംഹമെന്ന സാത്താന്റെ വായ് കർത്താവ് അടയ്ക്കും, നമ്മെ ആക്ഷേപിക്കുന്നവന്റെ വായ് കർത്താവ് അടയ്ക്കും.

> "അപ്പോൾ മൂപ്പൻ മാരിൽ ഒരുത്തൻ എന്നോട്, കരയണ്ട; യഹൂദ ഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായവൻ പുസ്തകവും അതിന്റെ ഏഴു മുദ്രയും തുറക്കാൻ തക്കവണ്ണം ജയം പ്രാപിച്ചിരിക്കുന്നു എന്നു പറഞ്ഞു".
>
> വെളി. 5:5

അപ്പോൾ അറുക്കപ്പെട്ട കുഞ്ഞാട് നിൽക്കുന്നതായി യോഹന്നാൻ ശ്ലീഹ കാണുന്നു. അറുക്കപ്പെട്ട കുഞ്ഞാട് ക്രിസ്തുവിന്റെ പ്രതീകമാണ്.

"ഞാൻ സിംഹാസനത്തിൽ ഇരിക്കുന്നവന്റെ വലം കൈയിൽ അകത്തും പുറത്തും എഴുത്തുള്ളതായി ഏഴുമുദ്ര യാൽ മുദ്രയിട്ടൊരു പുസ്തകം കണ്ടു. ആ പുസ്തകം തുറ

പ്പാനും അതിന്റെ മുദ്ര പൊട്ടിപ്പാനും യോഗ്യൻ ആരുള്ളൂ എന്ന് അത്യുച്ചത്തിൽ ഘോഷിക്കുന്ന ഒരു ശക്തനായോരു ദൂതനെയും കണ്ടു." വെളി. 5:1 "ഞാൻ സിംഹസാനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പൻമാരുടെ മധ്യത്തിലും ഒരു കുഞ്ഞാട് അറുക്കപ്പെട്ടതുപോലെ നിൽക്കുന്നതും കണ്ടു." വെളി. 5:6

അറുക്കപ്പെട്ട കുഞ്ഞാട് പെട്ടെന്ന് യൂദായുടെ സിംഹമായി മാറുന്നു. ക്രൂശിൽ മരിച്ച ക്രിസ്തു, അറുക്കപ്പെട്ട കുഞ്ഞാട്, യൂദായുടെ സിംഹം, രാജാധിരാജനായി അധികാരസ്ഥനായി എഴുന്നള്ളിവരുന്നു. ക്രൂശിൽ പരിഹാസപാത്രമായി നിൽക്കുന്നു. എന്നാൽ തേജസ്സിന്റെ മഹിമയിൽ എഴുന്നുള്ളിവരും.

ദൈവ പൈതലേ, ഇന്ന് നിനക്ക് പീഢനങ്ങൾ ഉണ്ട്, ആക്ഷേപം ഉണ്ട്, എതിർപ്പുകൾ ഉണ്ട്, നിന്നെ പരിഹസിക്കുന്നുണ്ട്, നിന്നെ നിന്ദിക്കുന്നുണ്ട്, നിനക്ക് അപമാനങ്ങൾ നേരിടുന്നുണ്ട്, നിന്നെക്കുറിച്ച് ഇല്ലാത്തതായ കാര്യങ്ങൾ പറഞ്ഞു പരത്തുന്നുണ്ട്, അനേകം കിംവദന്തികൾ പറഞ്ഞു പരത്തുന്നുണ്ട്

ഈ കുഞ്ഞാടിനെ ആർക്കും എന്തും ചെയ്യാം, കുഞ്ഞാട് രോഗം ശീലിച്ചവനെപോലെ മിണ്ടാതെ നിന്നു. അറുക്കാൻ കൊണ്ടുപോകുന്നിടത്ത് കുഞ്ഞാട് പോലെ മൗനമായി നിന്നു. അറുക്കപ്പെട്ട കുഞ്ഞാട് യൂദായുടെ സിംഹമായി രാജാധിരാജനായി എഴുന്നുള്ളിവരാൻ പോകുന്നു. ഇന്ന് ഗോഗുൽത്താ മലയിലെ ക്രൂശിൽ മൂന്നു ആണികളിൽ തൂങ്ങികിടക്കുന്ന കർത്താവായ യേശുക്രിസ്തു രാജാധി രാജാവായി കോടാനുകോടി ദൂതന്മാരുടെ ആകമ്പടിയോടുകൂടി എഴു

ന്നുള്ളിവരുന്നു.

ഇന്ന് സുവിശേഷത്തെ കളിയാക്കുന്നുണ്ട്, പരിഹസിക്കുന്നുണ്ട്, ത്യജിക്കുന്നുണ്ട് എന്നാൽ രാജാധി രാജൻ വരും. അവൻ മുദ്രയിട്ട പുസ്തകം തുറന്ന് വായിക്കുന്നവനായി വരും. അവൻ ജയം പ്രാപിച്ചവനായി വരും. അറുക്കപ്പെട്ട കുഞ്ഞാട് യൂദായുടെ സിംഹമായിവരും.

> "യഹൂദാ ഒരു ബാലസിംഹം, മകനെ, നീ ഇര പിടിച്ചു കയറിയിരിക്കുന്നു, അവൻ കുനിഞ്ഞ് സിംഹം പോലെയും സിംഹിപോലെയും പതുങ്ങിക്കിടക്കുന്നു. ആർ അവനെ എഴുന്നേൽപ്പിക്കും? അവകാശമുള്ളവൻ വരുവോളം, ചെങ്കോല് യഹൂദയിൽനിന്നും രാജദണ്ഡ് അവന്റെ കാലുകളുടെ ഇടയിൽ നിന്നും നീങ്ങിപ്പോകയില്ല. ജാതികളുടെ അനുസരണം അവനോട് ആകും, അവൻ മുന്തിരിവള്ളിയോട് ചെറുകഴുതയേയും വിശിഷ്ട മുന്തിരിവള്ളിയോട് കഴുതക്കുട്ടിയെയും കെട്ടുന്നു."
>
> ഉല്പ്പത്തി 49:9–11

അവൻ കഴുതയെ മുന്തിരിവള്ളിയിൽ കെട്ടും. യഹൂദ ജാതിയെ കഴുതയെ കാണുന്നതുപോലെ എളിമയിൽ കണ്ടു യഹൂദജാതിയാകുന്ന മുന്തിരിവള്ളി കഴുതയെപോലെ വിനീതമായി നിൽക്കും, ഈ കഴുതമേൽ അവൻ വാഹന മേറും. ബന്ധനസ്ഥനായ കഴുതയെ അഴിച്ചുകൊണ്ടുവന്ന് യരുശലേമിലേക്ക് ഹോശാന്നാ ഘോഷയാത്രയായി പോയ കർത്താവായ യേശുവിനെയാണ് ഉൽപ്പത്തി പുസ്തകത്തിൽ യേശു ജനിക്കുന്നതിനു 2000 വർഷങ്ങൾമുമ്പ് പ്രവചനാത്മാവിൽ

വരച്ചു വച്ചിരിക്കുന്നത്.

സാക്ഷാത്തായ സമർപ്പണം വന്നാൽ ഭയം വിട്ടുപോകും. എന്തുകൊണ്ടാണ് ഭയം വരുന്നത്. ജീവിതത്തിൽ പൂർണ്ണമായ സമർപ്പണം എടുത്തിട്ടില്ല. എനിക്ക് സ്വന്തമായി ഒരു ഭാവിവേണ്ട, സ്വന്തം ഒരു ഇഷ്ടം വേണ്ട സ്വന്തം ഒരു താല്പര്യം വേണ്ട സ്വന്തം ഒരു പരിപാടി ഇല്ല ഞാൻ എന്നെതന്നെ യേശുവിന് കൊടുത്തിരിക്കുന്നു എന്ന ഉറപ്പ് വന്നാൽ പിന്നെ ഭീതിയില്ല. ഒരു കാര്യത്തിലും ആകുലത ഉണ്ടാവുകയില്ല.

രോഗം വന്നാൽ എന്താണ്? ഞാൻ എത്രകാലം ജീവിക്കണമെന്ന് എന്റെ യേശുവിന് അറിയാം. എന്റെ രോഗം മാറണമോ, വേണ്ടയോ, എന്ന് യേശു നിശ്ചയിച്ചുകൊള്ളട്ടെ, എനിക്ക് ഇന്ന് കർത്താവ് നിയമിച്ചുതന്നിരിക്കുന്നതായ വൈദ്യശാസ്ത്രം ഉണ്ട്, ഡോക്ടർമാരുണ്ട്, എല്ലാം എനിക്ക് ഉപയോഗിക്കാം അതെല്ലാം എനിക്ക് വേണ്ടി ദൈവം തന്നതാണ്. എന്നാൽ സൗഖ്യം തരുന്നത് കർത്താവാണ്. ഡോക്ടർമാരുടെ ട്രീറ്റ്മെന്റ്, രോഗം കണ്ടുപിടിക്കുന്നത്, മുതലായവ ശരിയായിവരണമെങ്കിൽ ദൈവത്തിന്റ കരുണവേണം. ദൈവത്തിന്റെ കൃപയും ശക്തിയും അനുഗ്രഹവും വേണം,

എന്റെ കടം എന്നാണ് തീരുന്നത് ദൈവം തീരുമാനിക്കട്ടെ,എന്റെ ജീവിതത്തിലെ കഷ്ടപാട് തീരണമോ, ദൈവം തീരുമാനിക്കട്ടെ, കാരണം എന്നെയും എനിക്കുള്ളതിനെയും ഞാൻ യേശുവിന് കൊടുത്തിരിക്കുന്നു. ഞാൻ പരീക്ഷ പാസ്സാകണമോ, ദൈവം തീരുമാനിക്കട്ടെ, എനിക്ക് ജോലി വേണമോ?, ദൈവം തീരുമാനിക്കട്ടെ, ഞാൻ എന്നെത്തന്നെ ദൈവത്തിനു കൊടുത്തുകഴിഞ്ഞിരിക്കുന്നു.

ഇപ്രകാരമുള്ള സമർപ്പണത്തിലേക്ക് വരാത്തതാണ് ഇന്ന്

നമ്മുടെ ആകുലതയുടെയും ഭീതിയുടെയും കാരണം. നമുക്ക് ഭീതിയുണ്ട്, ഭയപ്പാട് ഉണ്ട്.  എങ്ങനെ, നാളത്തെ പ്രശ്നം ഞാൻ  നേരിടും, പ്രയാസങ്ങൾ എങ്ങിനെ നേരിടും എന്നി ങ്ങനെ  ഹൃദയത്തിൽ ആകുലതകൾ അലട്ടികൊണ്ടിരിക്കു ന്നുണ്ട്, ഇത് പിശാചിന്റെ കെണിയാണ്.

ഒരു കാര്യത്തിലും നിങ്ങൾക്ക് ആകുലപ്പെടേണ്ടിവരി കയില്ല. യേശുവിന് തന്നെത്തന്നെ കൊടുത്താൽ യേശു അറി യാതെ  ഒന്നും സംഭവിക്കുകയില്ല. ഞാൻ യേശുവിന് എന്നെ ത്തന്നെ കൊടുത്തിരിക്കുന്നു എനിക്ക് എന്തുസംഭവിച്ചാലും അത് എന്റെ നന്മയ്ക്കാക്കി മാറ്റാൻ എന്റെ യേശുവിന് കഴിയും. എന്തൊരു ഉറപ്പാണ് അത്!. എന്റെ തലയിലെ മുടി ഇഴകൾ എത്രയെന്ന് എനിക്ക് അറിയില്ല. പക്ഷേ യേശുവിന് അറിയാം നിങ്ങളുടെ മുടിയിഴകൾ എത്രയെന്ന് പോലും എണ്ണി യിരിക്കുന്നു അതിൽ ഒരണ്ണം താഴെവീണാൽ ദൈവം അറി യാതിരിക്കില്ല.  തലമുടിനാര് മനുഷ്യൻ എണ്ണിയിട്ടില്ല, എണ്ണാൻ സാധിക്കുകയില്ല. എന്നാൽ ഒരെണം വീണാൽ ദൈവം അറി ഞ്ഞിരിക്കും.

രോഗങ്ങളെക്കുറിച്ചോ, മകളുടെ വിവാഹത്തെകുറിച്ചോ, കുഞ്ഞുങ്ങൾ ഉണ്ടായില്ലല്ലോ എന്ന ദുഃഖ വിഷയത്തേക്കു റിച്ചോ എല്ലാം ദൈവം നന്മയ്ക്കാക്കി മാറ്റിത്തരും.  എന്നെ കാക്കുന്നവൻ മയങ്ങുകയില്ല. അവൻ ഉറങ്ങുകയും ഇല്ല. യഹോവ എന്റെ പരിപാലകൻ എന്ന് സങ്കീർത്തനം 121-ൽ നാം വായിക്കുന്നു.

സിംഹത്തെ നീ ചവിട്ടിമെതിക്കും. ഘോരസിംഹം നിനക്ക് അനേകം കെടുതികൾ കൊണ്ടുവരും. പലതരത്തി ലുള്ള വ്യാകുലതകൾ, ടെൻഷൻ, എല്ലാം മാറും, ശത്രു

തോല്ക്കും.  യേശു ഉള്ള സമാധാനം, യേശുവുള്ള സന്തോഷം.  സിംഹത്തെയും അഗ്നിസർപ്പത്തെയും നീ ചവിട്ടും, ബാല സിംഹത്തെയും പെരുമ്പാമ്പിനെയും നീ മെതിക്കും. ദുഷ്ടപ്പിശാച് നിന്നെ തൊടാൻ ഇടവരികയില്ല.

"ഭയമില്ല അവർക്ക് ഇനി എന്തിന് ഭയം
യൂദായുടെ സിംഹമല്ലോ മുമ്പേപോകുന്നു
ആർക്കും വഴിമാറിടാത്തോൻ മുമ്പേപോകുന്നു. (2)
യൂദായുടെ സിംഹമല്ലോ മുമ്പേപോകുന്നു (2)"

ഈ ഭൂമിയിൽ വച്ച് എത്രത്തോളം ക്രിസ്തുവിനെ സ്നേഹിക്കാൻ പറ്റുമോ അത്രത്തോളം യേശുവിനെ സ്നേഹിക്കണം. ഒരു മനുഷ്യന് ഈ ഭൂമിയിൽവച്ച് എത്രത്തോളം പരിശുദ്ധനാകാൻ പറ്റുമോ, അത്രത്തോളം പരിശുദ്ധനാകണം. ഒരു മനുഷ്യന് ഈ ഭൂമിയിൽവച്ച് എത്രത്തോളം യേശുവിന്റെ മഹത്വത്തിനായി ചെലവഴിക്കപ്പെടാൻ പറ്റുമോ, അത്രത്തോളം യേശുക്രിസ്തുവിന്റെ മഹത്വത്തിനായി ചിലവഴിക്കപ്പെടണം ഇതായിരിക്കട്ടെ നിങ്ങളുടെ ലക്ഷ്യം.

ഒന്ന്, ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു, ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നത്.

രണ്ട്, ക്രിസ്തു യേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിച്ചിരിക്കുന്നു.

മൂന്ന് ഞാൻ ലോകത്തിനും ലോകമെനിയ്ക്കും, ക്രൂശിക്കപ്പെട്ടിരിക്കുന്നു.

എന്റെ കർത്താവിന്റെ കൂശിലല്ലാതെ, പ്രശംസിപ്പാൻ ഇട

വരരുത്. ഈ അനുഭവം സാധിച്ചുകിട്ടുവാൻ ഒരു നിമിഷം വൈകരുത്. എനിക്ക് സാധിച്ചുകിട്ടേണ്ടതായ ഏറ്റവും ഗൗരവമേറിയ കാര്യം എന്റെ രോഗസൗഖ്യമല്ല, കടം മാറേണ്ടതല്ല, ജോലികിട്ടുകയല്ല, വിദ്യാഭ്യാസം കിട്ടുകയല്ല, വീടുവയ്ക്കുകയല്ല, അതെല്ലാം ശരി എല്ലാ തരാം എന്നാണ് കർത്താവ് പറഞ്ഞത്. എനിക്ക് ആദ്യമായി സാധിച്ചുകിട്ടേണ്ടത്, എന്റെ കരുണയുള്ള കർത്താവേ എന്റെ യേശു എന്നിൽ പ്രാസാദിച്ച് എന്റെ ഹൃദയത്തിൽ വാഴണം. യേശുവിനെ എനിക്ക് കിട്ടണം. അതിന് ഞാനെന്ത് ചെയ്യണം എന്റെ പഴയ മനുഷ്യൻ ക്രൂശിക്കപെടണം. എന്നെ തന്നെ അർപ്പണം ചെയ്യണം.

91-ാം സങ്കീർത്തനത്തിൽ ഇനിയുള്ള ഭാഗത്ത് 6 വാഗ്ദാനങ്ങൾ കാണാം. ഈ ഗ്യാരന്റി ഓഫ് സെക്യൂരിറ്റി ആർക്കാണ് ഈ പ്രോമീസ് ആർക്കാണ്? അത്യുന്നതന്റെ മറവിൽ വസിക്കുകയും, സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കുകയും ചെയ്യുന്നവന് മാത്രം. എല്ലാവർക്കും ഇല്ല, നിങ്ങൾ ഇപ്പോൾ അത്യുന്നന്റെ മറവിൽ വസിക്കുകയാണോ, സർവ്വശക്തന്റെ നിഴലിൻ കീഴിൽ ആണോ, ആണെങ്കിൽ അങ്ങനെയുള്ളവനാണ് 9 തരം സുരക്ഷിതത്ത്വത്തിന്റെ ഗ്യാരന്റിയുള്ളത്. 6 തരം വാഗ്ദാനങ്ങൾ ഉള്ളത്.

# ഏഴ്

91-ാം സങ്കീർത്തനത്തിൽ 9 കാര്യങ്ങളിൽ നമുക്ക് Safety and Security (സുരക്ഷിതത്വവും കെട്ടുറപ്പും) തരുന്നു എന്ന് ആദ്യത്തെ 13 വാക്യങ്ങളിൽ കാണുന്നു. പിന്നീടുള്ള വാക്യങ്ങളിൽ 7 കാര്യങ്ങളിൽ ദൈവം നമുക്ക് വാഗ്ദത്തം (Promise) തരുന്നു.

ഒന്നാമത്തെ വാഗ്ദത്തം : "ഞാൻ അവനെ വിടുവിക്കും" എന്നാണ്. അവനെ ഞാൻ അനർത്ഥങ്ങളിൽ നിന്ന് വിടുവിക്കും, എന്റെ നിഴലിൻ കീഴിൽ പാർക്കുന്നവനെ ഞാൻ അപകടങ്ങളിൽനിന്നും ആപത്തുകളിൽനിന്നും, കഷ്ട നഷ്ടങ്ങളിൽ നിന്നും വിടുവിക്കും, അവന്റെ ബന്ധനങ്ങളെ അഴിച്ചുമാറ്റും.

രണ്ടാമാത്തെ വാഗ്ദത്തം : അവൻ എന്നോട് പറ്റിയിരിക്കയാൽ ഞാൻ അവനെ വിടുവിക്കും, അവൻ എന്റെ നാമത്തെ അറിയ്കയാൽ ഞാൻ അവനെ ഉയർത്തും; അവനെ

ഞാൻ ഉദ്ധരിക്കും ജീവിതത്തിലെ പോരായ്മയിൽ നിന്ന്. പ്രതിസന്ധികളിൽ നിന്ന് ഞാൻ ഉദ്ധരിക്കും.അവൻ ഊരാകുരുക്കിൽ പെട്ടു വലയുമ്പോൾ അതിൽ നിന്ന് ഞാൻ ഉദ്ധരിക്കും.

നാം ദൈവത്തെ അറിയുന്നവരായി തീരണം. നമുക്ക് ഇന്ന് അറിവില്ലേ, തീർച്ചയായിട്ടും ഉണ്ട് പക്ഷേ ദൈവത്തെ അറിയുക എന്നാൽ എന്താണ്? “യഹോവ നല്ലവനെന്ന് രുചിച്ച് അറിയുവിൻ അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ.” രുചിച്ച് അറിയുന്നതാണ് അറിവ്. ദൈവത്തെ നമ്മുടെ ഏറ്റവും അടുപ്പമുള്ള ഒരു സ്നേഹിതനായി കാണുന്നതു ഭാഗ്യമത്രേ. യേശുവിനോട് ഏറ്റവും അടുത്തുവരിക യേശുവിനോട് പറ്റിച്ചേർന്നിരിക്കുക. “എന്നോട് പറ്റിയിരിക്കയാൽ ഞാൻ അവനെ വിടുവിക്കും അവൻ എന്നെ അറിയുകയാൽ ഞാൻ അവനെ ഉയർത്തും.”

യേശുവിനെക്കുറിച്ച് നമുക്ക് ബുദ്ധിയിൽ പലതും അറിയാം. നാം പ്രാർത്ഥന ചൊല്ലുന്നവരാണ് നമസ്ക്കാരം ചൊല്ലുന്നവരാണ് നാം വേദപുസ്തകം വായിക്കുന്നവരാണ് നാം പള്ളിയിൽ പോകുന്നവരാണ് ആത്മീയമായ ചിലകാര്യങ്ങളിൽ പങ്കെടുക്കുന്നവരാണ്. പറയത്തക്ക ഭീകരദൂഷ്യങ്ങളിലേക്ക് നാം പോകുന്നില്ലതാനും, പക്ഷേ നാം ദൈവത്തോട് പറ്റിയിരിക്കുന്നില്ല. നാം അവനോട് ചേർന്നിരിക്കുന്നില്ല. യേശുവിനോട് പറ്റിയിരിക്കുക, ആ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ദൃഢതയിൽ യേശുവിനോട് പറ്റിയിരിക്കുക എന്നത് ഒരു വലിയ അനുഗ്രഹമാണ്.

യേശുവിനോട് പറ്റിച്ചേർന്നിരിക്കുക യേശുവിനോട് അത്രമാത്രം ചേർന്നിരിക്കുക. അത് നമ്മുടെ അനുഭവത്തിൽ വരുമ്പോഴാണ് നാം കൂടുതൽ കൂടുതൽ യേശുവിനെ അറിയുന്നത്.

യോഹന്നാൻ ശ്ലീഹ യേശുവിന്റെ തിരുമാറിലേക്ക് ചാരി ഇരുന്നു. അത് നൂറ്റാണ്ടുകൾക്കുമുമ്പുണ്ടായ ഒരു അനുഭവമാണ്. യേശുവിന്റെ ഹൃദയത്തിന്റെ തുടിപ്പുകൾ യോഹന്നാൻശ്ലീഹ ഏറ്റുവാങ്ങി. അല്പം മുമ്പ് യൂദാ യേശുവിനെ കാണിച്ചുകൊടുക്കുവാനായി എഴുന്നേറ്റുപോകുന്നു. അവൻ യേശുവിന്റെ കൈയിൽനിന്ന് അപ്പം വാങ്ങിയിട്ടാണ് പോകുന്നത്. "അപ്പഖണ്ഡം വാങ്ങിയ ഉടനെ സാത്താൻ അവനിൽ കടന്നു." യോഹ. 13:30

യൂദായെ പലനാളുകളായി സാത്താൻ വലയം ചെയ്ത് അവനെ വശീകരിച്ചു കൊണ്ടുനടക്കുകയായിരുന്നു. ദുരാലോചനകൾ അവന്റെ ഹൃദയത്തിൽ കൊടുത്തുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ സാത്താൻ അവന്റെ ഉള്ളത്തിൽ കടന്നു. അവൻ എഴുന്നേറ്റുപോയി.

അപ്പോൾ രാത്രിയായിരുന്നു. യൂദായുടെ ജീവിതത്തിന്റെ രാത്രിയായിരുന്നു. അവന്റെ ജീവിതത്തിന്റെ പ്രകാശം കെട്ടുപോയിരുന്നു. അവന്റെ ഹൃദയത്തിന്റെ വെളിവ് നഷ്ടപ്പെട്ടുപോയിരുന്നു. സമ്പൂർണ്ണമായും അവൻ സാത്താന് അടിമപ്പെട്ടുകഴിഞ്ഞിരുന്നു, നാളുകളായി പിശാചിന് ഇടം കൊടുത്തുകൊണ്ട് പല ദുരാലോചനകൾക്കും വശംവദനായി അവൻ നടക്കുകയായിരുന്നു. ഒടുവിൽ അവൻ യേശുവിനെ ഒറ്റിക്കൊടുക്കുവാനായി അന്ധകാരത്തിലേക്ക് ഇറങ്ങിപ്പോകുകയാണ്.

അപ്പോൾ യേശുവിന്റെ തിരുമാറോട് ചേർന്ന് വിശുദ്ധ യോഹന്നാൻശ്ലീഹ ഇരിക്കുകയായിരുന്നു, ആ മാറിന്റെ വേദന, ഹൃദയത്തിന്റെ വേദന ഏറ്റുവാങ്ങി. യേശുവിനോട് ചേർന്നിരിക്കുന്നവർക്കാണ് യേശുവിന്റെ വേദന അറിയാൻ പറ്റുന്നത്.

യേശുവിനോട് ചേർന്നിരിക്കന്നവർക്ക് ആത്മാക്കളെക്കുറിച്ചുള്ള ഭാരം അറിയാൻ പറ്റും. യേശുവിനോട് ചേർന്നിരിക്കുന്നവർക്ക് നഷ്ടപ്പെട്ടുപോകുന്ന ആത്മാക്കളെക്കുറിച്ച് അറിയാൻ പറ്റും, യേശുവിനോട് ചേർന്നിരിക്കുന്നവർക്ക് അനേകർ അന്ധകാരത്തിലേക്ക് പോകുന്നത് കാണാൻ പറ്റും.

നമുക്ക് ഇന്ന് നഷ്ടപ്പെട്ടുപോകുന്നവരെക്കുറിച്ച് എത്ര മാത്രം വേദന ഉണ്ട് ? അനേകർ നശിച്ചുപോകുന്നു എന്നതിൽ നമുക്ക് ഇന്ന് വാസ്തവത്തിൽ വേദനയുണ്ടോ? വേദനയില്ലാത്തതിന്റെ കാരണം നാം പറ്റിചേർന്നിരിക്കുന്നില്ല. നാം പറ്റിചേർന്നിരിക്കാത്തതുകൊണ്ട് നാം യേശുവിനെ അടുത്തറിയുന്നില്ല. നിങ്ങൾ കർത്താവിനോട് ഇപ്പോൾ പറയണം! കർത്താവേ അവിടന്ന് മനസ്സലിഞ്ഞ് നിന്നോട് പറ്റിചേർന്നിരിക്കുവാൻ ഭാഗ്യം തരണമേ, നിന്റെ ഉള്ളത്തെ അറിയാൻ കർത്താവേ എനിക്ക് കൃപതരണമേ, കർത്താവേ ആഴത്തിലുള്ള സ്നേഹം ഗ്രഹിപ്പാൻ എന്റെ കണ്ണുകളെ തുറക്കണമേ, എന്റെ ഹൃദയത്തെ തുറക്കണമേ, എന്റെ മനസ്സിനെ തുറക്കണമേ, കർത്താവേ നീ എന്നെ സ്നേഹിക്കുന്നതുപോലെ നീ എല്ലാവരെയും സ്നേഹിച്ചുകൊണ്ടിരിക്കുന്നു. എല്ലാവരെയും നീ കരുതുന്നു, നിനക്ക് ആരോടും പരിഭവമില്ല, ആരോടും പരാതിയില്ല, ആരോടും പക്ഷഭേദമില്ല എന്ന് ഗ്രഹിക്കുവാനുള്ള ഒരു കൃപ നീ എനിക്ക് തരണമേ.

കർത്താവേ നിന്നെ സ്നേഹിക്കാനുള്ള ഒരു കൃപ എനിക്ക് തരണമേ, നിന്റെ ഹൃദയത്തിന്റെ സ്നേഹത്തെയും വേദനയെയും ഗ്രഹിക്കുവാനുള്ള ഒരു ഭാഗ്യം എനിക്ക് തരണമേ, നാം കർത്താവിനോട് പറ്റിച്ചേർന്നിരിക്കുമ്പോൾ ആത്മീയ രഹസ്യങ്ങൾ കർത്താവ് നമുക്ക് മനസ്സിലാക്കി തരും.

ഉൽപ്പത്തി പുസ്തകം 18-ാം അദ്ധ്യായത്തിൽ മനോഹര മായ ഒരു ചിത്രം ഉണ്ട്. അബ്രഹാമിന്റെ കൂടാരവാതിൽക്കൽ നിത്യനായ ദൈവം പ്രത്യക്ഷനായി അബ്രഹാം കൂടാരത്തിൽ ഇരിക്കുകയായിരുന്നു. അപ്പോൾ മൂന്നുപേർ നിൽക്കുന്നു. അബ്രഹാം തലതാഴ്ത്തി നിരാശനായി ഇരിക്കുകയായിരുന്നു, ക്ഷീണിതനായി ഇരിക്കുകയായിരുന്നു, വാഗ്ദാനങ്ങളൊന്നും നിറവേറിയില്ലല്ലോ, ഇക്കണ്ട സ്വത്തെല്ലാം അനുഭവിക്കാൻ ആരുണ്ട്? എല്ലാം അനന്തരാവകാശിയില്ലാതെ നഷ്ടപ്പെട്ടു പോകുമല്ലോ എന്നെല്ലാമുള്ള ചിന്തകളാൽ പരവശനായി ഇരി ക്കുകയായിരുന്നു.

ദൈവം ഒരു വാഗ്ദത്തം തന്നതാണ്, ദൈവം എന്നെ വിളിച്ച് പുറപ്പെടുവിച്ചതാണ്, അങ്ങ് മെസപ്പോട്ടോമിയായിൽ നിന്ന് ദൈവം പുറപ്പെടുവിച്ചതാണ്. മെസപ്പോട്ടോമിയൻ നദീ തടങ്ങളിൽ നിന്ന് ദൈവത്തിന്റെ ശബ്ദം കേട്ടു ഞാൻ പുറ പ്പെട്ടതാണ്. പക്ഷേ എന്റെ കർത്താവേ ഇപ്പോൾ നിന്റെ വാഗ്ദത്തം അനുഭവിക്കാൻ കഴിയുന്നില്ലല്ലോ, വർഷങ്ങൾ 24 കഴിഞ്ഞിരിക്കുന്നു. നിന്റെ വാഗ്ദത്തം എനിക്ക് അനുഭവമാ കുന്നില്ലല്ലോ, അബ്രഹാം നിരാശയോടെ നെടുവീർപ്പിട്ട്, തല താഴ്ത്തി ഇരിക്കുകയാണ്.

അകത്ത്, ആ കൂടാരത്തിന്റെ ഉള്ളിൽ നെടുവീർപ്പോടെ സാറാ ഇരിക്കുന്നു. ആ കുടുംബത്തിൽ ഒരു സമാധാനമോ സന്തോഷമോ ഇല്ല, ഭാര്യ നെടുവീർപ്പോടെ ഇരിക്കുന്നു. അബ്ര ഹാമിന്റെ കൂടെ പുറപ്പെട്ടു പക്ഷേ കുടുംബത്തിൽ സന്തോഷ മില്ല. അബ്രഹാമിന്റെ വീര്യം നഷ്ടപ്പെട്ടുപോയിരിക്കുന്നു. അബ്രഹാമിന്റെ പ്രസന്നതയും ചൈതന്യവും നഷ്ടപ്പെട്ടുപോ യിരിക്കുന്നു. അബ്രഹാം ക്ഷീണിതനായി, വാർദ്ധക്യം വന്നു ജരാനരകൾ ബാധിച്ച് ഇരിക്കുന്നു, നിരാശ സാറായെയും

ബാധിച്ചിരിക്കുന്നു. ധാരാളം സമ്പത്തും ദാസി ദാസൻമാരുള്ള കുടുംബത്തിൽ രണ്ടുപേരും മാറിയിരുന്ന് നെടുവീർപ്പിടുകയാണ്.

അപ്പോഴാണ് ജീവനുള്ള ദൈവം അബ്രഹാമിന്റെ കൂടാരവാതിൽക്കൽ പ്രത്യക്ഷപ്പെടുന്നത്. എത്ര നേരമായോ നിൽക്കുന്നത് എന്ന് നമുക്ക് അറിഞ്ഞുകൂടാ, ദൈവം എപ്പോഴോ നിന്നുതുടങ്ങിയതാണ് അത് അബ്രഹാം അറിഞ്ഞില്ല, കാരണം അബ്രഹാം തന്റെ ഹൃദയത്തിന്റെ ദുഖങ്ങളിലേക്ക് നോക്കി ഇരുന്നതുകൊണ്ട് ദൈവം വന്നത് അറിഞ്ഞില്ല.

നാം നമ്മിലേക്ക് നോക്കിനിരാശപ്പെട്ടുകൊണ്ടും നമുടെ ഭാരങ്ങളും പ്രാരാബ്ധങ്ങളും ഓർത്ത് വലഞ്ഞുകൊണ്ടും ഇരിക്കുമ്പോൾ നമ്മെ കാണുവാനും നമ്മെ നോക്കുവാനും നമ്മെ കരുതുവാനും നമ്മെ സംരക്ഷിക്കുവാനും നമുക്ക് വേണ്ടി ഏറ്റവും നല്ലത് ഒരുക്കികൊണ്ടുവരുന്ന ജീവനുള്ള ദൈവത്തെ കാണാറില്ല.

അബ്രഹാം എപ്പോഴോ ഒന്നു തലപൊക്കിനോക്കി. മൂന്ന് പുരുഷന്മാർ! ജീവനുള്ള ദൈവം രണ്ട് മാലാഖമാരോടുകൂടി വന്ന് നിൽക്കുകയാണ്.

അബ്രഹാ അവരെ എതിരേറ്റു ആഹാരം തയ്യാറാക്കികൊണ്ടുവന്നു വൃക്ഷത്തിന്റെ തണലിൽ എല്ലാവരും ഇരുന്നു ജീവനുള്ള ദൈവം അബ്രഹാമിന്റെകൂടെ ഭക്ഷണം കഴിച്ചു.

ഓരോന്നും സമർപ്പിക്കമ്പോൾ എല്ലാം സ്വീകരിച്ച് പ്രസന്നതയോടെ, വാത്സല്യപൂർവ്വം നമ്മെ നോക്കി ഇരിക്കുന്ന കർത്താവായ യേശുക്രിസ്തുവിനെ നാം ധ്യാനിക്കുന്നത് നല്ല

തായിരിക്കും. നമ്മുടെ ജീവിതത്തിൽ നിന്ന് ഒന്നൊന്നായി നാം എടുത്ത് അവന്റെ ആണിപ്പാടുള്ള പാദത്തിൽ വച്ചിട്ട് നാം അവനെ സ്തുതിക്കുമ്പോൾ നമ്മെ ആശീർവദിക്കുന്ന ആ സ്നേഹനിധിയായ യേശുവിനെ നാം ഒന്നു കണ്ടാൽ മതിയായിരുന്നു. അബ്രഹാം ജീവനുള്ള ദൈവത്തെ ശുശ്രൂഷിച്ചുകൊണ്ട് മരത്തണലിൽ നിന്നു. അതുകഴിഞ്ഞ് ദൈവം അബ്രഹാമിനോട് സംസാരിച്ചു. പൊരുൾ ഇത്രയേ ഉള്ളൂ "നിന്റെ ഭാര്യ സാറയുണ്ടല്ലോ അവൾ ഗർഭം ധരിക്കും, വരുന്ന ആണ്ടിൽ ഈ സമയം നീ ഒരു മകനെ അണച്ചുകൊള്ളും."

അബ്രഹാ ദൈവത്തെത്തന്നെ നോക്കിയിരിക്കുകയാണ്. അബ്രഹാം ഒന്നും ചിന്തിക്കുന്നില്ല. ദൈവമാണ് കൽപിക്കുന്നത്. 24 വർഷം മുമ്പ് ദൈവം എനിക്ക് 75–ാം വയസിൽ ഈ വാഗ്ദത്തം തന്നതാണ്. ആ കർത്താവ് തന്നെയാണ് ഇപ്പോൾ 99–മത്തെ വയസ്സിൽ വന്ന് എന്നോട് സംസാരിക്കുന്നതെന്ന് അബ്രഹാമിന് അറിയാം.

പക്ഷേ സാറയുടെ ഉള്ളിൽ ഒരു പരിഹാസച്ചിരി! ഇത് സംഭവിക്കാൻ പോകുന്നുണ്ടോ? സ്ത്രീകൾക്കുള്ള പതിവ് നിന്നുകഴിഞ്ഞു, ഒരു സാധ്യതയും ഇല്ല, ഞാൻ വയസ്സിയും വൃദ്ധയും ആയിരിക്കുന്നു, എന്റെ ഭർത്താവും വൃദ്ധനായിരിക്കുന്നു, അവൾ ഇങ്ങനെയെല്ലാം ഓരോന്നോരോന്ന് മനസ്സിൽ കണക്കു കൂട്ടുന്നുണ്ട്. അവളുടെ ചിന്തകൾ എല്ലാം ദൈവം ഒപ്പിയെടുത്തു. "സാറാ ചിരിച്ചതെന്ത്? " സാറാ പറഞ്ഞു: "ഞാൻ ചിരിച്ചില്ല." ഉള്ളിൽ ഒരു പരിഹാസച്ചിരി! അത് ക്ഷമിച്ച് ദൈവം അബ്രഹാമിന് വാഗ്ദത്തം കൊടുത്തു.

പിന്നീട് രണ്ട് ദൂതൻമാർ ദൈവത്തിന്റെ കൽപനപ്രകാരം സോദോമിലേക്ക് പോയി. അവിടെയാണ് അബ്രഹാമിന്റെ

സഹോദരപുത്രനായ ലോത്ത് വസിക്കുന്നത്. ദൈവത്തോട് ചേർന്നു അബ്രഹാം നടക്കുകയാണ്. അബ്രഹാമിനെ ചേർത്തു നിർത്തി ദൈവം പറഞ്ഞു: എന്റെ സ്നേഹിതനായ നിന്നോട് ഞാൻ ചെയ്യാൻ പോകുന്നത് മറച്ചുവയ്ക്കാൻ എനിക്ക് സാധിക്കുകയില്ലല്ലോ.

ജീവനുള്ള ദൈവത്തിന്റെ ഉള്ളുതുറന്ന് രഹസ്യം വെളിപ്പെടുത്തുന്നത് പറ്റിചേർന്നിരിക്കുന്നവർക്കാണ്. ഞാൻ ചെയ്യാൻ ഇരിക്കുന്നത് എന്റെ ദാസനായ അബ്രഹാമിനോട് മറച്ചുവയ്ക്കുമോ?

സോദോമിൽ ലോത്ത് പാർക്കുന്നിടത്തേക്ക് രണ്ടു മാലാഖമാരെ അയച്ചിരിക്കുകയാണ്. മാലാഖമാർപോയിരിക്കുന്നത് അവിടെ ഗന്ധകവും തീയും പെയ്യിക്കുവാനാണ്. ആ നാട് കത്താൻ പോകുകയാണ്. ലോത്തിനെ ഒന്നു രക്ഷിക്കാൻ വല്ല പഴുതും ഉണ്ടോ എന്ന് നോക്കാൻ ദൈവം തന്റെ ദൂതൻമാരെ അയച്ചിരിക്കുകയാണ്. ആ നാട് മുടിയും, നാട് കത്തും, തീ പെയ്യും, തീയുടെ കൂടെ ഉരുകി ഒലിക്കുന്ന ഗന്ധകവും പെയ്യും.

അബ്രഹാം പറഞ്ഞു: കർത്താവേ, ഞാൻ നിന്നോടും നീ എന്നോടും പറ്റിച്ചേർന്നിരിക്കുകയല്ലേ. ആ ദേശത്ത് 50 നീതിമാന്മാർ ഉണ്ടെങ്കിൽ ആ ദേശം നശിപ്പിക്കാതെ ഇരിക്കാമോ? അബ്രഹാം ചിന്തിച്ചു. ലോത്ത് അൻപത് നീതിമാന്മാരെ നേടിയിരിക്കണം. ലോത്തിന്റെ ജീവിതം കണ്ടും ലോത്തിന്റെ സാക്ഷ്യം കേട്ടും ജീവിതത്തിന്റെ നന്മകൾ കണ്ടും ഒരു അൻപതുപേരെങ്കിലും നീതിയിലേക്ക് തിരിഞ്ഞുകാണണം. എന്നപ്രതീക്ഷ ഉള്ളതുകൊണ്ടാണ് അബ്രഹാം ഇപ്രകാരം പറഞ്ഞത്.

പറ്റിച്ചേർന്ന് നിൽക്കുന്നവർക്ക് മധ്യസ്ഥത വഹിക്കാൻ പറ്റും. മറ്റുള്ളവർക്കുവേണ്ടി ഇടനിലനിന്ന് പ്രാർത്ഥിക്കാൻ പറ്റണമെങ്കിൽ ദൈവത്തോട് പറ്റിച്ചേർന്ന് നിൽക്കണം. ദൈവം അബ്രഹാമിന്റ കണ്ണുകളിലേക്ക് നോക്കി ആ സ്നേഹം ദൈവം കണ്ടു, ആ വേദന ദൈവം കണ്ടു, കർത്താവ് പറഞ്ഞു; മോനെ നീ പറഞ്ഞത് സമ്മതിച്ചിരിക്കുന്നു. അൻപതു നീതിമാൻ മാരു ണ്ടെങ്കിൽ ആ ദേശം ഞാൻ നശിപ്പിക്കുകയില്ല.

കർത്താവേ നാൽപ്പത്തഞ്ച് നീതിമാൻമാർ ഉണ്ടെങ്കിൽ ആ ദേശത്തെ നശിപ്പിക്കാതെ ഇരിക്കാമോ? ശരി ഞാൻ സമ്മ തിച്ചിരിക്കുന്നു.

വീണ്ടും അബ്രഹാം പറഞ്ഞു: കർത്താവേ ഞാൻ പറ ഞ്ഞു തുടങ്ങിപ്പോയി എന്റെ മനസ്സിൽ ആശങ്ക വർദ്ധിക്കുക യാണ്. നാൽപതു നീതിമാൻമാർ ഉണ്ടെങ്കിലോ, ശരി നാൽപ്പതു നീതിമാൻമാർ ഉണ്ടെങ്കിൽ ഞാൻ ആ ദേശത്തെ നശിപ്പിക്കുകയില്ല കർത്താവേ, മുപ്പത് നീതിമാൻമാർ ഉണ്ടെ ങ്കിലോ, ശരി മുപ്പതു നീതിമാൻമാർ ഉണ്ടെങ്കിൽ ഞാൻ ആ ദേശത്തെ നശിപ്പിക്കുകയില്ല. വീണ്ടും അബ്രഹാം പറഞ്ഞു പോയി. കർത്താവേ, എന്റെ അവിവേകം ക്ഷമിക്കണമേ. ഇരുപതു നീതിമാൻമാർ ഉണ്ടെങ്കിലോ, ശരി ഇരുപതു നീതി മാൻമാർ ഉണ്ടെങ്കിൽ ഞാൻ ആ ദേശത്തെ നശിപ്പിക്കുകയില്ല. കർത്താവേ, ഞാൻ ഒരു പ്രാവശ്യം കൂടി പറയുകയാണ് പത്തു നീതിമാൻമാർ ഉണ്ടെങ്കിലോ, ശരി പത്തു നീതിമാൻമാർ ഉണ്ടെ ങ്കിൽ ഞാൻ ആ ദേശത്തെ നശിപ്പിക്കുകയില്ല.

അബ്രഹാം ദൈവത്തോട് ഇങ്ങനെ പ്ലീഡ് ചെയ്ത്കൊ ണ്ടിരുന്നു.

അങ്ങനെ ആ പുരുഷന്മാർ അവിടെ നിന്ന് തിരിഞ്ഞ്

സോദോമിലേക്ക് പോയി, അബ്രഹാമോ യഹോവയുടെ സന്നിധിയിൽ തന്നെ നിന്നു.

കുറെനേരം ദൈവ സന്നിധിയിൽ പറ്റിചേർന്ന് ഇരുന്നു ദൈവത്തോട് നിങ്ങൾ സംഭാഷണം ചെയ്യണം. അതാണ് ശരിയായ പ്രാർത്ഥന. നിങ്ങൾ നിങ്ങളുടെ ബുദ്ധിയിൽ ആശ്രയിക്കരുത് നിങ്ങൾ നിങ്ങളുടെ ഹൃദയത്തിന്റെ വേദനകൾ എണ്ണി എണ്ണി ദൈവത്തോട് പറയണം. നിങ്ങൾ ജീവിതത്തിൽ തോറ്റ കാര്യങ്ങൾ പറയണം. നിങ്ങളുടെ ജീവിതത്തിൽ നിങ്ങളെ അലട്ടുന്നതായ കാര്യങ്ങൾ, അത് പ്രശ്നങ്ങൾ ആകട്ടെ, പാപങ്ങൾ ആകട്ടെ, നിങ്ങളുടെ സ്വഭാവത്തിൽ ലയിച്ചുകിടക്കുന്ന തിന്മകൾ ആകട്ടെ, എല്ലാം നിങ്ങൾ ഏറ്റുപറയണം ദൈവത്തോട് പറ്റിച്ചേർന്ന് ഇരുന്നിട്ട് മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കണം.

യഥാർത്ഥമായ മധ്യസ്ഥത ചെയ്യാൻ സാധിക്കണമെങ്കിൽ നമുക്ക് നിറഞ്ഞ സ്നേഹമുണ്ടായിരിക്കണം. നാം ഏറ്റവും കൂടുതൽ പ്രാർത്ഥിക്കുന്നത് ആർക്കുവേണ്ടിയാണോ ആ ആളെയാണ് നമുക്ക് ഏറ്റവും കൂടുതൽ സ്നേഹം.

കർത്താവിനോട് പറ്റിയിരിക്കുന്നവരെ കർത്താവ് വിടുവിക്കും, അവരെ ബന്ധനങ്ങളിൽ നിന്ന് വിടുവിക്കും, അവരെ ഉയർത്തും.

# എട്ട്

ക്രിസ്തീയ ജീവിതം സൗഭാഗ്യജീവിതവും ആനന്ദദായകവുമാണ്. ജീവിതത്തിൽ യേശുക്രിസ്തുവിന് പൂർണ്ണമായ സ്വാധീനം നൽകുമെങ്കിൽ സൗഭാഗ്യജീവിതം ആയിരിക്കും. ക്രിസ്തീയ ജീവിതം എന്നത് പേരിൽ മാത്രമല്ല, അത് ജീവിതത്തിന്റെ എല്ലാ മേഖലകളെയും സ്പർശിക്കുന്നതാണ്. യേശുക്രിസ്തു ജീവിതത്തിന്റ പകലും രാവും എപ്പോഴും അധിവസിക്കുന്നതാണ് ക്രിസ്തീയ ജീവിതം. നാം യേശുക്രിസ്തുവിന്റെ പുറകേ പോകുന്നതാണ് ക്രിസ്തീയ ജീവിതം, യേശുക്രിസ്തു ജീവിച്ചതുപോലെ ജീവിക്കുന്നതാണ് ക്രിസ്തീയ ജീവിതം. യേശുക്രിസ്തു നിന്ദ വഹിച്ചതുപോലെ നിന്ദ വഹിപ്പാൻ മനസ്സ് ഉണ്ടാകുന്നതാണ് ക്രിസ്തീയ ജീവിതം. യേശുക്രിസ്തു കഷ്ടപ്പെടുകയും, ആക്ഷേപവും പരിഹാസവും സഹിച്ചും യാതൊരു പരിഭവവും പിണക്കവും പിറുപിറുപ്പും ഇല്ലാതെ ജീവിച്ചതുപോലെ നമുക്കും ജീവിക്കാൻ സാധി

ക്കുമെങ്കിൽ അതാണ് ക്രിസ്തീയ ജീവിതം. അങ്ങനെയുള്ള ജീവിതമാണ് സൗഭാഗ്യ ജീവിതം. യേശുക്രിസ്തുവിന്റെ അതേ സ്നേഹത്തിലും അതേ വിശുദ്ധിയിലും ജീവിക്കാൻ സാധിക്കുന്നതാണ് ക്രിസ്തീയ ജീവിതം.

ഇ.സി. ഡെവിക് (E.C. Dewik) എന്ന മഹാനായ ചിന്തകൻ ഒരിക്കൽ ഇംഗ്ലണ്ടിൽ നിന്ന് ഭാരതത്തിന്റെ തലസ്ഥാനമായ ഡൽഹിയിൽ വന്നു അന്ന് ഭാരതത്തിലെ പ്രസിഡന്റ് ഡോ. എസ്. രാധാകൃഷ്ണനാണ് അദ്ദേഹത്തിന്റെ അടുക്കൽ വന്ന് സംസാരിച്ചപ്പോൾ പറഞ്ഞു: ഞങ്ങൾ വലിയ സമാധാനം അനുഭവിക്കുന്നുണ്ട്, ക്രിസ്തീയ ജീവിതം വളരെ മാധുര്യം നിറഞ്ഞതാണ് . അപ്പോൾ ഡോ. രാധാകൃഷ്ണൻ പറഞ്ഞു. "Christians are ordinary people with extra ordinary claims'' അസാധാരണമായ അവകാശവാദങ്ങൾ ഉള്ള സാധാരണക്കാരായ ആളുകളാണ് ക്രിസ്ത്യനികൾ എന്നാണ് ഡോ. രാധാകൃഷ്ണൻ പറഞ്ഞത്. Christians are ordinary people but we are having certain extra ordinary experiences. അനിതരണസാധാരണമായ ചില അനുഭവങ്ങൾ ഞങ്ങൾക്കുണ്ട്.

ഡോ. രാധാകൃഷ്ണൻ അധികം കഴിയുന്നതിനുമുമ്പ് വിദേശത്ത് പോയി. അദ്ദേഹത്തിന്റെ കൂടെ ക്രിസ്ത്യാനികളായ ചില ഉയർന്ന ഉദ്യോഗസ്ഥർ ഉണ്ടായിരുന്നു, അവിടെ റോമിൽ വളരെ പുരാതനമായ പള്ളി സന്ദർശിക്കാൻ ക്രിസ്ത്യാനികളായ ഉദ്യോഗസ്ഥർ പോയപ്പോൾ ഡോ. എസ് രാധാകൃഷ്ണൻ പറഞ്ഞു: "എനിക്ക് പള്ളിയുടെ അകത്തേക്ക് വരാൻ പാടില്ലല്ലോ, നിങ്ങൾ വരുന്നതുവരെ ഞാൻ ഇവിടെ ഇരുന്നു ശാന്തമായി ധ്യാനിച്ചുകൊള്ളാം."

അവർ പോയിവന്നപ്പോൾ പള്ളിയിലെ ബഹു.അച്ചൻ

കൂടെ വന്നു ഇന്ത്യൻ പ്രസിഡന്റ് വന്നിരിക്കുന്നു എന്നതിൽ അച്ചന് വലിയ സന്തോഷം തോന്നി, അച്ചൻ വന്ന് സംസാരിച്ചപ്പോൾ, ഡോ. രാധകൃഷ്ണൻ പറഞ്ഞു: "ഞാൻ പള്ളിയിലേക്ക് വന്നില്ല, പക്ഷേ ക്രിസ്തുവിന്റെ സാനിധ്യം ഇവിടെ അനുഭവിക്കുകയായിരുന്നു."

അനേകം ആളുകൾക്ക് അനുഭവം ഇല്ല. അവകാശവാദം ഉണ്ട്. നമ്മുടെ ജീവിതത്തിൽ അനുഭവത്തിന്റെ സമ്പത്ത് വേണം. ഞാൻ പ്രാർത്ഥിച്ചാൽ ദൈവം എന്റെ പ്രാർത്ഥന കേൾക്കുന്നുണ്ട് എന്ന് അനുഭവം വേണം.ഞാൻ പ്രാർത്ഥനയ്ക്കായി മുട്ടു മടക്കുമ്പോൾ എന്റെ കർത്താവ് എന്റെ അരികത്ത് വരും. യേശു എന്റെ ഹൃദയത്തിന്റെ നൊമ്പരം കാണുന്നുണ്ട്, യേശു എന്നെ സ്നേഹിക്കുന്നുണ്ട്, ഞാൻ കരയുമ്പോൾ യേശു എന്റെ കണ്ണുനീര് തുടച്ചുതരുന്നുണ്ട്. ഞാൻ ചില ആവശ്യങ്ങൾ പറയുമ്പോൾ യേശു വളരെ ശ്രദ്ധാപൂർവ്വം അത് കേൾക്കുന്നുണ്ട്. യേശു സഹതാപത്തോടെ കേൾക്കുന്നുണ്ട്, യേശു എന്നെ ആശ്വസിപ്പിക്കുന്നുണ്ട്. യേശു എനിക്ക് സമധാനം തരുന്നുണ്ട്. ഇതെല്ലാമാണ് അനുഭവങ്ങൾ. ഇതെല്ലാം വ്യക്തിപരമായ അനുഭവങ്ങൾ ആണ്. ക്രിസ്തീയ ജീവിതത്തിന്റെ കാതൽ അതാണ്. നാം ഓരോരുത്തരും ക്രിസ്തുവുമായി വ്യക്തിപരമായ ബന്ധം പുലർത്തന്നവരായിരിക്കണം എന്നതാണ് അനുഭവം.

നാം ചടങ്ങായിട്ട് പ്രാർത്ഥിച്ചാൽ പോരാ, ആ ചടങ്ങിൽ നാം ലയിച്ചുചേരണം. പ്രാർത്ഥനകൾ ഉരുവിടുന്നുണ്ട്. ഗീതങ്ങളും ഗാനങ്ങളും നാം ചൊല്ലുന്നുണ്ട്, പക്ഷേ നാം അതിന്റെ ആന്തരാത്മാവിലേക്ക് ഇറങ്ങുന്നില്ല. ആശയത്തിന്റെ ആഴങ്ങളിലേക്ക് നാം കടന്നുചെല്ലുന്നില്ല എന്താണ് നാം പ്രാർത്ഥിക്കുന്നത് അത് നാം അറിഞ്ഞുതന്നെ പ്രാർത്ഥിക്കണം.

ടിബറ്റിലുള്ളവർ പാർത്ഥിക്കുന്നതിന് പ്രാർത്ഥന തുകൽ ചുരുളിൽ എഴുതിവച്ചിരിക്കും. തുകൽ ചുരുളുകളിൽ ഒരു ഉരുണ്ട യന്ത്രത്തിൽ അതിൽ കൊരുത്തുവയ്ക്കും. ഒരു പ്രാവശ്യം ആ യന്ത്രം ചുറ്റുമ്പോൾ ആ പ്രാർത്ഥന ഒരു പ്രാവശ്യം ചൊല്ലും എന്നാണ് സങ്കല്പം. എന്താണ് എഴുതി വച്ചിരിക്കുന്നത് എന്ന് അറിയില്ല, പലപ്രാവശ്യം ആ ചുരുൾ ചുറ്റിക്കുന്നത് ഒരു ക്രെഡിറ്റാണ് കരുതുന്നത്. ഏറ്റവും കൂടുതൽ പ്രാവശ്യം ആ ചുരുൾ ചുറ്റിക്കുമോ അത്രയും പ്രാവശ്യം പ്രാർത്ഥിക്കും എന്നാണ് അവർ വിശ്വസിക്കുന്നത്. അവരുടെ ഹൃദയം കടന്നുചെല്ലുന്നില്ല, അവരുടെ മനസ്സ് അതിൽ ലയിക്കുന്നില്ല, ചുണ്ടുപോലും അനങ്ങുന്നില്ല, യാന്ത്രികമായ പ്രാർത്ഥന.

ഇന്ന് ക്രൈസ്തവരായ നമ്മിൽ പലരും ചുണ്ട് കൊണ്ട് ഉരുവിടുന്നുവെങ്കിലും നമ്മുടെ ഹൃദയത്തിൽ പ്രാർത്ഥനഇല്ല, അനുഭവം നമുക്ക് ഇല്ല. സാക്ഷാത്തായ അനുഭവം നമുക്ക് ഇല്ല, ചില ആചാരങ്ങളും അനുഷഠാനങ്ങളുമായി നാം ജീവിച്ചുപോകുന്നു. ഞാൻ ഇതുവരെ ജീവിച്ചിട്ടുള്ളതുപോലെയല്ല, സൗഭാഗ്യകരമായ ജീവിതത്തിലേക്ക് ഞാൻ പ്രവേശിച്ചിരിക്കുന്നു, എനിക്ക് അപ്പനുണ്ട്, ഉടയോൻ ഉണ്ട്, എന്റെ ഹൃദയ നൊമ്പരം കാണാൻ യേശു ഉണ്ട്. എല്ലാവരും എന്നെ വെറുക്കുമ്പോൾ എന്നെ സ്നേഹിക്കാൻ യേശുവുണ്ട്, ഈ ഒരു ബോധ്യം നമുക്ക് ഉണ്ടാകുമ്പോഴാണ് ക്രിസ്തീയജീവിതത്തിന്റെ മാധുര്യം ലഭിക്കുന്നത്.

ക്രിസ്തീയ ജീവിതം സൗഭാഗ്യ ജീവിതം. വാസ്തവത്തിൽ ക്രിസ്തീയ ജീവിതം സൗഭാഗ്യ ജീവിതമാണെന്ന് നല്ല അനുഭവം പ്രദാനം ചെയ്യുന്ന സങ്കീർത്തനമാണ് 91-ാം സങ്കീർത്തനം. 91-ാം സങ്കീർത്തനത്തിന്റെ അവസാനഭാഗ

ത്തിലേക്ക് നാം എത്തിചേർന്നിരിക്കുകയാണ്. സുരക്ഷിതത്ത്വം ഉള്ളവരാണ്. നാം സെയ്ഫ്, ആണ്, ഈ സങ്കീർത്തനത്തിന്റെ ആകമാനമായ ആശയം സേഫ്റ്റി ആന്റ് സെക്യൂരിറ്റി എന്നത് ആണ്.

91-ാംസങ്കീർത്തനം നിങ്ങൾക്ക് പലർക്കും കാണാതെ അറിയാമായിരിക്കും. നമ്മുടെ സന്ധ്യാനമസ്ക്കാരത്തിൽ ചൊല്ലുവാനായി പിതാക്കന്മാർ എഴുതിത്തന്നിട്ടുണ്ട്. അത്യുന്നതന്റെ മറവിൽ വസിക്കുകയും, സർവ്വശക്തന്റെ നിഴലിൽ കീഴിൽ പാർക്കുകയും ചെയ്യുന്ന ഭക്തൻ പാടുന്നതാണ് ഈസങ്കീർത്തനം.

7 പ്രോമിസസ്സ് ഓഫ് സേഫ്റ്റി. സുരക്ഷിതത്ത്വത്തിൻ 7 വാഗ്ദാനങ്ങൾ, അതാണ് 91-ാംസങ്കീർത്തനത്തിന്റെ കേന്ദ്രവിഷയം. 14-ാം വാക്യം. ഒന്ന് : "അവൻ എന്നോട് പറ്റിയിരിക്കുകയാൽ ഞാൻ അവനെ വിടുവിക്കും. - അത്യുന്നതന്റെ മറവിൽ വസിക്കുകയും സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കുകയും ചെയ്യുന്നവൻ എന്നോട് പറ്റിയിരിക്കുന്നു. - രണ്ട് : "അവൻ എന്റെ നാമത്തെ അറിയുകയാൽ ഞാൻ അവനെ ഉയർത്തും" മൂന്ന് : " അവൻ എന്നെ വിളിച്ച് അപേക്ഷിക്കും ഞാൻ അവന് ഉത്തരം അരുളും." നാലാമത്തേത് "കഷ്ടകാലത്ത് ഞാൻ അവനോടു കൂടെയിരിക്കും". പലപ്പോഴും നമുക്ക് തോന്നും നാം ഒറ്റപ്പെട്ടുപോയി എന്ന്, എന്റെ ദുഃഖം ആര് കാണും എന്റെ ഉള്ളിലെ നൊമ്പരം കാണാൻ, ഒന്ന് ഉള്ളുതുറന്ന് പറയാൻ എനിക്ക് ആരും ഇല്ല കർത്താവ് പറയുന്നു "ഞാൻ അവനോട് കൂടെ ഇരിക്കും അവൻ എന്നെ വിളിക്കും ഞാൻ ഉത്തരമരുളും".

ഒരിക്കൽ ഒരു പെൺകുട്ടി പരീക്ഷയുടെ ദിവസം ഫോൺ

എടുത്ത് സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. കുറേ നേരമായി! ഫോൺ താഴെവയ്ക്കുന്നില്ല! അമ്മ ശ്രദ്ധിച്ചു. പരീക്ഷാദിവസമാണ്, എല്ലാം ഓടിച്ചൊന്നു നോക്കിയിട്ട് വേണം പരീക്ഷയ്ക്ക് പോകാൻ, ഇവൾ എന്താണ് ഫോൺ വിളിച്ചുകൊണ്ടിരിക്കുന്നത്? അമ്മചോദിച്ചു: "മോളെ നീ എന്തു മണ്ടത്തരമാണ് കാണിക്കുന്നത് എല്ലാം റിവിഷൻ ചെയ്തിട്ടുവേണ്ടേ പോകാൻ". "അമ്മേ അതാണ് ഞാൻ നോക്കുന്നത്. അമ്മേ എനിക്ക് അറിയാത്തത് ഞാൻ സ്വർഗ്ഗത്തിലേക്ക് ഫോൺ ചെയ്തതാണ്.എനിക്ക് അറിയാൻ വയ്യാത്തത് ഒന്നു പറഞ്ഞു തരാൻ സ്വർഗ്ഗത്തിലേക്ക് വിളിക്കുകയാണ്." അമ്മ ചോദിച്ചു സ്വർഗ്ഗത്തിലേക്കോ? അതേ അമ്മേ, സ്വർഗ്ഗത്തിൽ ഫോൺ നമ്പർ ഉണ്ട്. 333.

യിരമ്യ 33-ന്റെ മൂന്ന് "എന്നെ വിളിച്ച് അപേക്ഷിക്കുക, ഞാൻ നിനക്ക് ഉത്തരം അരുളും നീ അറിയാത്ത മഹത്തായും അഗോചരങ്ങളായുമുള്ള കാര്യങ്ങൾ ഞാൻ നിന്നെ അറിയിക്കും. നീ അറിയാത്ത കാര്യങ്ങളെ ഞാൻ അറിയിക്കും. നീ വായിച്ചിട്ടും നിന്റെ മനസ്സിൽ പിടികിട്ടാത്ത കാര്യങ്ങൾ കാണും, നിന്റെ ബുദ്ധിയിൽ ഒതുങ്ങാത്തകാര്യങ്ങൾ കാണും, മനസ്സിലാകാത്ത ഏതു ഭാഗമാണോ പരീക്ഷയ്ക്ക് വരുന്നതെന്ന് മനസ്സ് വിഷമിച്ചിട്ടുണ്ടാവും അഗോചരങ്ങളെ, (നിനക്ക് എത്തിപ്പെടാൻ പറ്റാത്ത കാര്യങ്ങളെ) ഞാൻ കാണിച്ചുതരും. "അതിനെ നിവർത്തിപ്പാൻ തുടങ്ങുന്ന യഹോവ യഹോവ എന്നു നാമമുള്ളവൻ തന്നെ ഇപ്രകാരം അരുളിച്ചെയ്യുന്നു. എന്നെ വിളിച്ച് അപേക്ഷിക്കുക, ഞാൻ നിനക്ക് ഉത്തരം അരുളും, നീ അറിയാത്ത അഗോചരങ്ങളായ കാര്യങ്ങളെ ഞാൻ അറിയിക്കും."

പ്രാർത്ഥന കേൾക്കുന്ന ഒരു ദൈവം ഉണ്ട്. നിങ്ങൾക്ക്

അനുഭവം ഇല്ലേ, നിങ്ങൾ മുട്ടിപ്പായി പ്രാർത്ഥിച്ചപ്പോൾ, നിങ്ങൾ വിഷമിച്ചുപോയ സന്ദർഭത്തിൽ, എന്റെ ദൈവമേ ഞാൻ എങ്ങിനെ ഈ പ്രശ്നത്തെ നേരിടും എന്ന് ചിന്തിച്ചു കലങ്ങിയ സമയങ്ങളിൽ പ്രാർത്ഥന കേട്ട അനുഭവം നിങ്ങൾക്കുണ്ടോ? എങ്ങനെ ഈ പ്രതിസന്ധിയെ അതിജീവിക്കും എന്ന് ഓർത്ത് അമ്പരന്നുപോയ നിമിഷങ്ങളിൽ പ്രാർത്ഥിച്ചപ്പോൾ പ്രാർത്ഥന കേട്ട അനുഭവം നിങ്ങൾക്ക് ഉണ്ടോ?

ഞാൻ വിശ്വസിക്കുന്നു, നിങ്ങൾ അനേകം പേർക്ക് അനുഭവം ഉണ്ട്. കർത്താവ് നിങ്ങളുടെ കണ്ണുനീര് മാനിച്ച് രോഗസൗഖ്യം തന്ന അനുഭവങ്ങൾ! കർത്താവ് നിങ്ങളുടെ നിലവിളികേട്ട് പരീക്ഷ പാസ്സാക്കിതന്ന അനുഭവങ്ങൾ! അമ്പരപ്പോടുകൂടി ആവലാതികൾകേട്ട് നിങ്ങൾക്ക് ജോലിതന്ന അനുഭവങ്ങൾ!

കർത്താവ് നിങ്ങൾക്ക് കുഞ്ഞിനെ തന്ന കാര്യങ്ങൾ, കർത്താവ് നിങ്ങൾക്ക് പ്രമോഷൻ തന്ന കാര്യങ്ങൾ കർത്താവ് നിങ്ങൾക്ക് നല്ല ഒരു വിവാഹം നടത്തിത്തന്ന കാര്യങ്ങൾ, കർത്താവ് നിങ്ങൾക്ക് കടം തീർത്ത കാര്യങ്ങൾ! എന്തെല്ലാം ഓർക്കാൻ ഉണ്ട്!

എണ്ണിയാൽ തീരാത്ത കാര്യങ്ങൾ. നാം പലപ്പോഴും ചോദിക്കും നാം ചോദിക്കുകപോലും ചെയ്യാതെ കർത്താവ് നമ്മുടെ കാര്യങ്ങൾ സാധിച്ചുതന്നിട്ടുണ്ട്. നാം യാചിക്കുകപോലും ചെയ്യാതെ കർത്താവ് നമ്മെ അനുഗ്രഹിച്ചിട്ടുണ്ട്, കർത്താവ് നമുക്ക് ഉത്തരം തരും, അവൻ നമ്മെ വിടുവിക്കും, അത്യുന്നതന്റെ മറവിൽ പാർക്കുന്നവനെ ഞാൻ സംരക്ഷിക്കും, ഞാൻ അവനെ വിടുവിക്കും.

മാത്രമല്ല, ഞാൻ അവനെ ബഹുമാനിക്കും, മഹത്വപ്പെടുത്തും. മനുഷ്യർ അപമാനിക്കുകയേ ഉള്ളൂ. മനുഷ്യർ സ്വന്തം കാര്യം കാണാൻ ബഹുമാനിച്ചെന്നു വരാം. ഏതെങ്കിലും സ്വാർത്ഥ താൽപര്യത്തിനുവേണ്ടി ബഹുമാനിക്കും, ഉള്ളിന്റെ ഉള്ളിൽ നമ്മെ ബഹുമാനിക്കുന്നവർ വളരെ ചുരുക്കമായിരിക്കും. ബഹുമാനം അഭിനയിക്കുന്നവർ കാണും, പക്ഷേ ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്ന് നമ്മെ ബഹുമാനിക്കുവാൻ സാക്ഷാൽ പരിശുദ്ധാത്മാവ് മാത്രമേ കാണൂ.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് വസിക്കുന്നവർ നമ്മെ വാസ്തവമായി ബഹുമാനിക്കും, സ്വർഗ്ഗത്തിലെ ദൈവമോ, നമ്മെ ആദരിക്കും. അവൻ നമ്മെ മഹത്വപ്പെടുത്തും. നമുക്ക് ദൈവം എങ്ങനെയാണ് ബഹുമാനം തരുന്നത് എന്ന് യെശയ്യാ പ്രവചനം 43-ാം അധ്യായം ആദ്യത്തെ വാക്യത്തിൽ കാണാം.

> “ഇപ്പോഴോ, യാക്കോബേ, നിന്നെ സൃഷ്ടിച്ചവനും, യിസ്രായേലേ നിന്നെ നിർമ്മിച്ചവനുമായ യഹോവ, ഇപ്രകാരം അരുളിച്ചെയ്യുന്നു. ഭയപ്പെടേണ്ട, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു, ഞാൻ നിന്നെ പേർ ചൊല്ലിവിളിച്ചിരിക്കുന്നു, നീ എനിക്ക് ഉള്ളവൻ തന്നെ. നീ വെള്ളത്തിൽ കൂടി കടക്കുമ്പോൾ ഞാൻ നിന്നോട് കൂടി ഇരിക്കും. നീ നദികളിൽ കൂടി കടക്കുമ്പോൾ അവ നിന്റെമീതെ കവിയുകയില്ല, നീ തീയിൽ കൂടി നടന്നാൽ വെന്തുപോകയില്ല, അഗ്നിജ്വാല നിന്നെ ദഹിപ്പിക്കയുമില്ല. നിന്റെ ദൈവവും യിസ്രായേലിന്റെ പരിശുദ്ധനുമായ യഹോവയെന്ന ഞാൻ നിന്റെ രക്ഷകൻ, നിന്റെ മറുവിലയായി മിസ്രയീമിനേയും

> നിനക്കു പകരമായി കൂശിനേയും സെബ യേയും കൊടുത്തിരിക്കുന്നു. നീ എനിക്ക് വില യേറിയവനും, മാന്യനുമായി ഞാൻ നിന്നെ സ്നേഹിച്ചിരിക്കയാൽ....."

ദൈവത്തിന്റെ കൈപ്പണിയായ നിസ്സാര മനുഷ്യനോട് അത്യുന്നതനായ ദൈവം പറയുകയാണ്: കൊറിയയിലാണെന്ന് തോന്നുന്നു, രണ്ട് പെൺകുട്ടികൾ. അവർ ഈ വാക്യം വായിച്ചു: അവർ പറഞ്ഞു: ദൈവത്തിന്റെ വചനം സത്യമാണ്, വെള്ളത്തിൽ കൂടി കടന്നാൽ വെള്ളം നിന്റെ മേൽ കവിയു കയില്ലെന്ന് പറഞ്ഞിട്ടുണ്ട്, അതുകൊണ്ട് നമുക്കു ഈ നദി യിൽ കൂടി അക്കരയ്ക്ക കടക്കാം. വചനമുണ്ടല്ലോ, വേദപു സ്തകത്തിൽ വാക്യ മുണ്ടല്ലോ, നീ വെള്ളത്തിൽ കൂടി കട ന്നാൽ വെള്ളം നിന്റെ മേൽ കവിയുകയില്ലെന്ന്, അവർ ആ വാക്യം വിശ്വസിച്ചുകൊണ്ട് വെള്ളത്തിൽ ഇറങ്ങി.

പക്ഷേ വെള്ളം മാറുന്നില്ല. അവർ പറഞ്ഞു ചെങ്കടൽ വറ്റിയതാണ്. നാം വിശ്വാസത്തോടുകൂടിയാണ് പോകുന്നത്. അവർ പിന്നെയും മുമ്പോട്ട് പോയി. യാതൊരു മാറ്റവും ഇല്ലാതെ വെള്ളം ഒഴുകികൊണ്ടിരിക്കുന്നു. അവർ വെള്ള ത്തിൽ കൂടി മുന്നോട്ടുപോയി വെള്ളം കഴുത്തറ്റം വരെയായി അവർ വിശ്വാസത്തോടുകൂടി പറയുകയാണ് ദൈവം വെള്ളം മാറ്റിത്തരും.

പിന്നെയും അവർ മുന്നോട്ട് പോയി, വെള്ളത്തിന്റെ ഒഴു ക്കിൽ ഒഴുകിപ്പോയി. അവർ വെള്ളത്തിൽ മുങ്ങിപ്പോയി. മരി ച്ചുപോയി.

അവർ ദൈവത്തെ പരീക്ഷിക്കുകയാണ് ചെയ്തത്. വച നത്തിന്റെ അർത്ഥം അവർക്ക് മനസ്സിലായില്ല. ദൈവത്തിന്റെ

ആലോചനപ്രകാരം ദൈവത്തിന്റെ നാമ മഹത്വത്തിനായി ദൈവം തന്ന കൃത്യമായ, വ്യക്തിപരമായ നിർദ്ദേശം അനുസരിച്ച് വെള്ളത്തിൽ ഇറങ്ങിയാൽ വെള്ളം കവിയുകയില്ല. മോശയോട് ദൈവം കല്പിച്ചു "ഈ ജനത്തോട് മുന്നോട്ട് പോകാൻ കല്പിക്ക." ദൈവത്തിന്റെ വചനം ഉണ്ട്, അതിൽ ദൈവനാമം മഹത്വപ്പെടാൻ വേണ്ടി കടക്കേണ്ടത് ആവശ്യമാണ്, പുറകെ ഫറവോന്റെ മഹാ വലിയ സൈന്യം പാഞ്ഞു വരുന്നു, അവരെ കൊന്നുകളയും, ദൈവം പുറപ്പെടുവിച്ച ജനമാണ്, അതുകൊണ്ട് ദൈവം അവിടെ അത്ഭുതം പ്രവർത്തിക്കുയാണ്.

രണ്ട് വാക്കുകൾ പൊതുവായി പറയേണ്ടതുണ്ട്. ഒന്ന് ലോഗോസ്, മറ്റൊന്ന് റീമ ലോഗോസ് എന്നത് ദൈവത്തിന്റെ വചനം. മോശയോട് ദൈവം പറഞ്ഞു: "നിന്റെ വടി നീ ചെങ്കടലിനുമീതെ നീട്ടുക." മോശ വചനം അനുസരിച്ചു. ജനം മുമ്പോട്ടുപോയി. ജനം ദൈവത്തിന്റെ വചനപ്രകാരം മുന്നോട്ട് പോയപ്പോൾ അവിടെ വെള്ളം വഴിമാറിനിന്നു. അതുതന്നെ തീയിൽകൂടി നടക്കുമ്പോൾ അതാണ് സംഭവിക്കുന്നത്. തീക്കൂഴിയിലെ ബാലന്മാർ ശദ്രക്കും മേശക്കും അബേദ്നെഗോവും തീക്കുഴിൽ എറിയപ്പെട്ടു. അപ്പോൾ നാലാമത് ഒരു പുരുഷൻ കൂടെ നടന്നു തീ ആവരെ തൊട്ടില്ല, അവർക്ക് ഒരു കരിമണം പോലും ഏറ്റില്ല അവരുടെ രോമത്തിനുപോലും കേടുവന്നില്ല, അതുകൊണ്ട് ഞാൻ തീയിലേക്ക് എടുത്തുചാടുകയാണ് ദൈവം എന്നെ കാത്തുകൊള്ളും എന്നു പറയുന്നത് മൗഢ്യമാണ്. പൊതുവായി വചനം ഉണ്ട്, ആ ലോഗോസ് വായിച്ച് നാം വിശ്വാസത്തിൽ സ്ഥിരപ്പെടണം. പക്ഷേ, ആ വചനം ഏതെങ്കിലും പ്രത്യേക സമയത്ത് പ്രത്യേക വ്യക്തികൾക്ക് പ്രത്യേക സാഹചര്യ

ത്തിൽ കൊടുത്ത പ്രത്യേക വചനമാണ് അത് നമുക്കുള്ള വചനം ആകണമെന്നില്ല അതിൽ നിന്ന് ഏതാണ് നമുക്ക് പ്രത്യേകമായി ദൈവം എടുത്തുതരുന്നതെന്ന് നാം വ്യക്തി പരമായി അറിയണം.

ഒരാൾക്ക് പ്രത്യേകമായി, കൃത്യമായിത്തരുന്ന വചന മാണ് റീമ (Rhema) ഒരാൾക്ക് പ്രത്യേകമായി കിട്ടുന്ന റീമ പൊതുവായ Logos അല്ല. ഇവ തമ്മിൽ വേർതിരിച്ച് മനസ്സി ലാക്കേണ്ടതാണ്.

ഈ പാപിയായ എന്നെ ദൈവം മാനിക്കുന്നു എന്ന് അറി ഞ്ഞാൽ ഉള്ളിൽ നന്ദി വരും. എന്നും മദ്യപാനത്തിലും അശു ദ്ധിയിലും വൃത്തികേടിലും ജീവിച്ച് ജീവിതം പാഴാക്കി ക്കളഞ്ഞ എന്നെ ദൈവം മാനിക്കുന്നു എന്ന് ഗ്രഹിക്കു മ്പോൾ ദൈവത്തോട് സ്നേഹം വരും.

ആറ് –"ദീർഘായുസ്സ് കൊണ്ട് ഞാൻ അവനെ തൃപ്തി പ്പെടുത്തും, ദീർഘായുസ്സ് ഇല്ലാത്തവർ ചെറുപ്രായത്തിൽ മരിച്ചുപോകുന്നവർ , പാപികൾ ആണെന്നല്ല ഈ വാക്യ ത്തിന്റെ അർത്ഥം, ചെറുപ്രായത്തിൽ തന്നെ സ്തേഫാ നോസ് കല്ലേറു കൊണ്ട് മരിച്ചു, അതുകൊണ്ട് പാപം ചെയ്തു എന്ന് അർത്ഥമില്ല. സ്വർഗ്ഗത്തിലെ ദൈവത്തിന്റെ വഴി ആർക്ക റിയാം വേദപുസ്തകത്തിലെ ഒരു പ്രത്യേക വാക്യം അടർത്തി യെടുത്തുകൊണ്ട് നമുക്ക് ഒരു നിഗമനത്തിലെത്താൻ സാധി ക്കുകയില്ല.

ദീർഘായുസ്സ് എന്നു പറയുന്നതിന്റെ അർത്ഥം മനസ്സി ലാക്കണമെങ്കിൽ എഫേസ്യർക്കെഴുതിയ ലേഖനം ആറാം അധ്യായം ഒന്നാം വാക്യം വായിക്കണം.

“മക്കളേ നിങ്ങളുടെ അമ്മയപ്പൻമാരെ കർത്താവിൻ അനുസരിപ്പിൻ അത് ന്യായമല്ലോ, നിനക്ക് നന്മയുണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടുകൂടി ഇരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക എന്നത് വാഗ്ദത്തത്തോടുകൂടിയ ആദ്യ കല്പനയാകുന്നു.”

നമുക്ക് മാതാപിതാക്കളോട് ബഹുമാനമില്ലെങ്കിൽ നമുക്ക് ദോഷമായിത്തീരും. ഈ ഭൂമിയിൽ ദീർഘകാലം വസിക്കുവാൻ ദൈവം തരുന്ന ആയുസ്സ് നാം എങ്ങിനെയാണ് വിനിയോഗിക്കുന്നത്. അത് 23 -ാം സങ്കീർത്തനം അവസാന ഭാഗം വായിക്കുമ്പോൾ കാണാം. അവസാന രണ്ടു വാക്യങ്ങൾ. “എന്റെ ശത്രുക്കൾ കാൺകെ നീ എനിക്ക് വിരുന്നു ഒരുക്കുന്നു, എന്റ തലയെ നീ എണ്ണകൊണ്ട് അഭിഷേകം ചെയ്യുന്നു. എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു നന്മയും കരുണയും എന്റെ ആയുഷ്കാലമൊക്കെയും എന്നെ പിന്തുടരും.. ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും.” ദൈവത്തിന്റെ ആലയത്തിൽ നിത്യയുഗങ്ങൾ വാഴുവാൻ നമുക്കു സാധിക്കണം. ഇവിടെ ഈ ഭൂമിയിൽ ദൈവത്തിന്റെ ആലയത്തിൽ വസിക്കുന്നതുപോലെ വിശുദ്ധിയിലും സ്നേഹത്തിലും തന്നോട് കൂടെ വസിക്കുവാൻ സാധിക്കും എന്ന് ദൈവം നമുക്ക് വാഗ്ദത്തം തരുകയാണ്, നന്മയും കരുണയും ആയുഷ്ക്കാലമൊക്കെയും നമ്മെ പിന്തുടരും.

ഭക്തന്മാർ ആരും ചെറുപ്പത്തിലേ മരിക്കുകയില്ലെന്നല്ല അതിന്റെ അർത്ഥം ചെറുപ്പത്തിലേ മരിക്കുന്നവർ ആരും ഭക്തന്മാർ അല്ല എന്നുംഅല്ല. എത്രകാലം ജീവിക്കുന്നുവോ അത്രയും കാലം നന്മയും കരുണയും നമ്മെ പിന്തുടരുന്ന വിധത്തിൽ ജീവിക്കണം. ഒരു നിമിഷം പോലും ദൈവ

ത്തിന്റെ സാന്നിദ്ധ്യത്തിന്റെ അനുഗ്രഹമില്ലാതെ ജീവിക്കരുത്. കർത്താവിന്റെ കൃപ നമ്മെ പൊതിഞ്ഞ് നിൽക്കണം കർത്താവിന്റെ തിരുരക്തത്തിന്റെ മുദ്ര നമ്മെ പൊതിഞ്ഞുനിൽക്കണം. കർത്താവിന്റെ പ്രകാശം നമ്മുടെ ഹൃദയത്തിൽ നിറഞ്ഞ് നിൽക്കണം, നിങ്ങൾക്ക് ഈ അനുഭവം ഉണ്ടോ, കർത്താവിന്റെ പ്രകാശം നിങ്ങളിൽ വാഴുന്ന അനുഭവം, പാപം നമ്മിൽ നിന്ന് വിട്ടുപോകുന്ന അനുഭവം. പാപം നമ്മോട് അടുക്കാത്ത അനുഭവം,

നന്മയും കരുണയുമാണ് ആയുഷ്ക്കാലമൊക്കെയും പിൻതുടരേണ്ടത്. ഇന്ന് അനേകരെ പിൻതുടരുന്നത് പാപമാണ്. പാപം വേട്ടയാടി പിൻതുടർന്നുകൊണ്ടിരിക്കുകയാണ്, ഒരിക്കൽ ചെയ്തുപോയ പാപം നമ്മെ പിൻതുടരുന്നു. ഒരു പക്ഷേ ഒരു മോഷണമാവാം, അതല്ലെങ്കിൽ പുറത്ത് പറയാൻ ലജ്ജിക്കുന്ന ഹീനകൃത്യം ചെയ്തതാവാം അത് മനസ്സിൽ പുഴുക്കുത്ത് പോലെ, പുഴു കടിക്കുന്നതുപോലെ നമ്മെ പിൻതുടരുന്നു, നന്മയും കരുണയുമല്ല പിൻതുടരുന്നത്, പാപമാണ് പിൻതുടരുന്നത്. വേണ്ടായിരുന്നു എന്തുകൊണ്ടാണ് എനിക്ക് അങ്ങിനെ തോന്നിപോയത്, എന്തുകൊണ്ടാണ് ഞാൻ അത് ചെയ്തത്. ആ പാപത്തിൽ ഞാൻ വീഴണ്ടായിരുന്നല്ലോ, എന്നെല്ലാം ചിന്തിച്ച് മനസ്സ് വലഞ്ഞുകൊണ്ടിരിക്കുന്നവർ ഉണ്ട്.

ഏഴാമത്തെ സങ്കീർത്തനം ആദ്യം വായിക്കുമ്പോൾ കാണാം, പാപം നമ്മെ വേട്ടയാടുന്നു. അകൃത്യങ്ങൾ, തിന്മകൾ നമ്മെ വേട്ടയാടുന്നുവെന്ന്, നന്മയും കരുണയുമല്ല നമ്മെ വേട്ടയാടുന്നത്. പാപമാണ് പുറകെ വരുന്നത്. അയ്യോ കഷ്ടം ഞാൻ ആ ഗർഭഛിദ്രം നടത്തണ്ടായിരുന്നു, ആ ചീത്തബന്ധത്തിലേക്ക് പോകണ്ടായിരുന്നു, എന്റെ ദൈവമേ എന്തു

കൊണ്ട് അത് ചെയ്യാൻ എനിക്ക് തോന്നിപ്പോയി? ഹീനമായ കാര്യത്തിൽ എന്തുകൊണ്ട് ഞാൻ എന്നെതന്നെ വിട്ടുകൊടുത്തുപോയി! എന്റെ ശരീരം മാലിന്യത്തിന് ഞാൻ ഏൽപ്പിച്ചുപോയല്ലോ, എനിക്ക് ഏറ്റവും വിലപ്പെട്ട നിധി ഞാൻ കളഞ്ഞുപോയല്ലോ, അയ്യോ എനിക്ക് എന്താണ് അങ്ങിനെ വന്നുപോയത്, വിലയേറിയ സമ്പത്ത് ഞാൻ നശിപ്പിച്ചു കളഞ്ഞല്ലോ, ഇങ്ങനെ ചിന്തിക്കുന്ന അനേകം ആളുകൾ ഉണ്ട്.

ഏഴാം സങ്കീർത്തനം ഒന്നാം വാക്യം "എന്റെ ദൈവമായ യഹോവേ നിന്നെ ഞാൻ ശരണം പ്രാപിക്കുന്നു, എന്നെ വേട്ടയാടുന്ന എല്ലാവരുടെയും കൈയിൽ നിന്ന് എന്നെ രക്ഷിച്ച് വിടുവിക്കണമേ," ദാവീദ് ഇങ്ങനെ പ്രാർത്ഥിക്കുന്നത് ഹൃദയം നൊന്താണ്, ഹൃദയം വലഞ്ഞാണ് കാരണം ദാവിദ് ചെയ്തുപോയ പാപം അവനെ വേട്ടയാടുന്നു. ഒരു അന്യസ്ത്രീയെ അവൻ വ്യഭിചാര കർമ്മത്തിലേക്ക് പ്രേരിപ്പിച്ചു. ബെത്ശേബ എന്ന സ്ത്രീയെ അവൻ അധികാരം കൊണ്ട് അവന്റെ കൊട്ടാരത്തിലേക്ക് വരുത്തി ഹീന പാപം ചെയ്തു. അവന്റെ പാപം മറയ്ക്കാനായിട്ട് ആ സ്ത്രീയുടെ ഭർത്താവിനെ അവൻ കൊല്ലിച്ചു. ആ സ്ത്രീയുടെ ഭർത്താവിനെ മദ്യം കൊടുത്ത് സൽക്കരിച്ചു. ഊരിയാവ് എന്ന ചെറുപ്പക്കാരനെ മദ്യപാനം ചെയ്ത് വശീകരിക്കാൻ നോക്കി, കിട്ടുകയില്ലെന്ന് മനസ്സിലായപ്പോൾ അവനെ കൊല്ലാൻ വിട്ടുകൊടുത്തു. പാപം ഒന്നല്ല, അനേകം ആണ്. പാപം അവനെ വേട്ടയാടുകയാണ്.

ഒരിക്കൽ വന്നുപോയ പാപങ്ങൾ നിങ്ങളെ അലട്ടുന്നുണ്ടോ, ദാവിദ് ഇരുന്നു ഏങ്ങലടിച്ചുകരയുന്നു. ദാവീദ് പറയുകയാണ്, എന്റെ ദൈവമായ യഹോവേ, ഞാൻ നിന്നെ ശരണം പ്രാപിക്കുന്നു. ആറാ സങ്കീർത്തനത്തിൽ ദാവീദ്

പറയും ഞാൻ എന്റെ കണ്ണുനീരുകൊണ്ട് എന്റെ കട്ടിൽ നനയ്ക്കുന്നു. കിടക്കയിൽ കണ്ണുനീര് ഒഴുകുകയാണ്. 132 -ാമത്തെ സങ്കീർത്തനത്തിൽ ദാവീദ് പറയുകയാണ്. "എന്റെ ദൈവമേ ഞാൻ ആഹാരം കഴിക്കുകയില്ല, എന്റെ കൂടാര വീട്ടിൽകടക്കുകയില്ല. എന്റെ ശയ്യമേൽ കേറി കിടക്കുകയില്ല. "എന്റെ കണ്ണിന് ഉറക്കവും കൺപോളയ്ക്ക് മയക്കവും കൊടുക്കുകയില്ല." ഞാൻ ഇനി ഉപവാസത്തോടും പ്രാർത്ഥനയോടും കൂടിയിരുന്ന് എന്റെ പാപം മാഞ്ഞുകിട്ടുന്നതുവരെ എന്റെ കൂടാര വീട്ടിൽ കടക്കുകയില്ല.

ദാവീദ് 102-ാമാത്തെ സങ്കീർത്തനത്തിൽ പറയുകയാണ് : മരുഭൂമിയിൽ ഒരിറ്റ് വെള്ളത്തിന് വേണ്ടി, മഴവെള്ളത്തിനു വേണ്ടി കേഴുന്ന വേഴാമ്പൽ പോലെ ഞാൻ കരയുകയാണ്. അയ്യോ, എനിക്ക് പ്രതീക്ഷയില്ല, വെള്ളം കിട്ടുമെന്നുള്ള ആശയ്ക്ക് വകയില്ലെങ്കിലും ഞാൻ കരയുകയാണ്, ദാവീദ് പറയുകയാണ്, ശൂന്യസ്ഥലത്ത് മൂങ്ങാപോലെ ഞാൻ ഇരുന്നു കരഞ്ഞുകൊണ്ട് വളരെ വേദനയോടെ പ്രാർത്ഥിച്ചു എന്ന്.

ഇനി നിങ്ങളുടെ പുറകെ വരുന്നത് പാപമല്ല; നന്മയും കരുണയും ആയിരിക്കട്ടെ ആയുഷ്ക്കാലമൊക്കെയും നിങ്ങളെ പിൻതുടരുന്നത്. പാപത്തിന്റെ ഓർമ്മ മാറത്തക്കവണ്ണം യേശുക്രിസ്തുവിന്റെ തിരുരക്തം നിങ്ങളെ കഴുകി എന്നു വിശ്വസിക്കു പ്രിയപ്പെട്ടവരെ, യേശുക്രിസ്തുവിന്റെ തിരുരക്തത്തിൽ എല്ലാ ഹീനതകളും കഴുകപ്പെടും. എല്ലാ മാലിന്യങ്ങളും, എല്ലാ അവിശ്വാസങ്ങളും എല്ലാ ദുർവ്വാസനകളും, ദുശ്ശീലങ്ങളും ദുസ്സ്വഭാവങ്ങളും കഴുകപ്പെടും എന്ന് നിങ്ങൾ വിശ്വസിക്കൂ. "യേശുക്രിസ്തുവിന്റെ തിരുരക്തം സകല പാപവും പോക്കി ശുദ്ധീകരിച്ചിരിക്കുന്നു." യോഹ. 1:4

ദൈവത്തിന്റെ ആലയത്തിൽ ദീർഘകാലം വസിക്കും. നിനക്ക് നന്മയുണ്ടാവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നത് വാഗ്ദത്തത്തോടുകൂടിയ ആദ്യകൽപനയാകുന്നു. അവർ മരിച്ചുകഴിഞ്ഞശേഷം നിനക്ക് മാപ്പ് ചോദിക്കാൻ പറ്റുകയില്ലല്ലോ, പിന്നെ ഈ ദുഃഖം പേറികൊണ്ടു കഴിയണ്ടേ, അവർ മരിച്ചുപോയെങ്കിൽ നീ എന്റെ കർത്താവേ, എനിക്ക് നേരിട്ട് മാപ്പുചോദിക്കാൻ പറ്റുകയില്ലല്ലോ, ഞാൻ സത്യാനുതാപത്തോടെ വരുന്നു. എനിക്ക് മാപ്പുതരണമേ എന്ന് പ്രാർത്ഥിക്കണം.

ആറാമത്തെ വാക്യം ആണ് .ഏഴാമത്തെ വാഗ്ദത്തം "എന്റെ രക്ഷയെ ഞാൻ അവന് കാണിച്ചുകൊടുക്കും." ഒരു മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും വലിയ ഭാഗ്യമാണ് രക്ഷ. പിതാവ് തരുന്ന രക്ഷ നിത്യ സ്വർഗ്ഗം. അതാണ് ദൈവത്തിന്റെ അനുഗ്രഹം, ഈ ഭൂമിയിൽ കണ്ണീരും കൈയ്യും ആയിരിക്കാം, ഈ ഭൂമിയിൽ രോഗമായിരിക്കാം, കടമായിരിക്കാം, പൈസയ്ക്ക് ഞെരുക്കമായിരിക്കാം, അനേകം പ്രശ്നങ്ങൾ നിങ്ങളെ അലട്ടുന്നുണ്ടായിരിക്കാം, അനേകർ നിങ്ങളെ ഒറ്റപ്പെടുത്തുന്നുണ്ടാവാം. ശരി, അത് ഏതാനും കാലത്തേയ്ക്ക് മാത്രം. എത്രകാലത്തേയ്ക്ക്? പരമാവധി വന്നാൽ ഒരു തൊണ്ണൂറോ, നൂറോ വർഷം.

പ്രിയപ്പെട്ടവരെ, എന്നാൽ നിത്യതയെ കണക്കാക്കുമ്പോൾ ഈ ആയുഷ്ക്കാലം എന്തുള്ളൂ, ഒരു മഹാസമുദ്രം, വിശാലമായി നോക്കിയാൽ നോക്കെത്താത്ത സമുദ്രം, അതിൽ കൈവിരൽ മുക്കി ഒരു തുള്ളിയെടുത്താൽ എന്തുണ്ട്? പലവട്ടം മുക്കിയെടുത്താലും വെള്ളം തീരുകയില്ലല്ലോ, മഹാസമുദ്രത്തിലെ ജലതുള്ളി പരന്നുകിടക്കുന്ന

തുപോലെയാണ് നിത്യത, അതിലെ ഒരു തുള്ളിമാത്രമാണ് മനുഷ്യന്റെ ആയുസ്സ്.

നിത്യ രക്ഷ കിട്ടുക എന്നതാണ് സൗഭാഗ്യം, നിത്യജീവൻ കിട്ടുക എന്നതാണ് സൗഭാഗ്യം, ഇവിടെ വച്ച് നിത്യതയ്ക്ക് ഒരുക്കം കിട്ടുക, ഉറപ്പ് കിട്ടുക ഇന്ന് ഞാൻ കടന്നുപോയാൽ നിത്യ രക്ഷയിലേക്ക് പ്രവേശിക്കുന്നു. എന്ന ഉറപ്പ് നാം പ്രാപിക്കുന്നുവെങ്കിൽ അതാണ് മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും വലിയ നേട്ടം.   അത് നാം പ്രാപിച്ചിട്ടുണ്ടോ?

നിങ്ങൾക്ക് പാപങ്ങൾ ഒക്കെയും ക്ഷമിക്കപ്പെട്ടു എന്ന ഉറപ്പ് കിട്ടിയോ, വ്യക്തമായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് സാക്ഷ്യപ്പെടുത്തണം. "നാം ദൈവത്തിന്റെ മക്കൾ എന്ന് ആത്മാവ് എന്നും നമ്മുടെ ആത്മാവോട് കൂടെ സാക്ഷ്യം പറയുന്നു. നാം മക്കളെങ്കിലോ ദൈവത്തിന്റെ അവകാശികളാകുന്നു." റോമർ 8:16–17

നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടുവെന്ന് ഊഹിച്ചാൽ പോരാ, സങ്കൽപ്പിച്ചാൽ പോരാ, പാപം ക്ഷമിക്കപ്പെട്ടുവെന്ന് ഉറപ്പ് പ്രാപിക്കണം. പരിശുദ്ധാത്മാവിന്റെ ഈ ഉറപ്പ് പ്രാപിക്കാൻ വളരെ ലളിതമാണ്.  ഒരു പാപത്തിന്റെ സാഹചര്യം വന്നാൽ നിങ്ങൾ വീഴുമോ, ഇനി നിങ്ങളുടെ ജീവിതത്തിൽ പാപം വരുമോ,  ഏതു സാഹചര്യം വന്നാലും  എന്റെ ജീവിതത്തിൽ ഏതെങ്കിലും ക്രമക്കേടു വരുമോ, പത്തുപൈസയ്ക്ക് അവിശ്വസ്തത വരുമോ, ചിന്തിച്ചാൽ മതി, എന്റെ ജീവിതത്തിൽ എന്റെ കർത്താവേ അവിടന്ന് എല്ലാം കാണുന്നു എന്റെ ഹൃദയം കാണുന്നു.  അവിടത്തെ സന്നിധിയിൽ ഞാൻ ഒരു ദിവസം വന്നു നിൽക്കേണ്ടതാണ്,  നിത്യ ന്യായവിധിയുടെ മുമ്പിൽ ഒരു ദിവസം ഞാൻ വന്നു

നിൽക്കേണ്ടതാണ്, എന്റെ കർത്താവേ, എന്റെ ജീവിതത്തിൽ ഒരു കാലത്തും യാതൊരുകാരണവശാലും ഒരു കാര്യ ത്തിലും അണുപോലും പാപം വരുകയില്ല എന്നുള്ള ഉറപ്പ് നിങ്ങൾക്ക് കിട്ടിയോ, എന്നാൽ ഇതുവരെയുള്ള നിങ്ങളുടെ പാപങ്ങളെല്ലാം ക്ഷമിക്കപ്പെട്ടു എന്ന് ഉറപ്പിക്കാം. ഇനി ആയു സ്സിൽ ഒരു പാപം വരുകയില്ല എന്ന ഉറപ്പുണ്ടായിരിക്കണം. നിങ്ങൾ ഭയപ്പെടേണ്ട നിങ്ങളുടെ പാപം യേശുക്രിസ്തു വിന്റെ തിരുരക്തത്താൽ കഴുകപ്പെട്ടിരിക്കുന്നു. ഇന്ന് ഞാൻ കടന്നുപോയാൽ എനിക്ക് നിത്യരക്ഷയുടെ അവകാശം ഉണ്ടോ?

"എന്റെ രക്ഷയെ ഞാൻ അവന്നു കാണിച്ചുകൊടുക്കും." മനസ്സറിഞ്ഞ് ആയുസ്സിൽ ഇനി ഒരു പാപവും വരികയില്ല എന്ന് തീരുമാനം ഉണ്ടെങ്കിൽ നിങ്ങൾക്ക് കർത്താവിനോട് പറയാം, യേശുവേ, ഈ തീരുമാനം തന്നത് നീയല്ലോ, ഇങ്ങനെ ഒരു സമർപ്പണം തന്നത് നീയല്ലോ, നീ തരാതെ ഒരു വിജയവും ഇല്ലല്ലോ, ഒരു നേട്ടവും ഇല്ലല്ലോ, ഒരു സമർപ്പണം തന്നത് നീയാണല്ലോ.

യേശുവേ എന്റെ മാനസികവിക്ഷോഭങ്ങൾ മാറ്റുന്നത് നിന്റെ കൃപയല്ലോ. എന്നെ തൊടുന്നത് നിന്റെ തിരുരക്ത ത്തിന്റെ അത്ഭുതശക്തിയല്ലോ, എന്റെ അഴുക്കുകൾ മാറ്റു ന്നത് നിന്റെ കൃപയല്ലോ, എല്ലാം നിന്റെ കൃപ.

യേശുവേ ഞാൻ നിന്റെ കൃപയിൽ ശരണപ്പെടുന്നു, പാപത്തോട് എന്നന്നേക്കുമായി ഞാൻ യാത്രപറയുന്നു, ഇനി എന്നെ പാപം തൊടുകയില്ല, എന്റെ കർത്താവേ, എല്ലായി ടത്തും നന്മയും കരുണയും എന്റെ പുറകെ വരത്തക്കവണ്ണം ഞാൻ ഒരു പുതിയ മനുഷ്യനായി ജീവിക്കും. ഞാൻ നിത്യ രക്ഷയിൽ പ്രവേശിക്കും. യേശുക്രിസ്തുവിന്റെ തിരുരക്തം

എന്നെ രക്ഷയുടെ തുറമുഖത്തെത്തിക്കും. ഞാൻ നിത്യജീവന് അവകാശിയായിത്തീരും. ഞാനിന്നുമുതൽ അത്യുന്നതന്റെ മറവിൽ വസിക്കും. സർവ്വശക്തന്റെ നിഴലിൽ കീഴിൽ പാർക്കും.

# ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭ ഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ ?
14. നീതിമാൻ ആകുന്നതെങ്ങനെ ?
15. തുറന്ന വാതിൽ
16. വരവും ചെലവും
17. ദൈവരാജ്യം
18. AMRUTHADHARA (ENGLISH)
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മ വ്യാപാരം
23. പരിശുദ്ധാത്മ ശക്തി
24. ഉത്തമ ഗീതം
25. സങ്കേത നഗരങ്ങൾ
26. മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ

(Contd..)

30. എത്രത്തോളം രണ്ടു തോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല, പ്രവാചക ശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT (English)
41. W AY TO LIBERATION (English)
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെത്തൊട്ടതാർ ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ ?
46. അത് സഹിക്കാകുന്നവൻ ആർ ?
47. എന്നെ ആർ വിടുവിക്കും ?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം – ഭാഗം ഒന്ന്
53. കണ്ണീർപ്പാടം – ഭാഗം രണ്ട്
54. BESIDE CHERITH - ENGLIGH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം

# അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| വെള്ളി | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : 6.30 A M |
| ശനി | സൂര്യ ടിവി | : 6.30 A M |
| ഞായർ | ജീവൻ ടിവി | : 6.30 A M |

**പ്രൊഫ. എം.വൈ. യോഹന്നാൻ**

റിട്ട. പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ്
കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

## CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| രണ്ടാം ശനിയാഴ്ച | 9.00 A M – 2.00 P M | മേച്ചങ്കര, പ്രൊഫ. എം. വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് – **കടയിരുപ്പ്** |
| രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30P M – 5.00P M | |
| മൂന്നാം ഞായറാഴ്ച | 12.30P M – 5.00P M | |
| എല്ലാ തിങ്കളാഴ്ചയും | 6.00P M – 8.00P M | |
| ഒന്നാം ചൊവ്വാഴ്ച (വനിതാ സമ്മേളനം) | 9.00A M – 1.00P M | |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്) | 6.00A M – 8.00P M | പ്രൊഫ. സി. എം. മാത്യു, ചാന്ത്യം – ഭവനം കോലഞ്ചേരി |
| ഒന്നും മൂന്നും ബുധനാഴ്ച (യുവാക്കളുടെ സമ്മേളനം) | 6.30A M – 9.00P M | |